
# നേതൃത്വം



ങം. ന്യൂ ാ പയം. ഭാസുരാം. ഗി


സംഘടിച്ച്
ശക്തരാകുവിൻ

# പ്രസ്താവന

എൻെറ കൊച്ചുകുടുംബം ഒരുമിച്ചുകൂടുമ്പോറം ചർച്ചയുടെ രൂപത്തിൽ പല കാര്യങ്ങളെക്കുറിച്ചും സംസാരിക്കാറുണ്ടു്. കുഞ്ഞുങ്ങളാണു് അതിൽ സജീവ പങ്കുവഹിക്കാറുള്ളതു്. ആ ചർച്ചകളിൽനിന്നുള്ള ചില ഭാഗങ്ങറംക്കു് കുറെക്കൂടി അടുക്കും ചിട്ടയും നല്കി തയ്യാറാക്കിയതാണു് ഈ പുസ്തകം.

ഞാൻ ആദ്യമായാണു് പുസ്തകമെഴുതുന്നതു്. ഇതിൻെറ കെട്ടിലും മട്ടിലും സാങ്കേതികങ്ങളായ മററു കാര്യങ്ങളിലും കുററങ്ങറം കണ്ടേയ്ക്കാം. പക്ഷേ ഇതിലൂടെ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങറം നമ്മെയെല്ലാം തുറിച്ചുനോക്കുന്ന പച്ചപ്പരമാർത്ഥങ്ങളാണെന്നകാര്യത്തിൽ തർക്കമുണ്ടാവുകയെന്നു തോന്നുന്നില്ല.

കാണേണ്ടവർ കാണട്ടെ. ചിന്തിക്കേണ്ടവർ ചിന്തിക്കട്ടെ. പ്രവർത്തിക്കേണ്ടവർ പ്രവൎത്തിക്കട്ടെ. ഇത്രമാത്രമേ പറയുന്നുള്ളു.

അംബുജാലയം ഭാസുരാംഗി

ഗ്രന്ഥകർത്രി

# നേതൃത്വം

## ഉള്ളടക്കം


| | | |
|---|---|---|
| 1 | ഭരണ സ്വാതന്ത്ര്യം | 1 |
| 2 | ജനങ്ങളുടെ സ്വാതന്ത്ര്യം | 21 |
| 3 | ചരിത്രത്തിന്റെ ആവർത്തനം | 32 |
| 4 | ഇവിടത്തെ ജനാധിപത്യം | 45 |
| 5 | വെള്ളയുടുപ്പുകാരുടെ വിപ്ലവം | 57 |
| 6 | മാററങ്ങൾ വരാതിരിക്കാനുള്ള മാററം | 68 |
| 7 | സഹകരണപ്രസ്ഥാനവും പൊതുഉടമാ സംരംഭങ്ങളും | 77 |
| 8 | വേലയ്ക്കു മാന്യത | 87 |
| 9 | ആദ്യം അവകാശവും, കടമ പിന്നീട് സൗകര്യംപോലെയും | 99 |
| 10 | നമ്മുടെ വിദ്യാഭ്യാസം—ഒരു ജീർണ്ണിച്ച സൗധം | 109 |
| 11 | തൊഴിലുന്മുഖ വിദ്യാഭ്യാസം | 129 |
| 12 | ഉല്പാദനോന്മുഖ വിദ്യാഭ്യാസം | 145 |
| 13 | മാററത്തിനുവേണ്ടിയുള്ള ശ്രമം | 157 |
| 14 | നേതൃത്വം | 176 |

# NETHRUTHWAM

(നേതൃത്വം)

RIGHTS RESERVED

1973

Printed at
S. V. PRESS
Neyyattinkara

Published by:
Ambujalayam
BHASURANGI
Kottukal
Balaramapuram

**Price Rs. 3/—** Price Rs. 5/50

Approved for use in the school
libraries as per notification
No. M3-39432/73 of the D.P.I.
dated 3-5-75 vide gazette
dated 1-7-75

301.153
BHA·N·

90354

*So long as the millions live in hunger and ignorance, I hold every man a traitor, who having been educated at their expense, pays not the least heed to them.*

Swamy Vivekananda.

## സമർപ്പണം

സാമൂഹ്യവും സാമ്പത്തികവുമായ അനീതികൾ കാരണം വിദ്യാലയങ്ങളിൽ നിന്നു് ഒന്നുമൊന്നും നേടാൻ കഴിയാതെ പുറന്തള്ളപ്പെടുന്ന കുട്ടികളാണു് നമ്മുടെ നാട്ടിൽ ഭൂരിപക്ഷം. അവർക്കുവേണ്ടി ഈ പുസ്തകം സമർപ്പിക്കുന്നു.

# "നേതൃത്വം"

## 1. ഭരണ സ്വാതന്ത്ര്യം

രഞ്ജിത്ത്കുമാർ: ചേട്ടാ, ഇന്ന് ആഗസ്റ്റ് പതിനഞ്ചല്ലേ?

സന്തോഷ്കുമാർ: അതെ, നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയ ദിവസം. മാത്രവുമല്ല, ഈ ആഗസ്റ്റ് പതിനഞ്ചോടുകൂടി ഇന്ത്യ സ്വാതന്ത്ര്യയായിട്ട് ഇരുപത്തിയഞ്ചു കൊല്ലം കഴിയുകയാണ്. ഇക്കൊല്ലം മുഴുവൻ സ്വാതന്ത്ര്യത്തിന്റെ രജതജൂബിലിയായി ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നതു് അതുകൊണ്ടാണ്.

ര: പക്ഷെ ഈ ആഘോഷ പരിപാടികളിൽ ജനങ്ങളുടെ മുൻകൈ കാണുന്നില്ലല്ലോ. സർക്കാരും, അവരുടെ ഏർപ്പാടിൽ ചില പ്രസ്ഥാനങ്ങളും ചിലതൊക്കെ ചെയ്യുന്നതൊഴിച്ചാൽ ജനങ്ങളുടേതായ ഒരാഘോഷവും നാം കണ്ടില്ല. ജനങ്ങൾക്ക് ഈ രജതജൂബിലിയാഘോഷങ്ങളിൽ യാതൊരു താല്പര്യവും കാണുന്നില്ല.

സ: സ്വാതന്ത്ര്യം കിട്ടിയതിന്റെ നല്ല അനുഭവങ്ങൾ ജനങ്ങൾക്ക് ഇനിയും ഉണ്ടായിട്ടില്ല എന്ന യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ വസ്തുത.

ര: അതെന്താണങ്ങനെ?

സ: സാമാന്യ ജനങ്ങളെ സംബന്ധിച്ചിടത്തോളം കാലം ചില മാററങ്ങളുണ്ടാക്കി. എന്നാൽ സ്വാതന്ത്ര്യംകൊണ്ടുണ്ടാകേണ്ട മാററങ്ങൾ ഉണ്ടായിട്ടില്ല.

ര: ആയിരത്തിതൊള്ളായിരത്തി നാല്പത്തിയേഴിനു മുമ്പ് നമ്മെ ഭരിച്ചിരുന്നത് ബ്രിട്ടീഷ്കാരായിരുന്നു. അവർ ഇവിടെ നിന്നു് കെട്ടുകെട്ടിയപ്പോഠം മുതൽ ഇന്ത്യൻ ജനത സ്വതന്ത്രരായല്ലോ.

സ: ബ്രിട്ടീഷുകാർ ഭരിക്കുന്നതും ഇൻഡ്യാക്കാർ ഭരിക്കുന്നതും തമ്മിൽ എന്താണു് വ്യത്യാസം?

ര: ബ്രിട്ടീഷുകാർ വിദേശികളാണു്.

സ: അവർ വിദേശികളായതുകൊണ്ടു് എന്താണു് ദോഷം?

ര: അവരുടെ ഭരണത്തിൻെറ ലക്ഷ്യം പ്രധാനമായും നമ്മെ ചൂഷണം ചെയ്യുക എന്നതായിരുന്നു.

സ: ചൂഷണംചെയ്യാതെ ഭരിച്ചാൽ വിദേശീയ ഭരണം നമുക്കു് സ്വീകാര്യമാകുമോ?

ര: ഇല്ല.

സ: അതെന്താണു്?

ര: വിദേശീയ ഭരണാധികാരികളുടെ ലക്ഷ്യംതന്നെ ചൂഷണമാണു്. അതുകൊണ്ടു് അവരിൽനിന്നു് ചൂഷണമില്ലാത്ത ഭരണം പ്രതീക്ഷിക്കുന്നതു് വിഡ്ഢിത്തമാണു്.

സ: അപ്പോഠം ഇൻഡ്യയിലെ സാധാരണ ജനങ്ങഠം സ്വാതന്ത്ര്യം എന്നതുകൊണ്ടുദ്ദേശിച്ചതു് മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത ഒരു വ്യവസ്ഥിതിയും അതിനു സഹായിക്കുന്ന ഭരണക്രമവുമായിരുന്നു.

ര: തീർച്ചയായും.

സ: ജനങ്ങളെ സംബന്ധിച്ചിടത്തോളം ചൂഷണം ആരു നടത്തിയാലും—വിദേശീയരായാലും, സ്വദേശീയരായാലും—ഒരുപോലെയല്ലേ അനുഭവപ്പെടുകയുള്ളൂ? സാധാരണക്കാരായ ജനങ്ങളെ ബ്രിട്ടീഷുകാരായ കുറേപേർ ചൂഷണംചെയ്താലും, ഇൻഡ്യാക്കാരായ കുറേപേർ ചൂഷണംചെയ്താലും അവരനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടിനും ദുരിതത്തിനും വ്യത്യാസമില്ലല്ലോ?

ര: വ്യത്യാസമില്ല.

സ: പാവപ്പെട്ട ഒരിന്ത്യാക്കാരൻ സ്വാതന്ത്ര്യം എന്നതുകൊണ്ടു് പ്രതീക്ഷിച്ചതും പ്രതീക്ഷിക്കുന്നതും ചൂഷണത്തിനു വിധേയനാകാത്ത അവസ്ഥയാണെന്നു പറഞ്ഞാൽ അതിൽ തെററുണ്ടോ?

ര: തെററില്ല. ഒരു വിഭാഗം മററൊരു വിഭാഗത്തെ അന്യായമായി ചൂഷണംചെയ്യുന്നിടത്തോളംകാലം ചൂഷണത്തിനു വിധേയരാകുന്നവർ സ്വതന്ത്രരാണെന്നു പറയുന്നതു ശരിയായിരിക്കയില്ല.

സ: ഈ കാഴ്ചപ്പാടിൽനിന്നുകൊണ്ടു് ഇൻഡ്യൻ ജനത മുഴുവൻ സ്വതന്ത്രരാണെന്നു് പറയാൻ കഴിയുമോ?

ര: ഇൻഡ്യയെ ഇൻഡ്യാക്കാർതന്നെ ഭരിക്കുന്നു. ഒരു സ്വതന്ത്രപരമാധികാര റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ട രാജ്യമാണു് ഇന്ത്യ. അതുകൊണ്ടു് അതിലെ പൗരന്മാരെല്ലാംതന്നെ സ്വതന്ത്ര പൗരന്മാരാണു്.

സ: കൈകാലുകൾ ബന്ധിച്ചിരിക്കുന്ന ഒരാളിൻെറ കഴുത്തിൽ 'സ്വതന്ത്രപൗരൻ' എന്ന ലേബൽ തൂക്കിയിട്ടതുകൊണ്ടു മാത്രം അയാൾ സ്വതന്ത്രനാവുകയില്ല.

തവളയെ പിടിച്ചിരിക്കുന്ന പാമ്പിനെ കീരി പിടികൂടുന്നു. കീരി പാമ്പിനെ വിട്ടാൽ പാമ്പു് സ്വതന്ത്രനാകും. പക്ഷെ അതുകൊണ്ടു് തവളയ്ക്കുംകൂടി സ്വാതന്ത്ര്യം കിട്ടി എന്നു പറയുന്നതു് ശരിയാകുന്നതെങ്ങിനെ?

ര: മാത്രവുമല്ലാ, സ്വതന്ത്രനായ പാമ്പിനു് തവളയുടെ മേലുള്ള പിടി കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സ്വസ്ഥമായും സാവകാശമായും തവളയെ കുറേശ്ശേ കുറേശ്ശേ അകത്താക്കാനും കഴിയും.

സ: ആയിരത്തിതൊള്ളായിരത്തി നാല്പത്തേഴു് ആഗസ്റ്റ് പതിനഞ്ചാം തിയതി യഥാർത്ഥത്തിൽ സ്വാതന്ത്ര്യം ലഭിച്ചതു് ഇൻഡ്യയിലെ 'ഉൽകൃഷ്ടരായ' ജന്മി മുതലാളിമാർക്കും, അവരുടെ നിക്ഷിപ്ത താല്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്ന അധികാരിവർഗ്ഗത്തിനുമാണു്.

ര: സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ സാധാരണക്കാർ മുന്നണിയിൽ തന്നെയുണ്ടായിരുന്നു. സ്വാതന്ത്ര്യം ലഭിച്ചതിൽ ആഹ്ലാദിക്കുവാനും അവർ മുൻനിരയിൽ ഉണ്ടായിരുന്നു.

സ: ഓരോ വിഭാഗവും അവരവരുടെ അടിമത്തത്തിനും, കഷ്ടപ്പാടുകൾക്കും അറുതിവരാൻ പോകുന്നുവെന്ന ദൃഢവിശ്വാസത്തോടെ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തു. വരാൻ പോകുന്ന സ്വാതന്ത്ര്യം യഥാർത്ഥ

ത്തിൽ എന്താണെന്നതിനെപ്പററി സമൂഹത്തിൻെറ മേലേത്തട്ടിലുള്ളവർ തികച്ചും ബോധവാന്മാരായിരുന്നു. അസുരന്മാരെയും കൂട്ടി പാലാഴികടഞ്ഞു് അമൃതുൾപ്പെടെ ഉള്ള എല്ലാം നല്ല സാധനങ്ങളും സ്വയം കൈക്കലാക്കിയവരുടെ പാരമ്പര്യവും, ബുദ്ധിസാമത്ഥ്യവും ഇന്നും നിലനില്ക്കുന്നു.

ര: നമ്മുടെ ദേശീയ നേതാക്കന്മാരെയൊക്കെ ഇത്തരത്തിലുള്ള ആളുകളായി ഗണിക്കാമോ?

സ: ഈ ചോദ്യത്തിനു് എങ്ങനെ ഉത്തരം പറയാൻ ?

പണ്ടു് പണ്ടു് നമ്മുടെ കേരളനാട്ടിൽ നീതിമാനും നല്ലവനുമായ ഒരു ചക്രവത്തി ഉണ്ടായിരുന്നുവത്രെ. മഹാബലിച്ചക്രവത്തി. അന്നു് ഈ നാട്ടിൽ ചതിയും, കള്ളത്തരവുമില്ലായിരുന്നു. കൊള്ളയും, കൊലയുമില്ല. ചൂഷണമില്ല. കരിഞ്ചന്തയില്ല. ദാരിദ്ര്യവും പട്ടിണിയുമില്ല. മനുഷ്യരെല്ലാം ഒന്നുപോലെയായിരുന്നു. എങ്ങും സമൃദ്ധിതന്നെ. അങ്ങനെയുള്ള ആ നാട്ടിൽ ചതിയും, കാപട്യവും, ആൾമാറാട്ടവും മററും ആദ്യമായി പ്രയോഗിച്ചതു് സാക്ഷാൽ മഹാവിഷ്ണുവായിരുന്നുവത്രെ. ആക്കുവേണ്ടി? മററുള്ളവരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്തു ജീവിക്കാനും മററുള്ളവരുടെ ദുരിതത്തിൽനിന്നു് മുതലെടുത്തു സുഖിക്കാനും മാത്രം ശീലിച്ചിട്ടുള്ള പരാന്നഭോജികളായ ദേവന്മാർക്കുവേണ്ടി.

ഇക്കാരണത്താൽ, മഹാവിഷ്ണു ദുഷ്ടനാണോ ? ചതിയനാണോ? കള്ളനാണോ? കുബുദ്ധികളുടെ നിവേദനവും വാങ്ങി നല്ലയാളുകളെ കൊല്ലുന്നവനാണോ? എന്നൊക്കെ ചോദിച്ചാൽ ഉത്തരം പറയാൻ ബുദ്ധിമുട്ടുണ്ടു്. നിലവിലുള്ള കീഴ്വഴക്കങ്ങളും, വിശ്വാസപ്രമാണങ്ങളും കണക്കിലെടുക്കുമ്പോൾ ബുദ്ധിമുട്ടു് വളരെ കൂടുതലുമാണു്.

നമ്മുടെ നേതാക്കന്മാരെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം എന്നാൽ, ഇൻഡ്യയുടെ ഭരണചക്രം തിരിക്കുവാനുള്ള സമ്പൂർണ്ണ അവകാശം അവക്കു് ലഭിക്കുക എന്നതുമാത്രമായിരുന്നു. എങ്ങനെ ഭരിക്കണം എന്നതിനെക്കാൾ ആരു ഭരിക്കണം എന്നതായിരുന്നു നേതാ

ക്കന്മാരുടെ തലസ്ഥകത്തുണ്ടായിരുന്ന പ്രധാനപ്രശ്നം. ഇന്നും ആ നിലപാടിനു് കാര്യമായ ഒരു മാററവും വന്നി ട്ടില്ല. സ്വാതന്ത്ര്യത്തിൻെറ രജതജൂബിലി ആഘോഷി ക്കുന്ന ഇന്നുമുതൽ പുറകോട്ടുള്ള ഇരുപത്തഞ്ചുവർഷത്തെ ചരിത്രം പഠിച്ചാൽ മററൊരു നിഗമനത്തിലെത്താൻ കഴിയുകയില്ല.

ര: സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം പല പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കിയല്ലോ. വലിയ അണക്കെട്ടുകൾ, ഘനവ്യവസായങ്ങൾ, ശാസ്ത്രീയസാങ്കേതിക മണ്ഡലങ്ങളിലെ പുരോഗതി തുടങ്ങി പലതും നേട്ടങ്ങളുടെ പട്ടികയിൽ എടുത്തു കാണിക്കാനുണ്ടു്.

സ: ബ്രിട്ടീഷ്കാരുടെ കാലത്തും റോഡുകൾ, തുറമുഖങ്ങൾ, റെയിൽവേകൾ ഇവ നിർമ്മിക്കപ്പെട്ടു. വാർത്താവിനിമയം, വിദ്യാഭ്യാസം തുടങ്ങിയ മണ്ഡലങ്ങളിലും അവർ നിഷ്ക്രീയരായിരുന്നില്ല. അന്നു് അവർ അതൊക്കെ ചെയ്തിരുന്നതു് ഭരണസൗകര്യങ്ങളും, ഭരിക്കുന്നവരുടെ സൗകര്യങ്ങളും കണക്കിലെടുത്തുകൊണ്ടായിരുന്നു. അവരുടെ വാണിജ്യ സൗകര്യത്തിനും, സൈനീകനീക്കങ്ങൾക്കുംവേണ്ടി റെയിൽവേ പ്രവർത്തിപ്പിച്ചപ്പോൾ കൂട്ടത്തിൽ ഇൻഡ്യയിലെ ജനങ്ങളും ട്രെയിൻ യാത്രചെയ്തു. ഏതാണ്ടു് രണ്ടുനൂററാണ്ടു് ഭരിച്ചപ്പോഴേക്കു് ബ്രിട്ടീഷുകാർ കൂടുതൽ സമ്പന്നരായി, ഇൻഡ്യയിലെ ജനങ്ങൾ കൂടുതൽ ദരിദ്രരുമായി.

ര: ഇൻഡ്യയെ ഇൻഡ്യാക്കാർ തന്നെ ഭരിക്കാൻ തുടങ്ങികാൽ നൂററാണ്ടുകഴിഞ്ഞപ്പോഴേക്കും കഥ ഇതുതന്നെ. ഭരണത്തിൻെറ ചുക്കാൻ പിടിക്കുന്നവരും ഭരിക്കുന്നവരുമായ ഇവിടത്തെ സമ്പന്നവർഗ്ഗം കൂടുതൽ സമ്പന്നരായി. ദരിദ്രരായ സാമാന്യജനങ്ങൾ കൂടുതൽ ദരിദ്രരുമായി. ഇക്കാര്യം അധികാരികൾ തന്നെ പരസ്യമായി സമ്മതിച്ചിരിക്കയുമാണു്.

സ: പൊതുവിൽ പറഞ്ഞാൽ ഇൻഡ്യ വലിയനേട്ടങ്ങൾ കൈവരിച്ചു. വൻകിട ജലസേചന പദ്ധതികൾ, വൈദ്യുതപദ്ധതികൾ, വ്യവസായങ്ങൾ തുടങ്ങി പലതും എടുത്തുകാണിക്കാം. ഉല്പാദനരംഗങ്ങളിൽ—കാർഷിക

മേഖലയിലും, വ്യാവസായിക മേഖലയിലും മററും— ഉണ്ടായിട്ടുള്ള നേട്ടങ്ങൾ അപഗ്രഥിക്കാൻ വയ്യാത്തവയാണ്. സൂചിപോലും ഉണ്ടാക്കാതിരുന്ന നാട്ടിൽ വിമാനങ്ങളും, ടാങ്കുകളും, കപ്പലുകളും, കൃത്രിമോപഗ്രഹങ്ങളും വരെ ഉണ്ടാക്കുന്നു. വിദേശത്തുനിന്നുള്ള ഇറക്കുമതിയും നോക്കിയിരുന്ന രാജ്യം വിദേശ കമ്പോളങ്ങളിൽ സ്വന്തം വിഭവങ്ങളുമായി മററു രാജ്യങ്ങളോടു് മത്സരിക്കുന്നു. എന്നാൽ ബഹുഭൂരിപക്ഷം ജനങ്ങളെയും ഉൾക്കൊള്ളുന്ന ദരിദ്ര ഇൻഡ്യ ഇന്നും ദരിദ്ര ഇൻഡ്യയായിത്തന്നെ നിലകൊള്ളുന്നു.

ര: ആളോഹരി വരുമാനത്തിൻെറ ശരാശരി കാര്യമായി വർദ്ധിച്ചിട്ടുണ്ടല്ലോ?

സ: പക്ഷെ ഈ ശരാശരി വരുമാന വർദ്ധനവും സാധാരണക്കാരൻെറ വരുമാനവും തമ്മിൽ വലിയ ബന്ധമൊന്നുമില്ല.

ആയിരംപേർ അധിവസിക്കുന്ന ഗ്രാമത്തിൽ തൊള്ളായിരം പേർ തുച്ഛവരുമാനം മാത്രമുള്ള ദരിദ്രരും, ഏതാനും പേർ ഇടത്തരക്കാരും, ഒരാൾ കോടിരൂപ വരുമാനമുള്ളവനുമാണെങ്കിൽ ആ ഗ്രാമത്തിലെ ആളോഹരി വരുമാനത്തിൻെറ ശരാശരി പതിനായിരം രൂപയിൽ കൂടുതലായിരിക്കും.

ര: യഥാർത്ഥത്തിലതു് തെണ്ടികളുടെ ഒരു ഗ്രാമമാണെങ്കിലും അല്ലെ?

സ: സ്വാതന്ത്ര്യത്തിൻെറ രജതജൂബിലി ആഘോഷിക്കുന്നതിനിടയിൽ ലോക്‌സഭയിൽ ആധികാരികമായിത്തന്നെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു് ഇൻഡ്യയിലെ ഇരുപത്തിരണ്ടു കോടിയിൽപരം ജനങ്ങൾ തെണ്ടികളിൽ നിന്നും വളരെയൊന്നും മെച്ചമല്ലാത്ത സ്ഥിതിയിലാണെന്നാണ്.

ര: ഇരുപത്തഞ്ചുകൊല്ലം കൊണ്ടു് രാജ്യം നേടിയെന്നു പറയുന്ന സമ്പത്തും സമൃദ്ധിയുമെല്ലാം ഒരു ന്യൂനപക്ഷം കൈയടക്കി വച്ചിരിക്കുന്നുവെന്നുസാരം.

സ: മുമ്പു് സമ്പത്തിൻെറ നിയന്ത്രണം മുഴുവൻ സായ്പ്പന്മാരുടെ കൈയിലായിരുന്നു. ഇന്നു് അവരുടെ സ്ഥാനം

കൈക്കലാക്കിയിരിക്കുന്ന അധികാരിവർഗ്ഗവും അവരെ നിയന്ത്രിക്കുന്ന ഭാഗ്യവാന്മാരും കൂടി സമ്പത്തും അധികാരവും തങ്ങളുടെ അധീനതയിലാക്കിയെന്നൊരു വ്യത്യാസമേയുള്ളു.

സ്വാതന്ത്ര്യത്തിന്റെ രജതജൂബിലി വളരെ ഗംഭീരമായി ആഘോഷിക്കപ്പെടുന്നു. ആഘോഷത്തിനുമോടി കൂട്ടാൻ ദീപാലങ്കാരങ്ങളും, ഘോഷയാത്രകളും, രാജകീയ ഡർബാറുകളും, ഡിന്നറുകളും സംഘടിപ്പിക്കപ്പെടുന്നു. അദ്ധ്വാനിക്കാതെ, വിയർക്കാതെ സമ്പൽസമൃദ്ധി മുഴുവൻ തങ്ങളുടെ വരുതിയിലാക്കിയ ഭാഗ്യവാന്മാരാണ് സമൂഹത്തിലെ മുകൾത്തട്ടിലുള്ളവർ. അതിന് അവരെ സഹായിച്ച—തുടർന്നും സഹായിച്ചുകൊണ്ടിരിക്കുന്ന ഇൻഡ്യൻ സ്വാതന്ത്ര്യത്തെയാണ് അവർ കൊണ്ടാടുന്നതു്. ഈ ഭാഗ്യവാന്മാരെയും അവരുടെ പിൻതലമുറക്കാരെയും സ്വാഗതം ചെയ്തുകൊണ്ട് ഭോജനശാലകളും വിദേശമദ്യശാലകളും, നിശാക്ലബ്ബുകളും വൈദ്യുതാലങ്കാര പ്രകാശ ധോരണിയിൽ മുങ്ങിനില്ക്കുന്നു. സ്വാതന്ത്ര്യത്തിന്റെ നേട്ടങ്ങളായി അവയെല്ലാം വാഴ്ത്തപ്പെടുന്നു.

എന്നാൽ അവയുടെ പിൻഭാഗത്തു് ഇരുളിൽ എച്ചിലിലയ്ക്കുവേണ്ടി മനുഷ്യന്റെ കുട്ടികളും, പട്ടിയുടെ കുട്ടികളും തമ്മിൽ ജീവന്മരണ സമരം നടക്കുന്നു. ആഹാരത്തിനുവേണ്ടി തങ്ങളെത്തന്നെ വില്ക്കുന്നതിനു തയ്യാറായി സ്വതന്ത്ര ഇൻഡ്യയിലെ പൗരസമൂഹം വരിപിടിക്കുന്നു. ഒരു നേരത്തെ കഞ്ഞിനേടാൻവേണ്ടി സ്വന്തം രക്തം പോലും കച്ചവടം ചെയ്യാൻ തയ്യാറായി രക്തബാങ്കിലെ ക്യൂവിൽ പററിക്കൂടുന്ന ദാരിദ്ര്യവാസികൾ ഇൻഡ്യയുടെ സ്വാതന്ത്ര്യത്തെ നോക്കി പല്ലിളിക്കുന്നു.

വായിൽ വെള്ളിക്കരണ്ടിയുമായി ജനിക്കുന്ന കുറെപ്പേർക്ക് അതിനെ സ്വർണ്ണക്കരണ്ടിയാക്കിമാററാൻ യാതൊരു പ്രയാസവും ഇവിടെയില്ല. എന്നാൽ തലമുറകളായി ഉടഞ്ഞ മൺചട്ടിയുമേന്തി ജനിക്കുന്നവർക്ക് അതൊന്നു മാററിക്കിട്ടാൻ ഇവിടെ മാർഗ്ഗം തുറന്നുകിട്ടുന്നില്ല.

തലവേദനയ്ക്കും, ജലദോഷത്തിനുംവരെ വിദഗ്ദ്ധചികിത്സതേടി വിമാനം കയറുന്ന ഭാഗ്യവാന്മാരുടെ ചിത്രം ഒരു വശത്തു്. അത്യാവശ്യമായ ചികിത്സയോ, മരുന്നോ ലഭിക്കാൻ നിവൃത്തിയില്ലാതെ മാരകരോഗങ്ങളും പേറി ദിവസങ്ങൾ തള്ളിനീക്കുന്ന നിർഭാഗ്യവാന്മാരുടെ ചിത്രം മറുവശത്തു്.

വേനലിലും മഴയത്തും, തണുപ്പിലും ചൂടിലും താമസിക്കാൻ പ്രത്യേകം പ്രത്യേകം ബംഗ്ലാവുകളും അതിനു പുറമേ വാടകയ്ക്കു് കൊടുക്കാൻ മററനേകം ബംഗ്ലാവുകളും സ്വന്തമായുള്ള വ്യക്തികൾ നാട്ടിലെ പ്രധാന ദിവ്യന്മാരായി വിലസുന്ന സ്ഥിതി ഒരു ഭാഗത്തു്. തങ്ങൾക്കോ തങ്ങളുടെ പിൻ തലമുറയ്ക്കുപോലുമോ ഒന്നു ചുരുണ്ടുകൂടാൻ ഒരു ചെറു കൂരയെങ്കിലും കിട്ടുമെന്ന പ്രതീക്ഷയില്ലാതെ കോടിക്കണക്കിനു് പാവപ്പെട്ടവർ വ്യാകുലപ്പെടുന്ന സ്ഥിതിവിശേഷം മറുഭാഗത്തു്.

ഇതാണോ സ്വാതന്ത്ര്യം? ഈ സ്വാതന്ത്ര്യം നേടാനായിരുന്നോ ജാലിയൻ വാലാബാഗിൽ ആളുകൾ മരിച്ചുവീണതു്? ഇതിനായിരുന്നോ ഭഗവത്സിംഗ് തൂക്കമരത്തിലേറിയതു്? ഈ സ്വാതന്ത്ര്യം നേടാനായിരുന്നോ ആയിരക്കണക്കിനാളുകൾ സ്വാതന്ത്ര്യത്തിൻെറ ബലിക്കല്ലിൽ ജീവൻ അർപ്പിച്ചതു്?

ര: അല്ല. തീർച്ചയായും അല്ല.

സ: അപ്പോൾ പിന്നെ അവരെല്ലാം ആഗ്രഹിച്ചിരുന്ന സ്വാതന്ത്ര്യം നേടുന്നതിനു് ഇനിയുമൊരു മാററവും, അതിനുവേണ്ടിയുള്ള യത്നവും ആവശ്യമെന്നാണല്ലോ വന്നിരിക്കുന്നതു്. അതിനുവേണ്ടിയുള്ള സമരം ആസന്നമായിരിക്കുന്നു.

ര: ആ സമരം ആർക്കെതിരെയാണു്?

സ: ഈ നാട്ടിലെ സ്ഥാപിത താല്പര്യക്കാർക്കെതിരെ. കൃഷകർക്കെതിരെ. ജന്മി മുതലാളി വർഗ്ഗത്തിനും അവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊടുക്കുന്ന അധികാരികൾക്കുമെതിരെ,

ര: സ്ഥാപിത താല്പര്യങ്ങറംക്കും, ചൂഷകവഗ്ഗത്തിനുമെതിരെയുള്ള നീക്കങ്ങറം അധികാര സ്ഥാനത്തുനിന്നും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ.

സ: അതേ, ആയിരത്തിതൊള്ളായിരത്തിനാല്പത്തേഴിനു മുമ്പുതന്നെ വാക്കുകൊണ്ടും, ലേഖനങ്ങറംകൊണ്ടുമുള്ള നീക്കങ്ങറം ആരംഭിച്ചിരുന്നു. സ്വാതന്ത്ര്യം ലഭിച്ച് ഇരുപത്തഞ്ചു കൊല്ലം കഴിഞ്ഞിട്ടും ആ നീക്കങ്ങറം വാക്കുകളിലും വാചകങ്ങളിലും ഒതുങ്ങി നില്ക്കുന്നതേയുള്ളൂ. അധികാരം കൈക്കലാക്കുന്നതിനു്, മുയലിനോടൊപ്പം ഓടുകയും, പിന്നീട് വേട്ടപ്പട്ടിയോടൊപ്പം വേട്ടയാടുകയുംചെയ്യുന്ന കൂട്ടരിൽനിന്നു് ഇതിൽ കൂടുതൽ പ്രതീക്ഷിക്കുന്നതാണു് വിഡ്ഢിത്തം.

ര: പക്ഷെ, ഈയ്യിടെയായി പ്രസംഗങ്ങളിൽനിന്നു് പ്രവൃത്തിയിലേക്കു് കാര്യങ്ങറം നീങ്ങാനുള്ള ഒരു പ്രവണത കാണുന്നില്ലേ?

സ: പൊതുജനങ്ങളെ ആവത്തിച്ചാവത്തിച്ചു കഴുതകളാക്കാനുള്ള അടവുകളല്ലാതെ മററെന്താണതിൽ കാണാൻകഴിയുന്നതു്?

ര: ബാങ്കു ദേശസാൽക്കരിച്ചതും, രാജാക്കന്മാരുടെ പ്രിവീപഴ്സും നിറുത്തലാക്കിയതും, ജനറൽ ഇൻഷ്വറൻസു് ദേശസാൽക്കരിച്ചതും മററും വെറും അടവുകളാണെന്നു പറയുന്നതു് ശരിയല്ല.

സ: പ്രചരണത്തിനു പ്രാധാന്യംകൊടുത്തുകൊണ്ടാണു് ഇതൊക്കെ ചെയ്യുന്നതു്. മാററങ്ങറംക്കുവേണ്ടിയുള്ള ആത്മാത്ഥമായ ആഗ്രഹമോ പ്രവത്തന രീതിയോ കാണാൻ നമുക്കു കഴിയുന്നില്ല.

ര: അതെങ്ങനെ പറയാനൊക്കും?

സ: പൊതുജനങ്ങളെ ചൂഷണംചെയ്തും കൊള്ളയടിച്ചും രാജാക്കന്മാർ സമ്പാദിച്ച സ്വത്തു മുഴുവൻ അവർ ഇപ്പോഴും യഥേഷ്ടം അനുഭവിക്കുന്നുണ്ടു്. ഇരുപത്തഞ്ചു കൊല്ലക്കാലം സ്വതന്ത്ര ഇൻഡ്യയിൽ അവർ സൂപ്പർ പൗരന്മാരായി കഴിഞ്ഞുകൂടി. ഇന്നിപ്പോറം അവരുടെ പ്രത്യേകാവകാശങ്ങളും പ്രിവീപഴ്സുകളും മററും എടുത്തുമാററി. പക്ഷേ

നാലര കോടി രൂപാ പ്രിവീപഴ്സായി കൊടുത്തിരുന്നതു് റദ്ദാക്കിയ സ്ഥാനത്തു് മനുഷ്യത്വപരവും ദയാപരവുമായ കാഴ്ചപ്പാടിലൂടെ പത്തരക്കോടി രൂപാ സഹായധനമായി കൊടുക്കാൻ വ്യവസ്ഥയുണ്ടാക്കിയിരിക്കുന്നു. അമ്പത്തഞ്ചു കോടി ജനങ്ങളിൽ ഇരുപത്തിരണ്ടു കോടി ജനങ്ങൾ മുക്കാൽ പട്ടിണിയിലും പിന്നൊരു ഇരുപത്തിരണ്ടു കോടി അരപ്പട്ടിണിയിലും കഴിയുന്ന ഈ രാജ്യത്താണു് ഇതൊക്കെ നടക്കുന്നതു്. ദയയും അനുകമ്പയുമൊക്കെ പണക്കാരോടാണു്. നാലിനം പ്രഥമൻ ചേർത്തു് ഉണ്ടിരുന്നവർക്കു് ഇനിമേൽ രണ്ടിനം പ്രഥമനേ ലഭിക്കയുള്ളുവെന്നറിഞ്ഞു് സങ്കടപ്പെടുന്ന ജനനേതാക്കൾക്കു് പട്ടിണിക്കാരനെപ്പററി ചിന്തിക്കാൻ സമയമെവിടെ?

ചൂഷകവർഗ്ഗങ്ങൾ അവിഹിതമാർഗ്ഗങ്ങളിലൂടെ സമ്പാദിച്ചുവച്ചിരിക്കുന്ന സ്വത്തും പണവും പാവപ്പെട്ടവനുവേണ്ടി പിടിച്ചെടുക്കുന്നുവെന്ന പ്രചരണവും, നഷ്ടപരിഹാരമെന്നും ദയാപരമായ സമീപനരീതിയെന്നും മററും പറഞ്ഞു് പുറം വാതലിലൂടെ ഇരട്ടിയും അതിലധികവും കൊടുത്തുകൊണ്ടുള്ള പ്രീണനവും ഒരേസമയത്തു നടക്കുന്നു.

ര: പണക്കാരൻെറ കൈവശമുള്ള നൂറു രൂപാ നോട്ടു് പരസ്യമായി പിടിച്ചുവാങ്ങി പൊതു മുതലിൽ ചേർത്തിട്ടു് പകരം ഖജനാവിൽനിന്നും നൂററമ്പതു് ഒററരൂപാ നോട്ടു് രഹസ്യമായി നല്കുന്ന ഏർപ്പാടാണിവിടെ നടക്കുന്ന വിപ്ലവം, അല്ലേ?

സ: ജനറൽ ഇൻഷ്വറൻസു് ദേശസാൽക്കരിച്ചകാര്യവും ഇതുപോലൊക്കെത്തന്നെ. ജനങ്ങളെ വിദഗ്ധമായി ചൂഷണംചെയ്തു് കോടീശ്വരന്മാരായവരാണു് അതിൻെറ ഉടമവകാശികൾ. ചൂഷണംചെയ്യുന്നതിനുള്ള അവരുടെ സാമർത്ഥ്യം കണക്കിലെടുത്തു് മുപ്പതു കോടിയിൽപരം രൂപാ അവർക്കു് നഷ്ടപരിഹാരം നൽകാൻ അധികാരികൾ ആദ്യം തീരുമാനിച്ചു. എന്നാൽ ദയാപരവും, നീതിപരവുമായ കാഴ്ചപ്പാടിലൂടെ ജനപ്രതിനിധികൾ പ്രശ്നം വീണ്ടും പഠിക്കുകയും ഏതാനും കോടി രൂപാകൂടെ കൂടുതലായി അവർക്കു നല്കാൻ തീരുമാനിക്കുകയുംചെയ്തു.

അതായത്ത് നഷ്ടപരിഹാരം മുപ്പത്തിമൂന്നു കോടി രൂപയായി ആദ്യം നിശ്ചയിച്ചത് പിന്നീട് മുപ്പത്തിയെട്ടു കോടി രൂപയാക്കി ഉയർത്തി ഇരുപത്തിരണ്ടു കോടി പട്ടിണിക്കാരെയും, മറെറാരു ഇരുപത്തിരണ്ടു കോടി അർദ്ധപട്ടിണിക്കാരെയും ഉദ്ധരിക്കാതെ വിശ്രമിക്കയില്ലെന്ന് ശപഥംചെയ്യുകയും, ആവർത്തിച്ചാണയിടുകയും ചെയ്യുന്ന ജനപ്രതിനിധികൾക്ക് കോടീശ്വരന്മാരുടെ വക്കാലത്തു് ഹാജരാക്കാനുള്ള സമയമേ ലഭിക്കുന്നുള്ളു.

ര: ബാങ്കു ദേശസാൽക്കരണത്തിൻെറ കാര്യമോ?

സ: ബാങ്കു ദേശസാൽക്കരണം എന്ന ആശയം ഏററവും ശരിയായതാണു്. രാഷ്ട്രത്തിൻെറ സമ്പദ്ഘടനയും മൊത്തത്തിലുള്ള സാമൂഹ്യ പുരോഗതിയും സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളുടെ—നേരത്തെ സൂചിപ്പിച്ച 22 കോടികളുടെ—ഉന്നമനത്തിനു സഹായകമായ രീതിയിൽ ചാഞ്ഞുവരണമെന്നതാണു് പ്രഖ്യാപിതലക്ഷ്യം. പക്ഷെ നടന്നതെന്താണു്? കുറെ റിക്ഷാവണ്ടിക്കാർക്കു് റിക്ഷാ വണ്ടി വാങ്ങാനും മുറുക്കാൻകടക്കാരിൽ ചിലർക്കു് വെററില പാക്കു് വാങ്ങിവെയ്ക്കാനുമുള്ള വായ്പകൾ നല്കി. അവയ്ക്കു് വെണ്ടക്കാ അക്ഷരത്തിലുള്ള പ്രചരണവും നല്കി. എന്നാൽ അത്രവലിയ പ്രചരണമൊന്നുമില്ലാത്ത മററു ചിലതും നടന്നു.

ര: അതെന്താണു ?

സ: വലിയ ജന്മിമാർക്കും മുതലാളിമാർക്കും പശു വാങ്ങാനെന്നും പുരയിടം നന്നാക്കാനെന്നും, കോഴി വളർത്താനെന്നും മററും പറഞ്ഞു വൻ തുകകൾ വാങ്ങാൻ കഴിഞ്ഞു. പതിനായിരക്കണക്കിനുള്ള തുകകൾക്കു് ജാമ്യംകൊടുക്കാനും ഉറപ്പുകൊടുക്കാനും മററും അവർക്കല്ലെ കഴിയൂ. പശുവിനും കോഴിക്കും പകരം അവർ ലാറികളും വസ്തുവകകളും വാങ്ങി. അമിതപ്പലിശയ്ക്കു് കടംകൊടുക്കാനും കള്ളക്കടത്തും, കരിഞ്ചന്തയും കൂടുതൽ ഊർജ്ജിതപ്പെടുത്താനും ഈ തുക അവരെ സഹായിച്ചു.

അടിയന്തര ഭക്ഷ്യോല്പാദനം, തൊഴിലവസരം സൃഷ്ടിക്കൽ വ്യവസായ വികസനത്തിനും മൂലധന നിക്ഷേപത്തിനും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കൽ

തുടങ്ങിയ കേ൦ക്കാനിമ്പമുള്ള കാര്യങ്ങൾ പറഞ്ഞു് ജനനേതാക്കളെന്നു പറയുന്നവരുംപ്പെടെ എല്ലാ അധികാര സ്ഥാനങ്ങളിലുമുള്ളവരിൽനിന്നും അവർക്കു് നിർലോഭമായ സഹായവും, ആശീർവാദങ്ങളും ലഭിച്ചുകൊണ്ടിരിക്കുകയുംചെയ്യുന്നു.

സമ്പദ്ഘടനയുടെ കടിഞ്ഞാൺ സാമൂഹ്യനിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിഞ്ഞില്ലെന്നതോ പോട്ടെ, കറുത്ത പണത്തിൻെറയും, കള്ളപ്പണത്തിൻെറയും അവിഹിത പ്രേരണകളെ നേരിടാൻപോലും കഴിയുന്നില്ലെന്നതാണു് ദയനീയം.

നേരമറിച്ചു് അവയുടെ സൈ്വര വിഹാരത്തിനു് കൂടുതൽ അനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കപ്പെടുകയാണുണ്ടായിക്കൊണ്ടിരിക്കുന്നതു്. തൽഫലമായുണ്ടാകുന്ന വിലക്കൂടുതൽ, അവശ്യസാധനങ്ങളുടെ ദൗർഭിക്ഷത, ദാരിദ്ര്യം തുടങ്ങിയ ചുഴികളിൽപ്പെട്ടു് നേതാക്കളും കാര്യദർശികളുംകൂടി എന്തുചെയ്യണമെന്നറിയാതെ വട്ടംകറങ്ങുകയാണു്.

പാവപ്പെട്ടവനെ ചൂഷണത്തിനു വിധേയനാക്കി കൂടുതൽ പാവപ്പെട്ടവനാക്കാനും അവനെക്കൊണ്ടുമാത്രം എന്നും കഠിനാദ്ധ്വാനം ചെയ്യിക്കാനും പണക്കാരനെയും അവൻെറ കാവൽ ഭടനായ ഉദ്യോഗസ്ഥനെയും, രാഷ്ട്രീയക്കാരനെയും കൂടുതൽ സമ്പന്നരാക്കാനുമുള്ള സ്വാതന്ത്ര്യമാണു് ആയിരത്തി തൊള്ളായിരത്തി നാല്പത്തേഴ് ആഗസ്റ്റ് പതിനഞ്ചു മുതൽ ഇവിടെ ഉണ്ടായിരിക്കുന്നതു്. അതിൻെറ രജതജൂബിലിയാണു് സർക്കാരും സർക്കാരിൻെറ വൈതാളികന്മാരും കൂടി കേമമായി ആഘോഷിക്കുന്നതു്. ഈ ആഘോഷങ്ങളിൽ വെറും കാഴ്ചക്കാരും അന്യരുമായി നില്ക്കുന്നവരാണു് ബാക്കിയുള്ള ജനങ്ങൾ.

ര: ഈ ആഘോഷങ്ങളിൽ സാധാരണ ജനങ്ങൾക്കു് യാതൊരുതാല്പര്യവുമില്ലെന്നതു് ശരിയാണു്. അവരുടെ യഥാർത്ഥസ്വാതന്ത്ര്യം ഇനിയും കൈവന്നിട്ടില്ലെന്നതായിരിക്കാം അതിനു കാരണം.

സ: സ്വാതന്ത്ര്യം കൊണ്ടു് അവർ നേടാമെന്നു് കരുതിയതൊന്നും അവർക്കു് ലഭിച്ചിട്ടില്ല.

ര: എന്തൊക്കെയാണ് അവർ ആഗ്രഹിച്ചത്?

സ: ഏററവും പ്രധാനമായി ചൂഷണത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യമാണ് അവരാഗ്രഹിച്ചത്. പക്ഷെ, പ്രത്യക്ഷവും പരോക്ഷവുമായി അവർ കൂടുതൽ കൂടുതൽ ചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്നു. എല്ലാ വസ്തുക്കളും കൈയ്യെത്താത്തിടത്തു് മാററിവയ്ക്കുകയും, അതിൽ ഏതുവസ്തുവും എടുക്കാൻ അവർക്കു് സ്വാതന്ത്ര്യമുണ്ടെന്നു് പ്രഖ്യാപിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണിവിടെ ഇപ്പോഴുള്ളതു്. ചെന്നായുടെ ക്ഷണമനുസരിച്ച് സദ്യ ഉണ്ണാൻ ചെന്ന കൊക്കിനു് പരന്നപാത്രത്തിലൊഴിച്ചുവച്ച സൂപ്പു് നോക്കിയിരിക്കേണ്ടിവന്നതു പോലെയുള്ള ഒരു ഗതികേടാണു് ഇവിടത്തെ പാവപ്പെട്ടവർക്കുണ്ടായിരിക്കുന്നതു്.

ര: വിദേശികരം ഭരിച്ചതുകൊണ്ടു് ഇവിടത്തെ സാധാരണ ജനങ്ങരം ചൂഷണം കൊണ്ടുള്ള കഷ്ടപ്പാടുകരംക്കു് വിധേയരായെന്നു് പറഞ്ഞിരുന്നു.

സ: വിദേശഭരണം അവസാനിച്ചാൽ ചൂഷണങ്ങളെല്ലാം അവസാനിക്കുമെന്നും ഈ രാജ്യത്തെ അദ്ധ്വാനിക്കുന്നവരും കഷ്ടപ്പെടുന്നവരുമായ ആളുകരംക്കു് യഥാർത്ഥജീവിതസുഖം ലഭിക്കുമെന്നും പ്രചരിപ്പിച്ചിരുന്നു. ആളുകരം അതു് വിശ്വസിക്കുകയും ചെയ്തു. അതുകൊണ്ടു് സ്വാതന്ത്ര്യ സമരത്തിനും രക്തവും ജീവനും നല്കി അവർ ത്യാഗം സഹിച്ചു.

പാവപ്പെട്ടവൻ അവൻെറ ജീവൻവരെ സ്വാതന്ത്ര്യത്തിൻെറ ബലിക്കല്ലിൽ അർപ്പിച്ചപ്പോരം പണക്കാരനും ഉദ്യോഗസ്ഥവർഗ്ഗവും ബ്രിട്ടീഷുകാരൻെറ തോക്കു് തുടച്ചുകൊടുക്കുകയും, കോട്ടു് തേച്ചു വൃത്തിയാക്കിക്കൊടുക്കുകയും, മംഗളപത്രങ്ങരം വായിച്ചു സമർപ്പിക്കുകയുമാണു് ചെയ്തതു്.

ബ്രിട്ടീഷുകാർപോയി. അധികാരം ഇവിടത്തെ നേതാക്കളുടെ കൈയ്യിലായി. അവർ അതു് ഇവിടത്തെ ജന്മി മുതലാളിമാർക്കും അധികാര കുത്തകക്കാർക്കുമായി വീതിച്ചുകൊടുത്തു. സാധാരണക്കാരനെ ചൂഷണം ചെയ്യുന്ന ജോലി ഇവരുടെയെല്ലാം മേൽനോട്ടത്തിൽ ചിട്ടയായിത്തന്നെ നടക്കുന്നു.

സ്വാതന്ത്ര്യഭാരതത്തിൽ പണക്കാരൻ കൂടുതൽ പണക്കാരനാകുന്നു. പാവപ്പെട്ടവൻ കൂടുതൽ പാവപ്പെട്ടവനുമാകുന്നു. ചൂഷണം കൂടുതൽ കൂടുതൽ വ്യാപകമായി നടക്കുന്നു. പാവപ്പെട്ടവനെ ചൂഷണം ചെയ്യുന്നതിനു സഹായകമായ പല പുതിയ തുറകളും വെട്ടിത്തുറക്കപ്പെടുന്നു. പരിഷ്കൃതവും ശാസ്ത്രീയവുമായ രീതിയിൽ ഔദ്യോഗികാംഗീകാരത്തോടെ തന്നെ ചൂഷണ രീതികൾ നിലനില്ക്കുന്നു.

ര: സർക്കാർ, പണക്കാരുടെ മേൽ ഭാരിച്ച നികുതികൾ ചുമത്തുന്നുണ്ടല്ലോ?

സ: വിദേശ ഭരണാധികാരികളും, രാജാക്കന്മാരിൽ നിന്നും, സെമിന്ദാരന്മാരിൽ നിന്നും കപ്പങ്ങളും, ഭാരിച്ച നികുതികളും ഈടാക്കിയിരുന്നു. അവർ അതു് ജനങ്ങളിൽ നിന്നു് പിഴിഞ്ഞെടുത്തു. നമ്മുടെ ജനകീയ സർക്കാരും ചെയ്യുന്നതു് അതുതന്നെയല്ലേ?

ഒരുദാഹരണം പറയാം. ലോറികളും ബസ്സുകളും മററും നിർമ്മിക്കുന്ന വലിയ വ്യവസായിയും സാധാരണക്കാരനുമായി സാമ്പത്തികബന്ധമൊന്നുമില്ലെന്നു് പ്രത്യക്ഷത്തിൽതോന്നും. വ്യവസായിയിൽനിന്നു് സർക്കാർ പലതരം നികുതികൾ വസൂലാക്കുന്നു. അയാൾ അതു് ലോറിയുടെയും ബസ്സിൻെറയും വിലയിലുൾപ്പെടുത്തി അവവാങ്ങുന്ന മുതലാളിയിൽനിന്നു് ഈടാക്കും. മുതലാളി ചരക്കു കയററുന്ന മൊത്തക്കച്ചവടക്കാരനിൽ നിന്നും, മൊത്തക്കച്ചവടക്കാരൻ ചില്ലറ വില്പനക്കാരനിൽനിന്നും, അയാളതു് സാധനം വാങ്ങുന്ന പാവപ്പെട്ട ജനലക്ഷങ്ങളിൽ നിന്നും ഈടാക്കുന്നു. ബസ്സിൻെറ കാര്യത്തിലാണെങ്കിൽ കേവലം യാത്രാക്കാരിൽനിന്നും ഈടാക്കപ്പെടുന്ന ഈ തുകയിൽ തന്നെ ഓരോ ഘട്ടത്തിലും വൻതോതിലുള്ള നികുതി വെട്ടിപ്പും നടക്കുന്നു. വ്യവസായികളും വാണിജ്യ പ്രമുഖന്മാരുമെല്ലാം നികുതി മുഴുവൻ സൂത്രത്തിൽ ജനലക്ഷങ്ങളുടെ തലയിലേക്കു് മാററുന്നു. ഇവിടെ, ഉപഭോക്താക്കളായ ജനങ്ങളൊഴിച്ചു് ബാക്കിയുള്ള ഇടനിലക്കാരെല്ലാം പഴയസെമീന്ദാരന്മാരുടെയും, ചുങ്കം പിരിവുകാരുടെയും ജോലിയല്ലേ ചെയ്യുന്നതു്.

ര: പക്ഷെ, ഈ ഇനത്തിൽ സക്കാരിൻെറ പക്കൽ വന്നു ചേരുന്ന തുക മുഴുവൻ പല പദ്ധതികാംക്കവേണ്ടി ചെലവഴിച്ച് തിരിയെ ജനങ്ങാംക്കുതന്നെ വർദ്ധിച്ച നിരക്കിൽ പ്രയോജനപ്പെടുത്തുകയല്ലേ ചെയ്യുന്നതു്?

സ: അതാണു് ചെയ്യേണ്ടതു്. പക്ഷെ പ്രായോഗികതലത്തിൽ അതാണോ ഇവിടെ നടക്കുന്നതു് ?

ര: പിന്നെന്താ? നികുതിയിനത്തിൽ സക്കാരിൽ വന്നുചേരുന്ന പണമുപയോഗിച്ച് ഒരു അണക്കെട്ടു നിമ്മിക്കുന്നു. അതിൻെറ നിമ്മാണപ്രവത്തനങ്ങളുമായി ബന്ധപ്പെട്ടു് അനേകായിരം തൊഴിലാളികാംക്കു് അനേക ദിവസം ജോലി. അതിൽ നിന്നുല്പാദിപ്പിക്കപ്പെടുന്ന വിദ്യുച്ഛക്തികൊണ്ടുള്ള നേട്ടങ്ങാം ജലസേചനം കൊണ്ടു് കൃഷിയിലുണ്ടാകുന്ന നേട്ടങ്ങാം ഇവയെല്ലാം സാമാന്യ ജനങ്ങാംക്കു ഗുണകരമായിത്തീരുന്നില്ലേ?

സ: ഇൻഡ്യയിൽ അധികാര കൈമാററം നടന്നതു് ഉഭയകക്ഷി സമ്മതപ്രകാരമാണു്. അതിൽ ഒരു കക്ഷി ബ്രിട്ടീഷു് ഗവണ്മെൻറും മറെറ കക്ഷി ഇൻഡ്യൻ ജനതയുടെ മുഴുവൻ പ്രാതിനിധ്യം അവകാശപ്പെട്ട നേതൃത്വവുമായിരുന്നു. രാജാവു് മരിക്കുമ്പോാം അടുത്ത അനന്തരാവകാശി ഭരണഭാരം ഏററെടുക്കുന്നതുപോലെ എത്രയും സൗമ്യമായാണു് അധികാര കൈമാററം നടന്നതു്. സ്വാഭാവികമായി ജനങ്ങളെ ചൂഷണംചെയ്തു ഭരണകത്താക്കളെ സമ്പന്നരാക്കുന്നതിനുവേണ്ടി ബ്രിട്ടീഷുകാർ സ്വീകരിച്ചിരുന്ന സംവിധാനം തന്നെ പുതിയ ഭരണാധികാരികളും പിന്തുടരുന്നു. ഇതിൻെറ വെളിച്ചത്തിൽ അണക്കെട്ടുനിമ്മാണത്തിൻെറയും മററും കാര്യം നമുക്കു പരിശോധിക്കാം.

കോടിക്കണക്കിനു് രൂപാ മുടക്കി അണക്കെട്ടു പൂത്തിയാകുമ്പോഴേക്കും വലിയ എൻജിനീയർ മുതൽ താഴോട്ടുള്ള പലക്കും പ്രോജക്ററ് അലവൻസു്, അണക്കെട്ടു അലവൻസു് തുടങ്ങി പല ആനുകൂല്യങ്ങളും നേടാൻ കഴിയുന്നു. കൂടാതെ കണക്കിൽ പെടാത്ത രഹസ്യതുകകളും ധാരാളം വന്നുചേരും. ഏതു രീതിയി

ലായാലും അവരുടെയും അവരുടെ പിൻതലമുറക്കാരുടെയും കാര്യം സുരക്ഷിതം.

പിന്നെ കാൺട്രാക്ടർമാർ എന്ന രാഷ്ട്ര പുനർനിർമ്മാതാക്കൾ. അണകെട്ടിക്കഴിയുമ്പോൾ അണക്കെട്ടിൽ വെള്ളം നിറയുന്നതിനേക്കാൾ വേഗത്തിൽ അവരുടെ പണസഞ്ചികളിൽ പണം വന്നുനിറഞ്ഞുകവിയും.

ര: കാൺട്രാക്ടർമാരല്ലേ ആദ്യം പണം ചെലവാക്കുന്നത്? ആദ്യത്തെ മുതൽമുടക്ക് അവരുടേതല്ലേ?

സ: പൊതുജനങ്ങളേയും, തൊഴിലാളികളേയും ചൂഷണം ചെയ്ത് നേരത്തേ സമ്പാദിച്ച സമ്പാദ്യമുണ്ട്. ദേശസാൽകൃതവും അല്ലാത്തവയുമായ ബാങ്കുകളിൽനിന്നും, മററു സാമ്പത്തിക സഹായ സ്ഥാപനങ്ങളിൽനിന്നും, സക്കാരിൽ നിന്നു നേരിട്ടും കിട്ടുന്ന പണവുമുണ്ട്. കൂടാതെ തങ്ങളുടെ കൈവശമുള്ള കള്ളപ്പണവും, കറുത്ത പണവും നല്ല പണമാക്കി മാററിയെടുക്കുന്നതിനും ഈ സംവിധാനം അവരെ സഹായിക്കുന്നു.

ര: ഇങ്ങനെയാണെങ്കിൽ ഇക്കൂട്ടരെ എന്തുകൊണ്ടു ഒഴിവാക്കുന്നില്ലാ?

സ: ഒന്നാമതു ഇന്നത്തെ ഭരണ വർഗ്ഗത്തിൻെറ താങ്ങും തണലും ഇക്കൂട്ടരുൾപ്പെടുന്ന സമ്പന്നവർഗ്ഗമാണു.
രണ്ടാമതു അഴിമതിയും മററുക്രമക്കേടുകളും അല്ലലില്ലാതെതന്നെ നടത്തുന്നതിനു സഹായമായും മറയായും നില്ക്കുന്ന മണൽച്ചാക്കുകളാണു് ഇക്കൂട്ടർ. ഇവരെ അകററി നിറുത്താൻ മററു ബുദ്ധിമുട്ടുകളെന്തെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല.

ര: നിർമ്മാണപ്രവർത്തനങ്ങളിൽ കാൺട്രാക്ടർമാർ നേടിയിട്ടുള്ള പരിചയവും കാര്യശേഷിയും പ്രയോജനപ്പെടുത്തേണ്ടതല്ലേ?

സ: ഒരു കൺട്രാക്ടറും അയാളുടെ ഒന്നോ രണ്ടോ സിൽബന്ധികളും കൂടി ചെയ്യിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഇവിടത്തെ സീനിയറും ജൂനിയറുമായ എൻജിനീയർമാരും ഓവർസീയർമാരും എല്ലാം ചേർന്നാലും ചെയ്യിക്കാൻ പററാത്തതാണോ? അത്രയ്ക്കുള്ള എന്തു ദിവ്യത്വ

മാണ്  ഈ ഇടനിലക്കാരായ കാൺട്രാക്ടർമാക്കുള്ളതു്? ഇനി അഥവാ അവരുടെ പരിചയസമ്പത്തും കാര്യശേഷിയും അത്രയ്ക്ക് ഉന്നതനിലവാരത്തിലുള്ളതാണെങ്കിൽ സക്കാരുദ്യോഗസ്ഥന്മാരെന്നനിലയിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിൽ തെററില്ല. രാഷ്ട്ര ശരാശരിയുമായി ബന്ധപ്പെടുത്തി അവർക്ക് മാനമായി ജീവിക്കുന്നതിനുള്ള വേതനവും നല്കാവുന്നതാണ്. അല്ലാതെ സാമർത്ഥ്യമുള്ളവർക്കെല്ലാം ചൂഷണത്തിനും കൊള്ളലാഭത്തിനുമുള്ള ലൈസൻസ് നല്കിക്കൊണ്ടു് ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ പററുമെന്നു തോന്നുന്നില്ല. ലാഭക്കൊതിയന്മാർ മാത്രമായ കാൺട്രാക്ടർമാരിലൂടെയാണ് നമ്മുടെ രാജ്യത്തു് സോഷ്യലിസം വരാൻ പോകുന്നതു് !

പിന്നെയുള്ളതു് തൊഴിലാളികരം. അവക്കു് കഷ്ടിച്ചു് ജീവിക്കാൻവേണ്ട കൂലി കുറേക്കാലത്തേയ്ക്കു് കിട്ടും. അതുതന്നെയും രാഷ്ട്രീയ ഇടനിലക്കാരുടെ താളത്തിനൊത്തു തുള്ളിയെങ്കിലേ കുഴപ്പംകൂടാതെയും തുടർച്ചയായും ലഭിക്കുകയുള്ളു.

അണകെട്ടുന്നതു് തൊഴിലാളികരം. പണംമുടക്കുന്നതു് പൊതുജനം. മേൽനോട്ടംവഹിക്കുന്ന കാൺട്രാക്ടർക്കു് കൊള്ളലാഭം. അതു കണ്ടോ കേട്ടോ നില്ക്കുന്ന ഉദ്യോഗസ്ഥന്മാക്കും, മററധികാരികരംക്കും ലാഭത്തിൽ പങ്കു്.

ഇതെല്ലാം കഴിഞ്ഞു് അണക്കെട്ടുകൊണ്ടുണ്ടാകുന്ന ജലസേചന സൗകര്യങ്ങളും വിദ്യുച്ഛക്തിയും ചൂഷകരായ ജന്മിമാരുടെയും മുതലാളിമാരുടെയും ഗുണത്തിനായി തന്നെയെത്തുന്നു.

ര: അതെങ്ങനെ?

സ: ജലസേചന ഫലമായി കൂടുതൽ വിളവുണ്ടായാൽ അതു മുഴുവനും ജന്മിയുടെ പത്തായത്തിൽ പോയി പതുങ്ങിയിരുന്നിട്ടു് തക്കസമയത്തു് കരിഞ്ചന്തയിലൂടെ പ്രത്യക്ഷപ്പെട്ടു് ജനത്തെ നോക്കി പരിഹസിക്കും.

വിദ്യുച്ഛക്തി സുലഭമാകുമ്പോരം വ്യവസായശാലകരം കൂടുതൽ യന്ത്രവൽകൃതവും, സ്വയം പ്രവർത്തനക്ഷമ

വുമാകും. തൊഴിലാളികളുടെ എണ്ണം കുറയ്ക്കാനും, മനുഷ്യാധ്വാനത്തിന്റെ വില ഇടിച്ചുകാണിക്കാനും, ലാഭം അനേകംമടങ്ങ് വർദ്ധിപ്പിക്കാനും മുതലാളിക്ക് കഴിയും. മുതൽ മുടക്കിനും, വ്യവസായവൽക്കരണത്തിനും, ഉല്പാദന വർദ്ധനവിനും മററും ഉത്തേജനംനല്കുവാനെന്ന സുന്ദരങ്ങളായ തത്വങ്ങൾ മുന്നോട്ടുവച്ച് ഇവക്ക് വേണ്ടുവോളം നികുതിയിളവുകളും സൗജന്യങ്ങളും അനർഹമായിത്തന്നെ ലഭിക്കുകയുംചെയ്യും.

ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതികൊണ്ടുണ്ടാകുന്ന അധികനേട്ടങ്ങൾ തൊഴിലാളികളുടേയോ കഷ്ടതയനുഭവിക്കുന്ന ഇതരജനവിഭാഗങ്ങളുടേയോ ഗുണത്തിനുവേണ്ടി ഉപയോഗിക്കണമെന്ന ചിന്തയില്ല. പ്രയത്നിക്കുന്നവന്റെ വിശ്രമസമയം അല്പം കൂട്ടുന്ന കാര്യംപോലും ചിന്തിക്കപ്പെടുന്നില്ല. പകരം സുഖസൗകര്യങ്ങളുടെ കാര്യത്തിൽ ഇപ്പോൾതന്നെ മുന്നിട്ടുനില്ക്കുന്ന "ഉൽകൃഷ്ടവർഗ്ഗത്തിന്റെ" നില കൂടുതൽ മെച്ചപ്പെടുത്താനാണ് യത്നം. വിശ്രമസമയം ധാരാളമുള്ളവരുടെ വിശ്രമം വീണ്ടും വർദ്ധിപ്പിക്കുന്നു. ട്രയിനിൽ സഞ്ചരിക്കുന്ന അവർ വിമാനത്തിൽ സഞ്ചരിച്ചുതുടങ്ങും. രണ്ടുനിലയുള്ള വീട് അനേകം നിലയുള്ളതാക്കും. വൈദ്യുതപങ്ക മാററി മുറികളെല്ലാം എയർകണ്ടിഷൻ ചെയ്യും.

പുതിയ പുതിയ ഓരോ പദ്ധതിയും ചൂഷകവർഗ്ഗത്തിന് അവരുടെ ചൂഷണോപാധികൾ ശാസ്ത്രീയമായും പരിഷ്കൃതമായും പ്രയോഗിക്കുന്നതിനുള്ള രംഗങ്ങളായി പരിണമിക്കുകയാണ്. ഒരു രംഗം തീരുമ്പോൾ മറെറാരെണ്ണം സംവിധാനംചെയ്തെടുക്കുന്നു. ഇവയെല്ലാം രാജ്യത്തിന്റെ പൊതുനന്മയ്ക്കാണെന്നു പ്രഖ്യാപിക്കപ്പെടുമെങ്കിലും, പൊതുനന്മ എന്ന ഘടകത്തിന് ഒരുപോല്പന്നത്തിന്റെ പദവി മാത്രമേ ബന്ധപ്പെട്ടവർ കല്പിച്ചിട്ടുള്ളു. ഈ നന്മപോലും ജന്മംകൊണ്ടും, പദവികൊണ്ടും ഭാഗ്യവാന്മാരായ ഒരു ന്യൂനപക്ഷ വിഭാഗത്തിന്റെ കൈയിൽത്തന്നെ ഒതുക്കി നിറുത്താനുള്ള എല്ലാ സൂത്രപ്പണികളും വിദഗ്ദ്ധമായി ആസൂത്രണംചെയ്യപ്പെട്ടിട്ടുണ്ട്.

അവരുടെ കൈയിലൊതുങ്ങാതെവരുന്ന ചില കഷണങ്ങ**ൾ** ഭൂരിപക്ഷംവരുന്ന പാവപ്പെട്ടവൻെറ പിച്ചച്ചട്ടിയിലും യാദൃച്ഛികമായി വീണെന്നുവരും. അതിന് വേണ്ടതിലേറെ പരസ്യവും, പ്രദർശനവും നൽകപ്പെടും. പുരോഗമനത്തിൻെറയും, സോഷ്യലിസത്തിൻെറയും തുടക്കമായി അവ ചിത്രീകരിക്കപ്പെടുകയുംചെയ്യും.

കാൺട്രാക്ടർമാരും, ജന്മിമാരും, മുതലാളിമാരും, ഉദ്യോഗസ്ഥപ്രമുഖന്മാരും, രാഷ്ട്രീയ നേതാക്കന്മാരും ഉൾപ്പെടുന്ന ഉൽകൃഷ്ട ഭരണവർഗ്ഗത്തിനു എന്തുമാത്രം പ്രയോജനമുണ്ടാകുമെന്നു നോക്കിയാണു ഓരോ പദ്ധതിയും വേണമോ വേണ്ടയോ എന്ന് അവസാനമായി തീരുമാനിക്കപ്പെടുന്നതുതന്നെ. സോഷ്യലിസ്റ്റ് സമൂഹക്രമത്തിലേക്കും, ക്ഷേമ രാഷ്ട്രത്തിലേക്കും, രാമരാജ്യത്തിലേക്കും മററുമുള്ള പ്രയാണം ഇത്തരത്തിലാണു.

ര: മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത ഒരവസ്ഥ ഇവിടെയുണ്ടാകണം. സാമൂഹ്യനീതിയും. സ്വാതന്ത്ര്യവും മററും അങ്ങനെ മാത്രമേ യാഥാർത്ഥ്യമായിത്തീരുകയുള്ളു.

സ: ചൂഷണം അവസാനിപ്പിക്കണമെങ്കിൽ ചൂഷണത്തിനു സഹായകമായി നിലകൊള്ളുന്ന ഉപാധികളും, നിയമങ്ങളും, വിശ്വാസപ്രമാണങ്ങളും മാററപ്പെടണം. ദൃഢനിശ്ചയത്തോടെ ആ മാററങ്ങൾ നടപ്പിലാക്കുക മാത്രമേ ഒരു പോംവഴിയുള്ളൂ.

ര: മേൽപ്പറഞ്ഞ വിശ്വാസപ്രമാണങ്ങളും ചട്ടങ്ങളും മററും ഏതൊക്കെയാണു.

സ: മനുഷ്യരെ വിവിധ തട്ടുകളിലാക്കി തരം തിരിക്കുന്നു.

ര: മനുഷ്യരുടെ ജാതി, മതം, പ്രദേശം, പാരമ്പര്യമഹത്വം മുതലായവയാണോ ഉദ്ദേശിക്കുന്നതു്?

സ: ഒരു കാലത്തിവിടെ തേർവാഴ്ച നടത്തിയിരുന്നതു് ജാതിയുടെയും, മതത്തിൻെറയും മറപിടിച്ചുകൊണ്ടുള്ള ചൂഷണമായിരുന്നു. അതിനല്പം മാററം വന്നപ്പോൾ ചൂഷണത്തിനുള്ള മററുപാധികൾക്കും പ്രാമാണ്യംലഭിച്ചു. ബുദ്ധിമാൻ ബുദ്ധികുറഞ്ഞവനെ ചൂഷണം ചെയ്യുന്നു. ബലവാൻ ബലഹീനനെ ചൂഷണം ചെയ്യുന്നു.

പഠിച്ചവർ പഠിക്കാത്തവരെ,
സൗന്ദര്യമുള്ളവർ സൗന്ദര്യമില്ലാത്തവരെ,
ഇങ്ങനെ ചൂഷണം വിജയിപ്പിക്കുന്നതിനു പററിയ ഏതുപാധിയും സ്ഥല, കാല, സൗകര്യമനുസരിച്ച് പ്രയോഗിക്കപ്പെടുന്നു.

ര: മനുഷ്യൻ മനുഷ്യനെ അന്യായമായി ചൂഷണം ചെയ്യുന്ന രീതി അവസാനിപ്പിച്ച് യഥാൎത്ഥ സാമൂഹ്യനീതിയും സ്വാതന്ത്ര്യവും കൈവരുത്തുന്നതിനു് ഇന്നുവരെ ഇവിടെ ആരും പ്രവർത്തിച്ചിട്ടില്ലേ?

സ: പ്രവർത്തിച്ചിട്ടുണ്ട്, യഥാൎത്ഥത്തിലുള്ള സാമൂഹ്യനീതിയേയും, സ്വാതന്ത്ര്യത്തേയും, അവനേടുന്നതിനുള്ള ശരിയായ മാർഗ്ഗത്തെയും പററി ശരിക്കും ബോധവാനായിരുന്ന ഒരാളുണ്ടായിരുന്നു—കേരളത്തിൽ.

ര: ആരാണതു്?

സ: ശ്രീനാരായണൻ.

## 2. ജനങ്ങളുടെ സ്വാതന്ത്ര്യം

സ: ബ്രിട്ടീഷുകാരിൽനിന്നു് ഭരണസ്വാതന്ത്ര്യം നേടുന്നതോടൊപ്പം മറെറാരു പ്രധാന സ്വാതന്ത്ര്യംകൂടി ഇൻഡ്യയിലെ ഭൂരിപക്ഷം ജനതയ്ക്കു് നേടിയെടുക്കേണ്ടതുണ്ടായിരുന്നു. ഗാന്ധിജിക്കുപോലും ഈ വസ്തുത വെളിവാക്കിക്കൊടുത്തതു് ശിവഗിരിയിൽവച്ചു് ശ്രീനാരായണഗുരുവായിരുന്നു. കീരിയും, പാമ്പും, തവളയുമുൾപ്പെട്ട ഒരു കഥ നാം നേരത്തെ പറഞ്ഞുവല്ലോ. അതിലെ കീരിയുടെ ഭാഗം മാത്രമാണു് ബ്രിട്ടീഷുകാർ അഭിനയിക്കുന്നതെന്നും പാമ്പിന്റെ ഭാഗം അഭിനയിക്കുന്ന വർഗ്ഗം ഇൻഡ്യയിൽ തന്നെ തുടർന്നും ഉണ്ടായിരിക്കുമെന്നുമുള്ള വസ്തുത എത്രയും പ്രാധാന്യം കൊടുത്തുതന്നെ കണക്കിലെടുക്കേണ്ടതുണ്ടെന്നു് ശ്രീനാരായണനറിയാമായിരുന്നു. ഇക്കാര്യം ഗാന്ധിജിയെയും അദ്ദേഹം ഓർമ്മിപ്പിച്ചു.

സ്വാതന്ത്ര്യത്തെപ്പററിയുള്ള തന്റെ കാഴ്ചപ്പാടിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തപ്പെട്ട അന്നുമുതൽ ഭരണസ്വാതന്ത്ര്യം നേടുന്നതിനോടൊപ്പം പാവപ്പെട്ടവരുടെ മോചനത്തിനും ഗാന്ധിജി പ്രാമുഖ്യം നല്കിയതായിക്കാണാം.

ഗാന്ധിജി കാൺഗ്രസ്സിന്റെ നേതൃത്വം ഏറെറടുത്തു ഏതാണ്ടിരുപത്തഞ്ചു വർഷം കഴിഞ്ഞപ്പോഴേക്കും ബ്രിട്ടീഷുകാരിൽ നിന്നുള്ള മോചനം നേടാൻ കഴിഞ്ഞു. എന്നാൽ അതിനുശേഷം മറെറാരു ഇരുപത്തഞ്ചുകൊല്ലം കൂടി കടന്നുപോയിട്ടും ചൂഷിതവർഗ്ഗത്തിന്റെ മോചനം മരുമരീചികയായി അവശേഷിക്കുന്നതേയുള്ളു.

ര: ശ്രീനാരായണൻ ഈ മോചനത്തിനു് കൂടുതൽ പ്രാധാന്യം കല്പിക്കുകയും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുകയും ചെയ്തതു് എന്തുമാത്രം അർത്ഥവത്തായിരുന്നു!

സ: അന്നു് കേരളത്തിൽ എല്ലാവിധ ചൂഷണങ്ങളും, അനീതികളും നടത്തിയിരുന്നതു് ജാതിയുടെ മറപിടിച്ചായിരുന്നു. ചൂഷകവർഗ്ഗമായി ഇന്നു് ചിത്രീകരിക്കപ്പെട്ടുവരുന്ന പൗരോഹിത്യ, ജന്മി, മുതലാളി ബൂർഷ്വാവർഗ്ഗം മുഴുവൻ തന്നെ അന്നത്തെ സവർണ്ണജാതികൾ ഉൾക്കൊണ്ടിരുന്നു. ഭൂമി മുഴുവൻ അവരുടെ വക. അധികാരം മുഴുവൻ അവരുടെ കൈയിൽ. എല്ലാ അവകാശങ്ങളും അവർക്കു്. ഈശ്വരൻ പോലും അവരുടെ മാത്രം വകയായിരുന്നു. നൂററാണ്ടുകളായി ഇന്നാട്ടിൽ നിലനിന്നിരുന്ന ചൂഷണവും അനീതിയും അവസാനിപ്പിക്കുകയായിരുന്നു ശ്രീനാരായണൻെറ ലക്ഷ്യം. ചൂഷണം നിലനിറുത്തുന്നതിനു സഹായകമായ ഒരു പ്രധാന ഘടകമായി ജാതി നിലകൊണ്ടു. അതുകൊണ്ടു് അതിനെ നശിപ്പിക്കുക ഒരു പ്രാഥമിക ആവശ്യമായിരുന്നു. ജാതിയുടേയും മതത്തിൻെറയും പൊള്ളത്തരങ്ങൾ അദ്ദേഹം തുറന്നുകാട്ടി. ചൂഷണത്തിനുവേണ്ടി ഉപയോഗിച്ചിരുന്ന മറെറാരു കള്ളനാണയമായ ക്ഷേത്രങ്ങളുടെയും പൗരോഹിത്യത്തിൻെറയും പൊള്ളത്തരങ്ങളും അദ്ദേഹം തുറന്നുകാട്ടി. അജ്ഞതയിലും അന്ധകാരത്തിലും ആണ്ടുകിടന്നിരുന്ന പതിതരായ ജനകോടികൾ പോലും ഈ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടു. അത്രയ്ക്കു് ലളിതവും ബുദ്ധിപൂർവ്വകവുമായ മാർഗ്ഗങ്ങളാണു് ശ്രീനാരായണൻ സ്വീകരിച്ചതു്. ജാതിയുടെ പേരിലോ മറെറന്തിൻെറ പേരിലോ ആയാലും ശരി ചൂഷണം ചെയ്യപ്പെടുന്നതിൽനിന്നും വിമുക്തരാകാനുള്ള ദിവ്യമന്ത്രം അദ്ദേഹം അവശലക്ഷങ്ങൾക്കു ഉപദേശിച്ചുകൊടുത്തു. സംഘടിച്ചു ശക്തരാകാൻ, വിദ്യകൊണ്ടു സ്വതന്ത്രരാകാൻ അദ്ദേഹം അവശന്മാരും ആർത്തന്മാരും, എന്നാൽ സമൂഹത്തിലെ ഭൂരിപക്ഷവിഭാഗവുമായ ജനതയെ ആഹ്വാനം ചെയ്തു. ആ സദുപദേശം ചെവിക്കൊണ്ടു് കേരളത്തിലെ പിന്നോക്കവർഗ്ഗങ്ങൾ സംഘടിക്കുകയും തങ്ങളുടെ മോചനത്തിൻെറ പാതയിലൂടെ സഞ്ചരിക്കാൻ ആരംഭിക്കുകയും ചെയ്തു.

ര: ''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്'' എന്നരുളിചെയ്ത ഗുരു, ജാതിയുടെ അടിസ്ഥാനത്തിൽ സംഘടിക്കുന്നതിനുള്ള പ്രചോദനം നല്കിയതെന്തിനാണു്?

സ: ജാതിയുടെ അടിസ്ഥാനത്തിൽ സംഘടിക്കുവാൻ ശ്രീനാരായണൻ ഒരിക്കലും ഉപദേശിച്ചിരുന്നില്ല. അക്കാലത്തു് ചൂഷണവും അനീതിയും മററും നടത്തുന്നതിനു് ഒരു പ്രധാന ഉപാധിയായി പ്രയോജനപ്പെട്ടിരുന്നതു് ജാതിയായിരുന്നുവെന്നു പറഞ്ഞുവല്ലോ. എല്ലാ രംഗങ്ങളിൽ നിന്നും അദ്ധ്വാനിക്കുന്നവരും പാവപ്പെട്ടവരുമായ ഭൂരിപക്ഷം ജനങ്ങളെ അകററി നിറുത്തിയിരുന്നതു് ജാതിയുടെ പേരു പറഞ്ഞായിരുന്നു. മാത്രവുമല്ല ഭാവിയിൽ ഒരിക്കലും ഈ നിലയ്ക്കു് മാററം സംഭവിക്കാതിരിക്കുന്നതിനുള്ള സംവിധാനവും ചട്ടങ്ങൾ മൂലം നടപ്പാക്കിയിരുന്നു.

എല്ലാ അധികാരങ്ങളും, അവകാശങ്ങളും സവർണ്ണവിഭാഗം എന്നറിയപ്പെട്ടിരുന്നവർ കൈയ്യടക്കിവച്ചിരുന്നു. ഈ സ്ഥിതിവിശേഷം എന്നുമെന്നും നിലനിറുത്തിക്കൊണ്ടുപോകണമെന്നും അവർ ആഗ്രഹിച്ചു. ജാതിയുടെ അടിസ്ഥാനത്തിൽ ഭൂരിപക്ഷം ജനങ്ങളേയും ക്ഷേത്രങ്ങളിലോ, വിദ്യാലയങ്ങളിലോ മററു സാംസ്കാരിക കേന്ദ്രങ്ങളിലോ പൊതുനിരത്തുകളിൽ പോലുമോ പ്രവേശിപ്പിക്കാതിരിക്കുന്നതിനുള്ള ചട്ടങ്ങൾ അവർ ഉണ്ടാക്കി. ഈ ചട്ടങ്ങൾ ദൈവനിശ്ചയങ്ങളാണെന്നും അവ ലംഘിക്കുകയോ മാററുകയോ ചെയ്യുന്നതിനു് മനുഷ്യനു് അവകാശമില്ലെന്നും അവർ പ്രഖ്യാപിച്ചു. പക്ഷെ, ശ്രീനാരായണൻ ഇവയുടെയെല്ലാം പൊള്ളത്തരങ്ങൾ വെളിച്ചത്തുകൊണ്ടുവന്നു. ഈ അനീതിയ്ക്കെതിരെ സംഘടിച്ചുനിന്നു പൊരുതാൻ അവശലക്ഷങ്ങളെ അദ്ദേഹം ആഹ്വാനം ചെയ്തു. അദ്ദേഹത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ട അദ്ദേഹത്തിൻെറ ശിഷ്യപ്രമുഖൻ, ''മാററുവിൻ ചട്ടങ്ങളെ, സ്വയം, അല്ലെങ്കിൽ മാററുമതുകളീനിങ്ങളെത്താൻ'' എന്നു താക്കീതുനല്കി. ചൂഷിതരും, മർദ്ദിതരും അവശരുമായ ജനവിഭാഗത്തെ, ജന്മി മുതലാളി പൗരോഹിത്യ വർഗ്ഗവും അധികാരിവർഗ്ഗവും ഉൾക്കൊള്ളുന്ന ചൂഷകർക്കെതിരെ അണിനിരത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളാണു് ശ്രീനാരായണൻ ചെയ്തതു്. ചൂഷിത വർഗ്ഗത്തിൽ ഇന്നാട്ടിലെ ഭൂരിപക്ഷമായ

അവർണ്ണരും ചൂഷകവർഗ്ഗത്തിൽ സവർണ്ണരും ഉൾപ്പെട്ടുവന്ന തു് ശ്രീനാരായണന്റെ കുററം കൊണ്ടാണോ? അതിനു സമാധാനം പറയേണ്ട ചുമതല ശ്രീനാരായണനില്ലല്ലോ.

ര: കേരളത്തിലെ അന്നത്തെ സാമൂഹ്യ, സാമ്പത്തിക പശ്ചാത്തലം എന്തായിരുന്നുവെന്നു് കുറെക്കൂടി വിശദമായി പറയാമോ?

സ: ''കേരളം ഇൻഡ്യയിലെ ഭ്രാന്താലയമാണു് '' എന്ന സ്വാമി വിവേകാനന്ദന്റെ അഭിപ്രായ പ്രകടനം തന്നെയാണു് ഒററ വാക്യത്തിലുള്ള അന്നത്തെ കേരളത്തെ സംബന്ധിച്ച വിശദീകരണം.

''തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ,

ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ''

ആയ ഭൂരിപക്ഷം ജനങ്ങൾ മൃഗങ്ങളെക്കാൾ ശോചനീയമായ നിലയിലായിരുന്നു. കേവലം മൃഗങ്ങൾക്കുണ്ടായിരുന്ന സ്വാതന്ത്ര്യവും അവകാശവുംപോലും ഇക്കൂട്ടർക്കു് നിഷേധിക്കപ്പെട്ടിരുന്നു.

പട്ടിക്കും, പൂച്ചയ്ക്കും നടക്കാവുന്ന നിരത്തുകളിൽ ഇവർക്കു് നടന്നുകൂടാ. ഒരു പട്ടിയെ തൊട്ടാൽ സവർണ്ണനായ മനുഷ്യൻ അശുദ്ധമാവുകയില്ല. പക്ഷെ താണ ജാതിയിൽപ്പെട്ട ഈ മനുഷ്യനെ തൊട്ടാൽ അശുദ്ധമാകും. എന്തിനേറെ, താണജാതിക്കാരായ ഈ മനുഷ്യരെ കാണുന്നതുപോലും ദോഷമാണെന്ന കുമാര മഹാകവിയുടെ പ്രസ്താവത്തിൽ യാതൊരു അതിശയോക്തിയും ഇല്ലെന്നു് മനസ്സിലാക്കിക്കൊണ്ടാൽ മതി.

ര: പക്ഷെ, സവർണ്ണർ എന്നു പറയുന്നവർ അന്നും ന്യൂനപക്ഷക്കാരായിരുന്നില്ലേ?

സ: അവർ എണ്ണത്തിൽ കുറവായിരുന്നെങ്കിലും സമ്പത്തും, അധികാരവും മുഴുവൻ അവരുടെ കുത്തകയായിരുന്നുവെന്നതോർക്കണം. എന്നാൽ അവകാശങ്ങൾ മുഴുവൻ സവർണ്ണർക്കായിരുന്നപ്പോൾ കടമകൾ മുഴുവൻ അവർണ്ണർക്കുമായിരുന്നു.

മററുള്ളവരുടെ സമ്പൽസമൃദ്ധിക്കും സുഖൈശ്വര്യങ്ങൾക്കുംവേണ്ടി അദ്ധ്വാനിക്കുകയും കഷ്ടപ്പെടുകയും

ചെയ്യുന്നതിനുള്ള കടപ്പാടു് നിയമപരമായിത്തന്നെ ഇവിടത്തെ അവർണ്ണരിൽ അടിച്ചേൾപ്പിക്കപ്പെട്ടിരുന്നു.

പുരോഹിത, ജന്മി, മുതലാളി അധികാരി വർഗ്ഗത്തെ പൂർണ്ണമായി ഉൾക്കൊണ്ട സവർണ്ണർ ഒരു വശത്തു് സംഘടിതരായ ചൂഷകവർഗ്ഗമായി വർത്തിച്ചപ്പോൾ, മറുവശത്തു് അദ്ധ്വാനിക്കുന്നവരും അവശതയനുഭവിക്കുന്നവരുമായ അവർണ്ണർ അസംഘടിതരും നിരക്ഷരകുക്ഷികളും ഏതനീതിക്കും, ചൂഷണത്തിനും തലകുനിച്ചു വഴങ്ങിക്കൊടുക്കുന്നവരുമായും വർത്തിച്ചു. അന്ധകാരത്തിൽ കിടന്നുഴറിയ ഈ അവശ ലക്ഷങ്ങൾക്കു് പ്രകാശം എത്തിച്ചുകൊടുക്കാനായിരുന്നു ശ്രീനാരായണൻ യത്നിച്ചതു്. സ്വയം സംഘടിച്ചു് ശക്തരാകാനും ചൂഷകവർഗ്ഗത്തിൽനിന്നു് തങ്ങൾക്കവകാശപ്പെട്ട ഭൂമി, സമ്പത്തു്, അധികാരം തുടങ്ങിയവ പിടിച്ചെടുക്കാനും, അവരുടെ ചൂഷണത്തിൽനിന്നു് സ്വതന്ത്രരാകാനുമുള്ള മാർഗ്ഗനിർദ്ദേശം ശ്രീനാരായണൻ നല്കി. ആ മാർഗ്ഗത്തിൽ വെളിച്ചംകാട്ടിക്കൊടുക്കുകയാണു് അദ്ദേഹം ചെയ്തതു്. കേരളത്തിൻെറ മുൻ ചരിത്രം അറിയാവുന്ന ഏതൊരാൾക്കും ഈ വസ്തുതകളെപ്പററി കൂടുതൽ വിശദീകരണത്തിൻെറ ആവശ്യമില്ല.

ശ്രീനാരായണൻെറ ഈ സമരാഹ്വാനം കേരളത്തിലെ അദ്ധ്വാനിക്കുന്ന വിഭാഗത്തിനു് എത്രയും പുതുമനിറഞ്ഞ ഒരു കാര്യമായിരുന്നു. അതു കേട്ടു് അവർ കോരിത്തരിച്ചു. അന്ധകാരത്തിൽനിന്നു് പ്രകാശത്തിലേക്കു് കടന്നുവരാൻ അവർ ധൈര്യം കാണിച്ചുതുടങ്ങി. അവർക്കു് കടമ മാത്രമല്ല അവകാശങ്ങളും ഉണ്ടെന്നു് അവർ മനസ്സിലാക്കിത്തുടങ്ങി. അവർ സംഘടിച്ചു. ഈ പ്രക്രിയയിൽ ഉൾപ്പെട്ടുവന്നവരെല്ലാംതന്നെ ഇവിടത്തെ പിന്നോക്ക ജാതികളിൽപെട്ടവരായിരുന്നു. അതുകൊണ്ടു് ശ്രീനാരായണൻെറ പ്രവർത്തനങ്ങൾക്കു് വർഗ്ഗീയച്ഛായ നൽകുകയും ശ്രീനാരായണനെ ഏതെങ്കിലും ഒരു പ്രത്യേക ജാതിക്കാരുടെ നേതാവാക്കുകയും ചെയ്യാൻ ആരെങ്കിലും ശ്രമിക്കുന്നെങ്കിൽ അവരുടെ വിവരക്കേടിൽ സഹതപിക്കുകമാത്രമേ നിവൃത്തിയുള്ളൂ.

ര: ചൂഷണംചെയ്യപ്പെട്ടവർ മുഴവൻ പിന്നോക്ക വർഗ്ഗത്തിത്തിലുള്ളവരായിപ്പോയതിനു് ശ്രീനാരായണൻ ഒരിക്കലും ഉത്തരവാദിയല്ലല്ലോ.

പക്ഷെ, ഇപ്പോഴത്തെ നമ്മുടെ ചില ഇടതുപക്ഷ വിപ്ലവകക്ഷികരം ചെയ്യുന്നതുപോലെ ഭൂമിയും, സമ്പത്തും, അധികാരാവകാശങ്ങളും പിടിച്ചെടുക്കാൻ ശ്രീനാരായണൻ ആഹ്വാനംചെയ്തുവെന്നു് പറഞ്ഞാൽ അതു് വസ്തുതകരംക്കു് നിരക്കുന്നതാണോ?

സ: തങ്ങളുടെ അവകാശാധികാരങ്ങരം മററുള്ളവർ അനർഹമായും അന്യായ മാർഗ്ഗങ്ങളുപയോഗിച്ചും കൈയ്യടക്കിവച്ചനുഭവിക്കയാണെന്നും തങ്ങളുടെ അജ്ഞതയും അസംഘടിതാവസ്ഥയും മുതലെടുത്താണു് തങ്ങളിപ്രകാരം ചൂഷണംചെയ്യപ്പെടുകയും, വഞ്ചിക്കപ്പെടുകയും ചെയ്യുന്നതെന്നും മനസ്സിലാക്കി. ഈ അവസ്ഥാവിശേഷത്തിനൊരറുതി വരുത്താനുള്ള കരുത്തു് തങ്ങളുടെ സംഘടിത ശക്തിക്കുണ്ടെന്നു്—ആ സംഘടിത ശക്തിക്കു മാത്രമേ അതിനുള്ള കരുത്തുള്ളുവെന്നു്—ബോധമുണ്ടായി. സ്വാഭാവികമായും അടുത്തപടി എന്തായിരിക്കും?

ര: തങ്ങരംക്കവകാശപ്പെട്ടതു മുഴവൻ പിടിച്ചെടുക്കുന്നതിനുള്ള സംഘടിതയത്നം തന്നെയാണു് അടുത്ത പടി.

സ: ആ ഒരു സാഹചര്യം സൃഷ്ടിക്കുകയാണു് ശ്രീനാരായണൻ ചെയ്തതു്. അതിനുവേണ്ടി, ''സംഘടിച്ചു ശക്തരാകുവാനും, വിദ്യകൊണ്ടു് സ്വാതന്ത്ര്യരാകുവാനും'' അദ്ദേഹം ആഹ്വാനംചെയ്തു.

ര: ഭൂമി വളച്ചുകെട്ടൽ, ഘെരാവൊ തുടങ്ങിയ പരിപാടികരം പ്രാവർത്തികമാക്കാൻ ശ്രീനാരായണൻ ആളുകളെ സജ്ജരാക്കുകയും ആഹ്വാനംചെയ്യുകയും ചെയ്തുവെന്നാണോ പറയുന്നതു്?

സ: ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗത്തെപ്പററിയാണല്ലോ? പ്രായോഗികമായിത്തന്നെ ശ്രീനാരായണൻ മാർഗ്ഗവും കാട്ടിക്കൊടുത്തു. അജ്ഞതയും, അന്ധവിശ്വാസവും മാത്രം കൈമുതലായുണ്ടായിരുന്ന ഒരു ജനവിഭാഗത്തെ അന്ധകാരത്തിൽനിന്നു് വെളിച്ചത്തിലേക്കു് നയിക്കേണ്ടതുണ്ടായിരുന്നു. പൗരോഹിത്യ മേധാവിത്വത്തെയും അതിനെ

ച്ചററിപ്പററിയുള്ള അപ്രമാദിത്വത്തെയും അദ്ദേഹം അടിച്ചു ടച്ചു തരിപ്പണമാക്കി. നൂററാണ്ടുകളായി നിലവിലിരുന്ന ലിഖിത നിയമങ്ങളെക്കാം അലംഘനീയമായിരുന്ന ചട്ടത്തെ അദ്ദേഹം സ്വന്തം വിശ്വാസദാർഢ്യത്തിൻെറ ശക്തിയെ മാത്രം അവലംബമാക്കിക്കൊണ്ടു് മാററിയെഴുതി. നാട്ടിലെ സർവ്വാധികാരിമാരെയും രാജശക്തിയേയും വെല്ലുവിളിച്ചുകൊണ്ടു് നിലവിലുണ്ടായിരുന്ന കീഴ്‌വഴക്കങ്ങളെ അദ്ദേഹം മാററി. പാവപ്പെട്ടവൻെറയും, അവശതയനുഭവിക്കുന്നവൻെറയും ഉദ്ധാരണത്തിനാവശ്യമെന്നു കണ്ടപ്പോഠം ഒരു ചട്ടം മാററുന്നതിനു് അദ്ദേഹത്തിനു് ഒന്നുംതന്നെ തടസ്സമായി കാണാൻ കഴിഞ്ഞില്ല. ചട്ടങ്ങളെ മാററുന്നതിനുവേണ്ടി അദ്ദേഹം ആരെയും ഘെരാവൊചെയ്യാൻ ആഹ്വാനംചെയ്തില്ല. ആരെയും അധിക്ഷേപിച്ചു് ഒരു വാക്കുപോലും അദ്ദേഹം പറഞ്ഞില്ല. ക്ഷേത്രങ്ങളെ വലിച്ചുപൊളിക്കാനോ, തീകൊളുത്താനോ അദ്ദേഹം ആഹ്വാനംചെയ്തില്ല. അനുയായികളുടെ അജ്ഞത മുതലെടുത്തുകൊണ്ടു് സ്വന്തം പ്രശസ്തിക്കും കാര്യലാഭത്തിനുംവേണ്ടി അവരെ രക്തസാക്ഷികളാക്കാനും അദ്ദേഹം മുതിരുകയുണ്ടായില്ല. മാററത്തിനുവേണ്ടി ഘോരഘോരം വാദിക്കുകയും മാററത്തിനുവേണ്ടിയുള്ള യഥാർത്ഥ പ്രവർത്തനങ്ങളിൽനിന്നു് തന്ത്രപൂർവ്വം വിട്ടുനില്ക്കുകയുംചെയ്യുന്ന സ്ഥിതിവിശേഷവും അവിടെയുണ്ടായില്ല. നേതൃത്വ സ്ഥാനത്തിരുന്നുകൊണ്ടു് അനുയായികളെ ചുടുചോറു വാരുന്നതിനു് പ്രേരിപ്പിക്കുന്ന നടപടിയും ഉണ്ടായില്ല. നല്ല ലക്ഷ്യങ്ങഠം ചൂണ്ടിക്കാണിച്ചുകൊണ്ടു് അവ നേടിയെടുക്കാനെന്ന വ്യാജേന നേതൃത്വത്തിൻെറ സ്വാർത്ഥതാല്പര്യങ്ങഠം നേടിയെടുക്കുക എന്ന പരമമായ ലക്ഷ്യത്തിലെത്തിച്ചേരുന്ന ഇന്നത്തെ പ്രവർത്തന രീതിയും അന്നുണ്ടായില്ല.

ര: അരുവിപ്പുറത്തു് ശ്രീനാരായണൻ സ്വയം ക്ഷേത്രപ്രതിഷ്ഠ നടത്തിയതിനെപ്പററിയാണു് സൂചിപ്പിക്കുന്നതു് അല്ലേ?

സ: അതെ. അധികാരം കൈവിട്ടുപോയ കുറെ രാജാക്കന്മാരുടെ പ്രത്യേക അവകാശങ്ങളും മററും ഇരുപത്തിയഞ്ചു കൊല്ലം കഴിഞ്ഞു് എടുത്തുകളഞ്ഞ നടപടികഠം മഹാ

പരിവത്തനമായും വിപ്ലവമായും കൊട്ടി ഘോഷിക്കപ്പെടുന്നു. കൊല്ലും കൊലയും അധികാരമായുണ്ടായിരുന്ന ഒരു വിഭാഗത്തിൻെറ പരമ്പരാഗതമായുള്ള അവകാശത്തെ, രാജകല്പന കല്ലെപ്പിളക്കുന്ന കാലത്തു്, യാതൊരു അധികാരവും കൈവശമില്ലാത്ത ഒരു വ്യക്തി എടുത്തു കളയുക എന്നതു് നിസ്സാരമായ കാര്യമാണോ ?

ര: നിലവിലുണ്ടായിരുന്ന ചട്ടങ്ങളെ ധീരമായിമാററിയെന്നു സമ്മതിക്കാം. പക്ഷെ ഒരു ക്ഷേത്രം പ്രതിഷ്ഠിച്ചതുകൊണ്ടു് അവശരായ ജനങ്ങൾക്കു് എന്തുനേട്ടമാണുണ്ടായതു്? അതുകൊണ്ടു് അവരുടെ കഷ്ടതകൾക്കു് എന്തു് മാററമുണ്ടായി?

സ: ഒരു വലിയ ലക്ഷ്യത്തിലെത്തുന്നതിനുള്ള അനേകം പടികളിൽ ആദ്യത്തെ പടി ചവിട്ടിക്കയറുന്നതിനുള്ള ധൈര്യവും, കഴിവും അവശതയനുഭവിക്കുന്നവനു് ഉണ്ടാക്കിക്കൊടുക്കുകമാത്രമായിരുന്നു അതിൻെറ പിന്നിലുള്ള ഉദ്ദേശ്യം. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും അജ്ഞതയും പുരോഗതി കൈവരിക്കാനുള്ള യത്നത്തിനു് വിലങ്ങായിത്തീരും. യഥാർത്ഥ സ്വാതന്ത്ര്യം നേടുന്നതിനും അവ തടസ്സമാണു്. അതുകൊണ്ടു് ക്ഷേത്രങ്ങളോടും അവയോടനുബന്ധപ്പെട്ട ഒന്നിനോടും യാതൊരനാദരവും കാണിക്കാതെ തന്നെ, ക്ഷേത്രങ്ങളേയും അവയിലെ ദൈവങ്ങളേയും ചുററിപ്പററി നിന്നിരുന്ന വിശ്വാസ പ്രമാണങ്ങളുടേയും, ആചാരങ്ങളുടേയും പൊള്ളത്തരം സാധാരണക്കാരനു് സ്വയം വെളിപ്പെട്ടു കിട്ടുന്നതിനുള്ള സാഹചര്യം അദ്ദേഹം സൃഷ്ടിച്ചു.

ചൂഷണത്തിനുവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള പിന്തിരിപ്പൻ ചട്ടങ്ങളും നിയമങ്ങളും മാററപ്പെടണം. അതിനാവശ്യമായ അനുകൂല സാഹചര്യം സൃഷ്ടിക്കേണ്ടതു് നേതൃത്വത്തിൻെറ കടമയാണു്. നിയമം മാററുന്നതിനുവേണ്ടി വാഹനങ്ങളിൽ കല്ലെറിയുന്നതിനും, പുരയ്ക്കു് തീവയ്ക്കുന്നതിനും, കടകൾ കൊള്ളയടിക്കുന്നതിനും, ആളുകളെ കൊലചെയ്യുന്നതിനും അനുയായികളെ പ്രത്യക്ഷമായോ, പരോക്ഷമായോ പ്രേരിപ്പിക്കുകയും ഒടുവിൽ നിയമം മാററാനുള്ള അവസരവും അധികാരവും ലഭിക്കു

മ്പോരം നിക്ഷിപ്ത താല്പര്യക്കാരുമായി വിട്ടുവീഴ്ചചെയ്തു മാററങ്ങരം വരുത്തുന്നതിൽ നിന്നു് തന്ത്രപൂർവ്വം ഒഴിഞ്ഞു നില്ക്കുകയും ചെയ്യുന്ന നേതൃത്വങ്ങരം പഠിച്ചിരിക്കേണ്ട ബാലപാഠങ്ങരം മാത്രമാണു് അന്നു് ഗുരു കാട്ടിക്കൊടുത്തതു്.

യക്ഷിയും, പേയും ദൈവങ്ങളായി കണ്ടിരുന്ന ഒരു വലിയ വിഭാഗത്തെ, അജ്ഞതയും അന്ധവിശ്വാസവും അടിമത്തവും കൈമുതലായുണ്ടായിരുന്ന ഒരു ജനതയെ ആത്മവിശ്വാസമുള്ളവരും, പുരോഗമന ചിന്താഗതികരം ഉരംക്കൊള്ളാൻ കെല്പുള്ളവരും, സ്വതന്ത്ര ചിന്തകരും, സ്വാതന്ത്ര്യേച്ഛുക്കളുമാക്കി മാററുന്നതിന്റെ ആദ്യപടി നിർമ്മിക്കുകയാണു് അരുവിപ്പുറം ക്ഷേത്രപ്രതിഷ്ഠയിലൂടെ ഗുരുദേവൻ ചെയ്തതു്. ക്ഷേത്രങ്ങളുണ്ടാക്കാനുള്ള അവകാശം കിട്ടിയതുകൊണ്ടുമാത്രം അവശന്മാരും ആർത്തന്മാരുമായ ജനവിഭാഗങ്ങളുടെ കഷ്ടപ്പാടിനെന്തെങ്കിലും പരിഹാരമുണ്ടാകുമെന്നു് ശ്രീനാരായണൻ കരുതിയിരുന്നില്ല.

ര: ശരിയാണു്. ക്ഷേത്രങ്ങളിലെ പ്രതിഷ്ഠകരം വിഗ്രഹത്തിൽനിന്നു് കണ്ണാടിവരെ പുരോഗമിപ്പിക്കുന്നതിനും, "ഇനി ക്ഷേത്രങ്ങളല്ലാ നമുക്കാവശ്യം പള്ളിക്കൂടങ്ങളാണു്" എന്നു പ്രഖ്യാപിക്കാനും അദ്ദേഹം ഒരുമ്പെട്ടതിൽ നിന്നും ഇക്കാര്യം വ്യക്തമാണു്.

സ: അജ്ഞതയിലും അന്ധകാരത്തിലും അടിമത്തത്തിലും മുഴുകികിടക്കുന്നവരുടെ അവശതകരം മുതലെടുത്തു്സ്വയം നേട്ടങ്ങളുണ്ടാക്കാൻ ശ്രമിക്കുന്ന നേതൃത്വങ്ങളുടെനേരെ വിരൽ ചൂണ്ടുന്നതാണു് ശ്രീനാരായണന്റെ നേതൃത്വം.

ര: അവശതയനുഭവിക്കുന്നവരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുകയും അവർക്കു് നേതൃത്വം നല്കുകയും ചെയ്യുന്നവർ ഇന്നുമുണ്ടല്ലോ?

സ: ഉണ്ടു്. എല്ലാപേർക്കും വോട്ടവകാശമുള്ളപ്പോരം നാട്ടിലെ ജനസംഖ്യയുടെ എഴുപത്തഞ്ചുശതമാനത്തിലധികം വരുന്ന പാവപ്പെട്ടവന്റെ കാര്യം പറയുകയും, അവരുടെ ശോചനീയാവസ്ഥയിൽ സഹതാപം പ്രകടിപ്പിക്കുകയും ചെയ്യേണ്ടതു് രാഷ്ട്രീയമായി സ്വാർത്ഥതാല്പര്യങ്ങരം നിറവേററുന്നതിനാവശ്യമാണു്.

പ്രഥമദൃഷ്ട്യാതന്നെ അദ്ധ്യാനിക്കുന്ന വിഭാഗത്തിന്റെ നേതാക്കന്മാരായി കാണപ്പെടുന്നവർ മുതൽ രാജാക്കന്മാർവരെയുള്ള എല്ലാ നേതാക്കന്മാരും പാവപ്പെട്ടവനു വേണ്ടി നിലകൊള്ളുന്നതായാണു് പ്രഖ്യാപനം. അഭിപ്രായവ്യത്യാസം പ്രധാനമായി ഒരു കാര്യത്തിലാണു്. ജനങ്ങളിൽ ഭൂരിപക്ഷവും ദുരിതത്തിലും, പട്ടിണിയിലുമാണെന്നവസ്തുത വിളിച്ചുപറയുകയു, അതിന്മേൽ വില പിക്കുകയും ചെയ്യുന്നതിനുള്ള അവകാശം ആർക്കാണെന്നതിൽ മാത്രമേ അഭിപ്രായ വ്യത്യാസമുള്ളു.

പാവപ്പെട്ടവനു് നന്മയുണ്ടാക്കുന്ന കാര്യങ്ങൾ നടപ്പിൽ വരണമെന്നതല്ല പ്രധാനം അവയെപ്പററി പറയുന്നതിനുള്ള അധികാരവും അവകാശവും നമുക്കുതന്നെയായിരിക്കണമെന്നതിനാണു് പ്രാധാന്യം. നടത്തിപ്പുകാരൻ "നാം" ആയാൽ നടക്കുന്നതുമുഴുവൻ നന്മമാത്രമാണെന്നു് എല്ലാ പാവപ്പെട്ടവനും തലകുലുക്കി സമ്മതിച്ചു കൊടുക്കണം. അതിനു വിപരീതമായി ചിന്തിക്കുകയോ പറയുകയോ ചെയ്താൽ അതാരുടെ ഭാഗത്തുനിന്നായാലും പിൻതിരിപ്പനാണു്. പാവപ്പെട്ടവരെ വഴിതെററിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണു്. ആയിരത്തിതൊള്ളായിരത്തിനാല്പത്തേഴിനുശേഷം അധികാരത്തിൽ വന്നിട്ടുള്ള എല്ലാ പേരുടെയും സമീപനം ഇതാണു്. എല്ലാപേരും പാവപ്പെട്ടവരെ ഉയർത്താനാണല്ലോ അധികാരത്തിൽ വരുന്നതു്. അധികാരത്തിന്റെ "മുൾക്കിരീടം" തലയിൽ ചുമന്നു് വളരെയധികം കഷ്ടപ്പെടുന്നതു തന്നെ പാവപ്പെട്ടവന്റെ ശോചനീയാവസ്ഥ കണ്ടു സഹിക്കാൻ വയ്യാഞ്ഞാണു്.

പണ്ടു് രാജാവു് ചിരിച്ചാൽ പ്രജകളും ചിരിച്ചുവെന്നാണർത്ഥം. രാജാവു് വിഭവസമൃദ്ധമായി അമൃതേത്തു് കഴിച്ചാൽ ജനങ്ങളുടെ വിശപ്പും തീരുമെന്നായിരുന്നു സങ്കല്പം. മറിച്ചാരെങ്കിലും ചിന്തിക്കുകയോ പറയുകയോചെയ്താൽ അയാൾ രാജദ്രോഹിയും, രാജ്യദ്രോഹിയുമാകും. രാജ്യത്തിനുവേണ്ടിയാണു് രാജാവു് എന്നു് തത്വം. എന്നാൽ പ്രായോഗികമായി രാജാവിനു വേണ്ടിയായിരുന്നു രാജ്യം.

ഇന്നിപ്പോൾ രാജാവിൻെറ സ്ഥാനത്ത് മററുചില പേരിൽ രാജാക്കന്മാർ ഇരിക്കുന്നുവെന്ന വ്യത്യാസമേയുള്ളൂ.

ര: ഈ സ്ഥിതിവിശേഷം മാററാൻ ശ്രീനാരായണൻെറ പ്രവത്തനരീതി ഏതെങ്കിലും തരത്തിൽ സഹായകമാകുമോ?

സ: ശ്രീനാരായണൻ പിന്നോക്ക വിഭാഗത്തിൽപ്പെട്ട അവശതയനുഭവിക്കുന്ന മനുഷ്യരുടെ അവകാശങ്ങളെപ്പററിയും അവ നേടിയെടുക്കുന്നതിനുള്ള അവരുടെ സംഘടിത ശക്തിയുടെ കരുത്തിനെപ്പററിയും അവരെ ശരിക്കും ബോധവാന്മാരാക്കി. പ്രായോഗികതലത്തിൽ സംഘടിത ശക്തിയുടെ മേന്മ തെളിയിക്കപ്പെടുകയും ചെയ്തു. രാഷ്ട്രീയമായും, സാമൂഹ്യമായും അന്നു നിലവിലിരുന്ന അനാചാരങ്ങളേയും അസമത്വങ്ങളേയും ഫലപ്രദമായി ചെറുക്കുന്നതിനുള്ള രാഷ്ട്രീയ സംഘടനയ്ക്കുതന്നെ അദ്ദേഹം രൂപം കൊടുത്തു. ആ സംഘടനയുടെ കാര്യദർശിയായിരുന്ന കുമാരനാശാൻെറ അന്നത്തെ പ്രസ്താവനകൾ വായിച്ചാൽ തന്നെ ഇക്കാര്യം ശരിക്കും വ്യക്തമാകും. സംഘടനാ ശക്തികൊണ്ടു് നേട്ടങ്ങളുണ്ടായപ്പോൾ പ്രസ്തുത നേട്ടങ്ങൾക്കു് സംഘടനാംഗങ്ങൾ തന്നെയാണു് ഉത്തരവാദികളെന്ന വസ്തുതയും അവരെ ബോദ്ധ്യപ്പെടുത്തി. സ്വന്തം ശക്തിയിൽ വിശ്വസിക്കാനും, ആത്മവിശ്വാസത്തോടെ തുടന്നു നേട്ടങ്ങളുണ്ടാക്കാനും അദ്ദേഹം സംഘടനയെ പഠിപ്പിക്കുകയായിരുന്നു. നേട്ടങ്ങൾ ആരുടെ മേൽനോട്ടത്തിൽ ഉണ്ടാകുന്നുവെന്നതായിരുന്നില്ലാ പ്രശ്നം. നേട്ടങ്ങൾ തീർച്ചയായും ഉണ്ടാകണം എന്നതായിരുന്നു പ്രധാനം. സംഘടനയിലൂടെ ഉണ്ടാകുന്ന നേട്ടങ്ങൾ സംഘടനയിലെ അംഗങ്ങൾക്കും സംഘടന പ്രതിനിധീകരിക്കുന്ന ജനസമൂഹത്തിനുമുള്ളതാണെന്ന വസ്തുത അദ്ദേഹം ഉറപ്പിച്ചു. നേതാവിനു നേട്ടങ്ങളുണ്ടാക്കുന്നതു് സംഘടനയുടെ കത്തവ്യമല്ലെന്നതും അദ്ദേഹം സ്വന്തം ജീവിതം കൊണ്ടുതന്നെ വ്യക്തമാക്കിയിരുന്നു.

സ്വാത്ഥചിന്തയോ, വിദ്വേഷമനോഭാവമോ ഇല്ലാത്തതും എന്നാൽ ലക്ഷ്യത്തെയും മാഗ്ഗത്തെയും സംബന്ധിച്ചു് സംശയരഹിതമായ ദൃഢവിശ്വാസമുള്ളതും അതിനെ സംബന്ധിച്ചു് വിട്ടുവീഴ്ചയില്ലാത്തതുമായ നേതൃത്വമാണു് പരിവത്തനങ്ങൾ വരുത്താനാവശ്യമായിട്ടുള്ളതെന്നു് ശ്രീനാരായണൻ ലോകത്തിനു് കാട്ടിക്കൊടുത്തു.

## 3. ചരിത്രത്തിൻെറ ആവർത്തനം

ര: ശ്രീനാരായണൻെറ പ്രേരണയോടും അനുഗ്രഹാശിസ്സുകളോടും രൂപംകൊണ്ട സംഘടനകളും, പ്രസ്ഥാനങ്ങളും ഈ നാട്ടിലുണ്ട്. അവയ്ക്കു് ഇവിടത്തെ ഇന്നത്തെ സാമൂഹ്യ സാമ്പത്തിക, രാഷ്ട്രീയ രംഗങ്ങളിൽ നിലനില്ക്കുന്ന അനീതികൾക്കെതിരെ ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ.

സ: ഒരു കാലത്തു് കേരളം ഇൻഡ്യയിലെ ഭ്രാന്താലയമായിരുന്നു. ഈ ഭ്രാന്താലയത്തിൽനിന്നു് സ്വാമി വിവേകാനന്ദനുപോലും ഓടിപ്പോകാനേ കഴിഞ്ഞുള്ളു. ആ ഭ്രാന്താലയത്തെ സംസ്കാരത്തിലും വിജ്ഞാനത്തിലും ഇൻഡ്യയുടെ മുൻപന്തിയിലെത്തിക്കാൻ ശ്രീനാരായണൻെറ പ്രവർത്തനങ്ങൾക്കു് കഴിഞ്ഞു. എന്നാൽ അദ്ദേഹം തുടങ്ങിവച്ച പ്രവർത്തനങ്ങൾ തുടർന്നു നടത്താനോ, തുടർന്നുള്ള നേട്ടങ്ങളുണ്ടാക്കിക്കൊടുക്കുന്നതിനോ, അദ്ദേഹത്തിൽനിന്നു് പ്രചോദനം നേടുന്നുവെന്നവകാശപ്പെടുന്നവർക്കു് കഴിയുന്നില്ല. അവർക്കതിൽ താല്പര്യവുമില്ല.

ര: അതെന്താണങ്ങനെ സംഭവിച്ചതു്?

സ: ശ്രീയേശു അദ്ദേഹത്തിൻെറ കാലഘട്ടത്തിൽ നടമാടിയിരുന്ന അഴിമതികൾക്കും അനാചാരങ്ങൾക്കുമെതിരായി സന്ധിയില്ലാസമരം ചെയ്തു. ഒടുവിൽ അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽനിന്നുതന്നെ ഒററുകാരൻ ജൂഡാസുണ്ടായി. ജൂഡാസിൻെറ സഹായത്തോടെ ക്രിസ്തു കുരിശിലേററപ്പെട്ടു. ശ്രീയേശു ഏതെല്ലാം അഴിമതികൾ നിർമ്മാർജ്ജനം ചെയ്യുവാൻ ശ്രമിച്ചുവോ അവയെയെല്ലാം പുനരുജ്ജീവിപ്പിച്ചു് സ്വന്തം സുഖത്തിനും സന്തോഷത്തിനും വേണ്ടി ഉപയോഗിക്കുവാൻ അദ്ദേഹത്തെ കുരിശിലേററിയ വർഗ്ഗത്തിനു് ഇന്നു കഴിയുന്നു. അതിനെതിരെയുള്ള വിമർശനങ്ങളെയും ആക്രമണങ്ങളെയും പാവനമായ ആ കുരിശുപയോഗിച്ചുതന്നെ നേരിടുന്നു. കുരിശും

ക്രൂശിതനായ യേശുവിൻെറ രൂപവും ഇന്നു് അഴിമതിയും അനീതിയും വെളിപ്പെടാതിരിക്കാനുള്ള മറയായി പ്പോലും ഉപയോഗിക്കപ്പെടുന്നു.

അതുപോലെ ശ്രീനാരായണൻെറ അനുയായിക ളിൽനിന്നു് അനേകം ജൂഡാസുകളുണ്ടായി. അവരും അവരുടെ ഉപദേശകരുംകൂടി ശ്രീനാരായണൻെറ മാർഗ്ഗ ങ്ങളെയും ആദർശങ്ങളെയും കുരിശിൽ തറച്ചുകൊണ്ടു് സ്വന്തം സുഖത്തിനും, സന്തോഷത്തിനുംവേണ്ടി അഴി മതിനടത്താനുള്ള മറയായിട്ടാണു് ശ്രീനാരായണനെയും അദ്ദേഹവുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങളെയും ഉപ യോഗിക്കുന്നതു്.

ര: ആരൊക്കെയാണിപ്രകാരം പ്രവർത്തിക്കുന്നതു് ?

സ: ശ്രീനാരായണനെ ദൈവമായി ചിത്രീകരിക്കുന്നവരി ലും അദ്ദേഹത്തിൻെറ പ്രതിമകളുണ്ടാക്കി കോവിലുകറം ക്കുള്ളിലടസ്സുന്നവരിലും, അദ്ദേഹത്തിൻെറ നാമധേയ ത്തിൽ ഉത്സവങ്ങളും, ആഘോഷങ്ങളും സംഘടിപ്പി ക്കാൻ മുന്നിട്ടിറങ്ങുന്നവരിലും ഇക്കൂട്ടരെ കണ്ടെത്താൻ കഴിയും. സ്വന്തം ഉയർച്ചക്കും ഉന്നമനത്തിനുംവേണ്ടി ശ്രീനാരായണനെ ഉപയോഗിക്കാനുള്ള സൗകര്യം ലഭി ച്ചതിൻെറ നന്ദിപ്രകടനമാണവർ കാട്ടിക്കൂട്ടുന്നതു്.

അതോടൊപ്പം ചൂഷകരിൽനിന്നു് ചൂഷണംചെയ്യപ്പെ ടുന്നവരെ വിമോചിപ്പിക്കാൻ ശ്രീനാരായണൻ ആരംഭി ച്ചുവച്ച പ്രവൃത്തികറം സ്ഥലകാല ഭേദമനുസരിച്ചു് വിട ന്നു വികസിച്ചുവരുന്നതു് ഇക്കൂട്ടക്കു് ഇഷ്ടമുള്ള കാര്യവു മല്ല. അവരുടെ ഗൂഢമായ അഭിപ്രായത്തിൽ ശ്രീനാരാ യണൻ ജനിച്ചതും പ്രവർത്തിച്ചതും ഇവിടത്തെ പിന്നോ ക്ക വർഗ്ഗങ്ങളിലെ ഏതാനും ഭാഗ്യവാന്മാർക്കു് സവർണ്ണ രോടൊപ്പമുള്ള ജന്മിത്വവും, അധികാരാവകാശങ്ങളുടെ പൊടിമിച്ചങ്ങളും ലഭിക്കുന്നതിനും ഭൂരിപക്ഷത്തെ ചൂഷ ണം ചെയ്യുന്നതിനുള്ള സൗകര്യം അവക്കുംകൂടി ലഭ്യമാകു ന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാനുമായിരുന്നുവെ ന്നാണു്. പിന്നെ, വേണമെങ്കിൽ യക്ഷിയും, പേയും ദൈവമായിരുന്നവക്കു് സവർണ്ണ ദൈവങ്ങളെ സമ്പാ ദിച്ചുകൊടുക്കാൻ വേണ്ടിയാണു് ശ്രീനാരായണൻ അവ തരിച്ചതെന്നും ഇക്കൂട്ടർ സിദ്ധാന്തിക്കും.

വിവിധതരത്തിലുള്ള ജാതിയോ മതമോ ദൈവമോ മനുഷ്യനില്ലെന്നു് പ്രഖ്യാപിച്ച ശ്രീനാരായണൻ യഥാർത്ഥത്തിൽ രണ്ടു ജാതികളെയാണു് ലോകത്തുകണ്ടതു്. അദ്ധ്വാനിക്കുന്നവരും ചൂഷണം ചെയ്യപ്പെടുന്നവരുമായ ഒരു ജാതിയും അവരുടെ അദ്ധ്വാനഫലം അനർഹമായി അനുഭവിക്കുന്നവരും ചൂഷകരുമായ മററൊരു ജാതിയും. ചൂഷണം ചെയ്യൽ ഒരു അവകാശമായിത്തന്നെ തുടർന്നും നിലനിറുത്തുന്നതിനും അവകാശാധികാരങ്ങരം പരമ്പരാഗതമായിതന്നെ കൈവശംവച്ചനുഭവിക്കുന്നതിനും ജാതി ഒരുപാധിയായി പ്രയോജനപ്പെടുത്തിയിരുന്നു. നാട്ടിലെ ഭൂരിപക്ഷം ജനങ്ങളെയും ഉരംക്കൊള്ളുന്ന പിന്നോക്കവിഭാഗം ചൂഷിതരായും ന്യൂനപക്ഷം വരുന്ന മുന്നോക്കവർഗ്ഗക്കാർ—സവർണ്ണർ—ചൂഷകരായും വർത്തിച്ചു. ചൂഷണത്തിനു വിധേയരാക്കപ്പെട്ടവർ എണ്ണത്തിൽ വളരെയധികമുണ്ടെന്നുള്ള വസ്തുതയും ചൂഷകർ കണക്കിലെടുത്തിരുന്നു. ആനക്കാരനെക്കാരം അനേകം മടങ്ങു് ശക്തി ആനയ്ക്കുണ്ടു്. പക്ഷെ ഈ വസ്തുത ആന മനസ്സിലാക്കാതിരിക്കാൻ ആനക്കാരൻ എപ്പോഴും ശ്രദ്ധിക്കുന്നു. ആനയ്ക്കു് കാൽച്ചങ്ങലയും ഇടച്ചങ്ങലയും മററും ഇടുന്നതും അങ്ങോട്ടോ ഇങ്ങോട്ടോ തിരിയുമ്പോരം ഉളിയും, ചൂണ്ടയും മററുംകൊണ്ടു് അതിനെ നിലയ്ക്കു് നിറുത്തുന്നതുമെല്ലാം ഇതിൻെറ ഭാഗങ്ങളാണു്. അതുപോലെ ഭൂരിപക്ഷം വരുന്ന പിന്നോക്കവിഭാഗത്തിൻെറ സംഘടിത ശക്തിയെപ്പററി അവർക്കു് വിവരമുണ്ടാകാതിരിക്കുന്നതിനും, അതേപ്പററി ചിന്തിക്കാനോ കണക്കുകൂട്ടാനോ അവസരം ലഭിക്കാതിരിക്കുന്നതിനുമാവശ്യമായ എല്ലാ മുൻകരുതലുകളും തല്പരകക്ഷികരം ആസൂത്രണം ചെയ്തു നടപ്പിലാക്കിയിരുന്നു. പള്ളിക്കൂടത്തിൽ കയറാനോ, പൊതുനിരത്തിൽ സഞ്ചരിക്കാനോ അറിവുള്ളവരുമായി സംസർഗ്ഗം ചെയ്യാനോ പാടില്ല എന്ന വിലക്കുകരം ഈ പരിപാടികളിൽ ചിലതു മാത്രമായിരുന്നു. അഥവാ ഏതെങ്കിലും രീതിയിൽ ഏതെങ്കിലും ''ഏകലവ്യൻ'' അതിസാമത്ഥ്യം കാരണം സവർണ്ണരെ വെല്ലുന്നവനാകാൻ തുടങ്ങുകയാണെങ്കിൽ അവൻെറ പെരുവിരൽ 'വെട്ടുക' എന്നതു് ഒരു പരിപാവന കൃത്യമായി അംഗീകരിക്കപ്പെട്ടു നടപ്പാക്കിയുമിരുന്നു,

രോഗത്തിൻെറ ചികിത്സയ്ക്ക് രോഗലക്ഷണങ്ങളെ ആക്രമിക്കുകയല്ലല്ലോ വേണ്ടതു്. രോഗനിവാരണത്തിനു് രോഗഹേതുക്കളെത്തന്നെ ആക്രമിക്കേണ്ടതുണ്ടു്. ഈ വസ്തുത ശരിക്കും മനസ്സിലാക്കിയിരുന്ന ശ്രീനാരായണൻ സാമൂഹ്യശരീരത്തിലെ വിഷാണുക്കളെ നശിപ്പിക്കാൻ തന്നെയാണൊരുമ്പെട്ടതു്. ആ സംരംഭത്തിൽ അദ്ദേഹത്തിൻെറ അനുയായികളായി രംഗത്തുവന്നവരിൽ വിരലിലെണ്ണാവുന്ന ചിലരൊഴിച്ചു് ബാക്കിയുള്ളവരെല്ലാം തന്നെ പിന്നീടു് തങ്ങൾക്കുകിട്ടിയ സുവർണ്ണാവസരം പാഴാക്കിയില്ല. സവർണ്ണവിഭാഗം അവർണ്ണർക്കെതിരെ പ്രയോഗിച്ചിരുന്ന അതേ അടവുകൾ തന്നെ തങ്ങളുടെ പിന്നാലെ വന്ന അവശന്മാർക്കെതിരെ ഇവരും പ്രയോഗിച്ചു. ഇക്കാര്യത്തിൽ സവർണ്ണരായ ചൂഷകരെത്തന്നെ ഇവർ ഗുരുക്കന്മാരായി അംഗീകരിക്കയും ചെയ്തു. അവരും ജന്മികളായി. പ്രഭുക്കന്മാരായി. അധികാരത്തിൻെറ ചില പൊടിമിച്ചങ്ങൾ അവക്കും ലഭിച്ചു. മുകളിലോട്ടുമാത്രം നോക്കിയിരിക്കുന്ന അവർ തങ്ങളെപ്പററിമാത്രം ചിന്തിക്കുകയും തങ്ങൾക്കു് വീണ്ടും മുകളിലേയ്ക്കു് കടക്കുന്നതിനുള്ള കവാടങ്ങൾ തുറന്നു കിട്ടുന്നുണ്ടോ എന്നുമാത്രം നോക്കുകയും ചെയ്തു. താഴെ തങ്ങളെക്കാൾ അനേകം പടി പിന്നിൽ, പഴയ സ്ഥാനത്തു നിന്നു് വലിയ പുരോഗതിയൊന്നും നേടാതെ കഴിയുന്ന ജനലക്ഷങ്ങളെ അവർ സൗകര്യപൂവ്വം മറന്നു. സുഖവും, സമ്പത്തും മററു മേലാളന്മാരുമായി പങ്കിടുന്ന മത്സരത്തിൽ എന്തെങ്കിലും തിരിച്ചടിയുണ്ടാകുമ്പോൾമാത്രം അവർ താഴോട്ടുനോക്കി ചില ആഹ്വാനങ്ങളും ഉൽബോധനങ്ങളും നടത്തും. രാജാവു് പാൽപ്പായസം കഴിച്ചാൽ പ്രജകൾക്കും അതു ലഭിച്ചതിനു തുല്യമാണെന്നു് പണ്ടത്തെ രാജാക്കന്മാർ ധരിച്ചിരുന്നതുപോലുള്ള ധാരണകളാണു് ഈ പുതിയ രാജകുമാരന്മാർക്കുമുള്ളതു്, ശ്രീനാരായണൻെറ സാക്ഷാൽ അനുയായികളും അനന്തരാവകാശികളുമായി ഇന്നും അവർ മിക്കവരും രംഗത്തുണ്ടു്. പിന്നോക്ക വിഭാഗക്കാരുടെ മുഴവൻ രക്ഷിതാക്കളായും, വക്താക്കളായും അവർ ഇന്നും വിലസുകയാണു്. ശ്രീനാരായണൻ ഏതു

വർഗ്ഗത്തെയാണോ എതിർത്തു് തോല്പിക്കാൻ ആഹ്വാനം ചെയ്തിരുന്നതു് അതേ വർഗ്ഗമായി സ്വയം പരിവർത്തനം ചെയ്യപ്പെട്ടിരിക്കയാണിവർ. ക്രിസ്തുവിനെ ക്രൂശിച്ചവരുടെ അനന്തരാവകാശികൾ ഇന്നു് ക്രിസ്തുവിൻെറ ക്രൂശിതരൂപം ഭക്ത്യാദരാഭിനയങ്ങളോടെ മുമ്പിൽ പിടിച്ചുകൊണ്ടു് അതിൻെറ തണലിൽ അദ്ദേഹം എതിർത്തിരുന്ന കാര്യങ്ങൾതന്നെ ചെയ്യുന്നു. അതുപോലെ ഇവർ ശ്രീനാരായണൻെറ ഉത്തമഭക്തന്മാരായും അദ്ദേഹത്തിൻെറ ആദർശങ്ങൾ നടപ്പാക്കാനുള്ള ഒസ്യത്തു് ലഭിച്ചവരായും സ്വയം പ്രഖ്യാപിച്ചുകൊണ്ടു് ശ്രീനാരായണാദർശങ്ങൾക്കും, താല്പര്യങ്ങൾക്കുമെതിരായി പ്രവർത്തിക്കുന്നു. അതിനു മറയായി ശ്രീനാരായണനെ ഉപയോഗിക്കുന്നതിലും അവർക്കു് യാതൊരു ക്ലേശവുമില്ല.

ര: ഒരു വേള ഇതൊക്കെക്കൊണ്ടായിരിക്കുമോ പിന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവരെല്ലാം ശ്രീനാരായണനെ മറന്നിട്ടു് തങ്ങളുടെ അവശതാ പരിഹാരത്തിനു് ഇതര നേതൃത്വങ്ങളെ ആശ്രയിക്കുന്നതു് ?

സ: ശ്രീനാരായണൻെറ ആദർശങ്ങളും ആശയാഭിലാഷങ്ങളും പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ പ്രതിജ്ഞാബദ്ധരും കടമപ്പെട്ടവരുമായ ആളുകൾ അദ്ദേഹത്തിൻെറ ആദർശങ്ങൾക്കെതിരായി പ്രവർത്തിക്കുകയും അവയുടെ യഥാർത്ഥ സ്വഭാവം മറച്ചുപിടിച്ചു് ആളുകളെ വഴിതെററിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പാവപ്പെട്ടവർക്കു് മററാശ്രയങ്ങൾ തേടിപ്പോവുക മാത്രമല്ലേ നിവൃത്തിയുള്ളു.

ര: പക്ഷേ, സാമാന്യജനങ്ങൾ കൂട്ടത്തോടെ മററു ഭാഗങ്ങളിലേക്കു് പോയാൽ മേൽവിവരിച്ച നേതാക്കന്മാരുടെ നേതൃസ്ഥാനങ്ങൾക്കു് ക്ഷീണം തട്ടുകയല്ലേ ചെയ്യുന്നതു് ?

സ: ഇപ്പോഴത്തെ പരിതസ്ഥിതിയിൽ അവർ വിട്ടുപോകുന്നതുകൊണ്ടു് ചില ഗുണങ്ങളുമില്ലാതില്ല. ജനങ്ങളെക്കൊണ്ടു് സീസർക്കെതിരെ ചിന്തിപ്പിക്കാൻ ബ്രൂട്ടസ്സിനു് കഴിഞ്ഞു. പക്ഷെ അതേ ജനം പിന്നീടു് ബ്രൂട്ടസ്സിനെതിരെയും തിരിഞ്ഞുവെന്നതെല്ലാപേക്കും അറിയാം. ഇന്നിപ്പോൾ ഈ ആധുനിക സവർണ്ണനേതാ

ക്കന്മാരുടെയെല്ലാം സ്ഥിതികരം ഏതുവിധത്തിൽ നോക്കിയാലും സാമാന്യം മെച്ചപ്പെട്ടതായിത്തീൎന്നിട്ടുണ്ട്. അവരുടെയും അവരുടെ പിൻതലമുറക്കാരുടെയും കാൎയ്യങ്ങരം മംഗളമായിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് അനുയായികരം സ്വയം പിരിഞ്ഞുപോകുന്നതിനുവേണ്ടി വേണ്ടതൊക്കെ ചെയ്യുന്നതു് ഒരു തരത്തിൽ ബുദ്ധിയല്ലേ?

ശ്രീനാരായണൻ വിഭാവനം ചെയ്ത സാമൂഹ്യപരിവൎത്തനത്തിലേക്കു് കാൎയ്യങ്ങരം നീങ്ങുന്നതു് സമൂഹത്തിലെ പുത്തൻ സവൎണ്ണരായ ഇവരും ഇഷ്ടപ്പെടാത്ത കാൎയ്യമാണു്. അതിനു് ഫലപ്രദമായ തടയിടുന്ന കാൎയ്യത്തിൽ സമ്പന്ന വിഭാഗത്തിൽപ്പെട്ട എല്ലാ ആളുകളും ''ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ'' ഒററക്കെട്ടിലാണു്.

ലോകത്തിന്നുകാണുന്ന എല്ലാ അസ്വാസ്ഥ്യങ്ങളുടെയും മൂലകാരണം കണ്ടുപിടിക്കുകയും അവയ്ക്കു് ശരിയായ പരിഹാരമാൎഗ്ഗം നിർദ്ദേശിക്കുകയും ചെയ്ത ലോകഗുരുവും അവശന്മാരുടെയെല്ലാം ആശാകേന്ദ്രവുമായ ശ്രീനാരായണനെയും അദ്ദേഹത്തിൻെറ ആദർശങ്ങളെയും ആശയാഭിലാഷങ്ങളെയും വികലമാക്കുകയോ കല്ലറകളിലടച്ചു് ഭദ്രമാക്കുകയോ ചെയ്തുകഴിഞ്ഞിട്ടുണ്ടു്. പോരെങ്കിൽ അദ്ദേഹത്തിനു് ദൈവപദവി നല്കി പ്രൊമോഷനും കൊടുത്തിട്ടുണ്ടു്. ശ്രീനാരായണൻെറ സഹായത്താൽ പുത്തൻ സവൎണ്ണവൎഗ്ഗ ചൂഷകരാകാൻ ഭാഗ്യം സിദ്ധിച്ചിരിക്കുന്ന വമ്പന്മാർ ശ്രീനാരായണൻെറ മുമ്പിൽ ചന്ദനത്തിരിയും കത്തിച്ചുവച്ചു് നൈവേദ്യങ്ങളും പൂജയും നടത്തുകയാണു്. എന്തിനാണെന്നോ? അവൎക്കു് ഇന്നുവന്നുചേർന്നിരിക്കുന്ന സ്ഥാനവും സമ്പത്തും മററും എന്നെന്നും കാത്തുസൂക്ഷിച്ചുകൊടുക്കുവാൻ. വെട്ടും, കിളയലും, ദുരിതവുമായി കഴിയുന്ന പാവപ്പെട്ട പട്ടിണിപ്പാടുകളിൽ നിന്നു് തങ്ങരക്കും തങ്ങളുടെ സമ്പത്തിനും യാതൊരു ദോഷവും വരുത്തരുതേ എന്നാണു് ശ്രീനാരായണനോടുള്ള അവരുടെ പ്രാൎത്ഥന. രാജ്യത്തിൻെറ സമ്പൽസമൃദ്ധിമുഴുവൻ ന്യൂനപക്ഷത്തിനു് ധാരാളമായി പങ്കിട്ടെടുത്തു് സുഖിക്കണം. പാവപ്പെട്ടവരുടെ എണ്ണം പെരുകുകയോ അവരുടെ ദുരിതങ്ങരം വൎദ്ധിക്കുകയോ

ചെയ്യാട്ടേ. ന്യൂനപക്ഷത്തിനു് കണക്കിലധികമുള്ള സുഖസൗകര്യങ്ങളനുഭവിക്കണമെങ്കിൽ ചൂഷണത്തിനു വിധേയമാക്കപ്പെട്ട ഒരു ഭൂരിപക്ഷം എല്ലാക്കാലത്തും ഉണ്ടായിരിക്കണം. ഒരു ''നല്ല നാളെ'' യ്ക്കുവേണ്ടി അനന്തമായി കാത്തിരിക്കാൻ ബാദ്ധ്യസ്ഥരായവർ. നല്ല 'ഇന്നു' കളെല്ലാം നേതാക്കൾക്കും അവരെ ഉൾക്കൊള്ളുന്ന ഭാഗ്യവാന്മാരുടെ വർഗ്ഗത്തിനും.

ര: ശ്രീനാരായണൻ യഥാർത്ഥത്തിലാഗ്രഹിച്ചിരുന്നതു് ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള സമരവും ഉള്ളവരുടെ മേൽ ഇല്ലാത്തവരുടെ വിജയവുമായിരുന്നു. അല്ലേ?

സ: അതെ. ശ്രീനാരായണൻ ഏതെങ്കിലും ഒരു പ്രത്യേക ജാതിയിൽപ്പെട്ട ആളുകൾക്കുവേണ്ടി പറയുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾക്കു് സാമുദായികമായ ഒരു നിറം കൊടുക്കേണ്ടതു് സവർണ്ണവർഗ്ഗത്തിലെ സമ്പന്നന്മാരുടെ ആവശ്യമായിരുന്നു. ജന്മിത്വവും, മാടമ്പിസ്ഥാനങ്ങളും തുടർന്നു നിലനിറുത്തുന്നതിനു് ശ്രീനാരായണൻെറ പ്രവർത്തനങ്ങൾക്കു് വർഗ്ഗീയച്ഛായ നല്കി എതിർക്കേണ്ടതു് അവരുടെ ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യമായിരുന്നു. അതുകൊണ്ടു് ശ്രീനാരായണൻ ഒരു പ്രത്യേക സമുദായത്തിൻെറ മാത്രം ഉദ്ധാരകനായി ചിത്രീകരിക്കപ്പെട്ടു. അദ്ദേഹത്തിൻെറ ആദർശങ്ങളും, അതനുസരിച്ചുള്ള പ്രവർത്തനങ്ങളും ഇതരസമുദായ അംഗങ്ങൾക്കു് ദോഷകരമാണെന്നു പ്രചരിപ്പിക്കപ്പെട്ടു. വർഗ്ഗീയമായ എതിർപ്പുകൾ സംഘടിപ്പിച്ചു് ശ്രീനാരായണൻെറ യഥാർത്ഥലക്ഷ്യങ്ങളെ പരാജയപ്പെടുത്തുകയായിരുന്നു ഇവിടത്തെ സവർണ്ണരിൽ സമ്പന്നരായവരുടെ ഉദ്ദേശ്യം. അതിനു് അവരോടൊത്തു നില്ക്കാൻ പുത്തൻ സവർണ്ണരായ ആളുകളും ഇപ്പോൾ തയ്യാറാണു്. കാരണം അവരും ഇന്നു് സമ്പന്നവർഗ്ഗമാണു്.

ശ്രീനാരായണൻ ചൂഷണാധിഷ്ഠിതമായ എല്ലാ വ്യവസ്ഥിതികളും, ചട്ടങ്ങൾക്കും എതിരായിരുന്നു. ചൂഷണം നടത്തുന്നതിനു് സഹായകമായി വർത്തിച്ചിരുന്ന ഏതൊന്നിനെയും തകർക്കുകയായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. ജാതിഭേദമോ, മതഭേദമോ കണ

ക്കിലെടുക്കാതെ എല്ലാം പാവപ്പെട്ടവരുടെയും അധ്വാനിക്കുന്നവരുടെയും വക്താവായാണു് അദ്ദേഹം നിലകൊണ്ടതു്.

പക്ഷെ അദ്ദേഹത്തിന്റെ അനുയായികളിൽ മുഖ്യന്മാരായി സ്വയം ഭാവിക്കുന്ന പലരും സ്വന്തം കാര്യത്തിനും പ്രാമുഖ്യം നല്കി സ്വയം സമ്പന്നരായിത്തീൎന്നു. അവർ ശ്രീനാരായണനെയും അദ്ദേഹത്തിന്റെ ആശയാഭിലാഷങ്ങളെയും സുരക്ഷിതമായി പേടകങ്ങൾക്കുള്ളിലാക്കാനാണു് ശ്രമിക്കുന്നതു്. പാവപ്പെട്ടവനെ കബളിപ്പിക്കുന്നതിനുവേണ്ടി ശ്രീനാരായണന്റെ ആത്മീയ ചിന്തകൾ മാത്രം ഇവർ പൊക്കിപ്പിടിക്കുന്നു. സാധാരണക്കാരനു് ദുർഗ്രഹങ്ങളായ ആത്മീയ കാര്യങ്ങൾ പറഞ്ഞു് അവരെ അമ്പരപ്പിച്ചാൽ, യഥാൎത്ഥത്തിൽ അവൎക്കുവേണ്ടി ചെയ്യേണ്ട മററുകാര്യങ്ങളിൽനിന്നും നേതാക്കന്മാൎക്കു് ഒഴിഞ്ഞുനില്ക്കുകയും ചെയ്യാം. അങ്ങനെ ശ്രീനാരായണനെ ചപ്രങ്ങളിൽ എഴുന്നള്ളിക്കാനും കോവിലുകളിൽ പ്രതിഷ്ഠിക്കാനും മാത്രം പററിയ രൂപമാക്കി ഇവർ മാററിയിരിക്കുകയാണു്.

ഒരു മഹാന്റെ പ്രതിമയുണ്ടാക്കി പീഠത്തിൽ പ്രതിഷ്ഠിച്ചു് പൂജ ചെയ്യുന്നതു് എത്രയോ എളുപ്പമാണു്. എന്നാൽ അദ്ദേഹത്തിന്റെ ജീവിതവും പ്രവൃത്തിയും ഉദാഹരണമായിക്കാണിച്ചു് ഓരോ പുതിയ കാലഘട്ടത്തിലും, സാഹചര്യത്തിലും അവ എത്ര ഭംഗിയായി ഇണങ്ങിച്ചേരുന്നുവെന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും അതനുസരിച്ചു് അവരെ കൎമ്മോന്മുഖരാക്കുന്നതിനും വളരെ പ്രയാസമുണ്ടു്.

രാഷ്ട്രീയ പ്രസ്ഥാനങ്ങളെപ്പററിയോ ട്രേഡ്യൂണിയൻ സംരംഭങ്ങളെപ്പററിയോ ഉള്ള നേരിയ സങ്കല്പം പോലും നമ്മുടെ നാട്ടിലില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ അവശതാപരിഹാരത്തിനു് ശ്രീനാരായണൻ ഇവിടെ സംഘടനയുണ്ടാക്കി. അദ്ധ്വാനിക്കുന്നവരും അവശതയനുഭവിക്കുന്നവരുമായ എല്ലാവരേയും ഉൾക്കൊള്ളുന്ന നിരുപമമായ ഒരു രാഷ്ട്രീയ പ്രസ്ഥാനമായി അതു വളൎന്നു വികസിക്കേണ്ടതായിരുന്നു. എന്നാൽ

അതിൻെറ ആ സ്വാഭാവിക പരിണാമഗതിയെ തടയുന്നതിന് അതിൻെറ മുന്നിൽ നിന്ന പുത്തൻ സവർണ്ണ നേതാക്കന്മാർ മുൻകൈ എടുത്തു. സംഘടനയെ ദുർബ്ബലപ്പെടുത്താനും ഛിന്നഭിന്നമാക്കാനും അവർക്കു കഴിഞ്ഞു. അവശതയനുഭവിക്കുന്ന ഭൂരിപക്ഷം വിഭാഗത്തെ സംഘടനയിൽ നിന്നൊഴിച്ചു നിറുത്താൻ അവർക്കു സാധിച്ചു. "ഒരു ജാതി, ഒരു മതം, ഒരു ദൈവം" എന്നതു് മുദ്രാവാക്യമായി സ്വീകരിച്ചിരുന്ന ഗുരുവിൻെറ സംഘടനയെ കേവലം ജാതി സംഘടനയായി മാത്രം രൂപപ്പെടുത്തിയെടുക്കാനും അവക്കു കഴിഞ്ഞു. ശ്രീനാരായണൻ ചാരിക്കൊടുത്ത ഏണിയുടെ സഹായത്താൽ പുത്തൻ സവർണ്ണരും ചൂഷകരും ആയ ഇവക്കു് ഇത്രയും കാര്യങ്ങൾ ഒപ്പിക്കേണ്ടതു് അത്യാവശ്യമായിരുന്നു.

ഇന്നു് ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ ചരടുവലിക്കുന്ന ആളുകൾ ആരൊക്കെയാണെന്നും അവരുടെ രാഷ്ട്രീയവും, സാമൂഹ്യവുമായ കാഴ്ചപ്പാടു് എന്തൊക്കെയാണെന്നും പരിശോധിച്ചാൽ ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ മറെറാരിടത്തും പോകേണ്ടി വരില്ല.

പക്ഷെ ചരിത്രത്തിൽ ഇതൊരൊററപ്പെട്ട സംഭവമല്ല. സ്ഥാപിത താല്പര്യക്കാർക്കെതിരെ പരിവത്തനത്തിൻെറ കാററു് വീശിയിട്ടുള്ളപ്പോഴെല്ലാം ഇതു് സംഭവിച്ചിട്ടുമുണ്ടു്. കാററിൻെറ ഗതി മനസ്സിലാക്കി ഒഴിഞ്ഞു നില്ക്കുന്നതിനും ഒടുവിൽ കാററിനെ തങ്ങളുടെ തന്നെ പത്തേമാരികൾക്കു് പ്രയോജനപ്പെടുത്തുന്നതിനും അവക്കു് എല്ലാകാലത്തും കഴിഞ്ഞിട്ടുണ്ടു്.

ര: ഇതിനുദാഹരണമായുള്ള ചരിത്രസംഭവമേതാണു്?

സ: ഫ്രഞ്ചു വിപ്ലവത്തിൻെറ കാര്യംതന്നെയെടുക്കാം. വിപ്ലവം വിജയിച്ചെങ്കിലും തുടന്നു് അതു് വഞ്ചിക്കപ്പെടുകയുംചെയ്തു.

ര: വിപ്ലവത്തെ വഞ്ചിച്ചതാരാണു്?

സ: വിപ്ലവ പ്രസ്ഥാനത്തിൻെറ മുന്നിലുണ്ടായിരിക്കയും ഗില്ലട്ടിൻ യന്ത്രം പ്രവത്തിപ്പിക്കുകയും ചെയ്തിരുന്നവർ തന്നെ വഞ്ചനക്കും നേതൃത്വം കൊടുത്തു. വിപ്ലവഫലം

തങ്ങഠംക്കനുകൂലമായി ഒതുക്കിയെടുക്കുന്നതിലായിരുന്നു ഇവരുടെ ശ്രദ്ധ മുഴുവൻ.

അതുകൊണ്ടു് അവരെ ഒതുക്കി മാററാൻ വീണ്ടും വീണ്ടുമുള്ള യത്നങ്ങഠം ആവശ്യമായിവന്നു.

സോവിയററ് റഷ്യയിലും ഇതുതന്നെയാണു് സംഭവിച്ചതു്. നിഷ്ഠൂരനായ സാർ ചക്രവത്തിയെ നിഷ്കാസനംചെയ്തുകൊണ്ടു് വിപ്ലവം ജയിച്ചു. പക്ഷേ അധികാര നിയന്ത്രണം തൊഴിലാളികളും കർഷകരുമുഠംപ്പെട്ട വിഭാഗത്തിൻെറ കരങ്ങളിൽ വരുന്നതിനു് വീണ്ടുമൊരു വിപ്ലവം നടത്തേണ്ടിവന്നു.

ര: അവശതയനുഭവിക്കുന്നവരുടെ കഷ്ടപ്പാടുകഠംക്കു് അറുതി വരണമെങ്കിൽ അടിസ്ഥാനപരമായ മാററങ്ങഠം ഇവിടെ ഇനിയും വരേണ്ടതുണ്ടു്. പക്ഷെ മാററങ്ങഠംക്കുവേണ്ടി പ്രവത്തിക്കുന്നതിനും കാലത്തിൻെറ വിളി ചെവിക്കൊള്ളുന്നതിനും ശ്രീനാരായണ പ്രസ്ഥാനങ്ങഠംക്കു കഴിയാതെപോയി. കാരണം ഇന്നവ യഥാത്ഥത്തിൽ ശ്രീനാരായണ പ്രസ്ഥാനങ്ങളല്ലാതായിത്തീന്നിരിക്കുന്നു.

സ: അടിച്ചമത്തപ്പെട്ടവരുടെ ഉദ്ധാരണത്തിനും, സ്വാതന്ത്ര്യത്തിനും പാതയൊരുക്കുകയായിരുന്നു എല്ലാ ശ്രീനാരായണ പ്രസ്ഥാനങ്ങളുടെയും പ്രഥമവും പ്രധാനവുമായ കത്തവ്യമായി കരുതപ്പെട്ടിരുന്നതു്. എന്നാൽ ഈ പ്രസ്ഥാനങ്ങളുടെ നേതൃത്വവും, നിയന്ത്രണവും കൈക്കലാക്കിയവർ സ്വയം ഉദ്ധരിക്കപ്പെടുന്നതിനുള്ള പാതയാണൊരുക്കിയതു്. മുൻകാലങ്ങളിൽ സവണ്ണ വിഭാഗത്തിൽപ്പെട്ടവക്കുമാത്രം ലഭ്യമായിരുന്ന അധികാരാവകാശങ്ങളും, ജന്മിത്വവും പ്രഭുത്വവും മററും ഇവർക്കും കൂടി ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായി. പുത്തൻ സവണ്ണരായ ഇവരും, പഴയ സവണ്ണരിലെ സമ്പന്ന വിഭാഗവും ഒരേ സ്ഥലത്തു് സന്ധിച്ചു. ചൂഷിതരെ സ്വതന്ത്രരാക്കാൻ യത്നിച്ച ശ്രീനാരായണനെത്തന്നെ ഉപകരണമാക്കിക്കൊണ്ടു് ചൂഷണത്തിനുവേണ്ടിയുള്ള പുതിയപദ്ധതികഠംക്കു് ഇവർ സംയുക്തമായി രൂപം കൊടുത്തു. അതിൻെറ ഭാഗമായി ശ്രീനാരായണ ചൈതന്യത്തെ നിഷ്ക്രിയമാക്കാനുള്ള പ്രവത്തനങ്ങളും

ആരംഭിച്ചു. ശ്രീനാരായണനെ ദൈവമാക്കി കോവി ലിനകത്തു് അടയ്ക്കാൻ ശ്രമിക്കുന്നതും അദ്ദേഹത്തെ സന്യാസിമാരുടെ കൂട്ടത്തിൽ പ്രഥമഗണനനീയനാക്കാൻ ശ്രമിക്കുന്നതും മററും ഈ പരിപാടിയുടെ ഭാഗങ്ങളാണു്. സ്വന്തം താല്പര്യത്തിനും ഉയച്ച്കൾ ഉതകുന്ന വിധത്തിൽ ശ്രീനാരായണൻെറ പേരോ, അദ്ദേഹത്തിൻെറ ഉപദേശ ങ്ങളോ ഉപയോഗിക്കാൻ തരപ്പെട്ടമെങ്കിൽ മാത്രം അവർ ശ്രീനാരായണനെ അനുസ്മരിക്കും.

ര: പക്ഷെ, അവശതയനുഭവിക്കുന്ന വിഭാഗവും ശ്രീനാരാ യണൻെറ നേതൃത്വം സ്വീകരിച്ചുകൊണ്ടു് മുന്നേറാൻ ശ്രമിക്കുന്നില്ലല്ലോ.

സ: ലോകത്തെവിടെയുമുള്ള അവശതയനുഭവിക്കുന്നവരുടെ ഉദ്ധാരണത്തിനുവേണ്ടിയാണു് ശ്രീനാരായണൻ ജീവി ച്ചതും പ്രവത്തിച്ചതും. ഈ വസ്തുത പൂണ്ണമായും മനസ്സി ലാക്കപ്പെടേണ്ടിയിരിക്കുന്നു. അതിനാവശ്യമായ പ്രവ ത്തനം ഇനിയും ആരംഭിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രീയ മായി അപഗ്രഥിക്കപ്പെടാത്തകാലംവരെ വിലപിടിച്ച പലതും ജനസാമാന്യത്തിനു് അരോചകമായിത്തന്നെ യിരിക്കും. അവരുടെ ഗുണത്തിനു് അവ പ്രയോജന പ്പെടുകയുമില്ല. തങ്ങളുടെ എല്ലാ അവശതകൾക്കും പരിഹാരമുണ്ടാക്കാൻ ശ്രീനാരായണൻെറ നേതൃത്വം സ്വീകരിക്കുകമാത്രമാണു് പോംവഴിയെന്ന സത്യം മന സ്സിലാക്കപ്പെടാത്തടത്തോളം കാലം, ഇതര നേതൃത്വങ്ങ ളുടെ പിന്നാലെപോകുന്ന പാവപ്പെട്ടവരെ എങ്ങനെ കുററപ്പെടുത്താനാകും? അവർ ഒന്നു മാറി ഒന്നുമാറി വിവിധ നേതൃത്വങ്ങൾ സ്വീകരിച്ചു് ഭഗ്നാശരാകുന്നു. ചിന്തിക്കാനും, ശരിയായ കാഴ്ചപ്പാടിൽ കാര്യങ്ങൾ ഗ്രഹിക്കാനും പ്രാപ്തിയില്ലാത്തവരെ—അവരാണു് ഭൂരി പക്ഷം—സ്വന്തം താല്പര്യത്തിനുവേണ്ടി വഴിതെററിക്കാ നും ചൂഷണംചെയ്യാനും ഉററുനോക്കിക്കൊണ്ടിരിക്കുന്ന സ്വാത്ഥ തല്പരന്മാൎക്കു് പ്രാമുഖ്യമുള്ള സാമൂഹ്യാന്തരീക്ഷ ത്തിൽ പാവപ്പെട്ടവൻെറ പ്രതീക്ഷകൾ ഒരിക്കലും പൂവ ണിയുകയില്ല. മരുമരീചിക കണ്ടോട്ടിക്കുന്ന യാത്ര ക്കാരൻെറ അനുഭവം മാത്രമാണവനെ കാത്തിരിക്കുന്നതു്.

ര: അവകാശങ്ങരം നേടിയെടുക്കാനുള്ള മാഗ്ഗനിർദ്ദേശം ശ്രീനാരായണൻ നല്ലിയിട്ടുണ്ടെന്ന വസ്തുത വിശദീകരിക്കാനും, സാമൂഹ്യമായ അനീതിക്കെതിരെയുള്ള സമരത്തിൽ ശ്രീനാരായണ നേതൃത്വം സ്വീകരിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കാനും ശ്രീനാരായണൻെറതന്നെ അനുയായികളായ നേതാക്കന്മാർ വിമുഖത പ്രദർശിപ്പിക്കുന്നു. ലക്ഷ്യപ്രാപ്തിക്കു് അവ ഉതകുകയില്ലെന്നതുകൊണ്ടാണോ?

സ: അവരുടെയൊക്കെ അഭിപ്രായത്തിൽ ശ്രീനാരായണൻ പല ദൈവങ്ങളിൽ ഒരു ദൈവംമാത്രം. സാമൂഹ്യമായ അനീതികരം ഇല്ലാതാക്കുക എന്നുപറഞ്ഞാൽ ഇന്നത്തെ പരിതസ്ഥിതിയിൽ ഈ സവണ്ണ ശ്രീനാരായണ ഭക്തന്മാർക്കും ദോഷം വരും. അവരുടെ തന്നെ ചൂഷണവും, ജന്മിത്വവും മററും നിലനിറുത്തി കൊണ്ടുപോകാൻ സാധിക്കാതെയുംവരും. അതുകൊണ്ടു് ചൂഷിതരായ ഭൂരിപക്ഷത്തെ എന്നുമെന്നും ഇരുട്ടത്തു തന്നെ നിറുത്തണമെന്നാണു് അവരുടെ ആഗ്രഹം. പാലം കടന്നക്കരെയെത്തിയാൽ മററുള്ളവരും തങ്ങളെ അനുഗമിക്കാതിരിക്കാൻ പാലം വലിച്ചുകളയുന്നതാണു് മാഗ്ഗം. ആ മാഗ്ഗമാണു് ഈ ശ്രീനാരായണ ഭക്തന്മാർ ഇപ്പോരം സ്വീകരിച്ചിരിക്കുന്നതു്. പാവപ്പെട്ടവരും അവശതയനുഭവിക്കുന്നവരുമായ ആളുകളെ സംബന്ധിച്ചിടത്തോളം യഥാർത്ഥ സ്വാതന്ത്ര്യം ഇനിയും നേടാനിരിക്കുന്നതേയുള്ളൂ. ശ്രീനാരായണൻെറ ആഹ്വാനങ്ങളുരംക്കൊണ്ടു് സ്വയം സംഘടിച്ച ശക്തരാവുക മാത്രമേ അതിനു പോംവഴിയായുള്ളൂ. ജാതി വ്യത്യാസമോ മതവ്യത്യാസമോ ഇവിടെ പ്രശ്നമല്ല. സമ്പന്നവഗ്ഗത്തെ ഉരംക്കൊള്ളുന്ന ചൂഷകവഗ്ഗം ഒരു വശത്തും, അദ്ധ്വാനിക്കുന്നവരും അവശതയനുഭവിക്കുന്നവരുമുരംക്കൊള്ളുന്ന ചൂഷിതവഗ്ഗം മറുവശത്തും നിന്നുകൊണ്ടുള്ള ഒരു ബലപരീക്ഷണം അനിവാര്യമാണു്. ആ ബലപരീക്ഷയിൽ ചൂഷിതവഗ്ഗത്തിൻെറ വിജയം ഒരു യാഥാർത്ഥ്യമായിത്തീരുകതന്നെ വേണം. ശ്രീനാരായണൻെറ ജീവിതോദ്ദേശം സഫലമാകണമെങ്കിൽ ആ വിജയം ഉണ്ടായേതീരൂ.

ര: സമ്പത്തിന്റെയും അധികാരത്തിന്റെയും കുത്തകാവകാശം സ്വായത്തമാക്കിവച്ചിട്ടുള്ള ഇവിടത്തെ സമ്പന്ന വിഭാഗത്തെയും നേതാക്കന്മാരെയും തോല്പിക്കുക എളുപ്പമാണോ? ബുദ്ധിയിലും കൗശലത്തിലും അവർ എത്രയോ മുൻപന്തിയിലാണു്? സാധാരണക്കാരന്റെ ശുഷ്ക്കബുദ്ധി അവരുടെ മുമ്പിൽ അടിയറപറയുകയല്ലേ നിവൃത്തിയുള്ളു.

സ: സമത്വവും സമൃദ്ധിയും രാജ്യത്തുണ്ടാവണമെന്നു പറയണമെങ്കിൽ സാധാരണക്കാരന്റെ നില മെച്ചപ്പെടണം. സാധാരണക്കാരന്റെ നില മെച്ചപ്പെടുത്തുന്ന കാര്യം, കേവലം പ്രസംഗങ്ങളിൽനിന്നു് പ്രായോഗികതലത്തിൽ ഇറക്കിക്കൊണ്ടുവരേണ്ടിയിരിക്കുന്നു. അധികാരം അദ്ധ്വാനിക്കുന്ന കൃഷിക്കാരന്റെയും, തൊഴിലാളികളുടെയും ഫലപ്രദമായ നിയന്ത്രണത്തിൻകീഴിൽ വന്നാൽ മാത്രമേ അതു് സാദ്ധ്യമാവുകയുള്ളു.

## 4. ഇവിടത്തെ ജനാധിപത്യം

ര: അധികാരം സാധാരണക്കാരൻെറ നിയന്ത്രണത്തിൻ കീഴിൽ വരാൻ എന്താണ് തടസ്സം? വോട്ടുകളുടെ എണ്ണത്തിൻെറ കാര്യത്തിൽ സാധാരണക്കാക്കല്ലേ മുൻതൂക്കം?

സ: പണക്കാരനോ പാവപ്പെട്ടവനോ എന്ന വ്യത്യാസം കൂടാതെ ഒരാളിനു ഒരു വോട്ടുണ്ട് എന്നതുകൊണ്ടു് വലിയ വിശേഷമൊന്നുമില്ല. ആകെയുള്ള വോട്ടിനെ എങ്ങനെയെല്ലാം ഛിന്നിപ്പിക്കാൻ കഴിയുന്നു. ഓരോ ഭാഗത്തേക്കും എത്രയെത്ര വോട്ടുകൾ തിരിച്ചുവിടാൻ കഴിയുന്നു. തുടങ്ങിയ കാര്യങ്ങളാണ് വാസ്തവത്തിൽ പ്രധാനം. ഒരു നിയോജകമണ്ഡലത്തിൽ ഒരു ഡസൻ സ്ഥാനാർത്ഥികൾ മത്സരിക്കുന്നു. എല്ലാപേരും സോഷ്യലിസം കൊണ്ടുവരാനാണ് മത്സരിക്കുന്നതു്. ഓരോരുത്തരും അവനവൻെറ ആവനാഴിയിൽ ശേഖരിച്ചിട്ടുള്ള എല്ലാ അസ്ത്രങ്ങളും പ്രയോഗിക്കുന്നു. അങ്ങനെ വോട്ടിൻെറ വിഭജനവും ഏതാണ്ടു് സോഷ്യലിസ്റ്റടിസ്ഥാനത്തിലാകും. ഫലമോ തൊണ്ണൂറു് ശതമാനം വോട്ടർമാരെയും പരാജയപ്പെടുത്തിക്കൊണ്ടു് പത്തു ശതമാനക്കാരൻ വിജയിച്ചുവരും. പാർട്ടി താല്പര്യങ്ങൾക്കും സ്വാർത്ഥ താല്പര്യങ്ങൾക്കുംവേണ്ടി ആളുകളെ വഴിതെററിക്കാനും, ചൂഷണംചെയ്യാനും മടിക്കാത്ത നേതാക്കന്മാരും, എഴുപതു ശതമാനത്തിലേറെ നിരക്ഷരരായ ജനങ്ങളും കൂടിയാകുമ്പോൾ ചിത്രം ഏതാണ്ടു് പൂർണ്ണമായി.

ഈ വൈതരണിയെല്ലാം കടന്നാലും പിന്നെയുമുണ്ടു് പ്രതിബന്ധങ്ങൾ.

ര: അതേതൊക്കെയാണ്?

സ: ഒന്നാമതു്, ഇവിടത്തെ സമ്പന്നരും അവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടു നിലകൊള്ളുന്ന ഉദ്യോഗസ്ഥപ്രമുഖന്മാരുമടങ്ങിയ ചൂഷകവർഗ്ഗത്തിൻെറ ഏകോപിത പ്രവർത്തനം. രണ്ടാമതു് മേല്പറഞ്ഞ വിഭാഗക്കാരിൽനി

ന്നു് മോചനം നേടിക്കൊടുക്കാമെന്ന വാഗ്ദാനവുമായി ഇരുഭാഗത്തുനിന്നും തരകു് വാങ്ങിക്കൊണ്ടു നിലകൊള്ളുന്ന ഇടനിലക്കാരായ രാഷ്ട്രീയക്കാരുടെ പ്രവൎത്തനം.

ര: അപ്പോൾ വളരെയധികം കൊട്ടിഘോഷിക്കപ്പെടുന്ന സോഷ്യലിസം യഥാൎത്ഥത്തിൽ ആകാശത്തുനിന്നും തറയിലിറങ്ങണമെങ്കിൽ അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ അനേകം വൈതരണികൾ കടക്കേണ്ടതായിട്ടുണ്ടു്. മററു പ്രതിബന്ധങ്ങളോടൊപ്പം ഇവയും തട്ടിമാററപ്പെടണം. അതിനുള്ള പ്രവൎത്തനം എവിടെ എങ്ങനെ ആരംഭിക്കണമെന്നതാലോചിക്കണം.

സ: സ്വന്തം ഉന്നമനത്തിനും, മോചനത്തിനുംവേണ്ടി ജീവൻവരെ ത്യജിക്കാൻ തയ്യാറുള്ള അദ്ധ്വാനിക്കുന്നവൎഗ്ഗം മറെറാരുകാര്യത്തിൽകൂടി ശ്രദ്ധവയ്ക്കേണ്ടതായിട്ടുണ്ടു്.

ര: അതെന്താണു്?

സ; ശത്രുക്കളിൽതന്നെ രണ്ടുതരക്കാരുണ്ടു്. പ്രത്യക്ഷത്തിൽ തന്നെ ശത്രുക്കളായവർ. പിന്നെ മിത്രഭാവത്തിൽ അടുക്കുന്ന ശത്രുക്കൾ. രണ്ടാമത്തെ വിഭാഗക്കാരാണു് കൂടുതൽ അപകടകാരികൾ. അതുകൊണ്ടു് യഥാൎത്ഥമിത്രങ്ങളെയും, യഥാൎത്ഥ ശത്രുക്കളെയും മനസ്സിലാക്കാൻ അദ്ധ്വാനിക്കുന്ന വിഭാഗത്തിനു കഴിയണം. അതിനു കഴിഞ്ഞില്ലെങ്കിൽ വിജയിച്ചതിനുശേഷവും ലക്ഷ്യത്തിലെത്താൻ കഴിയാതെ കുഴങ്ങും. ഫ്രഞ്ചുവിപ്ലവത്തിനുശേഷമുണ്ടായ അനുഭവവും, റഷ്യൻ വിപ്ലവത്തിൻെറ കഥയും തൊഴിലാളികൾക്കു് പാഠമായിരിക്കേണ്ടതാണു്. റഷ്യൻ സാറിനെതിരെ അണിനിരന്നവരിൽ നേതൃത്വം വഹിച്ച ഒരു വിഭാഗത്തിൻെറ ലക്ഷ്യം റഷ്യയിലെ കർഷകൻെറയും തൊഴിലാളികളുടെയും നിലമെച്ചപ്പെടുത്താൻ ഭരണാധികാരം ഉപയോഗപ്പെടുത്തുക എന്നതായിരുന്നില്ല. റഷ്യയിലെ സാറിൻെറ അധികാരം തങ്ങൾക്കു സ്വായത്തമാക്കണമെന്നും റഷ്യയിലെ സാധാരണക്കാരനെയും തൊഴിലാളികളെയും കർഷകനെയുമെല്ലാം ആ അധികാരമുപയോഗിച്ചു് ചൂഷണം ചെയ്തു് സ്വയം സുഖിക്കണമെന്നുമുള്ള ആഗ്രഹം മാത്രമേ അവൎക്കുണ്ടായിരുന്നുള്ളു. ഈ ആപത്തു് മുൻകൂട്ടികണ്ടിരുന്ന മഹാനായ

ലെനിൻ പാവപ്പെട്ടവരുടെ സഹായത്തിനെത്തി. അദ്ദേഹം മുൻകൂട്ടിതന്നെ ആസൂത്രണം ചെയ്തിരുന്ന പരിപാടിയനുസരിച്ച് അധികാരം എത്തേണ്ടിടത്തുതന്നെ എത്തിച്ചു. അധികാരത്തിൻെറ യഥാത്ഥ നിയന്ത്രണം തൊഴിലാളികളുടെയും, കർഷകരുടെയും കൈയിൽ തന്നെ വന്നു ചേർന്നു. ചൂഷകരിൽ നിന്നും ചൂഷിതവർഗ്ഗം സ്വാതന്ത്ര്യം നേടി. ആ മോചനത്തിനു് വീണ്ടും ആഘാതം ഏല്പിക്കുവാൻ സാധിക്കാത്തവിധത്തിൽ ചൂഷകവർഗ്ഗത്തിൻെറ എല്ലാ ശക്തിയും ചോർത്തിക്കളയാൻ കർഷക തൊഴിലാളി വർഗ്ഗസർവ്വാധിപത്യത്തിനു കഴിഞ്ഞു.

ഇൻഡ്യയിൽ ഇന്നു് ചൂഷകവർഗ്ഗത്തിൻെറ കൈയിലാണു് അധികാരം.

ര: ആ സ്ഥിതിവിശേഷം മാററുന്നതിനും ചൂഷകവർഗ്ഗത്തെ എതിർത്തുതോല്പിക്കുന്നതിനും വേണ്ടി ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇവിടെ സജീവമായി പ്രവർത്തിക്കുന്നുണ്ടല്ലോ? ഈ പ്രസ്ഥാനങ്ങൾ വിജയിച്ചാൽ അദ്ധ്വാനിക്കുന്നവരുടെ വിജയവും ചൂഷകവർഗ്ഗത്തിൻെറ തിരോധാനവും ഉണ്ടാകുമെന്നു് പ്രതീക്ഷിച്ചുകൂടേ?

സ: ഈ പ്രതീക്ഷകളും ആഗ്രഹങ്ങളുമെല്ലാം വെറും മരുമരീചികളാണെന്നു് തെളിഞ്ഞുകഴിഞ്ഞതല്ലോ. സമൂഹത്തിലെ മേലേത്തട്ടിലുള്ളവരെ ഉൾക്കൊള്ളുന്ന ന്യൂനപക്ഷവിഭാഗത്തിൻെറ കൈയിൽ അധികാരം എന്നും നിലനില്ക്കണമെന്നതുമാത്രമാണു് ഈ പ്രസ്ഥാനങ്ങളുടെയെല്ലാം നായകന്മാരുടെ ഗൂഢോദ്ദേശ്യം. അധികാരം കൈവശപ്പെടുത്തുന്നതിനു് അവർ തമ്മിലുള്ള കിടമത്സരങ്ങളല്ലാതെ മറെറാന്നും ഇവിടത്തെ വിവിധ പ്രസ്ഥാനങ്ങളുടെ കർമ്മപരിപാടികളിലില്ല. അവയെല്ലാം ആകർഷകമായ പരിവേഷങ്ങൾ ഉണ്ടായിരിക്കുമെന്നുമാത്രം. സുന്ദരവാഗ്ദാനങ്ങളും, നല്ല 'നാളെ' യെപ്പററിയുള്ള മധുരസങ്കല്പങ്ങളും യാതൊരു ലോഭവുമില്ലാതെ തന്നെ നല്കപ്പെടും. കൂടുതൽ '‚വോട്ടു്'' എണ്ണം കൈവശമുള്ള സാധാരണക്കാരൻ ഇതിൽ നിർണ്ണായകഘടകമായതുകൊണ്ടു് എല്ലാ കാര്യങ്ങളും അവൻെറ പേരിൽ മാത്രമേ ആരംഭി

ക്കകയുള്ള. കൂട്ടത്തിൽ അവൻെറ കണ്ണിൽ പൊടിയിടുന്ന തിനുവേണ്ടി ചില വെടിക്കെട്ടുകളും ഉണ്ടാകും. ബാങ്കു ദേശസാൽക്കരണവും പ്രിവിപഴ്സും നിറുത്തലാക്കലും ഭൂമിവളച്ചുകെട്ടൽ പ്രസ്ഥാനങ്ങളുമെല്ലാം ഈ വെടിക്കെട്ടു കളിൽ ചിലതാണു്. കാതലായ പ്രശ്നങ്ങളിൽ എല്ലാ നേതാക്കന്മാരും ഒരേ തട്ടിൽ തന്നെയാണു്. ഇടതുപക്ഷ പ്രസ്ഥാനങ്ങളുൾപ്പെടെ ഇവിടെ അധികാരത്തിൽ വരാൻ കഴിഞ്ഞ എല്ലാപേരും അടിസ്ഥാന പ്രശ്നങ്ങളിൽ ബൂഷ്വാ വർഗ്ഗവുമായും, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവുമായും വിട്ടു വീഴ്ചചെയ്തു് സ്വന്തം അധികാരക്കസേര സംരക്ഷിച്ചി ട്ടുള്ള ചരിത്രമേയുള്ള. അധികാരത്തിൽ വന്നിട്ടുള്ള ഏതൊരു കക്ഷിയും അതിലെ സവർണ്ണസമ്പന്ന വിഭാഗ ത്തിൻെറ ആശയാഭിലാഷങ്ങൾ മാത്രമേ ഇവിടെ പ്രാവ ർത്തികമാക്കിയിട്ടുള്ള. സമ്പന്നവിഭാഗം ഏതു കക്ഷി യിൽ പെട്ടാലും ഒരു വർഗ്ഗമാണു്. അവരുടെ താല്പര്യ ങ്ങൾക്കു് ഐകരൂപ്യമുണ്ടു്. ഏതു മാർഗ്ഗമുപയോഗിച്ചും ഭൂരിപക്ഷത്തെ ചൂഷണം ചെയ്യുക എന്നതാണു് അവരെ നയിക്കുന്ന അടിസ്ഥാന പ്രമാണം. തർക്കപ്രശ്നം ഒന്നേ യുള്ള. രാജ്യപുരോഗതിക്കു് സാധാരണ ജനങ്ങൾ കൂടു തൽ ത്യാഗം ചെയ്യണം; അവർ കൂടുതൽ കൂടുതൽ മുണ്ടു മുറുക്കി ഉടുക്കണം; അവർ കൂടുതൽ അദ്ധ്വാനിക്കണം— ഈ വസ്തുതകൾ പറയേണ്ടതു് ആരാണെന്നതിലാണു് തർക്കം. തങ്ങൾക്കു മാത്രമാണു് അതിനുള്ള അവകാശ മെന്നു് ഓരോ വിഭാഗക്കാരും സമർത്ഥിക്കാൻ ശ്രമിക്കുന്നു. അതിനുപോൽബലകമായ തെളിവുകളും ന്യായങ്ങളും ആവശ്യാനുസരണം ഓരോ വിഭാഗക്കാരും നിരത്തി വയ്ക്കുന്നു.

'ഇന്നത്തെ' നല്ലതെല്ലാം സമൂഹത്തിലെ മേലാള ന്മാരും, ഉയർന്ന ഉദ്യോഗസ്ഥന്മാരും നേതാക്കന്മാരും കൂടി പങ്കുവെച്ചെടുക്കും. ബാക്കി ജനങ്ങൾക്കു് ഒരിക്കലും വന്നെത്താത്ത നല്ല 'നാളെ'യും.

ര: ഇതിനെന്താണൊരു പരിഹാരമാർഗ്ഗം?

സ: പരിവർത്തനങ്ങളുടെ യഥാർത്ഥ ശത്രുക്കളെയും യഥാർത്ഥ മിത്രങ്ങളെയും തിരിച്ചറിയുന്നതിനുള്ള കഴിവു്

സാധാരണ ജനങ്ങൾക്കുണ്ടാകണം. പ്രത്യക്ഷത്തിൽ ശത്രുക്കളായി തോന്നുന്നവരിൽ തന്നെ യഥാൎത്ഥ മിത്രങ്ങളും, പ്രത്യക്ഷത്തിൽ മിത്രങ്ങളായി ഭാവിക്കുന്നവരിൽ യഥാൎത്ഥ ശത്രുക്കളും ഉണ്ടായേക്കുമെന്നുപറഞ്ഞുവല്ലോ. അതുപോലെ പരിവൎത്തനങ്ങളിൽ തന്നെ തങ്ങൾക്ക് ശാശ്വതനന്മ വരുത്തുന്നവയേതെന്നും ദോഷം വരുത്തുന്നവയേതെന്നും മനസ്സിലാക്കാൻ ജനങ്ങൾക്ക് കഴിയണം.

വിരലിലെ വ്രണം പഴുത്ത് കാലുതന്നെ മുറിക്കാൻ ഇടവരുത്തുമെന്ന് ബോദ്ധ്യം വന്നാൽ വിരൽ മുറിച്ചായാലും കാല് രക്ഷപ്പെടുത്തുന്നതിനായിരിക്കണം രോഗിയും രോഗിയുടെ അഭ്യുദയകാംക്ഷികളും ശ്രദ്ധിക്കേണ്ടത്. വിരൽ മുറിക്കുന്ന അസുഖകരമായ ചെറിയ കാര്യം പൊക്കിപ്പിടിച്ച് രോഗിയോട് സഹതാപവും സ്നേഹവും പ്രകടിപ്പിച്ചെത്തുന്ന ആൾക്കാർ രോഗിക്ക് താല്ക്കാലിക സന്തോഷമുണ്ടാക്കി വിലകുറഞ്ഞ അഭിനന്ദനം വാങ്ങുന്നതിനും രോഗിക്ക് ശാശ്വതദോഷം വരുത്തിവയ്ക്കുന്നതിനുമാണ് ശ്രമിക്കുന്നതെന്ന സത്യം അറിയേണ്ടവർ അറിയണം. വിരൽ മുറിക്കുന്നതിനെതിരെ വിപ്ലവവും പ്രക്ഷോഭണവുമായി വരുന്നവർ മററുള്ളവരുടെ കഷ്ടസ്ഥിതി മുതലെടുത്ത് ചുളുവിൽ അംഗീകാരം നേടാനായിട്ടാണ് ശ്രമിക്കുന്നത്. എന്നാൽ രോഗിയെ സംബന്ധിച്ചിടത്തോളം ഒടുവിൽ പശ്ചാത്തപിച്ചതുകൊണ്ടോ കുററം ആരിലെങ്കിലും ആരോപിച്ചതുകൊണ്ടോ വിശേഷമൊന്നുമില്ല.

ലഘുവായ ഈ സത്യം മനസ്സിലാക്കാനുള്ള കഴിവെങ്കിലും അദ്ധ്വാനിക്കുന്നവരും അവശതയനുഭവിക്കുന്നവരും നേടേണ്ടതുണ്ട്.

വിദ്യകൊണ്ട് ഉൽബുദ്ധരാകാൻ ശ്രീനാരായണൻ ഉപദേശിച്ചതും ഇതിനുവേണ്ടിയാണ്. അവശതയനുഭവിക്കുന്നവരും പിൻതള്ളപ്പെട്ടവരുമായ ആളുകൾ വിദ്യാഭ്യാസം നേടുന്നതിൽ ശ്രദ്ധവയ്ക്കണമെന്ന് ഗുരു ഉപദേശിച്ചപ്പോൾ എല്ലാപേരും കൂടി വിദ്യാഭ്യാസം നേടി സൎക്കാരുദ്യോഗസ്ഥന്മാരായിക്കൊള്ളാനാണ് അദ്ദേഹം ആഗ്രഹിച്ചിരുന്നതെന്ന് തോന്നത്തക്കവിധ

ത്തിലാണ് ജനങ്ങൾക്കു ഇന്നുകൊടുത്തിരിക്കുന്ന ധാരണ. ഒരു സർട്ടിഫിക്കററോ ഡിഗ്രിയോ സമ്പാദിക്കുക, തുടന്നു് ഒരു സക്കാരുദ്യോഗവും. ഇതാണു് എല്ലാപേരുടെയും ഇന്നത്തെ ലക്ഷ്യം. ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ ചരടു് പിടിച്ചിരിക്കുന്ന പുത്തൻ സവണ്ണരും ഈ ധാരണ ഉറപ്പിക്കുന്നതിനാണു് ശ്രമിച്ചുകാണുന്നതു്.

പിന്നോക്ക ജാതികളിൽനിന്നു് ഗവർണ്ണർ ഇല്ല. അംബാസഡർമാർ ഇല്ല. ഐ. എ. എസ്സുകാരില്ല തുടങ്ങിയവയാണു് ഇവരുടെ മുഖ്യ പരാതി.

ര: ഉയർന്ന അധികാര സ്ഥാനങ്ങളിലൊന്നും പിന്നോക്ക വർഗ്ഗക്കാക്കു് മതിയായ പ്രാതിനിധ്യം ലഭിക്കേണ്ടതില്ലെന്നാണോ ?

സ: എന്നല്ല. പക്ഷെ പിന്നോക്കവർഗ്ഗത്തിലെ തൊണ്ണൂററൊൻപതു ശതമാനം ആളുകളുടെയും ജീവന്മരണ പ്രശ്നങ്ങൾ അവഗണിച്ചിട്ടു്, അവരുടെ ഉന്നമനത്തിനുവേണ്ടി ഒരക്ഷരം പറയുന്നതിനോ, ഒരിഞ്ചു് പ്രവത്തിക്കുന്നതിനോ കൂട്ടാക്കാത്തവർ തങ്ങൾക്കു് ഉയന്ന സ്ഥാനങ്ങൾ നേടുന്നതിനുവേണ്ടിമാത്രം പിന്നോക്ക വിഭാഗത്തെ മുഴുവൻ ഇളക്കിമറിക്കാൻ ശ്രമിക്കുന്നതെന്തിനു്? ഗവർണ്ണരും അംബാസഡറും മററും ആകാൻ യോഗ്യതനേടി നില്ക്കുന്നതു് ഈ പുത്തൻ സവർണ്ണവിഭാഗത്തിലെ ആളുകളാണു്. അവരും അവരുടെ സന്തതികളും ഗവർണ്ണരോ, അംബാസഡറോ ആയാൽ ബാക്കിയുള്ള പിന്നോക്കക്കാരന്റെ എല്ലാം വയർ നിറയുമെന്നു് പ്രചരിപ്പിച്ചാൽ അതു് ഇനിയങ്ങോട്ടു് ചെലവാകുക പ്രയാസമാണു്. പിന്നോക്കക്കാരന്റെ ജനസംഖ്യ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ധാരാളം സംവരണ സ്ഥാനങ്ങൾ ഉണ്ടാവുകയും അതിലെല്ലാം ഈ ആധുനിക സവർണ്ണന്മാർക്കും അവരുടെ ബന്ധുക്കൾക്കും കയറിക്കൂടാൻ തടസ്സമുണ്ടാകാതിരിക്കുകയുംവേണം. നേരെമറിച്ചു്, സംവരണാനുകൂല്യങ്ങൾ പിന്നോക്ക വിഭാഗത്തിലെ പാവപ്പെട്ടവക്കുമാത്രമാണെന്നുവന്നാൽ ഇക്കൂട്ടക്കു് രുചിക്കുകയില്ല. നിലവിലുള്ള സംവരണരീതികൾ പരിഷ്ക്കരിക്കാൻവേണ്ടി ഈയ്യിടെ നിയുക്തമായ ഒരു കമ്മിഷൻ (നെട്ടൂർകമ്മിഷൻ) അതി

ന്റെ റിപ്പോർട്ടിൽ സംവരണം പിന്നോക്ക വർഗ്ഗത്തിലെ വരുമാനം കുറഞ്ഞവർക്കായി മാത്രം വ്യവസ്ഥചെയ്യണ മെന്നു് ശുപാർശചെയ്തിരുന്നു. പിന്നോക്ക വർഗ്ഗത്തി ന്റെ രക്ഷിതാക്കളായി അഭിനയിക്കുന്ന ആധുനിക സവ ർണ്ണർക്കു് ആ ശുപാർശ തീരെ രുചിച്ചിട്ടില്ലാ എന്നതു തന്നെ ഇവരുടെ ഗൂഢോദ്ദേശ്യങ്ങളിലേക്കു് വെളിച്ചം വീശുന്നതാണു്. കേവലം സ്വാർത്ഥതാല്പര്യപ്രചോദിത മായ ഇവരുടെ പ്രവർത്തനങ്ങൾകൊണ്ടു് പൊതുവിൽ യാതൊരു നന്മയും ഇപ്പോഴുണ്ടാകുന്നില്ലെന്നു മാത്രമല്ല അവർക്കു സ്വന്തമായി ഉണ്ടാക്കാൻ കഴിയുന്ന നേട്ടത്തി ന്റെ തോതും എത്രയും പരിതാപകരമാണു്. പഴയ സവർണ്ണ വിഭാഗം ഇന്നും കുത്തകയായിവച്ചനുഭവിക്കുന്ന യഥാർത്ഥ അധികാര സ്ഥാനങ്ങൾ പിടിച്ചെടുക്കുന്നതി നോ അവയെ തങ്ങൾക്കനുകൂലമായി നിയന്ത്രിക്കുന്ന തിനോ ഇവർക്കു് കഴിയുന്നില്ല. തങ്ങളുടെ ഗൂഢോദ്ദേശ ങ്ങളും ലക്ഷ്യങ്ങളും നേടാൻ കഴിയാതെവരുമ്പോൾ മാത്രം അനുയായികളെപ്പററി ഓർക്കുന്നവരുടെ കൂടെ അവശതയ നുഭവിക്കുന്നവർ നില്ക്കുന്നില്ലെങ്കിൽ അതിലത്ഭുതപ്പെ ടാൻ ഒന്നുമില്ല.

ര: ജാതിചിന്തവെടിഞ്ഞു്, സമൂഹത്തിലെ പാവപ്പെട്ടവർക്കു വേണ്ടി സംവരണം വ്യവസ്ഥചെയ്യണമെന്നു് ഇപ്പോൾ ശക്തിയായി വാദിക്കുന്നതു് മുന്നോക്ക സമുദായങ്ങളിലെ പ്രമാണിമാരാണു്.

സ: അതു ശരിയാണു്. പക്ഷെ ആത്മാർത്ഥതയുടെ കണിക പോലും അവരുടെ വാക്കുകളിലോ, പ്രവൃത്തിയിലോ കാണാൻ കഴിയുന്നില്ല.

ര: അതെന്താണങ്ങനെ പറയുന്നതു് ?

സ: ഉദ്യോഗ സ്ഥാനങ്ങളിലേയ്ക്കുള്ള സംവരണം സർക്കാർ പാവപ്പെട്ടവനുവേണ്ടി മാത്രമായി നീക്കിവെയ്ക്കുന്നി ല്ലെന്നു് ഇവർ മുതലക്കണ്ണീർ പൊഴിക്കുന്നു. എന്നാൽ ഇവരുടെ നിയന്ത്രണത്തിൻ കീഴിൽ ഈ രാജ്യത്തു് എത്ര യോ പൊതു സ്ഥാപനങ്ങളും ഉദ്യോഗസ്ഥാനങ്ങളു മുണ്ടു്. അവയിലെവിടെയെങ്കിലും സ്വന്തം സമുദായ ത്തിനു മാത്രമായിട്ടെങ്കിലും ഏററവും പാവപ്പെട്ടവനു

വേണ്ടി സ്ഥാനങ്ങൾ സംവരണംചെയ്യപ്പെട്ടിട്ടുണ്ടോ? സ്വന്തം വീട്ടിൽ നടപ്പാക്കാൻ കൂട്ടാക്കാത്ത സൽപ്രവൃത്തി അയൽക്കാരും കുടുംബ വീട്ടുകാരും നടപ്പാക്കുന്നില്ലെന്നു് പറഞ്ഞു് ബഹളമുണ്ടാക്കുന്നവൻെറ അപഹാസ്യചിത്രം മാത്രമാണു് ഇവർ കാഴ്ചവയ്ക്കുന്നതു്.

അദ്ധ്വാനിക്കുന്നവരും അവശതയനുഭവിക്കുന്നവരുമായ ഭൂരിപക്ഷ ജനതയുടെ സ്ഥിതി എന്നും മോശമായി തന്നെ തുടരത്തക്കവിധത്തിൽ വിദഗ്ദ്ധമായി ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്ന സമ്പ്രദായങ്ങളും അവയിലെ കുരുക്കുകളും, ശരിക്കും മനസ്സിലാക്കി അവയെല്ലാം തകർത്തു കളയേണ്ടിയിരിക്കുന്നു. അവയുടെ സ്ഥാനത്തു് കുരുക്കുകളില്ലാത്തതും, സംവിധാനം ചെയ്യപ്പെട്ട പ്രതിബന്ധങ്ങളില്ലാത്തതുമായ രീതികൾ പ്രതിഷ്ഠിക്കുവാൻ ബോധപൂർവ്വമായ ശ്രമം ഉണ്ടായേപററൂ. അതിനാവശ്യമായ കരുത്തും, അറിവും അവശതയനുഭവിക്കുന്നവൻ സ്വയം ആർജ്ജിക്കണം. സംഘടനകൊണ്ടു് ശക്തരാകാനും, വിദ്യകൊണ്ടു് ഉൽബുദ്ധരാകാനും ശ്രീനാരായണൻ അവശലക്ഷങ്ങളെ ആഹ്വാനം ചെയ്തതു് ഇതിനു വേണ്ടിയാണു്.

ര: ഇന്നു നിലവിലുള്ള സമ്പ്രദായങ്ങളിലെ കുരുക്കുകളും പ്രതിബന്ധങ്ങളുമെന്തെല്ലാമാണു്?

സ: ഇന്നു നിലവിലുള്ള ഭരണക്രമം തന്നെ പരിശോധിക്കാം. ജനങ്ങളുടെ ഭരണം, ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ നടത്തപ്പെടുകയാണല്ലോ. ഇതിൽ മൂന്നാമത്തെ ''ജനങ്ങളാൽ'' മാത്രമാണു് ഇവിടത്തെ ജനം.

ര: അതായതു് ഭരണകർത്താക്കളായ ആളുകൾ മാത്രമാണു് ജനം എന്നല്ലേ? അവർക്കു വേണ്ടിയുള്ള—അവർക്കു വേണ്ടി മാത്രമുള്ള ഭരണമാണു് ഇവിടെ നടക്കുന്നതെന്നാണോ?

ഭരണ കർത്താക്കളെന്നു പറയുമ്പോൾ മന്ത്രിമാരും, ജനപ്രതിനിധികളും, ഉദ്യോഗസ്ഥന്മാരും മററുമാണല്ലോ പ്രധാനമായിട്ടുള്ളതു്. മന്ത്രിമാരെയും ജനപ്രതിനിധികളെയും മററും തെരഞ്ഞെടുക്കുന്നതു് ജനങ്ങളാണു്. ജനങ്ങളിൽ ബഹുഭൂരിപക്ഷവും സാധാരണക്കാരും പാവപ്പെട്ടവരുമാണു്. പിന്നെ, ഉദ്യോഗസ്ഥന്മാരിലും സാധാ

രണക്കാരായ ആളുകൾ ഇപ്പോൾ ധാരാളമുണ്ട്. അപ്പോൾ പിന്നെ ഭരണം, ഭരിക്കുന്നവരുടെയും സമ്പന്ന വർഗ്ഗത്തിന്റെയും മാത്രം താല്പര്യം കണക്കിലെടുത്തുകൊണ്ടാണെന്നു പറയുന്നതു് ശരിയാകുന്നതെങ്ങിനെ?

സ: താണനിലയിലുള്ള ഉദ്യോഗ സ്ഥാനങ്ങളിൽ സാധാരണക്കാർ ധാരാളം പേർ ഉണ്ടായെന്നുവരാം. പക്ഷെ അവർക്കു് ഉദ്യോഗസ്ഥന്മാരെന്ന നിലയിൽ എന്തധികാരമാണുള്ളതു്? ഇനി, ഒരു പക്ഷെ അവരുടെ സംഘടനാശക്തിയെപ്പററിയാണു് സൂചിപ്പിക്കുന്നതെങ്കിൽ അതിനെപ്പററി പിന്നീടു് ചിന്തിക്കാം

ആദ്യമായി ജനങ്ങളോടുത്തരവാദിത്വമുള്ള, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെയും മററും കാര്യമെടുക്കാം. നാട്ടു് സ്വാതന്ത്ര്യത്തിന്റെ രജതജൂബിലിയാഘോഷിക്കുന്ന ഈ കാലഘട്ടത്തിൽ രാജ്യത്തുള്ള മൊത്തം ജനസംഖ്യയിൽ, കഷ്ടിച്ചു് എഴുതാനും വായിക്കാനും മാത്രമറിയാവുന്നവരുൾപ്പെടെ, സാക്ഷരത്വമുള്ളവരുടെ സംഖ്യ കേവലം മുപ്പതു ശതമാനത്തിനു താഴെയാണു്. അന്ധകാരത്തിലും അജ്ഞതയിലും ആണ്ടുകിടക്കുന്ന ഈ ബഹുഭൂരിപക്ഷം ജനങ്ങളുടെ നാമധേയത്തിൽ ഇവിടെ നടക്കുന്ന ജനകീയ ഭരണം ജനസംഖ്യയുടെ കേവല ന്യൂനപക്ഷത്തിനുമാത്രം ഗുണം ചെയ്യുന്നതായാൽ അതിനൊരു തടയിടാൻ ആരുണ്ടിവിടെ?

ര: ഇവിടെയുള്ള നേതാക്കന്മാരിൽ ചിലരെങ്കിലും അതിനു വേണ്ടി ശ്രമിക്കുന്നവരായിട്ടില്ലേ?

സ: ഏതെങ്കിലും നേതാവിനോ, അദ്ദേഹത്തിന്റെ നിയന്ത്രണത്തിൻ കീഴിലുള്ളവർക്കോ അധികാരം നഷ്ടപ്പെടുമ്പോഴും, സുഖ സൗകര്യങ്ങൾക്കു് കോട്ടം തട്ടുമ്പോഴും ചില ശബ്ദകോലാഹലങ്ങൾ ഉണ്ടാകുന്നു. ഈ കോലാഹലങ്ങളെല്ലാം പാവപ്പെട്ടവനെ ഉദ്ധരിക്കാൻ വേണ്ടിയാണത്രെ. നാട്ടിലെ സമ്പത്തും, അധികാരാവകാശങ്ങളും പങ്കിട്ടെടുക്കുന്നതിൽ മാത്രം ശ്രദ്ധാലുക്കളാണു് സമൂഹത്തിലെ മേലെത്തട്ടിലെ ആളുകൾ. ആ പങ്കിടലിൽ ഏററക്കുറവുകൾ ഉണ്ടാവുകയോ, ആശാഭംഗം നേരിടുകയോ ചെയ്താൽ ചില മുറുമുറുപ്പുകളും, ചീററലുകളും

പൊട്ടിത്തെറിക്കലുകളും കേരം കാം. പക്ഷെ ഇവയെല്ലാം അദ്ധ്വാനിക്കുന്ന വിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി യുള്ള സന്ധിയില്ലാ സമരങ്ങളുടെ ഭാഗങ്ങളായാണു് ചിത്രീകരിക്കപ്പെടുന്നതു്.

ര: ജന പ്രതിനിധികളെ തിരഞ്ഞെടുക്കുമ്പോരം തങ്ങളുടെ താല്പര്യങ്ങരം ഒററു കൊടുക്കാത്തവരും വിശ്വസിക്കാൻ കൊള്ളുന്നവരുമായവരെ മാത്രം തിരഞ്ഞെടുത്തയയ്ക്കാൻ ജനങ്ങരംക്കു് പൂണ്ണ സ്വാതന്ത്ര്യമുണ്ടു്. വോട്ടിന്റെ എണ്ണ ത്തിന്റെ കാര്യത്തിൽ സാധാരണക്കാരനെ വെല്ലുവാൻ മററാർക്കും കഴിയുകയുമില്ലല്ലോ.

സ: സാധാരണക്കാരന്റെ വോട്ടുകരം തന്ത്രപൂവ്വം ഛിന്നി പ്പിച്ചു് പ്രയോജന രഹിതമാക്കുന്ന വിദ്യ നാം നേരത്തെ ചർച്ച ചെയ്തു. ഇവിടത്തെ തിരഞ്ഞെടുപ്പു മത്സരങ്ങരം നമുക്കു് നേരിട്ടറിയാവുന്നതാണു്. പണം കൊണ്ടുള്ള മത്സരമല്ലാതെ മറെറാരു മത്സരവും ഇവിടെയില്ല. ജന പ്രതിനിധിയായി നിയമ സഭയിലോ ലോക സഭയി ലോ തിരഞ്ഞെടുക്കപ്പെടാനാഗ്രഹിക്കുന്ന ഏതൊരാളും കുറഞ്ഞതു് അൻപതിനായിരം രൂപയെങ്കിലും ചെലവാ ക്കാൻ കഴിവുള്ള ആളായിരിക്കണമെന്നതാണു് ഇന്നത്തെ സ്ഥിതി. തിരഞ്ഞെടുപ്പുകളെല്ലാം ഒരു തരം ഉത്സവമായി ട്ടാണു് ആഘോഷിക്കപ്പെടുന്നതു്. ധാരാളം പണം ചെല വാക്കി കെങ്കേമമായി ഉത്സവം നടത്താൻ ബാധ്യസ്ഥ രാണു് സ്ഥാനാത്ഥികരം. കഥാപ്രസംഗം, ഓട്ടൻതുള്ളൽ തുടങ്ങി കമ്പക്കെട്ടുവരെയുള്ള പരിപാടികളുണ്ടാകും. കൂട്ടത്തിൽ, രാഷ്ട്രീയം ഉപ ജീവന മാഗ്ഗമായി സ്വീക രിച്ചിരിക്കുന്നവരുടെ കാലക്ഷേപത്തിനുള്ള പിരിവും ഉണ്ടാകും.

ആത്മാത്ഥതയോ, ആദർശ സ്ഥിരതയോ, സേവന മനസ്ഥിതിയോ ഒന്നും ഒരു ജന പ്രതിനിധിക്കാവശ്യമി ല്ലാത്ത കാര്യങ്ങളാണിപ്പോരം. തിരഞ്ഞെടുപ്പിൽ മത്സ രിക്കണമെങ്കിൽ ആരം സാമാന്യം സമ്പാദ്യക്കാരനായി രിക്കണം. അല്ലെങ്കിൽ തനിക്കു വേണ്ടി പതിനായി രങ്ങരം മുടക്കാൻ കഴിവും താല്പര്യവുമുള്ള ബന്ധുജന ങ്ങളോ, അഭ്യുദയ കാംക്ഷികളോ ഉണ്ടായാലും മതി. കൂട്ട

ത്തിൽ പാവപ്പെട്ടവരെ പ്രലോഭിപ്പിക്കാനുള്ള സാമത്ഥ്യം സ്വന്തമായുണ്ടായിരിക്കുകയോ, ആ സാമത്ഥ്യം കലയായിത്തന്നെ അഭ്യസിച്ചിട്ടുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളേതെങ്കിലും പിന്നിലുണ്ടായിരിക്കുകയോ വേണം.

ഇത്രയും പറഞ്ഞതിൽ നിന്നു് ജനാധിപത്യം ഇന്നു് ഏതു വർഗ്ഗത്തിൻെറ ആധിപത്യമാണെന്നു് മനസ്സിലാക്കിയില്ലേ?

അമ്പതിനായിരങ്ങൾ മുടക്കി ജനപ്രതിനിധിയായവർക്കു് തങ്ങളുടെ നഷ്ടം നികത്തിയെടുക്കണം. തനിക്കു വേണ്ടി പണം മുടക്കിയവരുടെ നഷ്ടം നികത്തിക്കൊടുക്കുക മാത്രമല്ല ലാഭം ഉണ്ടാക്കിക്കൊടുക്കുകയും വേണം. ഇതിനെല്ലാം പുറമെ സ്വന്തം രാഷ്ട്രീയ കക്ഷിക്കു് പണമുണ്ടാക്കിക്കൊടുക്കണം. ഈ കൃത്യാന്തര ബഹുലതയ്ക്കിടയിൽ സാധാരണ ജനങ്ങളെപ്പററിയും, പൊതു നന്മയെപ്പററിയുമൊക്കെ ഓർമ്മിക്കാൻ സമയമെവിടെ?

ര: അധഃസ്ഥിതരായ സാധാരണ ജനങ്ങൾക്കു് സ്വാതന്ത്ര്യവും ജനാധിപത്യവും കൊണ്ടുണ്ടായിരിക്കുന്ന നേട്ടങ്ങൾ, കൂടെക്കൂടെയുള്ള തിരഞ്ഞെടുപ്പുത്സവങ്ങളും, സമ്പത്തിനും അധികാരത്തിനും വേണ്ടിയുള്ള മേലാളരുടെ മൽപ്പിടിത്ത മഹോത്സവങ്ങളും കാണാമെന്നതു മാത്രമാണു്. ഭരണം നടത്തുന്ന ഉദ്യോഗസ്ഥന്മാരും അവരെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നുവെന്നവകാശപ്പെടുന്ന നേതാക്കളും പണക്കാരോ അവരുടെ ആജ്ഞാനുവത്തികളോ ആണെന്ന ചുരുക്കം.

സ: പൂച്ചയെ എങ്ങനെയൊക്കെ കറക്കി മുകളിലേക്കെറിഞ്ഞാലും അവസാനം അതു് തറയിലെത്തുമ്പോൾ യാതൊരു തകരാറും സംഭവിക്കാത്തവിധത്തിൽ നാലു കാലും കുത്തി തറയിൽ നില്ക്കുമെന്നു കേട്ടിട്ടുണ്ടോ? അതു തന്നെയാണു് പണക്കാരുടെയും കാര്യം. തൊഴിലാളിയെ രക്ഷിക്കാനായി മുതലാളിയെ ഞെക്കിപ്പിഴിയുന്നതായും, മുതലാളിത്തത്തെയും ജന്മിത്തത്തെയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തേയും കടപുഴക്കി എറിയാൻ തുടങ്ങുന്നതായും ചൂടുള്ള, ആവേശകരങ്ങളായ ധാരാളം പ്രഖ്യാപനങ്ങൾ നാം കേൾക്കും, അതിനുവേണ്ടി വിപ്ലവകര

മായ നിയമങ്ങളും പട്ടങ്ങളും ഉണ്ടാക്കിയതായും, ബില്ലുകൾ പാസ്സാക്കിയതായും നാം അറിയും. പക്ഷെ അവസാനം മുതലാളിയും, ജന്മിയും, ഉദ്യോഗസ്ഥ പ്രമുഖന്മാരെല്ലാം പൂർവ്വാധികം ഉന്മേഷവാന്മാരായി അവരുടെ പഴയ ഉറച്ചകാലിൽ തന്നെ നില്ക്കുന്നതും കാണാം.

ര: അതെന്താണങ്ങനെ സംഭവിക്കുന്നതു്?

സ: മീൻപിടിത്തക്കാരനിൽനിന്നും കുളത്തിലെ മത്സ്യങ്ങളെ രക്ഷിക്കുന്നതിനുള്ള ചുമതല സ്വയം ഏറ്റെടുത്ത കൊക്കിന്റെ കഥ കേട്ടിട്ടുണ്ടോ? അതേ കഥയാണിവിടെയും നടക്കുന്നതു്. അധഃസ്ഥിതരും ചൂഷിതരുമായ ജനവിഭാഗത്തെ ചൂഷകവർഗ്ഗത്തിൽനിന്നു് മോചിപ്പിക്കാനുള്ള ചുമതല സ്വയം ഏറ്റെടുത്തിരിക്കുന്നതു് ഇവിടത്തെ ചൂഷകവർഗ്ഗത്തിന്റെ പ്രതിനിധികൾതന്നെയാണു്. എല്ലാ അധികാരസ്ഥാനങ്ങളിലും അവർ തന്ത്രപൂർവ്വം കയറിക്കൂടുന്നു. അനുദ്യോഗസ്ഥതലങ്ങളിലാണെങ്കിൽ സാഹചര്യത്തിനു് പററിയ ഉടുപ്പുകൾമാത്രം മാററിയിടും. പരിവർത്തനത്തിന്റെയും വിപ്ലവത്തിന്റെയും വേണ്ടിവന്നാൽ അതിവിപ്ലവത്തിന്റെയും കുപ്പായങ്ങൾ അവർ മാറി മാറി ധരിക്കും. സ്വന്തം രക്തവും ജീവനും മതിയാകാത്തതുകൊണ്ടായിരിക്കാം, ചുററും നില്ക്കുന്നവരുടെ ജീവനും രക്തവും നല്കിയെങ്കിലും "സോഷ്യലിസം'' ഈ മണ്ണിൽ കൊണ്ടുവന്നേയടങ്ങൂ വെന്നു് ഓരോരുത്തരും കച്ചകെട്ടിയിറങ്ങിയിരിക്കുന്നതു്.

എഴുതാനും വായിക്കാനുമറിയാത്ത എഴുപതു ശതമാനവും ചിന്തിക്കാനും കാര്യങ്ങൾ ശരിയായി ഗ്രഹിക്കാനും സമയം കിട്ടാത്ത മറെറാരു് ഇരുപതു ശതമാനവും ചേർത്തു് തൊണ്ണൂറു് ശതമാനം ആളുകളും ഇതെല്ലാംകണ്ടു് കണ്ണു മിഴിക്കാതെന്തുചെയ്യും? കാട്ടാളരിൽ കേമൻ കാപ്പിരിയെന്നു് നിനച്ചു് ഇവരിലാരെയെങ്കിലും അനുഗ്രഹിക്കയല്ലാതെ ജനത്തിനു വേറെ പോംവഴിയൊന്നുമില്ല.

## 5. വെള്ളയുടുപ്പുകാരുടെ വിപ്ലവം

സ: ഇനി ഉദ്യോഗസ്ഥന്മാരുടെ കാര്യമെടുക്കാം. അവരിൽ താഴെക്കിടയിലുള്ളവരുടെ കൂട്ടത്തിൽ സാധാരണക്കാരുടെ എണ്ണം ഗണ്യമാണെന്നു് സമ്മതിക്കാം. പക്ഷെ, അധികാര വിനിയോഗത്തിൻെറ കാര്യത്തിൽ അവക്കു് നിർണ്ണായകസ്ഥാനമൊന്നുമില്ല. എന്നാൽ അവരുടെ സംഘടനാശക്തി കണക്കിലെടുക്കേണ്ട ഒരു വസ്തുതയാണു്.

അധികാരം കൈയടക്കി വച്ചിരിക്കുന്ന ചൂഷകരായ ന്യൂനപക്ഷത്തിൻെറയും, ചൂഷിതരും അധ:സ്ഥിതരുമായ മഹാഭൂരിപക്ഷത്തിൻെറയും ഇടയ്ക്കുള്ള ഒരു സ്ഥാനത്താണു് ഇവരുടെ നില. നാട്ടിലെ ഭൂരിപക്ഷം ജനങ്ങളും ദാരിദ്ര്യത്തിൻെറ പിടിയിലാണു്. ചൂഷകവർഗ്ഗാധികാരികൾ സ്വന്തം നില ഭദ്രമാക്കുന്നതിനുദ്ദേശിച്ചുകൊണ്ടു് അർദ്ധമനസ്സോടെ ഈ ദരിദ്രലക്ഷങ്ങളോടു് ചില വിട്ടുവീഴ്ചകൾ കാണിക്കുന്നു. അതിൻെറ ഫലമായി എന്തെങ്കിലും ആശ്വാസം കിട്ടുന്ന നടപടികളുണ്ടായാൽ അവയെ ത്വരിതപ്പെടുത്തുന്നതിനോ, ചുവപ്പുനാടയുടെ അടിയിൽനിന്നു് അവയെ ഇളക്കിയെടുത്തു് അവയുടെ ഫലം ദരിദ്രനാരായണന്മാക്കു് പെട്ടെന്നെത്തിച്ചുകൊടുക്കുന്നതിനോ ഈ തൊഴിലാളി പ്രേമികൾക്കശേഷം താല്പര്യമില്ല. അതിനുവേണ്ടി തങ്ങളുടെ ജോലിയിൽ കൂടുതൽ ആത്മാർത്ഥതയും ശുഷ്കാന്തിയും കാണിക്കണമെന്നോ, കൂടുതൽ ജോലിചെയ്തു് ത്യാഗം സഹിക്കണമെന്നോ സൂചനയുണ്ടായാൽ തങ്ങളുടെ ദുരഭിമാനവും, പൊളിഞ്ഞുകൊണ്ടിരിക്കുന്ന അന്തസ്സും പൊക്കിക്കാണിച്ചു് സാധാരണക്കാരൻേറയും അവൻെറ ശോചനീയാവസ്ഥയുടേയും നേക്കു് സ്വകാര്യമായ പുഛമനോഭാവമായിരിക്കും പ്രകടിപ്പിക്കുന്നതു്. പാവപ്പെട്ട ഒരു തൊഴിലാളിയോ കർഷകനോ തൻെറ ഏതെങ്കിലുമൊരാവശ്യം പ്രമാണിച്ചു് ഏതെങ്കിലുമൊരാഫീസിൽ

ചെന്നാലത്തെ അനുഭവമെന്താണ്? പാവപ്പെട്ടവൻെറ മക്കറം പള്ളിക്കൂടങ്ങളിൽ ചെന്നാൽ മിക്ക അദ്ധ്യാപകരില്ലം നിന്നുണ്ടാകുന്ന അനുഭവമെന്താണ്? സമൂഹത്തിൽ അവൻെറ നില ശോചനീയമായതിന് അവൻ മാത്രമല്ല കാരണക്കാരനെന്നതു് കണക്കിലെടുത്തെങ്കിലും അല്പം ദയയോ, സഹാനുഭൂതിയോ പ്രകടിപ്പിക്കാനുള്ള സൗമനസ്സ്യം അവിടെയുണ്ടോ?

തങ്ങളുടെ യജമാനന്മാരുടേയും മററു മേലാളന്മാരുടേയും കാവൽ ഭടന്മാരാണ് ഉദ്യോഗസ്ഥന്മാർ. ആഫീസിൻെറ അന്തസ്സ്, വിദ്യാഭ്യാസത്തിൻെറ അന്തസ്സ് ഇവയുടെയൊക്കെ സൂക്ഷിപ്പുകാരാണിവർ. ഈ അന്തസ്സുകളെല്ലാം ഇവിടത്തെ പണക്കാരൻെറ അന്തസ്സുമായി ബന്ധപ്പെട്ടവയുമാണ്.

എന്നാൽ തങ്ങളുടെ യജമാനന്മാരിൽ നിന്നു് സന്തോഷപ്രദങ്ങളല്ലാത്ത അനുഭവങ്ങളുണ്ടാകുമ്പോഴും വർദ്ധിച്ച ജീവിത ചെലവിൻെറ ഭാരം ലഘൂകരിക്കുന്നതിന് യജമാനന്മാരിൽ നിന്നു് ചില എല്ലിൻകഷണങ്ങറം നേടാൻ വിലപേശുമ്പോഴും ഇതേ ആളുകറം കർഷക തൊഴിലാളി വർഗ്ഗത്തിൻേറയും വിദ്യാർത്ഥി സമൂഹത്തിൻേയും കൂടപ്പിറവികളായി മാറും. ഈ തക്കം നോക്കി സമ്പന്നരും അവരുടെ വരുതിയിൽ പ്രവർത്തിക്കുന്ന അധികാരികളും കൂടി അവരുടെ തന്നെ ചൂഷണത്തിനു വിധേയരായ പാവപ്പെട്ടവരെ ഈ ഉദ്യോഗസ്ഥന്മാർക്കെതിരെ തിരിച്ചുവിടാനുള്ള പ്രചരണവും ആരംഭിക്കും. പാവപ്പെട്ടവൻെറ എത്രയും മോശപ്പെട്ടസ്ഥിതിയും ഇടത്തരക്കാരായ ഉദ്യോഗസ്ഥന്മാരുടെ അല്പം കൂടി മെച്ചപ്പെട്ട സ്ഥിതിയും തമ്മിൽ താരതമ്യം ചെയ്തുള്ള പ്രഖ്യാപനങ്ങറം നടത്തുന്നതും ഇത്തരുണത്തിലാണ്. ഈ തന്ത്രം ഉപയോഗിച്ചു് വെള്ള ഉടുപ്പിട്ട ഈ വിപ്ലവക്കാർക്കു് കൊടുക്കുന്ന ആനുകൂല്യം കേവലം ചില്ലറ പൈസയിൽ ഒതുക്കി നിറുത്താനും ബന്ധപ്പെട്ടവർക്കു് കഴിയുന്നു. അങ്ങനെ ദിവസമൊന്നിന് പത്തോ മുപ്പതോ പൈസ കൂടുതൽ കൊടുക്കാമെന്നു് യജമാനന്മാർ സമ്മതിച്ചുകഴിഞ്ഞാലുടൻ തൊഴിലാളിക്കുപ്പായം ഊരിക്കളഞ്ഞിട്ടു് വീണ്ടും പഴയ

പടി മേലാളരുടെ വിശ്വസ്ത കാവൽ ഭടന്മാരും, സമൂഹത്തിൽ പ്രത്യേക പദവി അർഹിക്കുന്നവരുമായി ഇവർ മാറിക്കഴിയും.

സ്വന്തം കഴിവും സംഘടനാ ശക്തിയും സ്വന്തമായി എല്ലിൻകഷണങ്ങൾ നേടുന്നതിനു വേണ്ടിയല്ലാതെ തങ്ങളും കൂടി ഉൾപ്പെടുന്ന ജനസാമാന്യത്തിന്റെ പൊതു നന്മയ്ക്കും അതിൻവേണ്ടിയുള്ള അടിസ്ഥാനപരമായ മാററങ്ങൾ കൈവരുത്തുന്നതിനും വേണ്ടി ഉപയോഗിക്കുവാൻ ഇവർ ഇന്നുവരെ തയ്യാറായിട്ടില്ല. സ്വന്തം കാര്യലാഭത്തിനുവേണ്ടി തൊഴിലാളി വിദ്യാർത്ഥി ഐക്യം വിളിച്ചു കൂവുന്ന ഇവരോട് തൊഴിലാളിയുടെ നന്മയ്ക്കു വേണ്ടി കേവലം പത്തു പൈസയുടെ ത്യാഗം സഹിക്കാനോ, വിദ്യാർത്ഥികൾക്കുവേണ്ടി പത്തു മിനിട്ടു് കൂടുതൽ ജോലി ചെയ്യാനോ ആവശ്യപ്പെട്ടാൽ ഇവരുടെ തനി നിറം വെളിപ്പെടും.

വെയിലും മഴയും കൂട്ടാക്കാതെ, സമയക്ലിപ്തിയില്ലാതെ ജോലി ചെയ്യുന്ന കൃഷിപ്പണിക്കാരൻ രാജ്യ നന്മയ്ക്കു വേണ്ടി കൂടുതൽ ത്യാഗം സഹിക്കാനും, ആത്മാർത്ഥത കാണിക്കാനും ആഹ്വാനം ചെയ്യപ്പെടുന്നു. എന്നാൽ രാജ്യം മുഴുവൻ തങ്ങളുടെ തോളിലാണെന്നു് സ്വയം പ്രഖ്യാപിക്കുന്ന വെള്ളക്കാളർ ജോലിക്കാരനും അവന്റെ താല്പര്യങ്ങൾ ചോരാതെ നോക്കുന്ന നേതാവിനും ഈ ഗുണങ്ങളൊന്നും ഉണ്ടായിരിക്കണമെന്നില്ലത്രെ! പാവപ്പെട്ടവരും അജ്ഞരുമായ രക്ഷാകർത്താക്കളുടെ കുഞ്ഞുങ്ങൾ സ്കൂൾ വിദ്യാഭ്യാസകാര്യത്തിൽ ഒന്നാം തലമുറക്കാരാണു്. ആവശ്യമായ അടിസ്ഥാനമോ, അനുകൂലാന്തരീക്ഷമോ മററനുകൂല സാഹചര്യങ്ങളോ അവർക്കില്ലെന്നതാണു് സ്ഥിതി. അങ്ങനെയുള്ളവർക്കുവേണ്ടി ആഴ്ചയിൽ ഏതാനും മണിക്കൂർ ഓരോ അദ്ധ്യാപകനും കൂടുതലായി പണിയെടുക്കണമെന്നാവശ്യപ്പെട്ടുനോക്കൂ. തൊഴിലാളി വർഗ്ഗസ്നേഹവും, അധഃസ്ഥിതരോടുള്ളകൂറും ശരിക്കും വെളിപ്പെടുന്നതു് അപ്പോഴായിരിക്കും. സംഘടനാ ശക്തിയുടെ ഊക്കും, കാര്യശേഷിയും, നിയമജ്ഞാനവും പ്രകടമാകുന്നതു് ഇത്തരം സന്ദർഭങ്ങളിലാണു്.

ര: ചുരുക്കിപ്പറഞ്ഞാൽ, സ്വന്തം വരുമാനത്തിൽ പത്തോ പതിനഞ്ചോ പൈസയുടെ വർദ്ധനവുണ്ടാക്കുന്നതിനോ, സ്വന്തം കടമകഠം ശരിയാംവണ്ണം നിറവേററാതെ ഉഴപ്പുന്നതിനോ മാത്രമാണ് അവക്കു സംഘടന. രാജ്യതാല്പര്യവും, പൊതുനന്മയും മററും ഇവരെ തൊട്ടുതീണ്ടിയിട്ടുമില്ല.

സ: രാജ്യതാല്പര്യമെന്നാൽ അവരുടെ മാത്രം താല്പര്യം. പൊതുനന്മയെന്നാൽ അവരുടെ മാത്രംനന്മ. പരിവത്തനം എന്നാൽ അവരുടെ നിലമെച്ചപ്പെടുത്തുന്നതിനുള്ള മാററം. ഇതൊക്കെയാണ് ഇവരുടെ തത്വശാസ്ത്രങ്ങഠം.

ഇനി, അധികാരം കേന്ദ്രീകരിച്ചിരിക്കുന്ന ഉയന്ന ഉദ്യോഗസ്ഥന്മാരുടെ കാര്യം നോക്കാം.

ര: ഐ. എ. എസ്സ്. വിഭാഗത്തിലും മററുമുള്ള ഉന്നതന്മാരെപ്പററിയാണോ സൂചിപ്പിക്കുന്നതു്?

സ: ഐ. എ. എസ്സുകാരുഠംപ്പെടെ നമ്മുടെ നാട്ടിൽ ഉയർന്ന ഉദ്യോഗങ്ങളിലിരിക്കുന്നവരെല്ലാം തന്നെ സമ്പന്നവഗ്ഗത്തിൽപ്പെട്ടവരോ അവരുടെ തൊലി കടം വാങ്ങിയവരോ ആണു്. സിവിഠം ഭരണവിഭാഗത്തിലായാലും നീതിന്യായ വകുപ്പിലായാലും, പോലീസു് പട്ടാള വിഭാഗങ്ങളിലായാലും ഉയന്ന സ്ഥാനങ്ങളെല്ലാം പഴയതും പുതിയതുമായ സവണ്ണ സമ്പന്നവിഭാഗക്കാരുടെ കുത്തകയല്ലേ? ജനാധിപത്യം നിലനില്ക്കുന്ന ഒരു രാജ്യത്തു് അതിൻെറ രജതജൂബിലി ആഘോഷിക്കുന്ന കാലഘട്ടത്തിൽപോലും ഈ സ്ഥിതിവിശേഷം തുടരുന്നതിൻെറ അത്ഥമെന്താണു്?

ര: ഏതു് ഔദ്യോഗിക സ്ഥാനത്തേക്കും മത്സരിക്കാനും വിജയിക്കാനും ഏതൊരു ഇൻഡ്യൻ പൗരനും സ്വാതന്ത്ര്യമുണ്ടു്. അപ്പോഠം പിന്നെ സമ്പന്നവിഭാഗത്തിലുള്ളവക്കു് അവരുടെ ഈ കുത്തക എന്നെന്നും നിലനിറുത്താൻ സാധിക്കുകയില്ലല്ലോ?

സ: നമ്മുടെ നാട്ടിൽ 99% പേരും സാധാരണക്കാരാണു്. എന്നാൽ ഉയന്ന ഔദ്യോഗിക സ്ഥാനങ്ങളിലേക്കും പദവികളിലേക്കുമുള്ള തിരഞ്ഞെടുപ്പിൽ വിജയിച്ചുവരുന്നവർ മുഴവൻ ശേഷിച്ച ഒരു ശതമാനം മാത്രമുള്ള ഉൽ

കൃഷ്ടവർഗ്ഗത്തിൽ നിന്നുമാണെന്നു് വന്നിരിക്കുന്നതു് എന്തു കൊണ്ടാണു്? ഇതിൽ എന്തോ ഒരു പന്തികേടില്ലേ?

ര: ഏതു വിഭാഗത്തിൽപ്പെട്ടവരായാലും മിടുക്കന്മാരും സമത്ഥന്മാരുമായവർ മാത്രമല്ലെ തിരഞ്ഞെടുക്കപ്പെടുന്നുള്ളു. അങ്ങനെതന്നെയല്ലേ വേണ്ടതും?

സ: അവസരസമത്വമുണ്ടെന്നു് പറയുന്നു. 99% വരുന്ന ജന വിഭാഗത്തിൽ സമത്ഥന്മാർ മിക്കവാറും ഒരിക്കലും ഉരംപ്പെട്ടുവരുന്നില്ല. എന്നാൽ സമത്ഥന്മാർ മുഴുവൻ ഒരു ശതമാനം മാത്രമുള്ള ന്യൂനപക്ഷ വിഭാഗത്തിൽ ഉരംപ്പെട്ടുവരികയും ചെയ്യുന്നു. എന്തൊരു മായാവ്യവസ്ഥയിലാണിങ്ങനെ സംഭവിക്കുന്നതു്?

അധികാരം യഥാത്ഥത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന എല്ലാ ഉയർന്ന സ്ഥാനങ്ങളും ഇവിടത്തെ ഉൽകൃഷ്ട വർഗ്ഗത്തിൻെറ കുത്തകയായിരിക്കാനും അതങ്ങനെതന്നെ തുടർന്നും നിലനില്ക്കുന്നതിനുമാവശ്യമായ എല്ലാ സൂത്രപ്പണികളും രംഗസജ്ജീകരണങ്ങളും ഒരുക്കപ്പെട്ടിട്ടുണ്ടു് എന്നതാണു് സത്യം.

ര: അതെന്തു് സൂത്രമാണു്? തിരഞ്ഞെടുപ്പിലും മററും കൃത്രിമം കാണിക്കുമെന്നാണോ?

സ: കൃത്രിമങ്ങരം കാണിക്കാതെതന്നെ കാര്യങ്ങരം അവരാഗ്രഹിക്കുന്ന രീതിയിലേ വരൂ എന്നുറപ്പുള്ളപ്പോരം കൃത്രിമത്തിൻെറ ആവശ്യമെന്താണു്?

ഐ. എ. എസ്സ്., ഐ. എഫ്. എസ്സ്. തുടങ്ങിയ ഉന്നതസ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൻെറ കാര്യം തന്നെയെടുക്കാം. ഈ തിരഞ്ഞെടുപ്പുകരം സംവിധാനം ചെയ്യുന്നവരും അതിൻെറ ചുമതലക്കാരുമെല്ലാം തന്നെ തലമൂത്ത ഐ. എ. എസ്സ്. കാരോ മറേറതെങ്കിലും "എസ്സ്" കാരോ ആയിരിക്കും. ഈ "—എസ്സ്" കാരുടെ മക്കളും മരുമക്കളുമെല്ലാം പ്രത്യേകമായി "ഐ. എ. എസ്സ്. അന്തരീക്ഷത്തിൽ" വളരുന്നവരും പരിശീലിപ്പിക്കപ്പെടുന്നവരുമാണു്. രാജാക്കന്മാരും പ്രഭുക്കന്മാരുമൊക്കെ പണ്ടുകാലത്തു് ചെയ്തിരുന്നതുപോലെ പ്രത്യേക കാർണറുകളും 'നഗറുകളും' നിർമ്മിച്ചു് സാധാരണക്കാരിൽ

നിന്നും മാറിയകന്നാണ് ഇവരുടെയൊക്കെ താമസവും. കൂട്ടത്തിൽ, പുതുതായി സവർണ്ണത്തൊലി സമ്പാദിച്ച ഒന്നോ ഒരു മുറിയോ പുത്തൻ കൂററുകാരും കണ്ടേന്നുവരും. ഇവർക്കുവേണ്ടി പ്രത്യേക സ്കൂളുകൾ, അത്തരം സ്കൂളുകൾ ഒരു പട്ടണത്തിലില്ലെങ്കിൽ മറെറാരു പട്ടണത്തിലോ അല്ലെങ്കിൽ മറെറാരു രാജ്യത്തോ ഉണ്ടായിരിക്കും. പബ്ലിക് സ്കൂൾ, റെസിഡൻഷ്യൽസ്കൂൾ തുടങ്ങിയ പ്രത്യേകതരം സ്കൂളുകൾ ജനാതിപത്യഇന്ത്യയിൽ ഇന്നും ഉണ്ട്. ബ്രിട്ടീഷുകാരൻെറ ഭരണം ഇവിടെ നില നിന്നിരുന്നപ്പോഴുണ്ടായിരുന്ന അതേ പ്രൗഢിയോടും ഉദ്ദേശ്യത്തോടും കൂടിതന്നെ അവ നടത്തപ്പെടുകയും ചെയ്യുന്നു. വെള്ളഭരണ വർഗ്ഗത്തിലെ കുട്ടികളുടെ സ്ഥാനം കറുത്ത ഭരണവർഗ്ഗത്തിലെ കുട്ടികൾ കൈയ്യടക്കിയെന്ന ഒരു വ്യത്യാസമേയുള്ളു. കൂട്ടത്തിൽ, പാവപ്പെട്ടവൻെറ കണ്ണിൽ പൊടിയിടുന്നതിനും, ജനാധിപത്യത്തെ തൊട്ടാണയിടുന്നതിനുംവേണ്ടി പേരിനു് ഒന്നോ രണ്ടോ പാവപ്പെട്ട കുട്ടികളെയും കൂടി ഇതിൽഉൾപ്പെടുത്തിയെന്നു വരും. എന്നിട്ടതിനു് വലിയ പരസ്യവും നല്കും. സമ്പന്നന്മാർക്കു വേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ള അവിടത്തെ പ്രത്യേക അന്തരീക്ഷത്തിൽ വീർപ്പുമുട്ടിയും, ഒററപ്പെട്ട നിലയിലും ഈ പാവങ്ങൾ ഒടുവിൽ കൊഴിഞ്ഞുപോ യാൽ അതിനു് യാതൊരു പരസ്യവും ഉണ്ടാവുകയുമില്ല.

സ്വീകരിക്കുന്നതു് കൊട്ടും വെടിയുമായിട്ടു്, പുറം തള്ളുന്നതു് ചെവിക്കു ചെവി അറിയാതേയും.

ര: ഇക്കൊല്ലത്തെ അഖിലേന്ത്യാ പ്രദർശനത്തിൽ ഗവ: വക ഒരു പരസ്യം കണ്ടു. രണ്ടുപേരുടെ, അച്ഛൻെറയും, മകൻേറയും ചിത്രം പ്രദർശിപ്പിച്ചിട്ടു് "തുറമുഖത്തൊഴി ലാളിയും ഐ. എ. എസ്സുകാരനായ മകനും" എന്നെഴുതി യിരുന്നു. ഇന്ത്യസ്വതന്ത്ര്യയായി ഇരുപത്തഞ്ചുകൊല്ലം കഴിഞ്ഞപ്പോഴുണ്ടായ നേട്ടങ്ങളിലൊന്നായിട്ടാണു് ഇതു് പ്രദർശിപ്പിച്ചിരുന്നതു്.

സ: ഉൽകൃഷ്ടവർഗ്ഗത്തിലെ ആയിരംപേർ ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാരാകുമ്പോൾ സാധാരണക്കാരുടെ കൂട്ട ത്തിൽനിന്നും ഒന്നോ ഒരു മുറിയോ ഐ.എ.എസ്സ്.കാരനു

ണ്ടായാൽ അതിനു വലിയ ചുവർ പരസ്യമാണ്. ഇതാണ് സ്വാതന്ത്ര്യത്തിൻെറ നേട്ടമെങ്കിൽ ഇതിനെക്കാറം വലിയ നേട്ടം പഴയ രാജവാഴ്ചക്കാലത്തുപോലു മുണ്ടായിട്ടുണ്ടല്ലോ.

ര: അതേതാണ്?

സ: കേശവൻ എന്ന ഊരും പേരുമില്ലാത്ത ഒരനാഥ ബാലൻ വലിയ ദിവാൻജി രാജാകേശവദാസനായത് രാജവാഴ്ച കാലത്തല്ലേ? ആ ഒററപ്പെട്ട സംഭവം എടുത്തു കാട്ടി, രാജവാഴ്ചക്കാലത്ത് ഇവിടെ തെണ്ടികറം മുതൽ പ്രഭുക്കന്മാർ വരെയുള്ളവക്കും അവസരസമത്വമുണ്ടായിരുന്നു വെന്നും സമത്ഥിക്കുന്നതുപോലെ അത്ഥശൂന്യവും, വഞ്ചനാപരവുമല്ലേ മേൽപ്പറഞ്ഞ പ്രദർശനവും. സ്വാതന്ത്ര്യം ലഭിച്ച് ഇരുപത്തഞ്ചുകൊല്ലം കഴിഞ്ഞിട്ടും സാധാരണക്കാരന് ഐ. എ. എസ്സ കാരനാകാനുള്ള പാത സൂചി സുഷിരംപോലെ ഇടുങ്ങിയതാണെന്നു് കണ്ടു ലജ്ജിക്കാൻ ആ ചിത്രം മററുള്ള ഐ. എ. എസ്സ കാരുടെ ലിസ്റ്റുമായി ബന്ധപ്പെടുത്തി ഉപയോഗിക്കണമെന്നാണ് എൻെറ അഭിപ്രായം.

എല്ലാവിധത്തിലും മെച്ചപ്പെട്ട അന്തരീക്ഷത്തിൽ നിശ്ചിത ലക്ഷ്യങ്ങളോടുകൂടി പരിശീലിപ്പിക്കപ്പെടുന്ന ഇവിടത്തെ ഭേദപ്പെട്ടവരുടെ കുട്ടികറം ഒരു വശത്തു്. ഏററവും കുറഞ്ഞ തോതിൽപോലുമുള്ള സൗകര്യങ്ങളോ സാഹചര്യങ്ങളോ ഇല്ലാത്ത സാധാരണ സ്കൂളുകളിൽ പറയത്തക്ക ലക്ഷ്യങ്ങളൊന്നുമില്ലാതെ എത്രയും പരിമിതമായ പരിശീലനം മാത്രം നല്കപ്പെട്ട പാവപ്പെട്ടവരുടെ മക്കറം മറുവശത്തു്. ഈ രണ്ടുവിഭാഗക്കാരേയും കൂടി പരസ്പരം മത്സരിപ്പിച്ചിട്ട് ആദ്യവിഭാഗക്കാരെ മിടുമിടുക്കന്മാരായും രണ്ടാമത്തെ വിഭാഗക്കാരെ മോശക്കാരായും ചിത്രീകരിക്കുന്നതു് കേവലം ക്രൂരതയല്ലേ?

ര: പിന്നെങ്ങനെ ഇത്തരം മത്സരങ്ങറം നടത്തണമെന്നാണ്.

സ: മത്സരിക്കാൻ ഏതൊരാറക്കും സൗകര്യവും സ്വാതന്ത്ര്യവും കൊടുത്താൽമാത്രം പോരാ. മത്സരത്തിനുള്ള തയ്യാറെടുപ്പിലും ഏറെക്കുറെ ഒരേരീതിയിലുള്ള സൗകര്യങ്ങളും,

സാഹചര്യങ്ങളും ലഭ്യമാക്കണം. ഇത്തരം സൗകര്യങ്ങരം ലഭിക്കുന്ന കാര്യത്തിൽ കുട്ടിയുടെ സാമൂഹ്യവും സാമ്പത്തികവുമായ പദവി മാത്രമാണു് സ്വാധീനം ചെലുത്തുന്നതെങ്കിൽ ബാക്കിയുള്ള നിർദ്ധനലക്ഷങ്ങരംക്കു് എങ്ങനെ നീതിലഭിക്കും? കൂടാതെ സാമൂഹ്യമായും സാമ്പത്തികമായും ചരിത്രപരമായിത്തന്നെ നിലനിന്നിരുന്ന അനാചാരങ്ങളും അസമത്വങ്ങളും നിമിത്തം പിന്നോക്കം പിടിച്ചു നിറുത്തപ്പെട്ടുകയും, പിൻതള്ളപ്പെട്ടുകയും ചെയ്ത വിഭാഗങ്ങരം ആവശ്യമായ അധിക പരിഗണനയും അർഹിക്കുന്നില്ലേ? ജനാധിപത്യ ഇന്ത്യയിൽ ഭൂരിപക്ഷം കുട്ടികരംക്കും നീതിപൂർവ്വകമായ വിദ്യാഭ്യാസ സൗകര്യങ്ങളും സാഹചര്യങ്ങളും ലഭിക്കുന്നുണ്ടോ? ഏതാനും കുട്ടികരം സമ്പൂർണ്ണാഹാരം കഴിച്ചുകൊണ്ടു് വിദ്യാഭ്യാസം ചെയ്യുമ്പോരം ഭൂരിപക്ഷംപേരും അല്പാഹാരം കഴിച്ചോ പട്ടിണിയിരുന്നോ വിദ്യാഭ്യാസം ചെയ്യുന്നതു് ഏതുതത്വമനുസരിച്ചു് ശരിയാകും? ഒരു സ്കൂരംകുട്ടി തൻെറ ഭാവിജീവിതത്തിൽ തൊഴിലാളിയോ, കൃഷിക്കാരനോ, ഡാക്ടറോ, എൻജിനീയറോ, രാഷ്ട്രനേതാവോ ആകുന്നതു് കുട്ടിയുടെ കഴിവും അഭിരുചിയും രാഷ്ട്രത്തിൻെറ ആവശ്യവും മാത്രം കണക്കിലെടുത്തുകൊണ്ടാണോ? കുട്ടിയുടെ കുടുംബത്തിൻെറ സാമ്പത്തിക സാമൂഹ്യപദവികരം ഇക്കാര്യങ്ങളിൽ പ്രത്യേകമായ യാതൊരു സ്വാധീനവും ചെലുത്താതിരിക്കണം. എങ്കിൽമാത്രമേ അവസരസമത്വം എന്നുപറയുന്നതിനർത്ഥമുള്ളു.

ര: ഇത്തരം സാഹചര്യം സൃഷ്ടിക്കാനുള്ള ആത്മാർത്ഥ ശ്രമങ്ങളൊന്നുമുണ്ടാകാത്തതെന്താണു്.

സ: സാഹചര്യം സൃഷ്ടിക്കാൻ കടമപ്പെട്ട ആരംക്കാക്കു് അതു ദോഷമാകുമെന്നു വന്നാൽ അതിനുവേണ്ടി അവർ എങ്ങനെ ഉദ്യമിക്കും?

ര: ഇവിടത്തെ ജന്മി, മുതലാളി, അധികാരിവർഗ്ഗം ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി ശ്രമിക്കുന്നതായി ഭാവിക്കുമെങ്കിലും പ്രായോഗികതലത്തിൽ അതൊരിക്കലും

യാഥാർത്ഥ്യമായിക്കൂടാ എന്നു് മനസ്സിലുറച്ചിരിക്കുന്ന വരാണു്. രാഷ്ട്രീയ നേതാക്കന്മാരുടെ മനോഭാവവും ഇതുതന്നെ.

സ: അതെയതെ. അവരുടെ മക്കളും പഠിക്കുന്നതു് പബ്ലിക്ക് സ്കൂളുകളിലും വിദേശരാജ്യങ്ങളിലും മററുമണല്ലോ. ഇവരെല്ലാവരും കൂടി ചേർന്നാൽ ജനസംഖ്യയുടെ അഞ്ചു ശതമാനംപോലും വരികയില്ലെന്നതാണു് രസകരമായ വസ്തുത. എങ്കിലും അവരുടെ വരുതിയിലാണു് അധികാരം. അവരാണു് ബാക്കിയുള്ള എല്ലാവരുടെയും രക്ഷിതാക്കളും വിധാതാക്കളും. ഭരണഘടന തുടങ്ങി താഴോട്ടുള്ള എല്ലാ നിയമാവലികളുടെയും 'കണ്ണായ' മൗലികാവകാശങ്ങളും വ്യക്തി സ്വാതന്ത്ര്യങ്ങളും മററും പാടി പുകഴ്ത്തപ്പെടുന്നു. ഇതിന്റെയൊക്കെ പിന്നിലുള്ള ഗൂഢോദ്ദേശ്യമെന്താണു്? സമ്പത്തും, സൗഭാഗ്യവും, അധികാരവും കൈവശമാക്കിയിരിക്കുന്ന പ്രത്യേക വിഭാഗത്തിനു് അവയെല്ലാംതന്നെ അന്യൂനം തങ്ങളുടെ പിന്തുടർച്ചാവകാശക്കാർക്കു് പകർന്നുകൊടുക്കണം. അന്യരുടെ കൈയിൽ, അതായതു് വെട്ടിയും കിളച്ചും മററദ്ധ്വാനങ്ങൾ ചെയ്തും കഷ്ടപ്പെട്ടു കഴിയുന്ന കൂലിപ്പണിക്കാരന്റെയും തൊഴിലാളിയുടെയും കൈയിൽ ഒരു കാരണവശാലും ഇവയുടെ അംശങ്ങൾ പോലും ചെന്നെത്തരുതു്. അതിനുവേണ്ടി മേലാളർ നൂററാണ്ടുകളായി നെയ്തെടുത്തിട്ടുള്ള വലകളുടെ ശക്തിയേറിയ കണ്ണികൾ പൊട്ടിക്കാൻ അധഃസ്ഥിതർക്കു് എളുപ്പം സാധിക്കയില്ലെന്ന ആത്മവിശ്വാസവും അവർക്കുണ്ടു്.

ര: രാജ്യ താല്പര്യത്തിനുപരിയാണു് വ്യക്തി താല്പര്യമെന്ന ചില വിദഗ്ദ്ധന്മാരുടെ വ്യാഖ്യാനങ്ങളും മററും സൂചിപ്പിക്കുന്നതു്, മേൽപറഞ്ഞ ഗൂഢോദ്ദേശ്യങ്ങൾ ഇവിടത്തെ ''രക്ഷകന്മാർക്കു്'' ഉണ്ടെന്നുതന്നെയാണു്.

സ: മൗലികാവകാശങ്ങൾ, വ്യക്തി സ്വാതന്ത്ര്യം ന്യൂനപക്ഷ സ്വാതന്ത്ര്യം തുടങ്ങി പല സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും രാജ്യത്തെയും, ജനങ്ങളെയും കവച്ചുവച്ചു് പ്രാമാണ്യം അവകാശപ്പെടുന്നതു് നിത്യാനുഭവങ്ങളായി തീർന്നിരിക്കുന്നു,

ര: ചൂഷണാധിഷ്ഠിതമായ ഇന്നത്തെ വ്യവസ്ഥിതി തുടർന്നു നില നിറുത്തുന്നതിനുള്ള സമ്പന്നവിഭാഗത്തിൻെറ വ്യഗ്രതയും, ആവേശവുമാണ് ഇതിൻെറയൊക്കെ പിന്നിലുള്ളതു്. അല്ലേ?

സ: പണക്കാരൻെറ മകനു് ആതുര ശുശ്രൂഷ ചെയ്യുന്ന ഡാക്ടറാകാൻ പററിയ സ്വഭാവ വിശേഷമോ സാമർത്ഥ്യമോ ഇല്ലെങ്കിലും അയാരം ഡാക്ടറാകും. അനേകം രോഗികളെ അയാരം ദുരിതത്തിലാക്കുകയും ചെയ്യും. സമ്പത്തിൻെറ പേരിൽ, കഴിവും യോഗ്യതയും ഇല്ലാത്തവൻ അനർഹമായ സ്ഥാനങ്ങരം നേടി നാട്ടിനു് ദുരിതമുണ്ടാക്കുന്നതു് വ്യക്തി സ്വാതന്ത്ര്യമാണത്രെ!

തെങ്ങിൽ കയറേണ്ടവൻ പണക്കാരൻെറ മകനാണെങ്കിൽ മററുന്നതസ്ഥാനങ്ങളിൽ കയറിപ്പററിയെന്നുവരും. എന്നാൽ യഥാർത്ഥ യോഗ്യതയും കഴിവും ഉള്ളവൻ പാവപ്പെട്ടവൻെറ മകനാണെങ്കിൽ തെങ്ങിൽ കയറേണ്ടവനായുംതീരും. രണ്ടുപേരും ആളുകരംക്കു് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യും. ഈ രീതികളൊന്നും മാററാൻ പാടില്ല. കാരണം ഇവയെല്ലാം വ്യക്തി സ്വാതന്ത്ര്യങ്ങളാണു്.

വ്യക്തിസ്വാതന്ത്ര്യങ്ങളും മൗലികാവകാശങ്ങളുമെല്ലാം പണക്കാരനു മാത്രമേയുള്ളൂ. പാവപ്പെട്ടവനെ അതൊന്നും ബാധിക്കയില്ല. മൗലികാവകാശങ്ങരം സംരക്ഷിക്കുന്ന സുപ്രീംകോടതി മുതൽ താഴോട്ടുള്ള എല്ലാ കോടതികളിലും ഒന്നെത്തിനോക്കണമെങ്കിൽത്തന്നെ ഉമ്മിണി വലിയ പണക്കാരനായിരുന്നാലേ നിവൃത്തിയുള്ളൂ.

പണക്കാരൻെറയും മററുൽകൃഷ്ടരുടെയും മൗലികാവകാശങ്ങരം എന്തൊക്കെയാണെന്നറിയാമല്ലോ?.

ര: എന്തൊക്കെയാണു്?

സ: ഏതു മാർഗ്ഗമുപയോഗിച്ചും സ്വത്തും പദവിയും സമ്പാദിക്കാനുള്ള അവകാശം. അധ:സ്ഥിതരുടെ പ്രയത്നഫലം ചൂഷണം ചെയ്തു് സ്വന്തം സുഖസൗകര്യങ്ങരം വർദ്ധിപ്പിക്കാനുള്ള അവകാശം. പണവും പ്രതാപവുമുപയോഗപ്പെടുത്തി നേരല്ലാത്ത മാർഗ്ഗങ്ങളിലൂടെ അധികാരാവകാശങ്ങരം സ്വന്തമാക്കുന്നതിനുള്ള അവകാശം. രാജ്യത്തെ

ദോഷപ്പെടുത്തിയാലും സ്വന്തം താല്പര്യം സംരക്ഷിക്കുന്നതിനുള്ള അവകാശം. ഇങ്ങനെപോകും അവകാശങ്ങളുടെ പട്ടിക.

ര: വെള്ളയുടുപ്പിട്ടു ചെയ്യുന്ന ജോലികൾ അധഃസ്ഥിതരായവർക്കും കൂടി നീതിപൂർവ്വകമായി ലഭിച്ചാൽ ഇന്നത്തെ പല ദുരിതങ്ങൾക്കും അറുതി വരുമെന്നാണോ?

സ: അതെങ്ങനെ അറുതിവരും? വെള്ളയുടുപ്പിട്ട ജോലിക്കാരുടെ തോളിലാണ് രാജ്യത്തിൻെറ നിലനില്പെന്നു് പ്രചരിപ്പിക്കാനും, അതിൻെറ വെളിച്ചത്തിൽ അവരെ ഒരു പ്രത്യേക ഉന്നതവർഗ്ഗമായി പോററി പുലർത്തേണ്ടതു് സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങളുടെ കടമയാണെന്നു് അംഗീകരിപ്പിക്കാനും പാടുപെടുന്ന കാഴ്ചയാണു് നാം കാണുന്നതു്. രാജ്യ പുരോഗതിക്കുവേണ്ടിയുള്ള ഭീമമായ യത്നത്തിൽ വളരെ ചെറിയ ഒരംശം മാത്രമാണു് ഇവരുടെ സംഭാവന. എങ്കിലും വിവിധതരം ജോലികൾക്കു് നല്കിയിരിക്കുന്ന മാന്യതയും പ്രാധാന്യവും പരിശോധിച്ചാൽ ഇതിലെ തട്ടിപ്പു് വെളിപ്പെടും. ഈ തട്ടിപ്പു് സംവിധാനം ചെയ്യുന്നവരെ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും താല്പര്യപ്പെടുന്നവരാണു് മിക്കവാറും എല്ലാ ബുദ്ധിജീവികളും. അധഃസ്ഥിതരായവരിൽനിന്നു് കുറേപ്പേരെക്കൂടി ഈ 'വെള്ളയുടുപ്പു്' മേഖലയിലേക്കു് കടത്തിവിട്ടാണു് ഇതിനു് സാധൂകരണം നേടുന്നതു്.

## 6. "മാററങ്ങൾ വരാതിരിക്കാനുള്ള മാററം"

സ: സമൂഹത്തിലെ പ്രത്യേകവിഭാഗമായി വർത്തിക്കുന്ന ഉൽകൃഷ്ടന്മാക്ക് ഇന്നു നിലവിലുള്ള വ്യവസ്ഥകളൊക്കെ അടിസ്ഥാനപരമായ മാററങ്ങൾക്ക് വിധേയമാക്കാതെ തുടന്നും നിലനിറുത്തണമെന്നതാണ് താല്പര്യം. അഥവാ ഉപരിപ്ലവമായ വല്ല മാററങ്ങളും അനിവാര്യമായി വന്നാൽ അതു് തങ്ങൾക്കു നേട്ടമുണ്ടാക്കുന്ന രീതിയിൽ സംവിധാനം ചെയ്യുന്നതിലാണ് ഇവരുടെ ശ്രദ്ധമുഴവൻ. ഈ ലക്ഷ്യങ്ങൾ നിഗൂഢമായിരിക്കുന്നതിനു വേണ്ടി ഉപരിപ്ലവമായ മാററങ്ങളെ വലിയ വിപ്ലവമായും, മഹാപരിവത്തനമായും ചിത്രീകരിക്കുന്നു. വേണ്ടതിലേറെ പ്രാധാന്യവും, പ്രചാരവും അതിനു നൽകുന്നു. കൂട്ടത്തിൽ, നേരത്തേപറഞ്ഞതുപോലെ, ഈ പ്രചാരകന്മാരും പ്രധാനികളും സമൂഹത്തിൻെറ, വിശേഷിച്ച് അതിലെ ദുർബ്ബല വിഭാഗത്തിൻെറ അഭ്യുന്നതിക്കും, നിലനില്പിനും ഒഴിച്ചുകൂടാൻ വയ്യാത്തവരാണെന്നു് ചിത്രീകരിച്ചു കാണിക്കുകയും ചെയ്യും. സ്വാഭാവികമായി ഈ വർഗ്ഗത്തെ അതിൻെറ എല്ലാ പ്രൗഢിയോടും പ്രത്യേകാവകാശങ്ങളോടും കൂടിത്തന്നെ നിലനിറുത്താനുള്ള കടമ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിനുണ്ടെന്നുവരെ സിദ്ധാന്തിക്കപ്പെടും. അങ്ങനെ ഈ രാജ്യം നിലനില്ക്കുന്നതുതന്നെ പുരോഗമനം പറയുകയും, മുതലാളിത്തവും ജന്മിത്വവും, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും പ്രവർത്തിക്കുകയും ചെയ്യുന്ന ഈ പുത്തൻ ചൂഷക വർഗ്ഗത്തിൻെറ സാന്നിദ്ധ്യം കൊണ്ടാണെന്നാണ് വന്നിരിക്കുന്നതു്.

ര: ഇവരും ഇവരുടെ നേതാക്കന്മാരും ഇല്ലെങ്കിൽ രാജ്യം അറബിക്കടലിലായേനേ!

സ: പക്ഷെ ഒരു സത്യമുണ്ട്. ഈ നാട്ടിലെ കൃഷിപ്പണിക്കാരനും ഇതര തൊഴിലാളികളും പണിനിറുത്തിയാൽ ഈ വമ്പന്മാരെല്ലാം മരിക്കും. രാജ്യവും മരിക്കും.

ര: ഇവിടെ, സർക്കാരുദ്യോഗസ്ഥന്മാരും, മററു നേതാക്കന്മാരും പണിനിറുത്തിയാലാണ് രാജ്യം മരിക്കുന്നതെന്നാണല്ലോ വന്നിരിക്കുന്നത്. അതിരിക്കട്ടെ, ഇന്നു നടപ്പാക്കപ്പെടുന്ന പല പരിഷ്കാരങ്ങളും ഉപരിപ്ലവങ്ങളും സാധാരണ ജനങ്ങൾക്ക് ഗുണമുണ്ടാകാത്തതുമാണെന്നു് പറഞ്ഞതെന്താണ്,

സ: വളരെയധികം കൊട്ടിഘോഷിക്കപ്പെടുന്ന ഭൂപരിഷ്കരണനിയമത്തിൻെറ കാര്യം തന്നെയെടുക്കാം. നിയമനിർമ്മാണത്തിനു് കാൽ ശതാബ്ദം. (കേരളത്തിലൊഴിച്ച് മററൊരിടത്തും നിയമ നിർമ്മാണംപോലും കാര്യമായി നടന്നിട്ടില്ല) നിയമം പാസ്സാകുന്നതിനും നടപ്പാകുന്നതിനും മറെറാരു കാൽ ശതാബ്ദം. അങ്ങനെ അര നൂററാണ്ടു കഴിയുമ്പോഴേക്കും ഒരു ചൂഷണോപാധിയെന്നനിലയിൽ ഭൂമി പ്രശ്നം പിൻനിരയിലേക്കു തള്ളപ്പെടുകയും പുതിയ ചൂഷണ സമ്പ്രദായങ്ങൾ രൂപം കൊള്ളുകയും ചെയ്യും. അതിനാവശ്യമായ പഴുതുകളും മററും സംഘടിപ്പിച്ചെടുക്കുന്നതിനു് സമൂഹത്തിലെ പ്രബല വിഭാഗങ്ങൾക്കു് ഈ ഇടവേള ധാരാളം മതിയാകും. ജീവിത നിലവാരത്തിൻെറ ഭാരിച്ച മർദ്ദത്തെ ചെറുത്തു് ജീവിക്കാൻ കഴിയുന്നവനല്ലേ ഭൂമിയുടെ ആവശ്യം ഉണ്ടാവുകയുള്ളൂ. തൻെറയോ തൻെറ കുടുംബത്തിൻെറയോ ജീവൻ രക്ഷിക്കാനുള്ള അത്യാഗ്രഹത്തിൽ സ്വന്തം ഭൂമി മാത്രമല്ല മററു പലതും തീറെഴുതി ദാരിദ്ര്യത്തിൻെറ പിടിയിലേക്ക് വീഴുന്ന സാധാരണക്കാരൻെറ പിടലിയിൽ ചവുട്ടി ഉന്നതങ്ങളിലേക്കു് പോകുന്ന ചൂഷക വർഗ്ഗത്തിൻെറ പ്രവർത്തനങ്ങൾ തുടർന്നും ആവർത്തിച്ചുകൊണ്ടിരിക്കും—കുറേക്കൂടി പരിഷ്കൃതവും ശാസ്ത്രീയവുമായ പരിവേഷവും വ്യാഖ്യാനവും അവയ്ക്കുണ്ടായിരിക്കുമെന്ന വ്യത്യാസമേ കാണൂ.

''ഭൂമി കർഷകനു്'' ഇതാണ് അംഗീകൃത മുദ്രാവാക്യം. ഇവിടത്തെ കഷ്കർ ആരൊക്കെയാണു്? പഴയ രാജാക്കന്മാരും, സെമിന്ദാരന്മാരും പുതിയ ഭൂസ്വാമിമാരും കഷ്കരാണു്. ഭൂമിയിൽ ഇറങ്ങി കിളയ്ക്കാത്തവൻ കഷ്കനാകുന്നതെങ്ങനെ? [ഫാക്ടറി മുതലാളിയെ തൊഴിലാളിയെന്നും.]

ര; മോട്ടാർ മുതലാളിയെ ഡ്രൈവർ തൊഴിലാളിയെന്നും വിളിക്കുന്നതുപോലെ എത്രയും അപഹാസ്യമായ ഏർപ്പാടിണത്തും.

സ: ഇവിടെ കർഷകൻെറ ലേബലിൽ കൃഷി ഭൂമി അനുവദിച്ചിരിക്കുന്നതാർക്കെല്ലാമാണ്? ജഡ്ജിമാക്കും കൃഷിഭൂമി. സെക്രട്ടറിമാക്കും വകുപ്പദ്ധ്യക്ഷന്മാക്കും കൃഷി ഭൂമി. വ്യവസായികരംക്കും, മുതലാളിമാക്കും അവരുടെ നേതാക്കംക്കുമെല്ലാം ഏക്കർ കണക്കിനു് കൃഷി ഭൂമി. കൃഷി ഭൂമിയുടെ പരിധി സാധാരണഗതിയിൽ പത്തു മുതൽ അൻപതുവരെ ഏക്കർ. പിന്നെ പ്രത്യേക പരിഗണനകളിൽ ആയിരക്കണക്കിനേക്കർ. ഇങ്ങനെ പോകുന്നു ഭൂനിയമം. മേലാളക്കുള്ളതെല്ലാം ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ കൈവശം വച്ചു കൊണ്ടിരിക്കുന്നതിനാവശ്യമായ പഴുതുകളും, ഒഴുകഴിവുകളും നിയമങ്ങളിലുണ്ടായിരിക്കും.

ര: നിയമങ്ങരം ഉണ്ടാക്കുന്നതു് മേൽപ്പറഞ്ഞവരോ അവരുടെ നിയന്ത്രണത്തിലുള്ളവരോ ആണ്.

സ: അവസാനം നിയമം നടപ്പിലാകുമ്പോഴക്കും കൃഷിത്തൊഴിലാളിക്കുമാത്രം കൃഷിഭൂമി കാണുകയില്ല. വില കുറഞ്ഞ കൈയ്യടി നേടുന്നതിനും, അധികാരം കൈവിട്ടു പോകാതിരിക്കുന്നതിനുമുള്ള ഉപായങ്ങളല്ലാതെ മറെറന്താണിതിലുള്ളതു്?

നേരത്തെ സൂചിപ്പിച്ച ''കർഷകരിൽ'' നിന്നും മിച്ച ഭൂമിയായി ലഭിക്കുന്ന തരിശ്ശു് സ്ഥലങ്ങരം തുണ്ടു തുണ്ടാക്കി രാഷ്ട്രീയത്തിൻെറയോ, ജാതിമത സ്നേഹബന്ധങ്ങളുടേയോപേരിൽ വിതരണം നടന്നു കഴിയുമ്പോരം അതിൽ ചെറിയൊരംശം യഥാർത്ഥ കർഷകത്തൊഴിലാളിയുടെ കൈയ്യിലും വന്നുപെട്ടെന്നു വരും. ശാസ്ത്രീയ സാങ്കേതിക രംഗങ്ങളിൽ മനുഷ്യൻ കൈവരിച്ചിട്ടുള്ള എല്ലാ നേട്ടങ്ങളും സ്വന്തം വരുതിയിലുള്ള ഉന്നതന്മാരായ കർഷക മുതലാളിമാരുമായി മത്സരിക്കേണ്ടിവരുന്ന കൃഷിത്തൊഴിലാളിക്കു് സ്വന്തം അദ്ധ്വാനശേഷി മാത്രമാണു് കൈമുതലായുള്ളതു്.

ര: കൃഷിത്തൊഴിലാളികളും ഫാക്ടറി തൊഴിലാളികളും സ്വന്തം അദ്ധ്വാനശേഷിമാത്രം സമ്പത്തായുള്ളതുകൊണ്ടാ യിരിക്കാം അവനെയും അവന്റെ വർഗ്ഗത്തെയും പാവ പ്പെട്ടവരായി മാത്രം കാണാൻ സമൂഹം ശീലിച്ചിരി ക്കുന്നതു്.

സ: മററൊരു രീതിയിൽ പറഞ്ഞാൽ ''ദാരിദ്ര്യവാസി മാത്ര മേ അദ്ധ്വാനിക്കൂ, അദ്ധ്വാനിക്കുന്നവൻ തീർച്ചയായും ദാരിദ്ര്യവാസി ആയിരിക്കും'' എന്നതു് ഒരു നിയമമായി ത്തന്നെ അംഗീകരിച്ചിരിക്കുന്നു.

ര: യഥാർത്ഥത്തിൽ പണിയെടുക്കുന്നവൻ ഒന്നും സമ്പാദി ക്കരുതു്, അവന്റെ സുഖസൗകര്യങ്ങൾ ന്യായമായ തോതിൽപോലും വർദ്ധിക്കരുതു് എന്നു തുടങ്ങിയ കാര്യ ങ്ങളിൽ സമൂഹത്തിലെ ഉന്നതന്മാർക്കു് നിർബ്ബന്ധം തന്നെയുണ്ടു്. കാരണം അദ്ധ്വാനിക്കാത്ത ഇവർ കണക്കി ലേറെ സമ്പാദിക്കുന്നവരും സുഖസൗകര്യങ്ങൾ അനുഭവി ക്കുന്നവരുമാണു്. അതുകൊണ്ടു് സമ്പാദിക്കാനോ സുഖ സൗകര്യങ്ങൾ വർദ്ധിക്കാനോ ഇടയായാൽ ആളുകൾ അദ്ധ്വാനിക്കയില്ലെന്നു് അവരുടെതന്നെ ഉദാഹരണം കൊണ്ടു് അവർ കരുതുന്നുണ്ടാകാം.

സ: എത്രയും മിതമായ തോതിൽ പോലും ജീവിത സുഖങ്ങൾ അനുഭവിക്കുന്ന ഒരു കൂലിവേലക്കാരനെ, അഥവാ തൊഴി ലാളിയെ സങ്കല്പിക്കാൻ കൂടി ഇന്നത്തെ ഉന്നതന്മാർക്കു കഴിയുന്നില്ല. ഏററവും കഷ്ടതയനുഭവിക്കുന്ന, ദാരി ദ്ര്യവും ദുരിതവുമനുഭവിക്കുന്ന ഒരു വിഭാഗമായിട്ടു മാത്രമേ അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ കാണാൻ അവർക്കു് കഴിയുകയുള്ളു.

ര: തൊഴിലാളികളെ മുഴുവൻ മാററിനിറുത്തിയാൽ ബാക്കി യുള്ളവർക്കു് സ്വന്തമായുണ്ടെന്നു പറയാൻ അവരവരുടെ അദ്ധ്വാനശേഷിയല്ലാതെ മറെറന്താണുള്ളതു്?

സ: ആഫീസിൽ പണിയെടുക്കുന്ന ഐ. എ. എസ്സുകാരൻ മുതൽ താഴെയററത്തു് പ്യൂൺ വരെയുള്ളവരുടെ സ്വന്തം സമ്പത്തു് അവരുടെ അദ്ധ്വാനിക്കാനുള്ള കഴിവു മാത്ര മല്ലേ? ആഫീസും, ആഫീസ് സാമഗ്രികളും അവരുടെ ആരുടെയും സ്വകാര്യ സ്വത്തല്ലല്ലോ? അദ്ധ്യാപക

ൻെറയോ, പ്രിൻസിപ്പലിൻെറയോ സ്വന്തം സ്വത്തു് അവരുടെ അദ്ധ്വാനശേഷി മാത്രമാണു്. അതോ കാളേജ്ജും കെട്ടിടങ്ങളും മററും അവരുടെ സ്വത്തിൽപ്പെട്ട ന്നതാണോ? സ്വന്തം അദ്ധ്വാന ശേഷി ഒന്നു കൊണ്ടു മാത്രം വേതനം അർഹിക്കുന്ന ഇവർ, അതേപോലെതന്നെ വേതനം നേടുന്ന തൊഴിലാളിയേയോ കൂലിവേലക്കാര നെയോകാഠം ദിവ്യന്മാരായി വിലസുന്നതു് സ്വാഭാ വിക നീതിക്കു് നിരക്കുന്നതല്ല. സാധാരണ ബുദ്ധിക്കു് മനസ്സിലാകുന്നതുമല്ല.

തങ്ങളുടെ കാലശേഷം, തങ്ങളുടെ പിറക്കും പിറക്കും പിൻതലമുറകാഠക്കു് പിന്തുടർച്ചാവകാശമായി പകന്നു കൊടുക്കാൻ വേണ്ടി സമൂഹത്തിലെ ഈ ഉൽകൃഷ്ടന്മാർ സ്വരൂപിച്ചു കൂട്ടിയിട്ടുള്ളതും സ്വരൂപിച്ചു കൂട്ടിക്കൊണ്ടി രിക്കുന്നതുമായ സ്വകാര്യ സ്വത്തുക്കളെല്ലാം തന്നെ സമൂ ഹത്തിൻെറ പൊതുവകയാണെന്ന യാഥാത്ഥ്യം ഇവർ സൗകര്യപൂവ്വം മറച്ചുപിടിക്കുകയും മറക്കുകയും ചെയ്യുന്നു. അതിനു് സാധൂകരണം കാണുന്നതിനുള്ള പ്രത്യയ ശാസ്ത്രവും അവരുടെ പക്കലുണ്ടു്.

ര: സ്വന്തം അദ്ധ്വാനശേഷിക്കു പുറമേ, അതിലെത്രയോ ഇരട്ടി മൂലധന രൂപത്തിലുള്ള സാമൂഹ്യസ്വത്തും കൂടി കൈവശം വച്ചുകൊണ്ടാണു് ഇന്നത്തെ സമ്പന്നവർഗ്ഗം തൊഴിലാളിയുടെയും അദ്ധ്വാനിക്കുന്നവൻെറയും മുമ്പിൽ മാന്യതയും പ്രാധാന്യവും അവകാശപ്പെടുന്നതു് അല്ലേ?

സ: അതെ. മാത്രവുമല്ല, ഇതേ കാഴ്ചപ്പാടോടുകൂടി മൂലധന സ്വത്തിൻെറ കഷണങ്ങഠം തുണ്ടു ഭൂമിയായും മററും നല്കി പാവപ്പെട്ട തൊഴിലാളിയേയും ഉദ്ധരിക്കാനാണു് ഇവ രുടെ പദ്ധതി. സ്വകാര്യ സ്വത്തിനു് കൂടുതൽ കൂടുതൽ പാവനത്വം കല്പിക്കാനും അതിൻെറ സ്വാദു് പാവപ്പെട്ട വനും കൂടി അല്പ സ്വല്പം നല്കി തൃപ്തിപ്പെടുത്താനുമാണു് ഭരണാധികാര വഗ്ഗത്തിൻെറയും അവരെ നിയന്ത്രിക്കുന്ന വരുടെയും പുറപ്പാടു്.

ര: ആധുനിക സങ്കേതങ്ങഠക്കു പുറമേ വമ്പിച്ച മൂലധനവും സ്വന്തം വരുതിയിലുള്ള വമ്പന്മാർക്കെതിരെ സ്വന്തം

അദ്ധ്വാനശേഷി മാത്രം കൈമുതലായുള്ള കൃഷിത്തൊഴിലാളിയെ ഒരു തുണ്ടു ഭൂമിയും നല്കി മത്സരിപ്പിക്കാൻ ശ്രമിക്കയാണു്. ഫലം എന്താകുമെന്നു് നേരത്തേതന്നെ പ്രവചിക്കാവുന്നതേയുള്ളു.

സ: സ്വയം കൂടുതൽ കൂടുതൽ ഋണപ്പെടുന്നതിനും ഒടുവിൽ തന്റെ തുണ്ടുഭൂമിയുൾപ്പടെ എല്ലാം പണയപ്പെടുത്തുന്നതിനുമുള്ള ഒരു നിലയിൽ അവൻ എത്തിച്ചേരും. കഥയിലെ മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീ ആയതുപോലെ പാവപ്പെട്ട തൊഴിലാളി എന്നും പാവപ്പെട്ടവനായി നില നിന്നാലേ അവനു ഗുണമുള്ളൂ എന്നുൽഘോഷിക്കാനും, തങ്ങളുടെ ചൂഷണ സമ്പ്രദായങ്ങളുടെ നാരായവേരു് സൗകര്യമായി മൂടിവയ്ക്കാനും മേലാളർക്കു് അങ്ങനെ സന്ദർഭവും ലഭിക്കും.

ര: ഈ പ്രശ്നത്തിനു് പിന്നെങ്ങനെ പരിഹാരം കാണും ?

സ: ഭൂമിയിലും അതുപോലെ മൂലധന രൂപത്തിലുള്ള ഇതര സ്വത്തുക്കളിലും സ്വകാര്യ സ്വത്തവകാശം ഇല്ലാതാക്കുകയാണു് യഥാർത്ഥ മാററം. അതുപോലെ സ്വകാര്യ വരുമാനത്തിൽ യാതൊരു പരിധിയും ഏർപ്പെടുത്താൻ തയ്യാറല്ലാത്ത ഭരണാധികാരികൾ യഥാർത്ഥ മാററം ആഗ്രഹിക്കാത്തവരാണു്. പക്ഷേ മാററം, മാററം എന്നു വിളിച്ചു കൂവുകയും മാററങ്ങൾ ഒരു കാലത്തും വരാതിരിക്കാനുള്ള മാററങ്ങളെപ്പററി കൂലംകഷമായി ചിന്തിക്കുകയുമാണു് ഇവിടത്തെ പ്രധാന ദിവ്യന്മാർ ചെയ്യുന്നതു്. മൂലധന സ്വത്തുക്കളിൽ സ്വകാര്യ ഉടമാസമ്പ്രദായം അവസാനിപ്പിക്കുന്നതിന്റെ പ്രാരംഭ നടപടിയായി മിച്ചഭൂമിയായി ലഭിക്കുന്ന കൃഷിഭൂമി മുഴുവൻ കൂട്ടുകൃഷി ഫാമുകളാക്കി മാററുകയും അതിൽ പണിയെടുക്കുന്നതിനും ആദായമെടുക്കുന്നതിനുമുള്ള എല്ലാ നിയന്ത്രണാവകാശങ്ങളും കൃഷിത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. പൊതുഉടമാ മേഖലയിലോ, സഹകരണ മേഖലയിലോ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഇത്തരം കൃഷിത്തോട്ടങ്ങളിൽ അത്യാധുനിക സങ്കേതങ്ങളും കൃഷിരീതികളും പ്രയോഗിക്കാനുള്ള സാഹചര്യവും സൗകര്യവും കൃഷിത്തൊഴിലാളികൾക്കുണ്ടാ

ക്കിക്കൊടുക്കണമെന്നതാണു് ഇന്നത്തെ അടിയന്തിരാവശ്യം. തൊഴിലാളിയെ 'കുട്ടി' ജന്മിയാക്കി മാററി ചൂഷകനായ 'മടിയനായി' രൂപാന്തരപ്പെടുത്തി തങ്ങളുടെ അണിയിലേക്കടുപ്പിച്ചുകൊള്ളാമെന്ന വ്യാമോഹവും വാഗ്ദാനവും തൊഴിലാളിക്കു് നല്ലാനാണു് ചൂഷകവർഗ്ഗവും നേതൃത്വ വിഭാഗവും കൂടി പരിശ്രമിക്കുന്നതു്. പക്ഷെ പൊള്ളയായ ഈ വാഗ്ദാനങ്ങളും, വ്യാമോഹങ്ങളും തൊഴിലാളികളെയോ രാജ്യത്തെയോ ഒരിടത്തും എത്തിക്കാൻ പോകുന്നില്ല.

മററതൊരാളെയുംപോലെ അദ്ധ്വാനശേഷി സ്വത്തായുള്ളവനാണു് തൊഴിലാളിയെന്നതു് അംഗീകരിക്കപ്പെടണം. അതുകൊണ്ടു് മൂലധനത്തിന്റെ പേരിൽ അവൻ ചൂഷണംചെയ്യപ്പെടുന്നതിനോ, ഋണപ്പെടുന്നതിനോ ഇടയാവുകയുമരുതു്.

ര: അതിനു് മൂലധനം മുഴുവൻ പൊതു മുതലായിത്തീരേണ്ടതുണ്ടു്. കാതലായ ഈ മാററം മാത്രമേ അദ്ധ്വാനിക്കുന്നവന്റെ ജീവിതത്തെ സംപുഷ്ടമാക്കുകയും, സമൃദ്ധമാക്കുകയും ചെയ്യുകയുള്ളു.

സ: പക്ഷെ മാററംവരാതിരിക്കാനുള്ള മാററങ്ങളെപ്പററി ചിന്തിക്കുന്നവരിൽകൂടി യഥാർത്ഥമാററം പ്രതീക്ഷിക്കുന്നതെങ്ങനെ?

മണ്ണിൽ വെട്ടുകയും കിളയ്ക്കുകയുംചെയ്യുന്ന കൃഷിത്തൊഴിലാളിക്കാണു് ഭൂമിയിന്മേലുള്ള മുഖ്യാവകാശം. തുമ്പായെടുക്കാത്തവർക്കും, കലപ്പ പിടിക്കാനറിയാത്തവർക്കും ഏക്കർ കണക്കിനു് കൃഷിഭൂമി കൈവശംവയ്ക്കുന്നതിനുള്ള സൗകര്യങ്ങളും വകുപ്പുകളും, ഒഴുകഴിവുകളും എഴുതിപ്പിടിപ്പിച്ചിരിക്കുന്ന നിയമങ്ങളിലും, ബില്ലുകളിലും എന്തു പരിവർത്തനമാണു് നമുക്കു പ്രതീക്ഷിക്കാനുള്ളതു്?

ര: സ്വകാര്യ സ്വത്തവകാശം എടുത്തുകളയണമെന്നു പറയുമ്പോഴും ന്യായമായ ചില സംശയങ്ങളുണ്ടാകുന്നു.

ഈ സ്വകാര്യ സ്വത്തു് ന്യായമായ മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ചവരുണ്ടു്, അന്യായമായ മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ചവരുണ്ടു്. അന്യായമായ മാർഗ്ഗങ്ങളിലൂടെ

സ്വത്തു സമ്പാദിച്ചവരുടെ സമ്പാദ്യങ്ങൾ പിടിച്ചെടുക്കുന്നതു് മനസ്സിലാക്കാം. എന്നാൽ ന്യായമായ മാർഗ്ഗങ്ങളുപയോഗിച്ചും മിതവ്യയശീലം സ്വീകരിച്ചും ഉണ്ടാക്കിയിട്ടുള്ള സ്വകാര്യ സമ്പാദ്യങ്ങൾ പിടിച്ചെടുക്കുന്നതു് എങ്ങനെ ന്യായീകരിക്കാനാകും? കഠിനാദ്ധ്വാനം കൊണ്ടും മിതവ്യയം കൊണ്ടും സ്വത്തുണ്ടാക്കിയവർ കുററക്കാരും, അദ്ധ്വാനിക്കാതെയും, ധാരാളിത്വം കാണിച്ചും ജീവിച്ചു് പാപ്പരായവർ യോഗ്യന്മാരുമാണെന്നു് വരുന്നതു് കഷ്ടം തന്നെ.

സ: അദ്ധ്വാനംകൊണ്ടു് ഒരാൾക്കു് നേടാൻ കഴിയുന്നതു് അതിൻെറ കൂലിയാണു്. ഈ കൂലി ന്യായമായ തോതിലുള്ളതാണെങ്കിൽ അതു് അയാളുടെ അദ്ധ്വാനശേഷി നില നിറുത്തുകയും, വേണ്ടിവന്നാൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനും, അതിനുള്ള ഏററവും കുറഞ്ഞ തോതിലുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും നിലനിറുത്തിക്കൊണ്ടുപോകുന്നതിനും മാത്രമേ മതിയാവുകയുള്ളു.

ഒരാളിൻെറ സ്വന്തം എന്നവകാശപ്പെടാനുള്ളതു് അയാളുടെ അദ്ധ്വാനം മാത്രമാണെന്നതു് സമ്മതിച്ചാൽ അതിൻെറ ന്യായമായ കൂലി മാത്രമാണു് അയാളുടെ സ്വത്തെന്നും സമ്മതിക്കേണ്ടിവരും. അപ്പോൾ ആരുടെയെങ്കിലും പക്കൽ, മേൽപ്പറഞ്ഞ നിരക്കിലധികമായി സ്വത്തുണ്ടെങ്കിൽ അതു് അയാളുടെ സ്വന്തമല്ലെന്നുവരുന്നു. അതു് സമ്പാദിച്ചതു്, ഒന്നുകിൽ അദ്ധ്വാനത്തിനു് അന്യായമായ രീതിയിൽ വർദ്ധിച്ച നിരക്കിലുള്ള കൂലി ലഭിച്ചതുകൊണ്ടാകും. അല്ലെങ്കിൽ അവിഹിത മാർഗ്ഗങ്ങളുപയോഗിച്ചതുകൊണ്ടാകും. രണ്ടായാലും ഈ അധിക സ്വത്തു് പൊതുവകയിൽ നിന്നു് കവർന്നെടുത്തതാണു്. പൊതു വകയായുള്ളതു് ഒരാളിൻെറ മാത്രം ഗുണത്തിനായി ഉപയോഗിക്കുന്നതു് ശരിയല്ലല്ലോ? അതുകൊണ്ടു് അതു് അയാൾക്കുംകൂടി പ്രയോജനപ്പെടത്തക്ക വിധത്തിൽ പൊതുസ്വത്താക്കി മാററുന്നതിൽ ന്യായരഹിതമായി ഒന്നുമില്ല.

അദ്ധ്വാനിക്കാതെ ജീവിക്കുക, ധാരാളിത്വം കാണിക്കുക, അവിഹിത മാർഗ്ഗങ്ങളിലൂടെ നേട്ടങ്ങളുണ്ടാക്കുക

തുടങ്ങിയവയെല്ലാം സ്വകാര്യസ്വത്തിനെ സംബന്ധിച്ച് ഇന്നു നിലവിലുള്ള തെററായ കാഴ്ചപ്പാടുകൊണ്ടുണ്ടാകുന്നതാണ്. സ്വത്തിനെപ്പററിയുള്ള കാഴ്ചപ്പാട് ശരിയാകുമ്പോഠം മേൽപ്പറഞ്ഞ വൈകല്യങ്ങളും അതോടൊപ്പം മാറിക്കൊള്ളും.

''കഷ്ടപ്പെട്ടുണ്ടാക്കിയ സമ്പാദ്യം'' എന്നൊരു പറച്ചിൽ ധനവാന്മാർക്കിടയിലുണ്ട്.

എന്താണ് കഷ്ടപ്പാട്?

വെയിലും മഴയും ഏററുകൊണ്ടും, വിശപ്പും ദാഹവും സഹിച്ചുകൊണ്ടും നേരം വെളുത്താൽ ഇരുട്ടുന്നതുവരെയും ഇരുട്ടിയതിനുശേഷവും അദ്ധ്വാനിക്കുന്ന തൊഴിലാളികളെ നമുക്കറിയാം.

അവർ ദരിദ്രരായി ജനിക്കുന്നു. ദരിദ്രരായി ജീവിക്കുന്നു. ദരിദ്രരായിത്തന്നെ മരിക്കുകയും ചെയ്യുന്നു.

ഇതിൽ കവിഞ്ഞ കഷ്ടപ്പാട് ഏത് പണക്കാരനാണ് അനുഭവിച്ചിട്ടുള്ളത്?

യഥാർത്ഥത്തിൽ കഷ്ടപ്പെട്ട് അദ്ധ്വാനിക്കുന്നവനു് സമ്പാദ്യമുണ്ടായതായ അനുഭവമില്ല. അതേസമയം കഷ്ടപ്പെടാത്തവനും, അദ്ധ്വാനിക്കാത്തവനും സമ്പാദ്യമുണ്ടാക്കിയിട്ടുമുണ്ട്. നേരായ മാർഗ്ഗത്തിലൂടെയല്ലെന്നുമാത്രം.

അതുകൊണ്ട്, സ്വകാര്യ സ്വത്തിനു് ഇന്നു് കല്പിച്ചിരിക്കുന്ന പാവനത്വം ഒരുതരം തട്ടിപ്പാണ്. മൂലധനരൂപത്തിലുള്ള സ്വത്തിൻെറ സിംഹഭാഗവും കൂട്ടുടമാസമ്പ്രദായത്തിൻ കീഴിലോ പൊതു ഉടമാ സംരംഭത്തിൻകീഴിലോ വരേണ്ടതാണാവശ്യം.

## 7. സഹകരണ പ്രസ്ഥാനവും പൊതു ഉടമാ സംരംഭങ്ങളും

ര: മുമ്പ് പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങളോടെ കൃഷി ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനം നിലവിൽ വന്നിട്ടുണ്ട്. പണക്കാരായ വ്യക്തികളുടെ ചൂഷണങ്ങളിൽ നിന്നും തൊഴിലാളികളെ വിമുക്തരാക്കാനുദ്ദേശിച്ചുകൊണ്ട് നാടെങ്ങും സഹകരണ സംഘങ്ങൾ ഉണ്ടാക്കുകയും അവയ്ക്ക് പിൻബലമായി സർക്കാർ ഉണ്ടായിരിക്കുകയും ചെയ്തിട്ടും അവയുടെ മിക്കവയുടേയും പ്രവത്തനം ആശാവഹമോ അഭിലഷണീയമോ ആയിത്തീർത്തിട്ടില്ല. കേരളത്തിലാണെങ്കിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തന വലയത്തിനകത്തുവരാത്ത ഒരിഞ്ചു ഭൂമിപോലും മിച്ചം കാണുമെന്ന് തോന്നുന്നില്ല. എന്നാൽ അതു കൊണ്ടുദ്ദേശിക്കപ്പെട്ട പ്രയോജനം ഉദ്ദേശിച്ച രീതിയിൽ കിട്ടേണ്ടവർക്കു കിട്ടുന്നില്ല. സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനു് മുന്നിട്ടു നില്ക്കുന്ന ഏതാനും പ്രമാണിമാരുടെ മാത്രം നില മെച്ചപ്പെടും; അതോടെ സംഘം പ്രവർത്തന രഹിതമാവുകയോ നിർമ്മാജ്ജനം ചെയ്യപ്പെടുകയോ ആണു് പതിവു്.

സ: ഇതൊന്നും തന്നെ സഹകരണ പ്രസ്ഥാനത്തിൻെറ കുഴപ്പമല്ല. സഹകരണ പ്രസ്ഥാനം ജന്മിമാർക്കും മുതലാളിമാർക്കും അവരുടെ ചൂഷണാധിഷ്ഠിത പ്രവത്തനങ്ങൾക്കും ശക്തനായ ഒരെതിരാളിയാണ്. സ്വാഭാവികമായി ഇക്കൂട്ടരിൽ നിന്നായിരിക്കും സഹകരണ പ്രസ്ഥാനത്തിനു് പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള എതിർപ്പുണ്ടാവുക. സഹകരണ സംരംഭങ്ങളിലൂടെ പാവപ്പെട്ടവനു് വലിയ പ്രയോജനമൊന്നും ഉണ്ടാകാനില്ലെന്ന് പ്രായോഗികാനുഭവങ്ങളിലൂടെ തെളിയിച്ചു കൊടുക്കുന്നതിനും അപ്രകാരം അവയുടെ പ്രവത്തന വ്യാപ്തി തടയുന്നതിനും ശ്രമിക്കേണ്ടതു് ചൂഷക വർഗ്ഗത്തിൻെറ നിലനില്പിനാവശ്യമാണ്. അതുകൊണ്ടു് സഹകരണ പ്രസ്ഥാ

നങ്ങളെ രക്ഷിക്കാനെന്ന വ്യാജേന ഇവരും ഇവരുടെ ഏജ ൻറുമാരും തന്ത്രപൂർവ്വം ഇതിനകത്തു് കടന്നുകൂടും. സംഘ ത്തിൻെറ സാമ്പത്തിക ഭദ്രത, പ്രവർത്തന പുരോഗതി തുടങ്ങി കേൾക്കാനിമ്പമുള്ള തത്വങ്ങൾ ഉയർത്തിക്കാട്ടി കൊണ്ടു് സ്ഥലത്തെ ഭേദപ്പെട്ട ജന്മിമാരും മുതലാളി മാരും ഇതര പ്രമാണിമാരും സംഘത്തിൻെറ പ്രധാന സംഘാടകരും ഗുണഭോക്താക്കളുമായിത്തീരും.

കൂട്ടത്തിൽ സർക്കാരിൻെറ ഭാഗത്തു നിന്നു് കിട്ടേണ്ടതു മുഴുവൻ ചോർത്തിക്കൊടുക്കാമെന്ന വാഗ്ദാനവുമായി രാഷ്ട്രീയ നേതാക്കന്മാരും ഇതിനകത്തു കടന്നുവരും. ഉദാ ഹരണത്തിനു് ഒരു പാൽ സൊസൈററിയുടെ കാര്യം നമുക്കു പരിശോധിക്കാം.

സ്വന്തമായിത്തന്നെ ധാരാളം മുതൽ മുടക്കു നടത്തി അനേകം പശുക്കളെ പരിപാലിക്കാൻ കെല്പുള്ള പണ ക്കാരും, ഒരു പശുവിനെപ്പോലും വളർത്താത്ത രാഷ്ട്രീയ ക്കാരും പാൽ സൊസൈററിയിലെ പ്രമുഖാംഗങ്ങളായി നമുക്കു കാണാൻ കഴിയും. സഹകരണ സംഘത്തിൻെറ നടത്തിപ്പും നിയന്ത്രണവുമെല്ലാം പണക്കാരൻെറയും, രാഷ്ട്രീയ നേതാവിൻെറയും, അവർക്കു് ചൂട്ടു പിടിച്ചു കൊടുത്തും സ്വയം നേട്ടങ്ങളുണ്ടാക്കാൻ വെമ്പുന്ന ഉദ്യോ ഗസ്ഥ വർഗ്ഗത്തിൻെറയും കൈയിലായിരിക്കും. ഈ മൂന്നു കൂട്ടരുടെയും സ്വയം നന്നാകലല്ലാതെ മററൊന്നും തന്നെ സംഘ പ്രവർത്തനം കൊണ്ടുണ്ടാവുകയില്ല. അതിനു മറ യായി വേണ്ടുവോളം ആദർശ പ്രസംഗങ്ങളും, വിപ്ലവാ ഹ്വാനങ്ങളും മററു രാഷ്ട്രീയ കളികളും നടത്തുകയും ചെയ്യും.

മൂലധനമില്ലാത്തതുകൊണ്ടു് പശു വളർത്താൻ സാധി ക്കാത്ത ദുർബ്ബല വിഭാഗത്തെ സഹായിക്കുകയാണു് ഈ സഹകരണ സംഘത്തിൻെറ പ്രധാന ലക്ഷ്യമായി കരുത പ്പെടുന്നതു്. ഒരു ഘട്ടത്തിലും അവർ ചൂഷണത്തിനു വിധേയരാകാതെ നോക്കേണ്ട ചുമതലയാണു് സംഘ ത്തിനുള്ളതു്. എന്നാൽ യഥാർത്ഥത്തിൽ നടക്കുന്നതെ ന്താണു്? സാമ്പത്തിക ഭദ്രതയുടെ പേരും പറഞ്ഞു് പണ ക്കാരനു് കൂടുതൽ മൂലധനം കൈക്കലാക്കുന്നതിനുള്ള സാഹ

ചര്യം ഉണ്ടാക്കിക്കൊടുക്കുകയാണു് പല സംഘങ്ങളും ചെയ്യുന്നതു്.

ര: ചൂഷണമില്ലാതാക്കാൻ വേണ്ടി ഉപയോഗിക്കപ്പെടേണ്ട പണം പണക്കാരന്റെ അധീനതയിൽത്തന്നെ ചെന്നു ചേരുന്നു. അയാൾ അതുപയോഗിച്ചു് ചൂഷണം കൂടുതൽ ശക്തമായും വ്യാപകമായും നടത്തുന്നു.

സ: പുറമേ നിന്നുള്ള സഹായം കൂടാതെ തന്നെ പശ്ചാത്തലങ്ങളെ പരിപാലിക്കാൻ കഴിയുന്നവനാണു് പണക്കാരൻ. അയാൾക്കു് സംഘം മുഖേന ലഭിക്കുന്ന വമ്പിച്ച വായ്പകളും ധനസഹായങ്ങളും കൊള്ളലാഭമുണ്ടാക്കുന്ന സാമൂഹ്യദ്രോഹ പ്രവർത്തനങ്ങൾ ചെയ്യുന്നതിനയാളെ സഹായിക്കുന്നു.

ര: പക്ഷെ സാമ്പത്തിക ഭദ്രതയില്ലാത്ത ദാരിദ്ര്യ വാസികൾക്കു് വലിയ തുകകളും മററും എന്തിന്റെ ഉറപ്പിൽ വായ്പയായിക്കൊടുക്കും? ഉല്പാദനപരമായ പ്രവർത്തനങ്ങൾ നടത്താനുപയോഗിക്കേണ്ട പണം അദ്ധ്പട്ടിണിക്കാരനെ ഏല്പിച്ചാൽ അയാൾ അതു് തന്റെ സ്വന്തം ഭക്ഷണത്തിനും മററു ജീവിതാവശ്യങ്ങൾക്കും ഉപയോഗിക്കുമെന്നതു് തീർച്ചയാണു്. പിന്നീടതെങ്ങനെ തിരിയെ ഈടാക്കും? ദരിദ്രന്മാർക്കു് സ്വന്തം ജാമ്യത്തിൽ ചെറിയ തുകകൾ വായ്പയായി കൊടുത്തിട്ടുള്ള സന്ദർഭങ്ങളിൽ പോലും ഈ അനുഭവമല്ലേ ഉണ്ടായിട്ടുള്ളതു്?

സ: നേരത്തെ സൂചിപ്പിച്ചതുപോലെ സഹകരണപ്രസ്ഥാനത്തിനു് ദരിദ്രന്മാരെ സഹായിക്കാൻ പററുകയില്ലെന്നും ഇന്നത്തെ ജന്മി മുതലാളിമാരിലൂടെ മാത്രമേ അവക്കു് എന്തെങ്കിലും പ്രയോജനം ലഭിക്കാൻ പററുകയുള്ളുവെന്നും സമത്ഥിക്കാനുള്ള സൂത്രപ്പണിയുടെ ഭാഗങ്ങളാണിതെല്ലാം. പട്ടിണിയും പരിവട്ടവുമായിക്കഴിയുന്നവക്കു് അവരുടെ അദ്ധ്വാനശേഷി മാത്രമേ സ്വത്തായുള്ളു. മൂലധനം സ്വന്തമായിക്കരുതിയിട്ടുള്ള ചൂഷകവഗ്ഗം ഇവരുടെ അദ്ധ്വാനശേഷിയെ സ്വന്തം ലാഭത്തിനുവേണ്ടി ചൂഷണംചെയ്യുന്നതു തടയുകയാണു് സഹകരണപ്രസ്ഥാനത്തിന്റെ പ്രഥമവും പ്രധാനവുമായ കത്തവ്യം. ലഭ്യമായ മൂലധനത്തിൽ സിംഹഭാഗവും ഏല്പതാനും പണ

ക്കാർക്കിടയിൽ വീതിച്ചു കൊടുത്തശേഷം ബാക്കിയുള്ള തുച്ഛമായ തുകയെ ചെറിയ അംശങ്ങളാക്കി പാവപ്പെട്ടവൻെറ തലയിൽ കെട്ടിവച്ചു് അവനെയും മൂലധനക്കാരനാക്കാൻ ശ്രമിക്കുന്നതുകൊണ്ടു് വിശേഷമൊന്നുമില്ല. മൂലധനം വ്യക്തികളുടെ നിയന്ത്രണത്തിൻകീഴിൽനിന്നും പൊതു നിയന്ത്രണത്തിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തിൻെറ മറെറാരു രൂപം മാത്രമാണു് സഹകരണ സംഘത്തിൻെറ അധീനതയിൽ മൂലധനം എന്ന ആശയം. എന്നാൽ സഹകരണ സംഘങ്ങൾ പലതും ഇന്നു ചെയ്യുന്നതു് നേരെ മറിച്ചാണു്.

അദ്ധ്വാനംമാത്രം കൈമുതലായുള്ളവക്കു് അവരുടെ അദ്ധ്വാനശേഷികൊണ്ടു് മാന്യമായി ജീവിക്കാൻ കഴിയണം. അതിനു പററിയ സാഹചര്യമാണു് സഹകരണ പ്രസ്ഥാനങ്ങൾ നിമ്മിക്കേണ്ടതു്.

കൂട്ടുകൃഷി സ്ഥലങ്ങളും, കാലിവളത്തൽ കേന്ദ്രങ്ങളും ചെറുതും വലുതുമായ മററനേകം വ്യവസായ സംരംഭങ്ങളും സഹകരണ പ്രസ്ഥാനങ്ങളുടെ കീഴിൽ വരേണ്ടതുണ്ടു്. വ്യക്തിയുടെ വക അദ്ധ്വാനം, അദ്ധ്വാനത്തിനു കൂലി, മിച്ചമായുണ്ടാകുന്ന സ്വത്തു് അഥവാ മൂലധനം കൂട്ടായ ഉടമയിലും (പൊതു ഉടമയിലും). ഇതായിരിക്കണം ലക്ഷ്യം.

ര: സഹകരണ സംഘങ്ങൾക്കു് സ്വന്തമായി ഇത്രയും ഭാരിച്ച ചുമതലകൾ ഏറെറടുത്തു നടത്താൻ കഴിയുമോ? ഇതിനാവശ്യമായി വരുന്ന വമ്പിച്ച മുതൽമുടക്കു് എങ്ങനെ ന്യായീകരിക്കാം?

സ: സഹകരണ പ്രസ്ഥാനങ്ങളിലൂടെ സ്വകാര്യ മുതലാളിമാരിലേക്കു് ഒഴുകിപ്പോകുന്ന വമ്പിച്ച തുകകൾ മുതൽമുടക്കായി ഉപയോഗിക്കാം. പിന്നെ, നടത്തിപ്പിൻെറ കാര്യമാണെങ്കിൽ, ഒരു സ്ഥലത്തെ പണക്കാരായ ഒന്നോ രണ്ടോ വ്യക്തികൾക്കു് നടത്താൻ സാധിക്കുന്ന കാര്യം ആ സ്ഥലത്തു് അധിവസിക്കുന്നവരുടെ കൂട്ടായ യത്നത്തിനു് നടത്താൻ സാധിക്കയില്ലെന്നു പറയുന്നതിനു് ന്യായീകരണമില്ല.

ഇത്തരം സംരംഭങ്ങൾക്കു്, അതായതു് പ്രത്യുല്പാദന പരമായ പ്രവൎത്തനങ്ങൾക്കുവേണ്ടി മുടക്കുന്നമുതലിനു് ന്യായീകരണമില്ലെങ്കിൽ മററേതു രംഗത്തുള്ള മുതൽമുടക്കിനാണു് ന്യായീകരണമുള്ളതു്? സമൂഹത്തിൻെറ പൊതു ആവശ്യമെന്നുകണ്ടാൽ മററതെല്ലാം രംഗങ്ങളിൽ മുതൽ മുടക്കുകയും അതു് പൊതു സ്വത്തായി പരിരക്ഷിക്കുകയുംചെയ്യുന്നു?

സെക്രട്ടറിയേററിൽ പണിചെയ്യുന്ന സെക്രട്ടറിമാർ മുതൽ ശിപായിമാർവരെയുള്ളവർ അവരുടെ അദ്ധ്വാനം കൊടുത്തു് പകരം ശമ്പളം വാങ്ങുന്നു. പക്ഷെ, അതുകൊണ്ടു് സെക്രട്ടറിയേററു് കെട്ടിടം കെട്ടുന്നതിനോ, അവിടത്തെ ഉപകരണങ്ങൾ വാങ്ങുന്നതിനോ, അവർ മുതൽ മുടക്കണമെന്നു് ആരും ശഠിക്കുന്നില്ലല്ലോ. അതു പോലെ ഈ രാജ്യത്തു് അധിവസിക്കുന്നവർക്കു് തിന്നാനും, കുടിക്കാനും, ഉടുക്കാനും, പാർക്കാനും മററുമുള്ള നിത്യോപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങളും പൊതു ഉടമയിൽ നില നിറുത്തിക്കൂടേ? അതിനാവശ്യമായ മുതൽ മുടക്കു് പൊതു മുതലിൽ നിന്നു തന്നെയായിരിക്കണമെന്നു പറയുമ്പോൾ നെററി ചുളിക്കുന്നതെന്തിനാണു് ?

ര: ശുഷ്കമായ പൊതു മുതലിൽനിന്നു് ഇതിനുള്ള വക കാണാൻ പററുമോ ?

സ: പൊതു മുതലിൻെറ സിംഹ ഭാഗവും കൈയ്യടക്കി വച്ചിരിക്കുന്ന പ്രധാന ദിവ്യന്മാരിൽനിന്നും ആയതു് പിടിച്ചെടുത്താൽ മതി. പണി ചെയ്യുന്നവനു് അവൻെറ അദ്ധ്വാനത്തിനുള്ള കൂലി കിട്ടുകയും, ആ കൂലി അവനു് മാന്യമായി ജീവിക്കുന്നതിനു് പര്യാപ്തമാവുകയും വേണം. പണി ചെയ്യുന്നതിനാവശ്യമായ മൂലധന നിക്ഷേപവും, പണിയുപകരണങ്ങളും മററും പണി ചെയ്യുന്നവൻ മാത്രമായി കണ്ടെത്തേണ്ട കാര്യമൊന്നുമില്ല.

ര: സമ്പന്ന വിഭാഗം അന്യായമായി കൈയ്യടക്കിവച്ചിരിക്കുന്ന പൊതു സ്വത്തു് അഥവാ മൂലധനം ഉപയോഗിച്ചു് ചൂഷണം നടത്തുന്ന എല്ലാ മേഖലകളിലും കൂട്ടായ ഉടമാ

സമ്പ്രദായം അഥവാ പൊതു ഉടമാ സമ്പ്രദായം കടന്നു കയറി ആധിപത്യം സ്ഥാപിക്കണമെന്നാണ് അല്ലേ? അങ്ങനെയാണെങ്കിൽ ഇപ്പോഴത്തെ മുതലാളിമാരെയും കുത്തകക്കാരെയും ഒരു മൂലയിൽ ഒതുക്കാൻ കഴിഞ്ഞെന്നു വരും.

സ: എന്നാൽ കൗശലക്കാരായ ''ഉൽകൃഷ്ടർ'' ഈ സംഗതി മുൻകൂട്ടിത്തന്നെ മനസ്സിലാക്കി പ്രവൎത്തിക്കുന്നുണ്ട്?

ര: അതെങ്ങനെ?

സ: കൂട്ടായ ഉടമാ സമ്പ്രദായത്തിൻെറ പ്രണേതാക്കൾ ഇപ്പോൾ തന്നെ അവരാണ്. താനും, തൻെറ ഭാര്യയും മക്കളും മരുമക്കളും പിന്നെ തൻെറ തേങ്ങാപ്പട്ടക്കാരും കൂടി ചേൎന്ന സഹകരണ സംരംഭങ്ങളാണ് ഇന്നവൎക്കുള്ളതു്. കുത്തക വ്യവസായരംഗം, വ്യാപാരരംഗം, പത്രപ്രവൎത്തനരംഗം തുടങ്ങി എവിടെ നോക്കിയാലും ഈ സമ്പ്രദായം മാത്രമേ കാണാനുള്ളു.

ഭീമമായ ശമ്പളച്ചെലവുകൾ കാണിച്ച് ആദായനികുതി വെട്ടിക്കാനും, സഹകരണ പ്രസ്ഥാനമെന്ന നിലയിൽ കിട്ടാവുന്ന എല്ലാ ആനുകൂല്യങ്ങളും തട്ടിയെടുക്കാനും അവൎക്ക് കഴിയുന്നു. അതേസമയം എല്ലാ ശമ്പളവും, ആദായവും ഒരേ വീട്ടിൽ തന്നെ ചെന്നെത്തുകയും ചെയ്യും.

ര: പാൽ സൊസൈററിയെപ്പററിയാണല്ലോ നാം പറഞ്ഞു വന്നതു്. പശുക്കളും, തൊഴുത്തുമെല്ലാം സംഘത്തിൻെറ വകയായിരിക്കണം. എന്നാൽ പശുക്കളെ പരിപാലിക്കുന്ന ജോലി ചെയ്യുന്നവൎക്ക് അതിനുള്ള വേതനവും ലഭിക്കണം. ഇതല്ലേ ഉദ്ദേശിക്കുന്നതു്.

സ: അതെ. പശു വളൎത്തുന്നതിൽ താല്പര്യമുള്ള ഒരു സാധാരണക്കാരനു സ്വന്തം അദ്ധ്വാന ശേഷി കൊണ്ടുമാത്രം ജീവിക്കാനുള്ള സാഹചര്യം അങ്ങനെ മാത്രമേ ലഭിക്കയുള്ളു.

പശുവിനെയും പശു വളൎത്തുന്നവനെയും കാലുവാരിക്കൊണ്ടു് സ്വയം നന്നാകാമെന്നു് കണക്കുകൂട്ടുകയും, പശു വളൎത്താതെ തന്നെ നാടു നന്നാക്കിക്കളയാമെന്നു് പ്രത്യയ ശാസ്ത്രം പറയുകയും ചെയ്യുന്ന പ്രമാണിമാരെയും

രാഷ്ട്രീയക്കാരെയും നിലയ്ക്കു നിറുത്തണമെങ്കിൽ സമൂഹത്തിലെ കീഴ്ത്തട്ടിലുള്ളവർ ബോധപൂർവ്വം കൂട്ടായി യത്നിച്ചേ പററൂ.

പശുവിൻെറ അകിടിൽ നിന്നു് തൂവെള്ളപ്പാൽ കിട്ടുമെന്നിരിക്കെ ഈച്ചയുടെ പരിശ്രമം രക്തം ഊററിക്കുടിക്കാനാണു്. അതു പോലെയാണു് ഈ പ്രമാണിമാരുടെയും രാഷ്ട്രീയക്കാരുടെയും പ്രവർത്തനങ്ങൾ. ഇവർക്കു വേണ്ട സഹായസഹകരണങ്ങളും അംഗീകാരവും ആവശ്യംപോലെ ലഭിക്കുന്ന സാഹചര്യങ്ങളാണു് ഇന്നു് നിലവിലുള്ളതു്. സഹകരണ സംരംഭങ്ങളുടെയും പൊതുഉടമാ സംരംഭങ്ങളുടേയും ഏതു മേഖല പരിശോധിച്ചാലും ഈ നഗ്ന സത്യങ്ങൾ വെളിപ്പെടും.

ര: നെയ്ത്തുസൊസൈററികളുടെ കാര്യം തന്നെ നോക്കാം. സൗജന്യനിരക്കിൽ കിട്ടുന്ന നൂലുമുഴുവൻ കരിഞ്ചന്തയിൽ പോകും. നെയ്യുന്ന യഥാർത്ഥ തൊഴിലാളിയെക്കാൾ കൂടുതൽ സ്വാധീനവും കൈകാര്യകർത്തൃത്വവും സൊസൈററി നടത്തിപ്പിൽ അവകാശമായുള്ളതു് നെയ്ത്തിനെപ്പററി പ്രസംഗിക്കുകമാത്രം ചെയ്യുന്നവർക്കും സ്ഥലത്തെ മററു പ്രധാന ദിവ്യന്മാർക്കുമാണു്.

സ: വസ്ത്രം നെയ്യാതെയും, അതു് വില്ക്കാതെയും റിബേററു്, ഗ്രാൻറു് തുടങ്ങി കിട്ടാവുന്ന നേട്ടങ്ങളൊക്കെ സംഘം നടത്തിപ്പുകാരായ ദിവ്യന്മാരുടെ കീശയിൽപോകും. അതിനുവേണ്ടിയുള്ള റിക്കാർഡെഴുത്തും കണക്കെഴുത്തും പ്രസംഗവും മാത്രമായിരിക്കും പ്രവത്തനം.

ര: നേരത്തെ സൂചിപ്പിച്ചതുപോലെ നാട്ടുമുഴുവൻ സഹകരണ സംഘങ്ങളാണു്. ഓരോ നേതാവിൻെറയും ഓരോ പാക്കെററിലും ഓരോ സഹകരണസംഘം വീതമുണ്ടു്. അവയുടെയെല്ലാം ഉല്പാദനവസ്തു രാഷ്ട്രീയവും, ഉല്പാദകർ രാഷ്ട്രീയക്കാരുമാണെന്ന സ്ഥിതിയാണിപ്പോൾ.

സ: പൊതുപ്പണം അവിഹിതമാർഗ്ഗങ്ങളിലൂടെ ചോർത്തിയെടുക്കുന്നതു് ഇന്നൊരു കലയാണു്. മാത്രമല്ല അതു് അന്തസ്സുമാണു്. അതുകൊണ്ടു് പൊതുമുതൽ കൊള്ളയടിക്കുന്നതു് സമൂഹത്തിലെ "മാന്യ"ന്മാരുടെയും "ദിവ്യ"ന്മാരുടേയും പ്രത്യേകാവകാശങ്ങളിൽ ഉൾപ്പെടുത്തിയിരിക്കയാണു്.

ചൂഷണത്തിൽ നിന്നും കഷ്ടപ്പാടിൽനിന്നും ദാരിദ്ര്യത്തിൽ നിന്നുമെല്ലാം സാധാരണക്കാരനെ രക്ഷിക്കാനുദ്ദേശിച്ചുകൊണ്ടു് പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. നിയമങ്ങൾ ഉണ്ടാക്കുന്നു. പക്ഷെ പണക്കാരൻ കൂടുതൽ പണക്കാരനായിക്കൊണ്ടിരിക്കുന്നു. അല്പം രാഷ്ട്രീയമോ സംഘടനാ വൈഭവമോ കൈമുതലായുള്ള ഇടപ്രമാണികൾ കൂടി വലിയ പണക്കാരുടെ കൂട്ടത്തിലേയ്ക്കുയർത്തപ്പെടുന്നു. പാവപ്പെട്ടവൻ കൂടുതൽ പാവപ്പെട്ടവനുമാകുന്നു. കവി പാടിയതുപോലെ "എന്തൊരു മായാവ്യവസ്ഥയാലോ" ഉയർത്തപ്പെടേണ്ടവൻ ചവുട്ടി താഴ്ത്തപ്പെടുന്നു. താഴ്ത്തപ്പെടേണ്ടവൻ അതിവേഗതയിൽ വീണ്ടും കൂടുതൽ ഉയർന്നു പൊയ്ക്കൊണ്ടുമിരിക്കുന്നു.

ര: വ്യക്തികളായ ചൂഷകരെ അകററി നിറുത്താനുദ്ദേശിച്ചുകൊണ്ടു് പടുത്തുയർത്തപ്പെടുന്ന പൊതു സംരംഭങ്ങൾക്കും കനത്ത തിരിച്ചടികളാണുണ്ടായിക്കൊണ്ടിരിക്കുന്നതു്. പൊതു മേഖലയിലുള്ള വ്യവസായങ്ങളിലും മററു സംരംഭങ്ങളിലുമുണ്ടാകുന്ന ഉല്പാദനമാന്ദ്യവും നഷ്ടവും മററും ഇതിനുദാഹരണമാണു്. ഇതെല്ലാം ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളല്ലേ? ഇതിനെന്താണൊരു പരിഹാരം?

സ: പരിഹാരമാർഗ്ഗം ഒന്നേയുള്ളൂ. അദ്ധ്വാനിക്കുന്ന വർഗ്ഗം സ്വന്തം നില മെച്ചപ്പെടുത്തുന്നതിനുള്ള തങ്ങളുടെ സംരംഭങ്ങളിൽ മദ്ധ്യവർത്തികളെയും ഉന്നതകുല രക്തക്കാരെയും സഹായികളായും, നായകന്മാരായും അവരോധിക്കുന്ന ഏർപ്പാടു് മതിയാക്കണം. സംഘടിക്കാനും ത്യാഗങ്ങൾ സഹിച്ചു് പ്രയത്നിക്കാനും കഴിവുള്ളവർക്കു് അതിന്റെ സൽഫലങ്ങൾ കൊയ്തെടുക്കാൻ ഒരു മദ്ധ്യവർത്തിയുടെ ആവശ്യം ഇല്ലാത്ത പരിതസ്ഥിതി ഉണ്ടാകണം.

ര: അദ്ധ്വാനിക്കുന്ന വർഗ്ഗം വേണ്ടതോതിൽ ഉൽബുദ്ധരായാൽ ഇതിനു പരിഹാരമുണ്ടാകും.

സ: പണ്ടത്തെ അപേക്ഷിച്ചു് തൊഴിലാളികളും മററും ഇന്നു് കൂടുതൽ ഉൽബുദ്ധരാണു്. പക്ഷെ, അതിനവർ കടപ്പെട്ടിരിക്കുന്നതു് സ്വാർത്ഥ താല്പര്യങ്ങൾ മാത്രം നിഗൂഢമായി ഉള്ളിൽ കരുതിക്കൊണ്ടു് രംഗത്തുനില്ക്കുന്ന നേതൃത്വങ്ങളോടാണു്. ആ കടപ്പാടു് നേതാക്കന്മാർ ശരിക്കും മുതലാക്കുന്നുമുണ്ടു്.

ര: ഇക്കാരണത്താലായിരിക്കണം അദ്ധ്വാനിക്കുന്ന വർഗ്ഗം രാജ്യത്തിൻേറയോ അവരുടേതോ അല്ലാത്ത ആവശ്യങ്ങൾക്കും, ചിലപ്പോൾ അവരുടെ തന്നെ താല്പര്യങ്ങൾക്കു വിരുദ്ധമായ കാര്യങ്ങൾക്കുവേണ്ടി പോലും സമരം ചെയ്യാനും ത്യാഗങ്ങൾ സഹിക്കാനും സന്നദ്ധരായി മുന്നോട്ടുവരാൻ നിർബ്ബന്ധിതരാകുന്നതു്.

സ: ഈ സ്ഥിതിവിശേഷത്തിനു് ഫലപ്രദമായ ഒരു പരിഹാരമാർഗ്ഗം കണ്ടെത്തണം. അദ്ധ്വാനിക്കുന്ന വിഭാഗത്തിൻെറ കടപ്പാടു് സ്വന്തം സംഘടിത ശക്തിയോടും സമൂഹത്തോടും മാത്രമാകണം. ഈ തത്വം നടപ്പിലാകാൻ തടസ്സമായി നില്ക്കുന്ന മദ്ധ്യവർത്തികളെ ഒഴിവാക്കണം. നന്മയും തിന്മയും യഥാർത്ഥവും കൃത്രിമവും അനുഭവത്തിലൂടെയെങ്കിലും തിരിച്ചറിയാനുള്ള കഴിവു് അദ്ധ്വാനിക്കുന്ന വിഭാഗത്തിനുണ്ടാകണം. പ്രചരണങ്ങളിൽ കുടുങ്ങിപ്പോകാതെ വസ്തുതകളെ അവയുടെ യഥാർത്ഥ രൂപത്തിലും സ്വഭാവത്തിലും കാണാനുള്ള കഴിവും അവർ നേടേണ്ടതുണ്ടു്.

ര: സമൂഹത്തിൻെറ രക്ഷാകർതൃത്വം ഏറ്റെടുത്തിരിക്കുന്നവർ മൂല്യങ്ങളെപ്പററിയും, സംസ്കാരം, പുരോഗതി എന്നിവകളെപ്പററിയും കൈക്കൊണ്ടിരിക്കുന്ന ഇന്നത്തെ നിലപാടുകളിൽ മൗലികമായ മാററങ്ങൾ വന്നാലല്ലാതെ ശരിയായ പാതയിലൂടെയുള്ള മുന്നേററം ഉണ്ടാവുകയില്ല.

സ: നേതൃത്വങ്ങൾ നയിക്കുന്നുവെന്നാണു് സങ്കല്പം. എന്നാൽ അവ സങ്കുചിതവും സ്വാർത്ഥപരവുമാകുമ്പോൾ ജനസമൂഹം ഇടുങ്ങിയ പാതകളിലൂടെ നയിക്കപ്പെടുകയും സ്വാർത്ഥതാല്പര്യങ്ങളും, നിക്ഷിപ്ത താല്പര്യങ്ങളും മററും മാത്രം സംരക്ഷിക്കപ്പെടുകയുംചെയ്യും. നേതൃത്വശൃംഖലയിലെ ഏതെങ്കിലും കണ്ണി സ്വയം നേരായ പാതയിലൂടെ സഞ്ചരിച്ചു തുടങ്ങുമെന്നും ജനസമൂഹം അവരുടെ പിന്നാലെ പോയാൽ മതിയെന്നുമുള്ള ആഗ്രഹചിന്തകൾ ആളുകളെ സങ്കല്പലോകത്തിൽ തന്നെ പിടിച്ചുനിറുത്തുകയേയുള്ളു. അതുകൊണ്ടു് അനന്തമായ ഈ പരീക്ഷണവും കാത്തിരുപ്പും ഇനി തുടരുക വയ്യ. ലഭ്യമായ നേതൃത്വ

ങ്ങളെ നേർവഴിയെ തള്ളിവിടുക മാത്രമേ കരണീയമായുള്ളു.

പഴയ സങ്കല്പങ്ങളിലും, പുതിയ ധാരണകളിലും മാററണ്ടവയെ മാററി പ്രതിഷ്ഠിക്കണം. അതിനുള്ള മുൻകൈ എടുക്കേണ്ടതു് ജനസാമാന്യംതന്നെയാണു്. അതിനുവേണ്ട പ്രബുദ്ധത ജനം നേടണം. അതിനു് സഹായകമായ വിദ്യാഭ്യാസ സൗകര്യം കുഞ്ഞുങ്ങൾ മുതൽ മുതിർന്നവർ വരെയുള്ളവക്കു് ലഭ്യമാകണം. അതു് സൗജന്യമായിരിക്കണം, സമൂഹത്തിൻെറ ചിലവിലും ചുമതലയിലുമായിരിക്കയുംവേണം.

ര: മാററപ്പെടേണ്ട പഴയ സങ്കല്പങ്ങളും പുതിയ ധാരണകളുമെന്തൊക്കെയാണു്?

സ: വേലയ്ക്കു മാന്യത കല്പിക്കാത്തുള്ള നമ്മുടെ തലതിരിഞ്ഞ പഴയ സമ്പ്രദായങ്ങളും, കടമ ചെയ്യില്ലെങ്കിലും അവകാശം പുറകേ വന്നുകൊള്ളുമെന്ന അത്യാധുനിക സിദ്ധാന്തങ്ങളുമെല്ലാം ഇവയിൽ ഉൾപ്പെടും.

ര: പക്ഷെ, ജന ജീവിതത്തിൻെറ എല്ലാ മേഖലകളിലും ഇവ പടർന്നുപിടിച്ചിട്ടുണ്ടു്. വിദ്യാഭ്യാസത്തിലായാലും, രാഷ്ട്രീയത്തിലായാലും, തൊഴിൽ രംഗത്തായാലും ഈ പ്രതിഭാസം രൂഢമൂലമായിരിക്കുകയാണു്.

സ: എല്ലാ മേഖലകളിൽനിന്നും ഈ ദുഷ്പ്രവണതകളെ തുടച്ചു മാററണം.

## 8. വേലയ്ക്കു മാന്യത

സ: സമൂഹം കൂടുതൽ മാന്യത കല്പിക്കുകയും കൂടുതൽ വരുമാനവും ജീവിത സുരക്ഷിതത്വവും ഉറപ്പുനല്കുകയുംചെയ്യുന്ന ജോലികൾ ചെയ്യാനാണു് എല്ലാവരും താല്പര്യപ്പെടുന്നതു്. അതു സ്വാഭാവികവുമാണു്. എന്നാൽ അത്തരം ജോലികളുടെ എണ്ണം പരിമിതവും ജോലി തേടുന്നവരുടെ എണ്ണം ധാരാളവുമാകുമ്പോൾ കുഴപ്പങ്ങളുടെ ആരംഭമായി.

ര: എല്ലാ ജോലിക്കും തുല്യ മാന്യതയും പ്രാധാന്യവും കല്പിച്ചാൽ ഈ പ്രയാസം ഒഴിവാക്കാമല്ലോ. സമൂഹത്തിനാവശ്യമായ ഏതു ജോലിയും മാന്യമാണെന്നാണു് നേതൃത്വ സ്ഥാനത്തുള്ളവർ പറയുന്നതും.

സ: പറയുന്നതു് പ്രയോഗത്തിലുംകൂടി നടപ്പായാൽ കാര്യം ശരിയാകും. മാന്യത കുറഞ്ഞതായാലും കൂടിയതായാലും വ്യക്തിക്കും, സമൂഹത്തിനാകെത്തന്നെയും ഒഴിച്ചുകൂടാൻ വയ്യാത്ത വിവിധതരം ജോലികൾക്കു് മാന്യതയിൽ ഇന്നുള്ള അന്തരം എങ്ങനെ ഉണ്ടായി?

ര: ഓരോ പ്രവൃത്തിയുടേയും പ്രയോജനം കണക്കിലെടുക്കുമ്പോഴുള്ള പ്രാധാന്യത്തിനനുസരിച്ചു് മാന്യതയും കല്പിച്ചതായിരിക്കണം.

സ: വായുവും വെള്ളവും കഴിഞ്ഞാൽ മനുഷ്യനു് ഏററവും പ്രാധാന്യമായിട്ടുള്ളതു് ആഹാരമാണു്. ആഹാരപദാത്ഥങ്ങളെല്ലാംതന്നെ ഉല്പാദിപ്പിക്കുന്നതു് കൃഷിയിലും അനുബന്ധ പ്രവത്തനങ്ങളിലുമേർപ്പെടുന്ന തൊഴിലാളികളാണു്. അതുകൊണ്ടു് അവയിലേർപ്പെട്ടിരിക്കുന്ന ഈ തൊഴിലാളികളും അവരുടെ ജോലിയും സമൂഹത്തെ സംബന്ധിച്ചിടത്തോളം വിലപ്പെട്ടതും പ്രധാനപ്പെട്ടതുമാണെന്നു് പറയുന്നതിൽ തെററുണ്ടോ?

ര: ഇല്ല.

സ: പക്ഷെ കർഷകതൊഴിലാളിക്കും അയാളുടെ ജോലിക്കും ആധുനികസമൂഹം കല്പിച്ചിരിക്കുന്ന മാന്യത എത്രത്തോ

ളമുണ്ടു്? സമൂഹത്തിൽ ഏററവും കുറഞ്ഞ മാന്യത അവകാശമായുള്ളവരുടെ കൂട്ടത്തിൽ കൃഷിത്തൊഴിലാളിയും ഉൾപ്പെടുന്നില്ലേ? അഥവാ, മാന്യതയിൽ തുച്ഛമായ എന്തെങ്കിലും ഏററം വന്നിട്ടുണ്ടെങ്കിൽതന്നെ സ്വന്തം ജീവൻവരെ നല്കാൻ തയ്യാറായി സമരംചെയ്തു നേടിയെടുത്തതു മാത്രമല്ലേയുള്ളൂ. കൃഷിയെക്കാൾ പ്രാധാന്യം കുറഞ്ഞ മററു തൊഴിലുകൾ ചെയ്യുന്നവർക്കു് സമൂഹം എന്തെല്ലാം സുഖസൗകര്യങ്ങളും പ്രത്യേകാനുകൂല്യങ്ങളും അനുവദിച്ചുകൊടുത്തിരിക്കുന്നു.

ര: വിവിധ ജോലികൾക്കു് മാന്യത നിശ്ചയിച്ചിരിക്കുന്നതിൽ സമൂഹം സ്വീകരിച്ചിട്ടുള്ള മാനദണ്ഡം ശരിയല്ലാത്തതുകൊണ്ടായിരിക്കാം ഇപ്രകാരം സംഭവിച്ചതു്.

സ: ജോലിയുടെ സ്വഭാവത്തെക്കാൾ, ജോലിചെയ്യുന്ന ആളിനെയോ, വിഭാഗത്തേയോ നോക്കിയാണു് മാന്യത നിശ്ചയിച്ചിരിക്കുന്നതു്. ഇതു് പണ്ടു്മുതലേയുള്ള ഏർപ്പാടാണു്. വേലയ്ക്കു് വലിയ വിലയൊന്നും കല്പിക്കാത്ത തലതിരിഞ്ഞ പാരമ്പര്യമാണു് നമുക്കുള്ളതു്. അതിപ്പോഴും തുടരുകയാണു്. ജാതിയുടെ അടിസ്ഥാനത്തിൽ കൃത്രിമ അതിർവരമ്പുകളുണ്ടാക്കി ഭൂരിപക്ഷം വരുന്ന വിഭാഗത്തെ അവർണ്ണരെന്നും അസ്പൃശ്യരെന്നും മററും മുദ്രകുത്തി. എന്നിട്ടു് ഇക്കൂട്ടരെക്കൊണ്ടു് എല്ലാക്കാലത്തും വേലചെയ്യിക്കാമെന്നും, വേലയുടെ ഫലം മേലനങ്ങാതെ സ്വയം അനുഭവിക്കാമെന്നും ബാക്കിയുള്ള ന്യൂനപക്ഷം കരുതി. അതിനു സാധൂകരണം ലഭിക്കുന്നതിനുള്ള തത്വശാസ്ത്രങ്ങളും നിയമവകുപ്പുകളും അവർ എടുത്തുകാട്ടി. ചാതുർവർണ്ണ്യവും, ജോലി വിഭജനവും മററും ഇതിന്റെ ഭാഗങ്ങളാണു്.

ദൈവത്തിന്റെ പ്രതിനിധികളും സഹചാരികളുമായി ഒരു കൂട്ടർ. രാജ്യം ഭരിക്കുന്നതിനു മാത്രമായി ജനിച്ച വേറൊരുകൂട്ടർ. വ്യാപാരവും മററും നടത്തുന്ന മറെറാരു കൂട്ടർ. ഈ മൂന്നുകൂട്ടർക്കും ദാസ്യവേലകളും വീട്ടുപണികളും ചെയ്യുന്നതിനായി നാലാമതൊരു കൂട്ടർ. ഇവർക്കും താഴെയാണു് ബാക്കിയുള്ള മഹാഭൂരിപക്ഷം. അവർണ്ണരായും, തൊട്ടുകൂടാത്തവരായും കല്പിക്കപ്പെട്ടിരുന്ന ഇവരെ മനുഷ്യരായിപ്പോലും അംഗീകരിച്ചിരുന്നില്ല.

ര: ചാതുർവർണ്ണ്യപ്പട്ടികയിൽ ഇവർ ഉൾപ്പെടാതെ പോയതു് അതുകൊണ്ടായിരിക്കാം.

സ: അടിമകൾക്കും അടിമകളായിരുന്ന ഇവർ മേലാളർക്കു വേണ്ടി മൃഗതുല്യം വേലചെയ്യാൻ മാത്രം കടമപ്പെട്ടവർ. കടമകളെപ്പററിയല്ലാതെ അവകാശങ്ങളെപ്പററി ചിന്തിക്കുവാൻ പോലും സ്വാതന്ത്ര്യമില്ലാതിരുന്നവർഗ്ഗം. പഴയ ചരിത്രങ്ങളിലോ ഇതിഹാസങ്ങളിലോ ഈ "കീഴ്പ്പരിഷകളെ" പ്പററി ഒരു വരിയെങ്കിലും കണ്ടുപിടിക്കാൻ പ്രയാസം.

ര: ചരിത്രത്തിൻെറ പഴയഏടുകളിൽ രാജാക്കന്മാരുടെ ജനനവും കല്യാണവും മരണവുമല്ലാതെ മററെന്താണു് ഉള്ളതു്? പിന്നെ, അവർ നായാട്ടുനടത്തിയതും ആനപ്പുറത്തെഴുന്നള്ളിയതും മററും കാണും. നാട്ടിലെ പ്രഭുക്കന്മാരും പുരോഹിതന്മാരുമായി രാജാവിനുണ്ടായിരുന്ന ഇണക്കവും പിണക്കവും പെണ്ണിനും പണത്തിനുംവേണ്ടി രാജാക്കന്മാർ തമ്മിൽ നടന്ന പോരാട്ടങ്ങളും കൂടിഅവയിലുണ്ടായെന്നുവരും. രാജാവിനെയും രാജാവിനെ ചുററിപ്പററിനിന്നിരുന്ന ഏതാനും മേലാളരേയും പററിയല്ലാതെ ജനങ്ങളെപ്പററി, അതായതു് അധ:സ്ഥിതരായ ഭൂരിപക്ഷത്തെപ്പററി, അല്പമെന്തെങ്കിലും എഴുതിവയ്ക്കാൻ ഇതിഹാസക്കാരനോ ചരിത്രകാരനോ കൂട്ടാക്കിയിരുന്നില്ല.

സ: അതുകൊണ്ടു് സമൂഹത്തിൻെറ താഴെത്തട്ടിലുള്ളവർക്കു് ചരിത്രത്തിൽ സ്ഥാനമുണ്ടാക്കിക്കൊടുക്കാനും, അവരെയും മനുഷ്യരായിഅംഗീകരിപ്പിക്കാനുംവേണ്ടി ശ്രീനാരായണൻ യത്നിച്ചു. അവർണ്ണർ എന്നു് മുദ്രകുത്തി ഭൂരിപക്ഷ വിഭാഗം ജനങ്ങളെയും വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ നിന്നു് അകററി നിറുത്തിയിരുന്നു. ഈ രീതിയിൽ മാത്രമേ ഒരു ന്യൂനപക്ഷത്തിനു് ഭൂരിപക്ഷ വിഭാഗത്തെ എക്കാലവും ചൂഷണം ചെയ്തു കൊണ്ടിരിക്കാൻ സാധിക്കയുള്ളുവെന്നതു് ബന്ധപ്പെട്ടവർ കണക്കിലെടുത്തിരിക്കണം.

ര: ന്യൂനപക്ഷത്തിനു മാത്രം പ്രയോജനപ്പെടുന്ന വിദ്യാഭ്യാസ രീതിയും മററുമാണു് ഇന്നും തുടരുന്നതു്. അത്തരം

വിദ്യാഭ്യാസം ലഭിച്ചവർക്ക് ചെയ്യാൻ പററുന്ന പ്രവർത്തികൾക്ക് ഉൽകൃഷ്ട പദവിയും പ്രാധാന്യവും കല്പിക്കപ്പെടുന്ന സംവിധാനമാണിവിടെയുള്ളത്.

സ: ന്യൂനപക്ഷമായ ഒരു വിഭാഗത്തിന് ഭൂരിപക്ഷമായ ബാക്കിയുള്ളവരെ ചൂഷണം ചെയ്തു സുഖിക്കുന്നതിനു സഹായകമായി വർണ്ണവിവേചനവും ജോലി വിഭജനവും മററും മുമ്പുണ്ടായിരുന്ന കഥ പറഞ്ഞല്ലോ. അതിൻെറ പരിഷ്ക്കരിച്ച രീതികൾ ഇന്നും തുടന്ന് നിലനിറുത്തുന്നതിൻെറ മാതിരികളാണ് നാം നമ്മുടെ മുന്നിൽ കാണുന്നതു്.

ര: ഇപ്പോൾ സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം നടപ്പിലായിട്ടുണ്ട്. ജാതിമത ഭേദമോ, സാമ്പത്തികമായ ഉച്ച നീചത്വമോ കണക്കിലെടുക്കാതെ എല്ലാ കുട്ടികൾക്കും സാമാന്യ വിദ്യാഭ്യാസം നേടുന്നതിനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്. വിദ്യാഭ്യാസം കൊണ്ടു് ലഭിക്കാവുന്ന നേട്ടങ്ങൾ എല്ലാവർക്കും തുല്യമായി അനുഭവിക്കുന്നതിനുള്ള അവസരസമത്വവും ഇന്നുണ്ട്. വിദ്യാഭ്യാസ സാംസ്ക്കാരിക മണ്ഡലങ്ങളിൽനിന്ന് സമൂഹത്തിലെ ഏതെങ്കിലും വിഭാഗത്തെ അകററി നിറുത്തുന്ന ഒരു ചട്ടവും നിലവിലില്ല.

സ: ലിഖിതങ്ങളായ ചട്ടങ്ങളൊന്നുമില്ലതന്നെ. പക്ഷെ ഇന്നുള്ള വിദ്യാഭ്യാസം കൊണ്ടുള്ള നേട്ടങ്ങൾ പൂർണ്ണ അളവിൽ കൈവരിക്കാൻ സമ്പന്നവിഭാഗത്തിലുള്ളവർക്കു മാത്രമേ സാധിക്കുന്നുള്ളു. മാതൃകാ സ്ക്കൂളുകൾ, ഉന്നത നിലവാരം പുലർത്തുന്ന പ്രത്യേകതരം സ്കൂളുകൾ, ഇവയിലൊക്കെ പ്രവേശനം നേടുന്ന കുട്ടികൾ ഏതെല്ലാം കുടുംബങ്ങളിൽ നിന്നാണ് വരുന്നതെന്ന് പരിശോധിച്ചാൽ ഈ രഹസ്യം വെളിപ്പെടും. അവിടങ്ങളിൽ മിടുക്കന്മാരെയും, മിടുക്കികളെയും മാത്രമേ പ്രവേശിപ്പിക്കുകയുള്ളു. അതിനുവേണ്ടിയുള്ള പരിശോധനകളും പരീക്ഷകളും മററും നടത്തിയതിനുശേഷം മാത്രമാണ് പ്രവേശനം അനുവദിക്കുന്നത്. എന്നാൽ ഈ മിടുക്കന്മാരും മിടുക്കികളും സമ്പന്ന കുടുംബങ്ങളിലെയും ബൂർഷ്വാ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥ പ്രമുഖരുടെയും കുട്ടികളായിരിക്കയും ചെയ്യും.

ര: മിടുക്കന്മാർ മുഴവൻ ഈ വിഭാഗത്തിൽ പെട്ടവരുന്ന തിനു് സമൂഹത്തിനെ എങ്ങനെ കുററം പറയാനൊക്കും?

സ: സമൂഹം സൃഷ്ടിച്ചിട്ടുള്ള അതിർ വരമ്പുകളും, നിബന്ധ നകളും തന്നെയാണു് ഇതിനുത്തരവാദിത്വം വഹി ക്കേണ്ടതു്. സമൂഹത്തിനുവേണ്ടി നിബന്ധനകളും, ചട്ട ങ്ങളും നിർമ്മിക്കുന്നതു് സമൂഹത്തിലെ മേലാളരാണെ ന്നതോർക്കണം. ഈ മേലാളർ സമൂഹത്തിലെ കേവല ന്യൂനപക്ഷവുമാണു്. എന്നാൽ വിദ്യാഭ്യാസ മേഖല യിൽ കാണുന്ന മിടുക്കന്മാരും മിടുക്കികളും മുഴവൻ ഈ വിഭാഗത്തിൽ നിന്നു മാത്രമായി വരുന്നുവെന്നതു് തന്നെ നമ്മുടെ സാമൂഹ്യനീതികളും നിബന്ധനകാംക്കും കാര്യ മായ എന്തോ തകരാറുണ്ടെന്നു് വിളിച്ചറിയിക്കുന്നു.

ര: ഉന്നതനിലവാരം പുലർത്തുന്ന പ്രത്യേക സ്കൂളുകളിൽ സാധാരണക്കാരന്റെ കുഞ്ഞുങ്ങാംക്കു് പ്രവേശനം കിട്ടു ന്നതു് പ്രയാസം തന്നെ. അഥവാ പ്രവേശനം കിട്ടി യാലും അവിടത്തെ പ്രത്യേകാന്തരീക്ഷവുമായി ഇണ ങ്ങിപ്പോകുന്ന കാര്യവും പ്രയാസം. എന്നാൽ മറെറല്ലാ സ്കൂളുകളിലും അവക്കുവേണ്ട സ്വാതന്ത്ര്യമുണ്ടല്ലോ? അവർ പഠിക്കാത്തതിനു് മററുള്ളവരെ കുററം പറയുന്നതു് ശരിയാണോ?

സ: മേലാളർ ചോദിക്കുന്ന ചോദ്യവും ഇതുതന്നെയാണു്. ലാഘവബുദ്ധിയോടെ നോക്കിയാൽ എത്രയും യുക്തി യുക്തമായ ചോദ്യമാണിതെന്നുതോന്നും.

സമ്പന്ന കുടുംബങ്ങളിലെയും, ഉദ്യോഗസ്ഥ പ്രമുഖ ന്മാരുടെയും കുഞ്ഞുങ്ങാംക്കു മാത്രമേ ഇന്നത്തെ വിദ്യാ ലയപ്രവർത്തനങ്ങളെ തങ്ങളുടെ വീടുമായി ഘടിപ്പി ക്കാൻ കഴിയുന്നുള്ളുവെന്നതു് ഒരു വസ്തുതയാണു്. നിത്യ വൃത്തിക്കുവേണ്ടി വയലിലുഴന്നവനും, മണ്ണു് കിളക്കുന്ന വനും, കടലിൽ പോയി മീൻ പിടിക്കുന്നവനും ഫാക്ടറി കളിൽ പണിചെയ്യുന്നവനും ഇന്നത്തെ വിദ്യാഭ്യാസ വിഷയങ്ങളായ ഭാഷയും സയൻസും മററും അറിയുന്നവര ല്ലല്ലോ. അതുകൊണ്ടു് പ്രസ്തുത വിഷയങ്ങളിൽ പ്രാവീ ണ്യം നേടുന്നതിനാവശ്യമായ സാഹചര്യം വീട്ടിലുണ്ടാ ക്കാനുള്ള വിജ്ഞാനമോ കഴിവോ ഇവക്കില്ല. പോരെ

ങ്കിൽ ഇവരുടെ കുഞ്ഞുങ്ങൾ വിദ്യാഭ്യാസ കാര്യത്തിൽ മിക്കവാറും ഒന്നാം തലമുറക്കാരുമാണ്. പള്ളിക്കൂട വിഷയങ്ങളും, പ്രവർത്തനവും വീടുമായി പൊരുത്തപ്പെടുത്തുന്ന യാതൊരു കണ്ണിയും വീട്ടിലില്ലാത്ത ഹതഭാഗ്യരാണ് ഈ കുഞ്ഞുങ്ങൾ. എന്നാൽ സമൂഹത്തിലെ ഉൽകൃഷ്ടന്മാരുടെ കുഞ്ഞുങ്ങളുടെ സ്ഥിതി ഇതല്ല. വിദ്യാഭ്യാസ വിഷയങ്ങളിൽ പാരമ്പര്യമായിത്തന്നെയുള്ള നേട്ടങ്ങൾ കൈമുതലായുള്ളവരാണവർ. കൂടാതെ ഏററവും അനുകൂലമായ ഗൃഹാന്തരീക്ഷം സൃഷ്ടിക്കുന്നതും ഇവരെ സംബന്ധിച്ച് പ്രയാസമുള്ള കാര്യമല്ല.

ഇനി സ്കൂളിൽ ചെന്നതിനുശേഷമുള്ള കാര്യമാലോചിച്ചാൽ കാര്യങ്ങൾ ഇതിലും വിശേഷമാണ്. അദ്ധ്യാപകരുടെ മെച്ചപ്പെട്ട പെരുമാററവും, പ്രത്യേക ശ്രദ്ധയും അർഹിക്കുന്ന ഇവക്ക് അതൊന്നുംതന്നെ ലഭിക്കുന്നില്ല. മറിച്ച് ഭാഗ്യവാന്മാരായ മററു കുട്ടികൾക്ക് ഇവയൊക്കെ ധാരാളം ലഭിക്കുകയും ചെയ്യും. തൊഴിലാളിയുടെയും, പാവപ്പെട്ടവൻെറയും മക്കൾ മിനക്കെടുത്താനായി സ്കൂളിൽ വന്നുകയറുന്നു എന്ന അഭിപ്രായമുള്ളവരാണ് അദ്ധ്യാപകരിൽ ഭൂരിപക്ഷവും. കാര്യങ്ങളുടെ കിടപ്പ് ഇത്തരത്തിലാണ്. അതുകൊണ്ട് വിദ്യാഭ്യാസമുള്ളവനും അവൻെറ ജോലിക്കും ഉൽകൃഷ്ടപദവിയും പ്രാധാന്യവും കല്പിച്ചാൽ അതിൻെറ ഗുണഭോക്താക്കൾ ഏതു വിഭാഗത്തിൽപ്പെടുന്നവരായിരിക്കുമെന്നും എടുത്തു പറയേണ്ട കാര്യവുമില്ല.

ര: 'വേലക്കു് മാന്യത' എന്ന മുദ്രാവാക്യം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വേലക്കു് മാന്യത നല്കിക്കൊണ്ടുള്ള ഒരു സംവിധാനമാണ് നമുക്കുണ്ടായിരിക്കേണ്ടതെന്ന ആശയം ആധികാരികമായിത്തന്നെ പ്രഖ്യാപിച്ചിട്ടുമുണ്ട്.

സ: അതുകൊണ്ടെന്താണ് പ്രയോജനം? ഇൻഡ്യയുടെ പ്രധാനമന്ത്രി തൂമ്പായും പിടിച്ചുകൊണ്ട് നില്ക്കുന്ന പടം പത്രത്തിൽ വന്നതുകൊണ്ടോ, ഇൻഡ്യൻ പ്രസിഡൻറ് വെള്ളിക്കരണ്ടിയിൽ കുമ്മായച്ചാന്തു് കോരി കല്ലിൽ തേയ്ക്കുന്നതു സിനിമയിൽ കണ്ടതുകൊണ്ടോ, മന്ത്രിമാർ

ചൂലുമായി റോഡിലിറങ്ങി ശുചീകരണം ഉൽഘാടനം ചെയ്യുന്നതു് മാലോകർ കണ്ടുനില്ക്കുന്നതുകൊണ്ടോ വേലയ്ക്കു് മാന്യത വർദ്ധിക്കുമോ? ചില വിശേഷ ദിവസങ്ങളിൽ വലിയ യജമാനന്മാരും കൊച്ചമ്മമാരുമൊക്കെ ഓട വൃത്തിയാക്കുന്നതായും, ചന്ത തൂക്കുന്നതായുമുള്ള പടങ്ങൾ പത്രങ്ങളിൽ നാം കാണാറുണ്ടു്. വേലയ്ക്കു മാന്യത വദ്ധിപ്പിക്കാനാണോ അതോ സ്വയം മാന്യത വദ്ധിപ്പിക്കാനാണോ ഇവർ ഇതൊക്കെ ചെയ്യുന്നതെന്നു് ഗവേഷണം നടത്തി കണ്ടുപിടിക്കേണ്ട ആവശ്യമില്ലെന്നു തോന്നുന്നു.

വേലയ്ക്കു മാന്യത കൈവരുത്തിക്കൊടുക്കാനുള്ള ശ്രമത്തിൻെറ ഭാഗമായി, വളരെ വലിയ പദവിയിലുള്ളവരായാൽപോലും ഒരു ചെടിക്കു് വെള്ളം കോരുന്നതോ, ഒരു തെങ്ങിൻെറ ചുവട്ടു് വളഞ്ഞുവയ്ക്കുന്നതോപോലുള്ള ചെറിയ ജോലികൾ ചെയ്യുന്നതിനു് വിമുഖത കാണിക്കരുതെന്നു് ചിലർ ആഹ്വാനംചെയ്യുന്നതു കേട്ടിട്ടുണ്ടു്. ഇതു കേട്ടാൽ തോന്നും വലിയ പദവിയും പാസ്സുമുള്ളവർ അവരുടെ വിശ്രമവേളകളിൽ ഒരു ഞാററു് നട്ടുകയോ, ഒരു വാഴയ്ക്കു് വെള്ളം കോരുകയോ ചെയ്താൽ അതോടെ കൃഷിത്തൊഴിലാളിയുടെയും അവൻെറ വേലയുടെയും മാന്യത ആകാശത്തോളം പൊങ്ങിപ്പോകുമെന്നു്. വിവരമുള്ളവരായി കരുതപ്പെടുന്നവർപോലും ഇത്തരം പ്രശ്നങ്ങൾ ഈ രീതിയിൽ പരിഹരിക്കാൻ ബദ്ധപ്പെടുന്നതു കാണുമ്പോൾ ഭാവിയെപ്പററി നിരാശയും ആശങ്കയും മാത്രമേ അവശേഷിക്കുന്നുള്ള.

വേല ചെയ്യുന്നവനു് നല്കുന്ന മാന്യതയും അംഗീകാരവുമാണു് യഥാത്ഥത്തിൽ വേലയ്ക്കു ലഭിക്കുന്ന മാന്യത.

ര: എല്ലാവിധ ജോലികൾക്കും ഏതാണ്ടു് തുല്യ മാന്യത കല്പിക്കണം എന്നാണോ? വിദ്യാഭ്യാസപരമായി ഇന്നു നേടുന്ന കഴിവുകൾക്കു് പ്രത്യേകമായ മാന്യതയോ പ്രാധാന്യമോ നല്കേണ്ടതില്ലെന്നാണോ? ബുദ്ധിപരവും മാനസികവുമായ ജോലികൾ ചെയ്യുന്നവക്കും, കായികമായ മററു ജോലികൾ ചെയ്യുന്നവക്കും തമ്മിൽ മാന്യതയിലും പ്രാധാന്യത്തിലും ഇന്നുള്ള വലിയ അന്തരം ഇല്ലാതാക്കണമെന്നാണോ?

സ. ചെയ്യുന്ന ജോലി മാനസികമാണോ കായികമാണോ എന്നതല്ല പ്രശ്നം. വ്യക്തിക്കും സമൂഹത്തിനും ഒഴിച്ചുകൂടാൻ വയ്യാത്ത പല ജോലികളും ഉണ്ട്. അവയെല്ലാം സമൂഹത്തിലെ വ്യക്തികൾ തന്നെ ചെയ്യേണ്ടതുമുണ്ട്. ജോലി ആരു് ചെയ്യുന്നുവെന്നതിനുപരി എന്തു ചെയ്യുന്നുവെന്നതും, എന്തു ചെയ്യുന്നുവെന്നതിനുപരി എങ്ങനെ ചെയ്യുന്നുവെന്നതുമാണു് കണക്കിലെടുക്കേണ്ടതു്.

ജാതി മഹിമയുടേയും, കുടുംബ മഹിമയുടേയും പേരിൽ ഒരു വിഭാഗം മറെറാരു വിഭാഗത്തെ ചൂഷണം ചെയ്യുന്നതും അടിച്ചമർത്തി വയ്ക്കാൻ ശ്രമിക്കുന്നതും വക വച്ചുകൊടുക്കാൻ ഇന്നാരെങ്കിലും തയ്യാറുണ്ടോ?

ര: ഒരിക്കലുമില്ല, ഇത്തരം ചൂഷണ രീതിക്കെതിരെയാണല്ലോ ശ്രീനാരായണൻ പടവാളുയർത്തിയതു്.

സ: എന്നാൽ പിന്നെ ബുദ്ധിമഹിമയുടേയോ, വിദ്യാഭ്യാസ മഹിമയുടേയോ പേരിൽ ന്യൂനപക്ഷം ഭൂരിപക്ഷത്തെ ചൂഷണം ചെയ്യാനും സാമ്പത്തികമായി അടിമകളാക്കി വയ്ക്കാനും മുതിന്നാൽ അതു കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുന്നതു് ശരിയാണോ?

പരിശീലിച്ചതോ, പരിചയിച്ചതോ ആയ ജോലികൾ ഓരോരുത്തരും ചെയ്യുന്നു. ഓരോരുത്തരുടേയും കഴിവു്, അഭിരുചി, സമൂഹത്തിൻെറ ആവശ്യം, സമൂഹം നല്കുന്ന സാഹചര്യം തുടങ്ങിയ കാര്യങ്ങളാണു് വ്യക്തികളെ ഓരോരോ ജോലി ചെയ്യാൻ നിയോഗിക്കുന്നതു്. മരപ്പണി പരിശീലിച്ചവൻ മരപ്പണി ചെയ്യും. ഇരുമ്പുവേല പഠിച്ചവൻ ഇരുമ്പുസാധനങ്ങൾ ഉണ്ടാക്കും. എഴുതാനും വായിക്കാനും കണക്കു കൂട്ടാനും വൈദഗ്ധ്യം നേടിയവർ അത്തരം ജോലികൾ ചെയ്യുന്നു. കൃഷിപ്പണി അറിയാവുന്നവർ കൃഷിത്തൊഴിലാളിയായി പ്രവത്തിക്കുന്നു.

വ്യക്തിയുടെയും, സമൂഹത്തിൻേറയും ആവശ്യത്തിനനുസരണമായി ഓരോ ജോലിയിലും ഏർപ്പെടുന്നവരുടെ എണ്ണം ക്രമീകരിക്കപ്പെടും. വ്യക്തികളുടെയും, ആകെക്കൂടി സമൂഹത്തിൻെറയും നിലനില്പിനും പുരോ

ഗതിക്കം അത്യാവശ്യമായ വിവിധതരം ജോലിക ളാണു് എല്ലാ ആളുകളും കൂടി ചെയ്യുന്നതെന്ന കാര്യം വ്യക്തമാണു്. അക്കാരണം കൊണ്ടുതന്നെ ജോലികൾ ക്കെല്ലാം അർഹമായ മാന്യതയും പ്രാധാന്യവും നല്കേണ്ട തല്ലേ? തൻെറ ജോലിയിൽ ആത്മാർത്ഥതയും നിപുണ തയും കാണിക്കുന്ന ജോലിക്കാരൻ, അതാരായാലും, ഡാക്ടറോ, എൻജിനീയറോ, ഗ്രഹസ്ഥനോ, ഫാക്ടറി ത്തൊഴിലാളിയോ കൃഷിത്തൊഴിലാളിയോ ആരോ ആയിക്കോട്ടെ മുൻഗണന അർഹിക്കുന്നു.

ര: ഓരോ ജോലിക്കും അർഹമായ മാന്യത ലഭിക്കുന്ന സാഹചര്യം ഇന്നില്ലെന്നാണു് സത്യം. അല്ലേ?

സ: വിവിധതരം ജോലികൾക്കു് മാന്യതയും പ്രാധാന്യവും നൽകിയിരിക്കുന്നതു് യഥാത്ഥ വസ്തുതകൾ കണക്കിലെ ടുത്തുകൊണ്ടല്ല പ്രത്യുത സമൂഹത്തിലെ ന്യൂനപക്ഷമായ ഉൽകൃഷ്ടരുടെ കരുതിക്കൂട്ടിയുള്ള ഗൂഢാലോചനയുടെ ഫല മായി ഉണ്ടായിട്ടുള്ള പരിഗണനകൾ വച്ചുകൊണ്ടാണു്. യഥാത്ഥത്തിൽ വേലചെയ്യുന്നവർ സമൂഹത്തിലെ മേൽ ത്തട്ടിലുള്ളവരല്ല. അതുകൊണ്ടു് വേലയ്ക്കു് വളരെ യൊന്നും മാന്യത കല്പിക്കാത്ത സ്ഥിതിവിശേഷം തുടന്നു നിലനില്ക്കുന്നു. ജനജീവിതത്തിൻെറ നിലനില്പിനാ വശ്യമായ ആഹാരപദാത്ഥങ്ങൾ ഉല്പാദിപ്പിക്കുന്ന കൃഷി ത്തൊഴിലാളിക്കു് സമൂഹം നല്കിയിരിക്കുന്ന മാന്യത ഇതിനു തെളിവാണു്.

ര: അവക്കു് ജോലിക്കുള്ള കൂലി ലഭിക്കുന്നതിനു് പണ്ടത്തെ പ്പോലുള്ള തടസ്സങ്ങളൊന്നുമില്ല. കൂലിനിരക്കുതന്നെ മെച്ചപ്പെടുത്തുന്നതിനുള്ള ആഹ്വാനങ്ങളും നടപടികളും എല്ലാ ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ടു്.

സ: കൂലി ലഭിക്കുന്നു. പക്ഷെ ചെയ്യുന്ന ജോലിക്കു് തക്ക കൂലിയോ, ജോലിസ്ഥിരതയോ, നല്ല സേവനവ്യവ സ്ഥകളോ ലഭിക്കുന്നില്ല. കൃഷിയുടെ വിളവെടുപ്പിൽ നിന്നു് വമ്പിച്ച ആദായമുണ്ടായാലും അതിൻെറ വിഹി തത്തിനു് പാടത്തു് പണിയെടുത്തവനർഹതയില്ല. ചെളിയിലും, ചേറിലും, വെയിലും മഴയും കൂട്ടാക്കാതെ

ജോലിചെയ്യുന്നവനാണ് കൃഷിത്തൊഴിലാളി. അവന്റെ പ്രയത്നഫലമായുണ്ടാകുന്ന വിളവിന്റെയും, ഉപയോഗിക്കുന്ന വളത്തിന്റെയും, കൂലിചെലവിന്റെയും, ലാഭനഷ്ടങ്ങളുടെയും കണക്കെഴുതുകയും റിപ്പോർട്ട തയ്യാറാക്കുകയും ചെയ്യുന്നവരാണ് ഗൃമസ്ഥന്മാർ. ഇവരിലാക്കാണ് സമൂഹം കൂടുതൽ പ്രാധാന്യവും പരിരക്ഷയും നല്കുന്നതു്!

ര: പറച്ചിലിൽ കൃഷിത്തൊഴിലാളിക്കു് പ്രാധാന്യം കൊടുക്കാറുണ്ടെങ്കിലും പ്രവൃത്തിയിൽ വെള്ളയുടുപ്പിട്ടവക്കു തന്നെയാണ് പ്രാധാന്യം.

സ: കൃഷിത്തൊഴിലാളിക്കു് ജോലി സ്ഥിരമായില്ല. ജോലിയില്ലാത്ത ദിവസം കൂലിയുമില്ല. വെയിലിൽ നിന്നും മഴയിൽനിന്നും അവനു് രക്ഷപ്പെടാനാവില്ല. ജോലിചെയ്തു കെല്പുകെടുന്ന കാലത്തു് പെൻഷനില്ല, ഗ്രാററുവിററിയില്ല. എന്നാൽ വെള്ളയുടുപ്പിട്ടവരുടെ കാര്യമോ?

ബാല്യകാലംതൊട്ടു് കരണ്ടിയും ചുവടുകോലുമെടുത്തു് കൊത്തവേല ചെയ്യുന്നവൻ ഈ നാട്ടിലെ എത്രയോ രമ്യഹർമ്മങ്ങൾക്കു്, സക്കാർവകയും അല്ലാത്തവയും, രൂപം കൊടുത്തിട്ടുണ്ടു്. ഒടുവിൽ അയാൾ പടുകിഴവനായി പണിയായുധം കയ്യിലെടുക്കാൻ കെല്പില്ലാത്തവനാകുമ്പോൾ അയാൾക്കു് എന്തു് സഹായമാണ് സമൂഹം ഉറപ്പുചെയ്തിട്ടുള്ളതു്? അതേസമയം അയാളുടെ പ്രവത്തനപുരോഗതിയെപ്പററി റിപ്പോട്ടെഴുതിയവക്കും, കെട്ടിടങ്ങളുടെ പടം വരച്ചവക്കും, നോക്കിനിന്നവക്കുമെല്ലാം പെൻഷൻ, ഗ്രാററുവിററി തുടങ്ങി എല്ലാ ആനുകൂല്യങ്ങളും, മെച്ചപ്പെട്ട സേവനവ്യവസ്ഥകളും സമൂഹവും സക്കാരുംകൂടി ഉറപ്പുവരുത്തിയിട്ടുണ്ടു്. മഴയായാലും, വെയിലായാലും, ഒഴിവുദിവസമായാലും അവരെല്ലാം ശമ്പളത്തിനഹരായിരുന്നവരുമാണു്.

ര: പെൻഷൻ, ഗ്രാററുവിററി, ശമ്പളത്തോടുകൂടിയ അവധി, സൗജന്യ വൈദ്യസഹായം തുടങ്ങിയ പ്രത്യേകാനുകൂല്യങ്ങൾ ജോലിചെയ്യുന്ന എല്ലാവക്കും കൊടുക്കണമെന്നാണോ?

സ: എന്തുകൊണ്ടു കൊട്ടത്തൂക്കൂടാ? തൂമ്പായെടുത്തു മണ്ണിളക്കു ന്നവനെക്കാറം, കലപ്പാപിടിച്ച് വയലുഴുന്നവനെക്കാറം, കല്ലുടച്ച് നിർമ്മാണപ്രവർത്തനങ്ങറം ചെയ്യുന്നവനെക്കാറം രാജ്യത്തിനാവശ്യമായതു് അതു കണ്ടും കേട്ടും നില്ക്കുന്ന വരും അതിനെക്കുറിച്ച് കുറിപ്പുകളെഴുതുന്നവരുമാണോ?

മണ്ണ് കിളയ്ക്കുന്നവൻ ഇല്ലെങ്കിലും വേണ്ടില്ലാ, വെള്ളയുടുപ്പിട്ട ജോലിക്കാർ ഇല്ലെങ്കിൽ രാജ്യവും രാജ്യ വാസികളും സ്തംഭിച്ചുപോകുമെന്നാണു് ഇന്നത്തെ നില പാടു്.

ര: സർക്കാരുദ്യോഗസ്ഥന്മാരും അതുപോലുള്ള മററുദ്യോഗ സ്ഥന്മാരുമൊക്കെ അധികപ്പററാണെന്നാണോ പറഞ്ഞു വരുന്നതു്?

സ: എന്നല്ല. അവർ ധരിച്ചിരിക്കുന്നതുപോലെയോ, അവ കാശപ്പെടുന്നതുപോലെയോ ഉള്ള അനിവാര്യതയോ പ്രാധാന്യമോ ഒന്നും അവക്കോ അവരുടെ ജോലിക്കോ ഇല്ല എന്നതാണു്. ഈ ഉദ്യോഗങ്ങളിൽ പലതും വെള്ളാ നകളെ പുലത്തുന്നവയാണെന്നും പറയുന്നതിലും തെററി ല്ല. തൊഴിലുകൊടുക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥാന ങ്ങറം സൃഷ്ടിക്കണമെന്നല്ലാതെ എന്തെങ്കിലും പ്രവത്തന ങ്ങറം നടക്കണമെന്നോ അതുകൊണ്ടു് സമൂഹത്തിനു് എന്തെങ്കിലും പ്രയോജനമുണ്ടാകണമെന്നോ ഉള്ള ചിന്തയേ ഇല്ല.

എന്തായാലും ഈ ഉദ്യോഗസ്ഥന്മാക്കു് ലഭിക്കുന്ന പരിഗണനകളും ആനുകൂല്യങ്ങളും തുല്യനിലയിലെ ങ്കിലും മററദ്ധ്വാനിക്കുന്ന വിഭാഗങ്ങറംക്കുംകൂടി ലഭ്യമാ കുന്നതിനെപ്പററി ആലോചിക്കാൻ സമയം വൈകിയി രിക്കുന്നു.

രാഷ്ട്രനിർമ്മാണത്തിൻെറയും രാഷ്ട്രത്തിൻെറ നില നില്പിൻെറയും അടിസ്ഥാനശില അവരാണെന്നുള്ളതു് കണക്കിലെടുക്കുമ്പോറം ഇക്കാര്യം ഇനിയും നീട്ടി ക്കൊണ്ടു പോകുന്നതു് ആത്മഹത്യാപരമായിരിക്കും.

ര: ചുരുക്കത്തിൽ, ഇന്നു് പൊതുവെ അംഗീകരിക്കപ്പെട്ടി രിക്കുന്ന മുൻഗണനാരീതികറം മാറണം. മാററണം. രാജ്യ ത്തിൽ ഒന്നാംതരം പൗരന്മാരായി അംഗീകാരത്തിനർഹ

തയുള്ളവരിൽ കർഷകതൊഴിലാളി വർഗ്ഗവും ഇതര പ്രത്യുല്പാദനപരമായ പ്രവൃത്തികളിൽ നേരിട്ടേർപ്പെട്ടിരിക്കുന്നവരും ഉൾപ്പെടുമെന്നതിൽ സംശയമില്ല.

സ: ഈ അംഗീകാരം മൈതാനപ്രസംഗങ്ങളിലും, മംഗളപത്രങ്ങളിലും മാത്രമായി ഒതുക്കി നിറുത്തുന്ന ഇന്നത്തെ സമ്പ്രദായം മാറണം. കർഷക തൊഴിലാളി വർഗ്ഗമാണ് രാജ്യത്തിന്റെ നട്ടെല്ലെന്നും, അവരാണ് രാജ്യത്തിന്റെ യഥാർത്ഥ സമ്പത്തെന്നും മററുമുള്ള പ്രശംസാ പത്രങ്ങൾ അവർക്കിനി ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അവയെല്ലാം ആവശ്യത്തിൽ കവിഞ്ഞു് അവർക്കിന്നും കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ഇനിയിപ്പോൾ അവർക്ക് അർഹതയുള്ളതു് ഫലനരൂപത്തിൽ തന്നെ കിട്ടിയേ തീരൂ.

ഉദ്യോഗ സ്ഥാനങ്ങളിലേയ്ക്കു് അർപ്പണ മനോഭാവവും, സാമർത്ഥ്യമുള്ളവരെ ആകർഷിക്കുന്നതിനുവേണ്ടി പ്രഖ്യാപിക്കാറുള്ള സാമ്പത്തികാനുകൂല്യങ്ങളെപ്പററി നമുക്കറിയാം. നിർണ്ണായക സ്വഭാവമുള്ള തീരുമാനങ്ങളും, വിധികളും പ്രഖ്യാപിക്കേണ്ട ഉന്നത സ്ഥാനങ്ങളിലേയ്ക്കു് ഉന്നതന്മാരായ ആളുകളെ ആകർഷിക്കുന്നതു് പരസ്യമായ കൈക്കൂലിയെന്നുതന്നെ പറയാവുന്ന പ്രലോഭനങ്ങൾ കാണിച്ചാണ്. നേരെമറിച്ച്, ജനതയുടെ നിലനില്പിനും; സമ്പൽസമൃദ്ധിക്കും അടിസ്ഥാനമായ പ്രത്യുല്പാദനപര പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള ആളുകളെ അർപ്പണ മനോഭാവമുള്ളവരും, കഠിന പ്രയത്നം ചെയ്യുന്നവരുമാക്കിത്തീർക്കുന്നതു് അവരെ ആവും വിധമെല്ലാം കഷ്ടപ്പെടുത്തിയും പട്ടിണിയെന്ന പിശാചിനെക്കൊണ്ടു് ഭീഷണപ്പെടുത്തിയുമാണ്. ഈ കാട്ടുനീതിയും, തലകീഴായ സമീപനവും മാറുകതന്നെ വേണം. അതിനാവശ്യമായ ക്രിയാത്മക മാർഗ്ഗങ്ങളാണ് ഉടനടി തെളിച്ചെടുക്കേണ്ടതു്.

അതോടൊപ്പം രാജ്യത്തെ മുഴുവൻ അധോഗതിയിലേയ്ക്കു് നയിക്കുന്ന മറെറാരു സ്വഭാവരീതിയും നിർമ്മാർജ്ജനം ചെയ്യപ്പെടാനുണ്ടു്.

ര: അതെന്താണ്?

## 9. "ആദ്യം അവകാശവും കടമ പിന്നീട് സൗകര്യം പോലെയും"

സ: "തങ്ങൾക്ക് അവകാശങ്ങൾ മാത്രമേയുള്ളൂ, കടമകൾ ഒന്നുംതന്നെയില്ല," എന്നൊരു വിശ്വാസം സമൂഹത്തിലെ എല്ലാ ഘടകങ്ങളെയും സ്വാധീനിച്ചു തുടങ്ങിയിട്ടുണ്ട്.

സംഘടനയ്ക്കു നേതാവ് എന്ന രീതി മാറി, ഓരോ നേതാവിനുംവേണ്ടി ഓരോ സംഘടന എന്ന രീതിയാണ് നമ്മുടെ നാട്ടിൽ പ്രയോഗത്തിൽ വന്നുകൊണ്ടിരിക്കുന്നത്. ഓരോ നേതാവും, തന്റെ സ്വാധീന വലയത്തിൽ വരുന്നവരുടെ എണ്ണം ചുരുങ്ങിപ്പോകാതിരിക്കാൻ കൂടുതൽ കൂടുതൽ ആകർഷകങ്ങളായ വാഗ്ദാനങ്ങളും മുദ്രാവാക്യങ്ങളും മുന്നോട്ടു വയ്ക്കുന്നു. അതുകൊണ്ട് കടമകൾ യഥാവിധി നിർവഹിക്കപ്പെടുന്നതോടൊപ്പമാണ് അവകാശങ്ങളുമുണ്ടാകുന്നതെന്ന സത്യം ഓർമ്മിപ്പിക്കുവാൻ ഒരു നേതാവിനും ധൈര്യം പോരാ.

അങ്ങനെ. പാഠങ്ങൾ പഠിക്കുന്ന ചുമതലയിൽ നിന്ന് വിദ്യാർത്ഥി ഒഴിഞ്ഞുമാറുന്നു. പക്ഷെ പരീക്ഷ പാസ്സാകാനുള്ള തന്റെ അവകാശം ഉയർത്തിപ്പിടിക്കുന്നു. കൃത്യമായും, തൃപ്തികരമായും തന്റെ ജോലികൾ ചെയ്യണമെന്നതു് ഉദ്യോഗസ്ഥന് ഓർമ്മ വരാറില്ലെങ്കിലും, ശമ്പളവും ശമ്പള വർദ്ധനവും, ബോണസ്സും തന്റെ അവകാശങ്ങളായി സമൂഹത്തെ എപ്പോഴും ഓർമ്മിപ്പിക്കുന്നു. സ്വന്തം കടമകൾ മനപ്പൂർവ്വം മറന്നു കളയുകയും, അവകാശങ്ങൾമാത്രം എപ്പോഴും ഓർമ്മിക്കുകയും ചെയ്യുന്ന ഉൽകൃഷ്ടന്മാരുടെ സ്വഭാവ വിശേഷം ഇടത്തരക്കാരിലേയ്ക്കും മററദ്ധ്വാനിക്കുന്ന വർഗ്ഗത്തിലേയ്ക്കും കൂടി വ്യാപിക്കാനുള്ള പ്രവണതയാണ് നാം കാണുന്നതു്. നേതൃത്വങ്ങളാണെങ്കിൽ ഈ പ്രവണതയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നഖം നനയാതെ നത്തയെടുക്കുന്നതു് കലയായി അംഗീകരിച്ചിരിക്കുന്ന നേതാവിനു് അനുയായികളെയും അണികളെയും 'കടമ' എന്ന അസുഖകരമായ സത്യം ഓർമ്മിപ്പിക്കുവാൻ എങ്ങനെ കഴിയും?

ര: രാജ്യം നശിച്ചാലും, ഭാവി ഇരുളടഞ്ഞതായാലും, അനുയായികൾ വഴി തെററിക്കപ്പെട്ടാലും നേതാവിനു് നേതൃത്വവും, അധികാരവടിയും കൈവിടാതിരിക്കണമെന്ന ആഗ്രഹമേയുള്ളൂ.

സ: അങ്ങനെ ഇൻഡ്യയിൽ, ജനാധിപത്യം, സ്വാതന്ത്ര്യം, രാജ്യസേവനം തുടങ്ങിയവയ്ക്കെല്ലാം പുതിയ അത്ഥവും രൂപവും ഭാവവും കൈവന്നുകൊണ്ടിരിക്കുന്നു. പഠിക്കാതെ പരീക്ഷ പാസ്സാകാനുള്ള സൗകര്യം, ജോലി ചെയ്യാതെ ശമ്പളവും ബോണസ്സും ലഭിക്കാനുള്ള അവകാശം, വിയർക്കാതെ അപ്പം തിന്നാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവയാണു് പുതിയ സിദ്ധാന്തങ്ങൾ. രാജ്യദ്രോഹപരമായ ഇത്തരം കാഴ്ചപ്പാടുകൾ ജനഹൃദയങ്ങളിൽ നിന്നു് തുടച്ചു മാററുവാനുള്ള ധാർമ്മികമായ കരുത്തു് ഉൽകൃഷ്ടന്മാർക്കോ അവരാൽ നയിക്കപ്പെടുന്ന നേതാക്കന്മാർക്കോ ഇല്ലാത്ത അവസ്ഥയാണിന്നുള്ളതു്.

ര: സ്വന്തമായി ആചരിക്കാൻ ഇഷ്ടപ്പെടാത്തതും, സ്വയം അംഗീകരിക്കാത്തതുമായ കാര്യങ്ങൾ മററുള്ളവരെക്കൊണ്ടംഗീകരിപ്പിക്കാനും ആചരിപ്പിക്കാനും എങ്ങനെ കഴിയും? എത്ര വലിയ നേതാവായി സ്വയം ഭാവിച്ചാലും അതു നടക്കയില്ല.

സ: ഇന്നത്തെ വ്യവസ്ഥിതികളെ അപ്പാടെ തള്ളിപ്പറയുന്ന നേതാവിനെയും നയിക്കുന്നതു് വിലകുറഞ്ഞ കയ്യടികളും അതിലൂടെ നേടിയെടുക്കാൻ കഴിയുന്ന അംഗീകാരവും അധികാരസ്ഥാനവുമാണു്. താണ നിലവാരത്തിലുള്ള ഇത്തരം ലക്ഷ്യങ്ങളുമായി പ്രവത്തിക്കുന്നവക്കു് അപ്രിയങ്ങളായ സത്യങ്ങൾ പറയുന്നതും അസുഖകരങ്ങളായ കടമകൾ അനുയായികളെക്കൊണ്ടു് നിർവ്വഹിപ്പിക്കാൻ ശ്രമിക്കുന്നതും വ്യാപാരാടിസ്ഥാനത്തിൽ നോക്കുമ്പോൾ ലാഭമുണ്ടാക്കുകയില്ല. സ്വന്തം സ്വാധീനവലയത്തിൻെറ വ്യാപ്തി ചുരുങ്ങിപ്പോകുമെന്നോ, നേതൃസ്ഥാനംതന്നെ നഷ്ടപ്പെട്ടുപോകുമെന്നോ വന്നാലും നന്മയ്ക്കും, ശരിക്കും വേണ്ടി മാത്രമേ പ്രവത്തിക്കൂ എന്ന നിലപാടാണു് യഥാത്ഥ നേതൃത്വത്തിനുണ്ടായിരിക്കേണ്ടതു്.

ര: അങ്ങനെ നോക്കിയാൽ നമുക്കിന്നു് നേതൃത്വമില്ലെന്നു പറയാം. ഞെട്ടലുണ്ടാക്കുന്നതാണെങ്കിലും അതൊരു സത്യമാണു്.

10354

നേതൃത്വം ഭാവിച്ചു നടക്കുന്ന ഇന്നത്തെയാളുകൾ സ്വന്തം സ്വാധീനവലയം നിലനിറുത്തുന്നതിനോ, വിപുലപ്പെടുത്തുന്നതിനോവേണ്ടി അനുയായികളെക്കൊണ്ടു് എന്തെല്ലാം കോപ്രായങ്ങളാണു് ചെയ്യിക്കുന്നതു്? എന്തെല്ലാം തെററായ ചിന്താഗതികളും പ്രവണതകളും അവരിൽ കുത്തിവെയ്ക്കുന്നു? ഇതിനെല്ലാം എങ്ങനെ പരിഹാരം തേടാനാണു്? വിദ്യാഭ്യാസരംഗത്തുപോലും ഈ ദുഷ്പ്രവണതകൾ കടത്തിവിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാവിതലമുറയെപ്പോലും രക്ഷിക്കാനാകാത്ത ഒരു പതനത്തിലേയ്ക്കു് നാം നീങ്ങിക്കൊണ്ടിരിക്കുന്നു.

സ: വിദ്യാഭ്യാസരംഗത്തു് അടിസ്ഥാനപരമായ മാററങ്ങൾ വരുത്തി യുവതലമുറയെ രക്ഷിക്കാനാകും. എന്നാൽ വിദ്യാഭ്യാസത്തിൽ മാററംവരുത്തണമെന്നതു് പുതിയ ഒരഭിപ്രായമല്ല.

ര: അതെങ്ങനെയായിരിക്കണം, എവിടെ തുടങ്ങണം എന്നതൊക്കെയാണു് പ്രശ്നം.

സ: മാററംവരണമെങ്കിൽ യുവതലമുറ അതിനുവേണ്ടി തുനിഞ്ഞിറങ്ങിയേപററൂ. മുതിർന്നവരും, അവരുടെ നേതൃത്വവും പെൻഷൻപററാറായ ചില സർക്കാരുദ്യോഗസ്ഥന്മാരെപോലെയാണു് പെരുമാറുന്നതു്. വലിയ അലോഹ്യങ്ങളൊന്നുമുണ്ടാക്കാതെ ശേഷിച്ച ചുരുങ്ങിയ ജീവിതകാലമൊന്നു് കഴിഞ്ഞുകൂടിക്കിട്ടണമെന്നു മാത്രമേ അവർക്കുള്ളൂ. പോരെങ്കിൽ മാററങ്ങളുമായി ഇണങ്ങിച്ചേരാനുള്ള വൈമനസ്യവും.

ര: വിദ്യാഭ്യാസരംഗത്തു വരുത്തേണ്ട മാററങ്ങളെക്കുറിച്ചു് ചിന്തിക്കുന്നതിനുമുമ്പു് ഇന്നുള്ള വിദ്യാഭ്യാസത്തിന്റെ തകരാറുകളെന്തൊക്കെയാണെന്നു് അറിയേണ്ടതില്ലേ?

സ: തീർച്ചയായും. തകരാറു് മനസ്സിലാക്കുന്നതിനു് തകരാറിനു് വിധേയരായിക്കൊണ്ടിരിക്കുന്നവരെത്തന്നെ സമീപിക്കാം. ഇന്നത്തെ നമ്മുടെ വിദ്യാർത്ഥികളോടെല്ലാമായി ഒരു ചോദ്യം ചോദിക്കാം.

''നിങ്ങൾ ഓരോരുത്തരും ഭാവിയിൽ ആരായി ത്തീരാൻ ആഗ്രഹിക്കുന്നു?''

എന്തായിരിക്കും മറുപടി.

ര: എൻജിനീയർ ആകണം, ഡാക്ടർ ആകണം, പിന്നെ ഐ. എ. എസ്സ്. ഉദ്യോഗസ്ഥൻ, അംബാസഡർ, ജഡ്ജി, മജിസ്റ്റ്രേട്ട്, തുടങ്ങി പ്രൊഫസർ, ലക്ചറർ, വക്കീൽ, പോലീസ്ഇൻസ്പെക്ടർ, ററീച്ചർ, ക്ലാർക്ക് വരെയുള്ള ഏതെങ്കിലും 'വെള്ളക്കാളർ' ഉദ്യോഗസ്ഥനാകണമെന്നതായിരിക്കും മറുപടി.

സ: കൃഷിക്കാരനാകണമെന്നോ, പശു വളർത്തുന്നവനാകണമെന്നോ, കോഴി വളർത്തുന്നവനാകണമെന്നോ, ഫാക്ടറി തൊഴിലാളിയാകണമെന്നോ പറയുന്നവരാരെങ്കിലും ഇക്കൂട്ടത്തിലുണ്ടാകുമോ?

ര: ഇല്ല. അതിനാണെങ്കിൽ പിന്നെ പള്ളിക്കൂടത്തിൽ പഠിക്കേണ്ട ആവശ്യം എന്തു്? എന്നായിരിക്കും അവർ തിരിച്ചു ചോദിക്കുക.

സ: രാജ്യത്തിൻെറ നിലനില്പിനും, ഐശ്വര്യത്തിനും നിദാനങ്ങളായ അടിസ്ഥാനപ്രവൃത്തികൾ ചെയ്യാൻ ആളില്ലാ എന്നർത്ഥം. അത്തരം പ്രവൃത്തികൾ ചെയ്യാൻ സ്വമനസ്സാലെ ആരും തയ്യാറല്ല. പരിതഃസ്ഥിതികളുടെ സമ്മർദ്ദം സഹിക്കവെയ്യാതാകുമ്പോൾ, സ്വന്തം വിധിയെയും, ഭാഗ്യഹീനതയെയും ശപിച്ചുകൊണ്ടു് ചിലർ അത്തരം ജോലികൾ ചെയ്യുന്നവരും. ഇവിടെയാണു് നമ്മുടെ വിദ്യാഭ്യാസത്തിൻെറ തകരാറിൻെറ കാതലായ ഭാഗം. വെള്ളയുടുപ്പിട്ട ജോലിക്കാരെ മാത്രം സൃഷ്ടിക്കാനുള്ള വിദ്യാഭ്യാസം. ഏതു വിധേനയും അത്തരം ഒരു ജോലി ലഭിച്ചാൽ ജോലി ചെയ്യാതെ തന്നെ കൂലി അവകാശമാകുമെന്ന ധാരണ. ഇതു രണ്ടും ചേർന്നാൽ സമൂഹം താഴോട്ടല്ലാതെ മുകളിലോട്ടെങ്ങനെ പോകും.

ജീവിതത്തെപ്പററിയും, ലോകത്തെപ്പററിത്തന്നെയുമുള്ള യഥാർത്ഥ ചിത്രം കുട്ടികളിൽനിന്നു് മറച്ചുപിടിക്കാനാണു് സ്കൂളുകളും അവയുടെ പ്രവർത്തനങ്ങളും ശ്രമിക്കുന്നതു്. യാഥാർത്ഥ്യങ്ങളിൽനിന്നു് ഒളിച്ചോടാനും,

സങ്കീർണ്ണമോ, അസുഖകരമോ ആയ പ്രശ്നങ്ങളെ—അവ എത്രയും കാതലായ പ്രശ്നങ്ങളാണെങ്കിൽ കൂടി - നേരിടാതെ ഒഴിയാനുമുള്ള പ്രവണതയാണു് സ്കൂളിൽനിന്നും അവർ നേടുന്നതു്.

ജീവിതം സുഖമാണു്, ദുഃഖവുമാണു്. വേദനയും ആഹ്ലാദവും ജീവിതത്തിന്റെ ഭാഗങ്ങളാണു്. സൗന്ദര്യവും വൈരൂപ്യവും, സ്നേഹവും വെറുപ്പും, ലാഭവും നഷ്ടവും, പ്രയാസങ്ങളും, എളുപ്പങ്ങളുമെല്ലാം ജീവിതത്തിന്റെ ബഹുമുഖങ്ങളിൽപ്പെട്ടവയാണു്. ജീവിതത്തെ മനോഹരമാക്കുന്നതുതന്നെ ഈ വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളുമാണു്.. ദുഃഖമില്ലെങ്കിൽ സുഖത്തിനു്, എന്താസ്വാദ്യതയാണുള്ളതു്? വേദനയില്ലെങ്കിൽ ആഹ്ലാദത്തിനുമങ്ങനെതന്നെ. വെറുപ്പില്ലെങ്കിൽ സ്നേഹത്തിനെന്തു് പ്രസക്തി?

ജീവിതത്തിന്റെ വിവിധവശങ്ങളിൽ കുറെയൊക്കെ സ്വന്തം അനുഭവത്തിലൂടെ കുട്ടി മനസ്സിലാക്കും. വീട്ടിലെ ദാരിദ്ര്യം, രോഗം, നാട്ടിലെ അസമാധാനം, അനീതികൾ, വഞ്ചന, ഉച്ചനീചത്വങ്ങൾ ഇവയെല്ലാം നേരിട്ടുകാണുകയും അനുഭവിക്കുകയും ചെയ്യുന്ന കുട്ടി ജീവിതത്തിന്റെ പരുപരുത്ത മുഖങ്ങളുമായി പരിചയപ്പെടുന്നു. എന്നാൽ വിദ്യാലയം, ഈ പരുപരുത്ത യാഥാർത്ഥ്യങ്ങളിൽനിന്നു് അവനു് മോചനം നേടിക്കൊടുക്കുമെന്ന മിഥ്യാബോധം അവനിലുണ്ടാക്കുന്നു.

ജീവിത കടലിന്റെ തിരകളും ചുഴികളും വിജയപൂർവ്വം നീന്തിക്കടക്കാൻ കെല്പു നേടേണ്ടവരാണു് യുവതലമുറ. എന്നാൽ സ്കൂളെന്നോ കോളേജ് എന്നോ പേരുള്ള വൻ കപ്പലുകളിൽ കയറിക്കൂടിയാൽ അവർക്കു് സുരക്ഷിതമായി മറുകര എത്താമെന്നാണു് വ്യാമോഹം. കടലിലെ വൻ തിരകളെപ്പററി അവർ ചിന്തിക്കുന്നില്ല. അവയെ വിജയപൂർവ്വം തരണം ചെയ്യുന്നതിനുള്ള കെല്പു് നേടുന്നുമില്ല. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതിനാവശ്യമായ നീന്തൽ പോലും അവർ വശമാക്കുന്നില്ല. അതിന്റെ ആവശ്യമുണ്ടെന്നു് അവർക്കു് തോന്നുന്നുമില്ല. അതിനു പററിയ അന്തരീക്ഷമാണു് ഇന്നുള്ള ഏതൊരു വിദ്യാലയത്തിലുമുള്ളതു്.

സാങ്കല്പികമായ ഈ മായാവലയത്തിൽ നിന്നും പെട്ടെന്നു് ജീവിതക്കടലിലേക്കു് വലിച്ചെറിയപ്പെടു മ്പോഠം മാത്രമാണു് യുവജനങ്ങഠം തങ്ങളുടെ മോഹ നിദ്ര യിൽ നിന്നുണരുന്നതു്. മനസ്സിൽ ആഴത്തിലും വ്യാപ്തി യിലും വേരൂന്നിക്കഴിഞ്ഞ മിഥ്യാസങ്കല്പങ്ങളും, സുന്ദര സ്വപ്നങ്ങളും പിഴുതെറിയാൻ അവർക്കു് വൈമനസ്യ മുണ്ടാകുമെന്നതു് സ്വാഭാവികം മാത്രമാണു്. വസ്തുത കളുടെ യഥാർത്ഥ സ്ഥിതികഠം മനസ്സിലാക്കി വരുമ്പോ ഴേക്കും സമയം വളരെ വൈകിപ്പോയിരിക്കും. തങ്ങഠം നിർദ്ദയമായി വഞ്ചിക്കപ്പെട്ടിരിക്കുന്നുവെന്നു് അവർ സ്വയം മനസ്സിലാക്കുന്നു. സമൂഹത്തോടും, ലോക ത്തോടും, തങ്ങഠംക്കു ചുററുമുള്ള എല്ലാത്തിനോടുംതന്നെ പകയും, വൈരാഗ്യവും നിറഞ്ഞ ഒരു യുവസമൂഹത്തെ സൃഷ്ടിച്ചുവിടുന്ന കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയങ്ങഠം അധഃപതിച്ചിരിക്കുന്നുവെന്നു പറഞ്ഞാൽ അതിൽ അതി ശയോക്തി ഒട്ടും തന്നെയില്ല.

സമൂഹത്തിൻെറ മേൽത്തട്ടിലുള്ള ''ഉൽകൃഷ്ടരുടെ'' കുഞ്ഞുങ്ങളെയും, അവരുടെ കൂട്ടത്തിലേക്കു് കടന്നു ചെ ല്ലാൻ ഭാഗ്യം ലഭിക്കുന്ന വിരലിലെണ്ണാവുന്ന മററു ചില കുട്ടികളെയും മാററി നിറുത്തിയാൽ ശേഷിക്കുന്ന ബഹു ഭൂരിപക്ഷം കുട്ടികളെയും സംബന്ധിച്ചിടത്തോളം വിദ്യാ ലയവും, ഇന്നത്തെ വിദ്യാഭ്യാസവും എന്തു പ്രയോജന മാണു് നല്കുന്നതെന്നുള്ളതു് മനസ്സിലാകാത്ത കാര്യമായി തന്നെ അവശേഷിക്കുന്നു.

ര: വിദ്യാലയങ്ങളിലും, വിദ്യാഭ്യാസ സമ്പ്രദായത്തിലും കടന്നുകൂടിയിരിക്കുന്ന ഒരു തരം ദന്തഗോപുര സിദ്ധാന്ത ങ്ങളാണു് ഇതിനുകാരണം.

സ: നമ്മുടെ നാടിൻെറയും, നാട്ടാരുടെയും ഐശ്വര്യവും, സന്തോഷവുമാണു് നാം ലക്ഷ്യമാക്കുന്നതെങ്കിൽ ആ ലക്ഷ്യത്തിലെത്തിച്ചേരാനുള്ള ശരിയായ വഴിയിൽ കൂടെതന്നെ സഞ്ചരിക്കേണ്ടതുണ്ടു്. ആ വഴിക്കുതന്നെ നാം ചിന്തിക്കേണ്ടതുമുണ്ടു്.

കൃഷിയും കൃഷിയോടനുബന്ധിച്ചുള്ള വ്യവസായ പ്രവ ത്തനങ്ങളുമാണു് ഐശ്വര്യത്തിലേക്കുള്ള പാതയിലെ

പ്രധാന പടികരം. ആ പടികരം ചവുട്ടിക്കയറുന്നതിനു് കഠിനാദ്ധ്വാനമാവശ്യമാണു്. ആവശ്യാനുസരണം വിഭവങ്ങളുണ്ടാക്കുകയും അതേ തുടന്നുള്ള വ്യാവസായികാഭിവൃദ്ധിനേടുകയും ചെയ്യാലല്ലാതെ നാട്ടു് പുരോഗമിക്കയില്ല. പ്രാഥമികോല്പന്നങ്ങളും തുടന്നുള്ള സംസ്കരിക്കപ്പെട്ട വിഭവങ്ങളും ഉണ്ടാക്കുന്നതിനാവശ്യമായ അദ്ധ്വാനം മുടക്കുന്നതു് തൊഴിലാളികളാണു്. ഈ ഉല്പന്നങ്ങളിൽ ഊന്നി നിന്നുകൊണ്ടാണു് വ്യവസായങ്ങരം, വ്യാപാരങ്ങരം തുടങ്ങി എല്ലാ സംരംഭങ്ങളും അഭിവൃദ്ധിപ്പെടേണ്ടതു്. ചുരുക്കിപ്പറഞ്ഞാൽ നാടിൻെറ ഐശ്വര്യത്തിൻെറയും, സമൃദ്ധിയുടെയും നാരായവേരു് തൊഴിലാളികളാണു്.

ര: "വയലിലെ തൊഴിലാളി പണി ചെയ്യില്ലെങ്കിൽ മഹർഷിമാർ വരെയുള്ളവരുടെ പണി മുടങ്ങിപ്പോകുമെന്നു്'' ഒരു ചൊല്ലുതന്നെയുണ്ടു്.

സ: ആവശ്യത്തിനു മതിയാവോളം പ്രാഥമിക വിഭവങ്ങരം ഉല്പാദിപ്പിക്കുകയായിരിക്കണം ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ വെമ്പുന്നവരുടെ ലക്ഷ്യം. നാടിൻെറ ക്ഷേമഐശ്വര്യങ്ങളും ശക്തിയും, സ്വാതന്ത്ര്യവുമെല്ലാം ഈ ലക്ഷ്യം നേടുന്നതിനെ ആശ്രയിച്ചാണിരിക്കുന്നതു്. നമ്മുടെ വ്യാവസായികാഭിവൃദ്ധിയും, സാമ്പത്തികാഭിവൃദ്ധിയും നാം ഉല്പാദിപ്പിക്കുന്ന പ്രാഥമിക ഉല്പന്നങ്ങളുടെ അളവിനെയും ഗുണത്തെയും ആശ്രയിച്ചിരിക്കുന്നു. ആഹാരം വസ്ത്രം തുടങ്ങി മനുഷ്യൻെറ പ്രാഥമികാവശ്യങ്ങരംപോലും ലഭ്യമാക്കാതെയുള്ള പുരോഗമനം എന്തു പുരോഗമനമാണു്? അതിനാവശ്യമായ ഉല്പന്നങ്ങരം വിളയിച്ചെടുക്കുന്നതിനെക്കാരം പ്രാധാന്യം അതിൻെറ കഥയെഴുതുന്നതിനും കണക്കെഴുതുന്നതിനും നല്കിയാലെങ്ങനെ?

ര: ആവശ്യാനുസരണം പ്രാഥമികോല്പന്നങ്ങളും, ഇതര വിഭവങ്ങളും ഉല്പാദിപ്പിച്ചെടുക്കുന്നതിനോടൊപ്പം മാത്രമേ അതിൻെറ സംസ്കരണത്തെയും, അനുബന്ധ വ്യവസായത്തെയും പററി ചിന്തിക്കാനാവുകയുള്ളു. അപ്പോരം മാത്രമേ അതിനെ സംബന്ധിക്കുന്ന കണ

ക്കിനു് പ്രസക്തിയുള്ളു. കഥയ്ക്കു് അർത്ഥമുണ്ടാവുകയുള്ളൂ. നെല്ലുല്പാദിപ്പിക്കാതെ, നെല്ലുകുത്തു യന്ത്രങ്ങളെപ്പററി ചിന്തിക്കേണ്ട കാര്യമില്ലല്ലോ?

സ: ഇവിടെ, നെല്ലുല്പാദിപ്പിക്കുന്നതിനെക്കാരം പ്രധാനമായി നെല്ലിൻെറ പേരിൽ എത്ര ആഫീസർമാരെ നിയമിക്കാമെന്നിടത്താണു് നമ്മുടെ ആസൂത്രണക്കാരുടെ ശ്രദ്ധ. പാലു് ഉല്പാദിപ്പിച്ചില്ലെങ്കിലും പാലിനു് എത്ര ഗസററഡ് ആഫീസർമാരെ നിയമിക്കാൻ ചട്ടമുണ്ടെന്നുള്ള കാര്യത്തിലാണു് ഗവേഷണം. അതിനു വേണ്ടിയുള്ളതാണു് നമ്മുടെ വിദ്യാഭ്യാസവും, ആസൂത്രണവും, പരിഷ്ക്കാരങ്ങളുമെല്ലാം. കൃഷിയുടേയും, കന്നുകാലിയുടേയും പേരിൽ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികരം പോലും ഇതിനൊരപവാദമല്ല. അവരുടെയും പ്രധാന ഗവേഷണം പ്രൊമോഷൻ സാദ്ധ്യത, ഗസററഡ് ആഫീസറാകാനുള്ള സാദ്ധ്യത, നല്ല വേഷവുമണിഞ്ഞു് കാറിൽ സഞ്ചരിച്ചു് ററി. ഏ., ഡി. എ. എന്നിവ വാങ്ങാനുള്ള സാദ്ധ്യത തുടങ്ങിയവയെ സംബന്ധിച്ചാണു്.

ര: നാടിനു് ഏക ആശ്രയം വെള്ളയുടുപ്പിട്ട ജോലിക്കാരാണത്രേ! അതുകൊണ്ടു് വിദ്യാഭ്യാസവും, പണവും, ശ്രദ്ധയുമെല്ലാം അവരെ നിർമ്മിച്ചെടുക്കുന്നതിനും, നിലനിറുത്തുന്നതിനും, വേണ്ടിയായിത്തീർന്നിരിക്കുന്നു! നമ്മുടെ നിലനില്പിനെത്തന്നെ അപകടത്തിലാക്കാൻ ഈ സമ്പ്രദായത്തിനു് കഴിയുമെന്നു് തോന്നുന്നു. വിദ്യാഭ്യാസ രംഗവും മാററങ്ങരംക്കു് വിധേയമാകാതിരിക്കുന്നതുകൊണ്ടു് ഭാവിയും ഇരുളടഞ്ഞതുതന്നെ.

സ: സ്വതന്ത്ര ഇൻഡ്യയിൽ ഇതിനകം തന്നെ ഒരു വിദ്യാഭ്യാസ വിപ്ലവം നടന്നുകഴിഞ്ഞിരിക്കണമായിരുന്നു. എന്നിട്ടും അതിനെപ്പററി ചിന്തിക്കേണ്ടവർ അലംഭാവം പൂണ്ടിരിക്കുന്നു. പ്രവർത്തിക്കേണ്ടവർ അനങ്ങുന്നില്ല. യഥാർത്ഥ മാററത്തിനുവേണ്ടിയുള്ള സൂചനകരംപോലും കാണുന്നുമില്ല.

ര: സ്വാതന്ത്ര്യം കിട്ടി ഇരുപത്തിയഞ്ചു കൊല്ലമായിട്ടും ഇതിലേയ്ക്കുള്ള പ്രായോഗിക നടപടികളൊന്നുമുണ്ടാകാത്തതെന്താണ്? വിദ്യാഭ്യാസ പരിഷ്കാരമെന്ന പേരിൽ ചില പൊരുത്തപ്പെടുത്തലുകളും, പ്രഖ്യാപനങ്ങളും ഉണ്ടായിട്ടുള്ളതു് ഇവിടെ വിസ്മരിക്കുന്നില്ല.

സ: പ്രായോഗിക നടപടികളെപ്പററി കാര്യമായി ചിന്തിക്കേണ്ടവർ മുഴുവൻ തലപ്പത്തിലിരിക്കുന്നവരാണ്. കാര്യങ്ങളെല്ലാം വിശദമായി അറിയാവുന്ന ഇവർ മനപ്പൂർവ്വം അജ്ഞത നടിക്കും. ഉള്ള പ്രതിബന്ധങ്ങളെയും, പ്രയാസങ്ങളെയും പർവ്വതീകരിച്ചു കാണിക്കുകയും, ഇല്ലാത്തവയെ ക്ഷണിച്ചു വരുത്തുകയും ചെയ്യും. അവരുടെ താല്പര്യങ്ങൾക്ക് ഇത്തരം സമീപനം അത്യാവശ്യമാണ്. അവരുടെയും, അവരുടെ പിന്തുടർച്ചക്കാരുടെയും ഭാവി ഇന്നുള്ള ക്രമീകരണം കൊണ്ടു മാത്രമേ സുരക്ഷിതമായിരിക്കയുള്ളു. അതുകൊണ്ടു് നേർവഴിയിലൂടെയായാലും, അല്ലെങ്കിലും ഇന്നത്തെ എല്ലാം ക്രമീകരണങ്ങളും പറയത്തക്ക മാററങ്ങളൊന്നും കൂടാതെ നിലനിറുത്തിക്കൊണ്ടു പോകണമെന്നാണ് അവരുടെ കണക്കുകൂട്ടൽ.

ര: ഇവരുടെ ഈ കണക്കുകൂട്ടലുകൾ ഇനിയിവിടെ നടക്കാൻ പോകുന്നില്ലെന്നു് അവരെ ബോദ്ധ്യപ്പെടുത്താൻ സമയം വൈകിയിരിക്കുന്നു. പക്ഷെ അവർ നയിക്കുകയും, അവരാൽ നയിക്കപ്പെടുകയും ചെയ്യുന്ന ഇന്നത്തെ പരിതഃസ്ഥിതിയിൽ അവരെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തുന്നതെങ്ങനെ? അതിനുവേണ്ടി മുന്നിട്ടിറങ്ങാനാരുണ്ടു്?

സ: യുവതലമുറ, വിദ്യാലയങ്ങൾക്കകത്തിരിക്കുന്ന ലക്ഷക്കണക്കിനുള്ള വിദ്യാർത്ഥി സമൂഹം. ഇന്നത്തെ തെററായ നയങ്ങളുടേയും വഴിപിഴച്ച വിദ്യാഭ്യാസ സമ്പ്രദായത്തിൻെറയും ദോഷഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നവർ അവരാണ്. പ്രത്യേകിച്ചും വിദ്യാർത്ഥി സമൂഹത്തിലെ ഭൂരിപക്ഷമായ പാവപ്പെട്ടവരുടെ കുഞ്ഞുങ്ങൾ, അവർ സംഘടിതരായി, ലക്ഷ്യബോധത്തോടെ ഒററക്കെട്ടായി അണിനിരക്കണം.

ര: സമഗ്രമായ ഒരു വിദ്യാഭ്യാസവിപ്ലവത്തെപ്പററി ചിന്തിക്കുമ്പോഴം ഇന്നു നിലവിലുള്ള വിദ്യാഭ്യാസത്തെപ്പററിയും, വിപ്ലവത്തിലൂടെ രൂപം കൊടുക്കാനാഗ്രഹിക്കുന്ന വിദ്യാഭ്യാസരീതിയെപ്പററിയും, വ്യക്തമായ ധാരണയുണ്ടായിരിക്കണം.

സ: ശരി. നിലവിലുള്ള വിദ്യാഭ്യാസസമ്പ്രദായം എന്താണെന്നു നമുക്കു് നോക്കാം.

## നമ്മുടെ വിദ്യാഭ്യാസം - ഒരു ജീർണ്ണിച്ച സൗധം

ര: ഭാവിയിൽ ഉത്തമപൗരന്മാരായി ജീവിക്കാൻ കുഞ്ഞുങ്ങളെ പരിശീലിപ്പിച്ചെടുക്കുകയല്ലേ വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നതു്?

സ: വിദ്യാഭ്യാസത്തിൻെറ പ്രഖ്യാപിതലക്ഷ്യം അതുതന്നെയാണു്. എന്നാൽ ലക്ഷ്യത്തിലെത്തിച്ചേരാനുള്ള മാർഗ്ഗം ഇന്നത്തെ വിദ്യാഭ്യാസത്തിലൂടെ തുറന്നുകിട്ടുന്നില്ല എന്നതാണു് ബഹുഭൂരിപക്ഷം കുട്ടികളെയും സംബന്ധിച്ച വസ്തുത.

ര: വിദ്യാഭ്യാസരംഗം അടിമുടി പരിഷ്ക്കരിക്കേണ്ടതാണെന്നു് നേതാക്കൾ അഭിപ്രായപ്പെടുന്നുണ്ടു്, അതിനുവേണ്ടിയുള്ള ആഹ്വാനപ്രസംഗങ്ങൾ അധികാരത്തിലിരിക്കുന്നവരും അല്ലാത്തവരുമായ പല നേതാക്കളും നടത്തുന്നുമുണ്ടു്.

സ: ആഹ്വാനത്തിനൊന്നും ഒരു പഞ്ഞവുമില്ല. ഒന്നുകിൽ എന്തു മാററം വരുത്തണം, അതെങ്ങനെ വരുത്തണമെന്നിതുകളെപ്പററി നേതൃസ്ഥാനത്തുള്ളവക്കു് ഒരു രൂപവുമില്ലെന്നു് കരുതണം. അല്ലെങ്കിൽ എല്ലാമറിഞ്ഞുകൊണ്ടു് ഉദാസീനത ഭാവിക്കുകയും, ജനങ്ങളെ വിശേഷിച്ചു് ഭാവിതലമുറയെ വഞ്ചിക്കുകയും ആണെന്നു കരുതണം. ഇവയിൽ രണ്ടാമതു പറഞ്ഞതിനാണു് സാദ്ധ്യത കൂടുതൽ.

പ്രശ്നത്തിൻെറ സങ്കീണ്ണത, നിക്ഷിപ്തതാല്പര്യക്കാരായ പ്രബലന്മാരിൽനിന്നുമുണ്ടാകാവുന്ന എതിർപ്പു്, സവ്വോപരി തങ്ങൾക്കും തങ്ങളുടെ പിൻതലമുറയ്ക്കുമുണ്ടാകാവുന്ന നഷ്ടം എന്നിവ ഭരണകത്താക്കളെ ഭയപ്പെടുത്തുന്നുണ്ടാകണം.

ര: നിലവിലുള്ള നമ്മുടെ വിദ്യാഭ്യാസസംവിധാനത്തിലെ പ്രധാന പോരായ്മകളെന്തൊക്കെയാണു്?

സ: എഴുത്തും വായനയും അഭ്യസിക്കുക എന്നതാണു് ഇന്നത്തെ വിദ്യാലയങ്ങളിൽ പ്രധാനമായും നടക്കുന്നതു്. ഭാഷയും കണക്കും മററും പഠിക്കലും ശാസ്ത്രസാങ്കേതിക വിജ്ഞാനമുൾപ്പെടെയുള്ള കുറെ പൊതുവിജ്ഞാനം ഹൃദിസ്ഥമാക്കലുംകൂടെയുണ്ടെന്നു പറയാം. വിദ്യാലയത്തിലെ എല്ലാ പ്രവത്തനങ്ങളിലും അദ്ധ്യാപകനേയും വിദ്യാത്ഥിയേയും നയിക്കുന്ന ഏകഘടകം പരീക്ഷയാണു്. ഏതുവിധേനയും കുറെ വസ്തുതകൾ—അവയിലെ അക്ഷരങ്ങൾക്കും വാക്കുകൾക്കും മാത്രം പ്രാധാന്യം കൊടുത്തുകൊണ്ടായാലും വേണ്ടില്ല—ഹൃദിസ്ഥമാക്കി അവ പരീക്ഷാകടലാസ്സിൽ പകത്തിയാൽ എല്ലാം മംഗളമായി. കൂടുതൽ കാണാപ്പാഠം പഠിച്ചതു് ഓമ്മിച്ചുവയ്ക്കുന്നവരും, ഓമ്മയുള്ള കാര്യങ്ങളിൽ ഭൂരിഭാഗവും പരീക്ഷാചോദ്യങ്ങളിൽ ഉൾപ്പെട്ടുവരാൻ ഭാഗ്യം സിദ്ധിച്ചവരും സമത്ഥന്മാരായി വിധിക്കപ്പെടും. അങ്ങനെയുള്ള വിദ്യാത്ഥികളെ കൂടുതലായി ഉൾക്കൊള്ളാൻ ഭാഗ്യം സിദ്ധിച്ച വിദ്യാലയങ്ങൾ നല്ല വിദ്യാലയങ്ങളായി ഗണിക്കപ്പെടും. പരീക്ഷ ജയിച്ചതായി സാക്ഷ്യപ്പെടുത്തുന്ന ഒരു സർട്ടിഫിക്കററും സർട്ടിഫിക്കററിൻെറ സഹായത്താൽ ഒരുദ്യോഗവും. ഇതു രണ്ടുമാണു് വിദ്യാത്ഥിയുടെയും, രക്ഷകത്താവിൻെറയും ആകെക്കൂടിയുള്ള ലക്ഷ്യം. ഇതിൽ, സർട്ടിഫിക്കററു് നേടുന്ന കാര്യത്തിൽ സഹായിക്കുക മാത്രമാണു് അദ്ധ്യാപകൻെറ കടമയായിത്തീന്നിരിക്കുന്നതു്. പഠിക്കുന്നതും, പരീക്ഷയെഴുതുന്നതും ലക്ഷ്യത്തിലേയ്ക്കുള്ള മാർഗ്ഗങ്ങളാണെന്നതു് വിസ്മരിക്കുകയും അവയെ ലക്ഷ്യങ്ങളായിത്തന്നെ അംഗീകരിക്കുകയുമാണു് ഇപ്പോൾ ചെയ്യുന്നതു്.

ര: കുറെ ഉദ്യോഗസ്ഥന്മാരെയും സാഹിത്യകാരന്മാരെയും നിമ്മിച്ചെടുക്കാൻവേണ്ടി മാത്രമാണോ നമ്മുടെ വിദ്യാലയങ്ങൾ പ്രവത്തിപ്പിക്കുന്നതു്?

സ: ഇന്നത്തെ വിദ്യാലയങ്ങളിൽനിന്നു് പരീക്ഷ പാസ്സായി സർട്ടിഫിക്കററും നേടിവരുന്ന ഒരാളെ എഴുത്തുകുത്തുകൾ നടത്താനുള്ള ഗൃഹസ്ഥനോ, കണക്കുകൂട്ടുന്ന കണക്കപ്പിള്ളയോ, പള്ളിക്കൂടംവാദ്ധ്യാരോ ഇവരുടെയെല്ലാം മേൽനോട്ടം വഹിക്കുന്ന മേലൊപ്പുകാരനോ ആക്കാം.

ര: സർട്ടിഫിക്കററും ഡിഗ്രിയുമായി വരുന്നവരിൽതന്നെ ഭൂരിപക്ഷത്തിനും മേല്പറഞ്ഞ ജോലികഠം ചെയ്യാനുള്ള സാമത്ഥ്യവും കഷ്ടിയാണു്.

സ: വിദ്യാലയപ്രവർത്തനകഠം കുറേക്കൂടി കാര്യക്ഷമമാക്കിയാൽ ഈ ജോലികഠംക്കെങ്കിലും ഇവരെ പ്രയോജനപ്പെടുത്താം. എങ്കിൽ തന്നെയും, ഈ ഉദ്യോഗങ്ങഠംക്കുള്ള ഒഴിവുകഠം കണക്കിലെടുക്കുമ്പോഠം എത്രയോ തുച്ഛമായ എണ്ണം ആളുകളെ മാത്രമേ ഈ മേഖലകഠംക്കു് ഉഠംക്കൊള്ളാൻ കഴിയുകയുള്ളൂ.

ര: കേരളത്തിലെ കാര്യം തന്നെയെടുക്കാം. ഇവിടെ ആണ്ടുതോറും ഒഴിവുവരുന്ന ഉദ്യോഗസ്ഥാനങ്ങളുടെ എണ്ണം ഏതാനും ആയിരങ്ങളിൽ ഒതുങ്ങി നില്ക്കുന്നു. അതേസമയം ലക്ഷക്കണക്കിനു വിദ്യാത്ഥികളെ ഉദ്യോഗസ്ഥന്മാരായി വാത്തെടുക്കാനുള്ള ശ്രമത്തിൽ ഒരേതരം മൂശയിലിട്ടു് ചൂടാക്കുകയാണു്. നമ്മുടെ സംസ്ഥാനത്തിൽ മാത്രം ആണ്ടുതോറും എസ്. എസ്. എൽ. സി. പരീക്ഷക്കു് ചേരുന്നവരുടെ എണ്ണം രണ്ടു ലക്ഷത്തിലധികമാണു്. ഇവരിൽ ബഹുഭൂരിപക്ഷത്തിൻെറയും വിദ്യാലയജീവിതം കഴിഞ്ഞുള്ള സ്ഥിതി നടുക്കടലിൽ യാതൊരാലംബവുമില്ലാതെ ' ഉപേക്ഷിക്കപ്പെട്ടവരുടേതിനു് തുല്യമാണു്. അറിഞ്ഞു കൊണ്ടുതന്നെ ഇവരെയെല്ലാം ഈ കഷ്ടസ്ഥിതിയിലെത്തിക്കുന്നതു് എന്തുമാത്രം ക്രൂരതയാണു്.

സ: ''വലിയവരുടെ'' മക്കഠംക്കു് കഷ്ടസ്ഥിതികളൊന്നും വരികയില്ല. നേതാക്കളുടെ മക്കഠംക്കും ദുരിതമുണ്ടാവുകയില്ല. നിലവിലുള്ള വിദ്യാഭ്യാസ സംവിധാനത്തിൽ, വീടും വിദ്യാലയവുമായി പ്രയോജന പ്രദമായ ബന്ധമുള്ളതു് ഇവരെ സംബന്ധിച്ചുമാത്രമാണു്. ഇന്നുള്ള വിദ്യാഭ്യാസരീതികഠംക്കും, പരീക്ഷാ സമ്പ്രദായങ്ങഠംക്കും അനുപൂരകമായ വിജ്ഞാനവും പരിശീലനവും നല്കാൻ സമ്പന്നവിഭാഗവും, ഉദ്യോഗസ്ഥ പ്രമുഖരും, നേതൃത്വ വിഭാഗവുമുഠംക്കൊള്ളുന്ന വഗ്ഗത്തിനു മാത്രമേ കഴിയുന്നുള്ളൂ.

നേരമറിച്ചു് കൃഷിത്തൊഴിലാളിയുടെയും, ഫാക്ടറി തൊഴിലാളിയുടെയും, മത്സ്യതൊഴിലാളിയുടെയും,

സ്ഥിരമായി തൊഴിലിലൊന്നുമില്ലാത്ത മററധ:സ്ഥിതരുടെയും വീടുകളുടെ ചിത്രം ഇക്കാര്യത്തിൽ പ്രസക്തമേയല്ല. ജീവിത വൈഷമ്യങ്ങളുടെ ഞെരുക്കത്തിൽപ്പെട്ടുഴലുന്ന ഇവർക്കു് ഇക്കാര്യങ്ങളെപ്പററി ചിന്തിക്കാൻ സമയമില്ലെന്നു മാത്രമല്ല, ഇക്കാര്യങ്ങളിൽ പൂർണ്ണമായും അജ്ഞരുമാണവർ. അതിനുമുപരി, ഈ വിഭാഗത്തിലെ കുഞ്ഞുങ്ങളെല്ലാംതന്നെ വിദ്യാഭ്യാസരംഗത്തു് ഒന്നാം തലമുറക്കാരുമാണു്. സ്കൂളിൽനിന്നും ലഭിക്കാനിടയുള്ള എത്രയും ശുഷ്കമായ സഹായംമാത്രമേ അവർക്കാലംബമായുള്ളു.

ര: സമൂഹത്തിലെ പ്രബലന്മാരെന്നു് വിശേഷിപ്പിക്കപ്പെട്ടുന്നവരുടെ കൂട്ടത്തിൽ ചിലരൊക്കെ പാവപ്പെട്ടവരിൽനിന്നും വന്നവരല്ലേ?

സ: തന്നെ. പക്ഷെ അവർ മേലാളരുടെ തൊലി കടംവാങ്ങിയവരും മേലാളരുടെ കാലിൽ നിന്നുകൊണ്ടു് കാര്യങ്ങൾ കാണാൻ ശ്രമിക്കുന്നവരുമാണു്. അതുകൊണ്ടു് അവരെ മറെറാരു രീതിയിൽ കാണേണ്ട കാര്യമൊന്നുമില്ല.

ര: ഈ മേലാളരുടെ കുഞ്ഞുങ്ങൾക്കു് വിദ്യാഭ്യാസരംഗത്തു ലഭിക്കുന്ന മററു മുൻഗണനകൾ എന്തൊക്കെയാണു്?

സ: ഇവരുടെ കുഞ്ഞുങ്ങൾ പഠിക്കുന്നതുതന്നെ പ്രത്യേകതരം സ്കൂളുകളിലാണു്. നിലവിലുള്ള പാഠപദ്ധതിയും, വിദ്യാഭ്യാസത്തിൻെറ ഗൂഢലക്ഷ്യവും കണക്കിലെടുത്താൽ വിദ്യാഭ്യാസമെന്ന പ്രക്രിയ അതിൻെറ ശരിയായ അർത്ഥത്തിൽ നടക്കുന്നതു് വിരലിലെണ്ണാവുന്ന ഇത്തരം സ്കൂളുകളിൽ മാത്രമാണു്. സർക്കാരും മററു വമ്പന്മാരും ചേർന്നു് ഇത്തരം സ്ഥാപനങ്ങൾക്കു് പണമായും, പ്രശംസാപത്രമായും വേണ്ട പിന്തുണയും പ്രോത്സാഹനവും നല്കുകയും ചെയ്യുന്നു.

ര: അതായതു് സാധാരണക്കാരൻെറ കുട്ടികൾക്കു ലഭിക്കുന്നതിനെക്കാൾ മെച്ചപ്പെട്ട സ്കൂൾ പരിശീലനം പൊതുമുതൽ ഉപയോഗിച്ചുകൊണ്ടുതന്നെ ''ഉൽകൃഷ്ട'' കുഞ്ഞുങ്ങൾക്കു് ലഭ്യമാക്കുന്ന പരിപാടി ഇവിടെ നടക്കുന്നു.

സ: വ്യക്തിസ്വാതന്ത്ര്യം, ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശം എന്നൊക്കെ കേൾക്കാനിമ്പമുള്ള വാച

കങ്ങറം കൊണ്ടായിരിക്കും ഇവക്കു് സാധൂകരണം തേടുന്നതു്. മെച്ചപ്പെട്ട സ്കൂളന്തരീക്ഷത്തിനു പുറമേ നല്ല ഗൃഹാന്തരീക്ഷവും, ആവശ്യമായ മററെല്ലാ അനുകൂല സാഹചര്യങ്ങളും ലഭിക്കുന്നവരാണു് ഇവിടത്തെ 'മേലാളരുടെ' കുട്ടികറം. അതുകൊണ്ടു് ഇന്നത്തെ വിദ്യാഭ്യാസരീതി മൗലികമായ മാററങ്ങളൊന്നും കൂടാതെ തുടർന്നാലും ഇവർക്കോ ഇവരുടെ പിൻതലമുറക്കോ കാര്യമായ ദോഷമൊന്നും വരാനില്ല. വിദ്യാഭ്യാസം കൊണ്ടു് കൊയ്തെടുക്കാവുന്ന നല്ല ഫലങ്ങളെല്ലാംതന്നെ സ്വന്തം കൈകളിൽ ഒതുങ്ങിക്കിട്ടുമെന്നകാര്യത്തിൽ ഇവർക്കു് സംശയവുമില്ല.

ര: മെച്ചപ്പെട്ട സ്കൂളന്തരീക്ഷവും, ഗൃഹാന്തരീക്ഷവും മററു മുൻഗണനാപരിഗണനകളും ലഭിക്കുന്ന കുട്ടികളും, ഇവയെല്ലാംതന്നെ മോശമായി മാത്രം ലഭിക്കുന്ന സാധാരണക്കാരൻെറ കുട്ടികളും ഒരേ പാഠ്യപദ്ധതിയനുസരിച്ചുള്ള ഒരേ പരീക്ഷയെഴുതുന്നു. പരീക്ഷാഫലത്തിൻെറ അടിസ്ഥാനത്തിൽ ആദ്യവിഭാഗത്തെ മിടുമിടുക്കന്മാരായും, രണ്ടാമത്തെ ഭൂരിപക്ഷവിഭാഗത്തെ മടയന്മാരായും ചിത്രീകരിക്കുന്ന ക്രൂരമായ സോഷ്യലിസമാണു് വിദ്യാഭ്യാസ മേഖലയിൽ നിലനില്ക്കുന്നതു്.

സ: അതുകൊണ്ടും ഇന്നത്തെ വിദ്യാഭ്യാസരീതിക്കു് അടിസ്ഥാനപരമായ മാററമുണ്ടാകരുതെന്നാണു് തല്പര കക്ഷികളുടെ മനസ്സിലിരുപ്പു്. പക്ഷെ, പുരോഗമനം നടിക്കുന്നതിനും, പാവപ്പെട്ടവനു് ഗുണം വരുത്താനുള്ള മാററങ്ങറക്കുവേണ്ടി ആഗ്രഹിക്കുന്നുവെന്നു് അവരെ ബോധ്യപ്പെടുത്തുന്നതിനും വേണ്ടി വിദ്യാഭ്യാസം അടിമുടി അഴിച്ചു പണിയണമെന്നും മററും ഇവർ പ്രസംഗിച്ചു കൊണ്ടിരിക്കും. മാററത്തിനുവേണ്ടിയുള്ള അടിസ്ഥാനപരമായ പ്രവർത്തനങ്ങളെപ്പററി ചിന്തിക്കുകപോലും ചെയ്യുകയുമില്ല.

ര: വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാകുന്ന കോടിക്കണക്കിനു രൂപാ ഭാഗ്യവാന്മാരായ ഏതാനും ആയിരംപേക്കു് മാത്രം പൂർണ്ണ തോതിൽ പ്രയോജനപ്പെടുന്നു. ലക്ഷക്കണക്കിനുള്ള മററുള്ളവരെ സംബന്ധിച്ചിടത്തോളം,

അവരുടെ പേരും പറഞ്ഞു് കുറെയേറെ പണം കടലിലെ റിയുന്നുവെന്നു പറയുന്നതായിരിക്കും ശരി.

സ: കേരളത്തിൽതന്നെ, ആകെ റവന്യൂ വരുമാനത്തിൻെറ പകുതിയിലധികം വിദ്യാഭ്യാസത്തിനുവേണ്ടി ചെല വാക്കുന്നു. രക്ഷാകർത്താക്കളുടെ ചെലവു് ഇതിനു പുറ മേയുണ്ടു്. ഇത്രയുമധികം മുതൽ മുടക്കും മനുഷ്യ പ്രയ ത്നവുംകൊണ്ടു് നമുക്കു ലഭിക്കുന്നതു് കുറെ വെള്ളയുടുപ്പു ജോലിക്കാരെ മാത്രമാണു്. ഗൃഹസ്ഥന്മാർ അദ്ധ്യാ പകർ.....

ര: ഉന്നത വിദ്യാഭ്യാസം കൂടി കണക്കിലെടുത്താൽ ജഡ്ജി മർ, വക്കീലുമാർ, ഡാക്ടർമാർ, പ്രൊഫസർമാർ, എൻജിനീയർമാർ തുടങ്ങിയവരെയും ലഭിക്കുന്നു.

സ: പക്ഷെ, ഇവരെല്ലാവരും കൂടിചേർന്നാലും ആണ്ടിൽ രണ്ടോ മൂന്നോ ആയിരത്തിനു താഴെയുള്ള എണ്ണം ആരം ക്കാർ മാത്രമേയാകുന്നുള്ളൂ.

ര: ഇവർക്കിത്രപേക്ഷം മാത്രം വേണ്ടി ഈ കൊച്ചു കേരള ത്തിൽ ആണ്ടുതോറും അമ്പതും അറുപതും കോടി രൂപാ ചെലവാക്കപ്പെടുന്നതു് എങ്ങനെ ന്യായീകരിക്കാ നൊക്കും?

സ: റവന്യൂവരുമാനത്തിൻെറ പകുതിയിലധികം വരുന്ന തുക വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്നതുകൊണ്ടു് യഥാത്ഥത്തിൽ പ്രയോജനമുണ്ടാകുന്നതു് സമൂഹത്തിലെ പ്രബലവിഭാഗത്തിലെ കുഞ്ഞുങ്ങൾക്കാണെങ്കിലും, വി ദ്യാലയത്തിൽ പ്രവേശിപ്പിച്ചു് കുറച്ചുകാലം അതിന കത്തു കഴിച്ചു കൂട്ടാനനുവദിച്ചശേഷം ഒടുവിൽ സ്വന്ത മായി ഒന്നും നേടാത്ത സ്ഥിതിയിൽതന്നെ ഉപേക്ഷി ക്കപ്പെടുന്ന സാധാരണക്കാരൻെറ കുഞ്ഞുങ്ങൾക്കുവേണ്ടി യാണു് ഇത്രയും വലിയതുക ചെലവഴിക്കുന്നുവെന്നാണു് കണക്കു്.

ര: വിദ്യാഭ്യാസത്തിനെന്നു പറഞ്ഞു് ചെലവാക്കുന്ന ഭീമ മായ തുകയുടെ ഏറിയ പങ്കും വ്യത്ഥമായിത്തീരുക യാണു്. ഇതു തടയുന്നതിനും, പരിഹാരമാഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള ഫലപ്രദമായ നടപടികളൊന്നു മുണ്ടാകുന്നുമില്ല.

സ: നടപടികഠം ആരംഭിക്കുന്നതിനും മാററത്തിനുവേണ്ടി യുള്ള പച്ചക്കൊടി കാട്ടുന്നതിനുമുള്ള ചുമതല സ്വയം ഏറെറടുത്തിരിക്കുന്നതു് സമൂഹത്തിലെ ''ഉൽകൃഷ്ടരും'' ഇവരുടെ ഇഷ്ടത്തിനൊത്തുമാത്രം പ്രവർത്തിക്കുന്ന നേതൃത്വങ്ങളുമാണു്.

ജന്മിമാരും, മുതലാളിമാരും, ഉദ്യോഗസ്ഥ പ്രമുഖന്മാരും ഇവരുടെയെല്ലാം താല്പര്യ സംരക്ഷകരായ ബുദ്ധിജീവികളുമടങ്ങുന്ന ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായംകൊണ്ടു് ചിലപ്രയോജനങ്ങളെല്ലാമുണ്ടാക്കാൻ സാധിക്കുന്നുണ്ടു്. ശരിയായി പറഞ്ഞാൽ അവർക്കുമാത്രമേ എന്തെങ്കിലും പ്രയോജനമുണ്ടാക്കാൻ കഴിയുന്നുള്ളൂ.

ര: ഇന്നുള്ള വിദ്യാഭ്യാസരീതിയിലൂടെ നേടാൻ കഴിയുന്ന വെള്ളക്കാളർ ജോലികളെല്ലാം ഈ വിഭാഗത്തിലുള്ളവർക്കു് നേടിയെടുക്കാൻ കഴിയുന്നു.

സ: കാര്യങ്ങളുടെ കിടപ്പു് ഈ രീതിയിലായിരിക്കുമ്പോഠം അടിസ്ഥാനപരമായ മാററത്തെപ്പററി പ്രസംഗിക്കണമെന്നല്ലാതെ പ്രവത്തിക്കേണ്ടതിൻെറ ആവശ്യം ഇവർക്കുണ്ടാവുകയില്ല.

സമൂഹത്തിലെഭാഗ്യവാന്മാർ, അതായതു്, സമ്പത്തും, അധികാരവും, നേതൃസ്ഥാനവുംകൊണ്ടു് എല്ലാ നിയന്ത്രണാധികാരങ്ങളും കൈവശമാക്കിയിരിക്കുന്നവർ വിദ്യാഭ്യാസംകൊണ്ടു് കൊയ്തെടുക്കാൻ കഴിയുന്ന എല്ലാ നല്ല ഫലങ്ങളും തങ്ങഠംക്കുതന്നെ ലഭിക്കണമെന്നു് നിർബന്ധമുള്ളവരാണു്. അതോടൊപ്പം രാജ്യം പൊതുവിൽ സ്വരൂപിക്കുന്ന സമ്പദ്സമൃദ്ധിയുടെ സിംഹഭാഗവും തങ്ങളുടെമാത്രം ഗുണത്തിനായി തങ്ങളുടെ നിയന്ത്രണത്തിലൊതുങ്ങി നില്ക്കണമെന്നും അവർക്കു് നിർബന്ധമുണ്ടു്. താഴെ തുടങ്ങി മുകളററംവരെ, കൈയിലൊതുക്കാൻ പററുന്ന എല്ലാ നല്ല ഔദ്യോഗികസ്ഥാനങ്ങളും തങ്ങളുടെയും തങ്ങളുടെ പിന്തുടർച്ചക്കാരുടെയും കുത്തകയായി സംരക്ഷിച്ചുകൊണ്ടുപോവുകയാണു് ഇവരുടെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനു് ഇന്നു നിലവിലുള്ള വിദ്യാഭ്യാസ സംവിധാനമാണു് ഏററവും

പററിയതു്. അതുകൊണ്ടു് അതിനെ മാററിമറിക്കാൻ സമൂഹത്തിലെ ''ഉൽകൃഷ്ടർ'' തികച്ചും വിമുഖരായി കാണുന്നതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല.

ര: എങ്കിലും, ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം അടിസ്ഥാനപരമായ മാററങ്ങൾക്കു് വിധേയമാക്കപ്പെടണമെന്നു് പൊതുവേ ഒരഭിപ്രായഗതി ഇപ്പോഴുണ്ടു്. വിദ്യാഭ്യാസത്തിന്റെ കടിഞ്ഞാൺ പിടിക്കുന്ന 'മേലാളരും' മൗലികമായ മാററത്തെപ്പററി ചിന്തിച്ചുതുടങ്ങിയിട്ടുണ്ടു്.

സ: എൻജിനീയറിംഗ്, മെഡിസിൻ തുടങ്ങിയ സാങ്കേതികവിഭാഗങ്ങളുൾപ്പെടെ ഉന്നതവിദ്യാഭ്യാസം നേടിയവരെയും തൊഴിലില്ലായ്മപ്രശ്നം അലട്ടാൻ തുടങ്ങിയിരിക്കുന്നു. ഇതു് മേലേത്തട്ടിലുള്ളവരെയും നേരിട്ടു ബാധിക്കുന്ന പ്രശ്നമാണു്. അതുകൊണ്ടായിരിക്കാം വിദ്യാഭ്യാസപരിഷ്കരണത്തെപ്പററി ഇപ്പോൾ കാര്യമായി ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നതു്. അതല്ലാതെ ലക്ഷക്കണക്കിനു കുട്ടികൾ—സാധാരണക്കാരന്റെ കുട്ടികൾ—വിദ്യാഭ്യാസംകൊണ്ടു് കാര്യമായൊന്നും നേടാതെ അലഞ്ഞുതിരിയുന്നതു കണ്ടിട്ടായിരിക്കാനിടയില്ല. ബൃഹത്തായ ഈ മാനുഷികപ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കണമെന്നു് ബന്ധപ്പെട്ടവർക്കാഗ്രഹവുമില്ല.

ര: എന്നാൽപിന്നെ, വിദ്യാഭ്യാസംകൊണ്ടു് പ്രയോജനമുണ്ടാകുന്ന ന്യൂനപക്ഷത്തിനു മാത്രം വിദ്യാഭ്യാസം കൊടുത്താൽ മതിയല്ലോ. ഇന്നുണ്ടാകുന്ന ഭീമമായ പാഴ്ചെലവു് ഒഴിവാക്കുകയും ചെയ്യാം.

സ: ഈ ചിന്താഗതി 'മേലാളർക്കു്' ഇല്ലാതില്ല. പക്ഷേ തങ്ങളുടെ എല്ലാ കളികളും വെളിപ്പെട്ടു പോകുമെന്ന ഭയമുള്ളതുകൊണ്ടു് അതിനെപ്പററി ഉറക്കെ ചിന്തിക്കാൻ ശ്രമിക്കുന്നില്ലെന്നേയുള്ളു. ഇവിടെ നിലവിലിരിക്കുന്ന സമ്പന്നവിഭാഗത്തിന്റെ ആധിപത്യത്തിനു് ജനാധിപത്യം എന്ന ലേബൽ ഒട്ടിച്ചിരിക്കയാണു്. ആ ലേബൽ ഇളകിപ്പോകാതെ സൂക്ഷിക്കേണ്ട ചുമതല അവർക്കുണ്ടു്.

തങ്ങളുടെ ആൾക്കാർക്കുമാത്രം നിഷ്പ്രയാസം കടക്കാൻ സാധിക്കുന്ന വിധത്തിൽ തന്ത്രപൂർവ്വം സംവിധാനം

ചെയ്ത കണ്ണികൾകൊണ്ടു് വലകൾ നിർമ്മിക്കുന്നു. എല്ലാവരെയും ഈ വലകളിൽ കൂടിയെല്ലാം കടന്നുവരാൻ ആവശ്യപ്പെടുന്നു. സ്വാഭാവികമായും, വല നിർമ്മിച്ചവരുടെയും, അതു് സംവിധാനം ചെയ്തവരുടെയും ആൾക്കാരെല്ലാം വലയിൽകൂടി കടന്നുപോരും. ബാക്കിയുള്ളവരിൽ ബഹുഭൂരിപക്ഷവും വലയിൽ കുടുങ്ങിക്കിടക്കുകയും ചെയ്യും. ഈ സമ്പ്രദായത്തിനു്, അവസര സമത്വം നിഷ്പക്ഷത, ''മെരിററ്'' അടിസ്ഥാനം തുടങ്ങിയ നല്ല പേരുകളുമിട്ടിരിക്കും. കൂട്ടത്തിൽ, പരിവർത്തനം, പുരോഗതി തുടങ്ങിയവ വാക്യങ്ങളിൽ പ്രയോഗിച്ചുകൊണ്ടുള്ള അഭ്യാസങ്ങളുമുണ്ടാകും.

ബാഹ്യമായി ചില രൂപഭേദങ്ങളും, നിറ വ്യത്യാസങ്ങളും ഉള്ളതുപോലെ തോന്നുമെങ്കിലും ഇന്നുവരെ നാം കണ്ട എല്ലാ ഭരണ കർത്താക്കളുടെയും ലക്ഷ്യത്തിനും ഐകരൂപ്യമുണ്ടു്. സൂക്ഷ്മപരിശോധനയിൽ അതുവ്യക്തമാകും. ഏതെല്ലാം നിയമങ്ങളും പരിഷ്കാരങ്ങളും കൊണ്ടുവന്നാലും, സമൂഹത്തിലെ ഒരു പിടി ഭാഗ്യവാന്മാരും അവരുടെ പിറക്കും പിറക്കും സന്തതികളും വായിൽ വെള്ളികരണ്ടിയുമായി ജനിക്കുകയും, അതേ പദവിയിൽ ജീവിക്കുകയും ചെയ്യണമെന്നതു് ലംഘിക്കപ്പെടുകയില്ല. അതിനു വേണ്ടതൊക്കെ ബുദ്ധിപൂർവ്വം ആസൂത്രണം ചെയ്യപ്പെട്ടിരിക്കും. സമൂഹത്തിലെ ഈ പ്രത്യേകവിഭാഗവും അവരുടെ ചെയ്തികളും നീരാളി കണക്കെ, സമൂഹത്തിലെ ദുർബ്ബലവിഭാഗത്തെ ചുററിവരിഞ്ഞു മുറുക്കിക്കൊണ്ടിരിക്കും. അതിന്റെ ഒന്നോ രണ്ടോ വള്ളികൾക്കു് മുറിവേൾപ്പിച്ചതുകൊണ്ടു് അതിന്റെ പിടിയിൽനിന്നും വിമുക്തമാകുമെന്നു് പ്രതീക്ഷിക്കുന്നതുതന്നെ വിഡ്ഢിത്തമാണു്. ഈ വിഡ്ഢിത്തം കൊണ്ടുള്ള തൃപ്തിപ്പെടൽ അല്ലാതെ അതിനപ്പുറം പ്രവർത്തിക്കുന്നതിനു് നമ്മുടെ ഒരു ഭരണാധികാരിയും തുനിഞ്ഞിട്ടില്ല.

അധഃസ്ഥിതരെ നൂററാണ്ടുകളായി ചുററിവരിഞ്ഞു് ഉപജീവിക്കുന്ന ഈ നീരാളികളുടെ പിടി അയഞ്ഞു കിട്ടണമെങ്കിൽ അതിന്റെ മർമ്മഭാഗത്തുതന്നെ അടി

യോഗക്കണം. ആ അടി ശക്തമായിരിക്കയുംവേണം. അവശരുടെ ശാശ്വതമോചനം അങ്ങനെ മാത്രമേ നേടാനൊക്കുകയുള്ളൂ.

ബുദ്ധിയിലും, കൗശലത്തിലും അധികാര ശക്തിയിലും നൂററാണ്ടുകളുടെ പാരമ്പര്യവും കുത്തകാവകാശവും കൈമുതലായുള്ള ഒരു വിഭാഗത്തോടേററു് ജയിക്കണമെങ്കിൽ, തങ്ങളുടെ സംഘടിത ശക്തിയെയും, പുതുതായി ആർജ്ജിക്കുന്ന വിജ്ഞാനത്തെയും ആശ്രയിക്കുക മാത്രമേ ചൂഷിത വർഗ്ഗത്തിനു മാർഗ്ഗമായുള്ളൂ. അതുകൊണ്ടാണു് ''സംഘടനകൊണ്ടു് ശക്തരാകാനും, വിദ്യകൊണ്ടു് പ്രബുദ്ധരാകാനും'', ശ്രീനാരായണൻ അവശലക്ഷങ്ങളെ ആഹ്വാനം ചെയ്തതു്.

ര: ഇന്നിപ്പോഠം നമ്മുടെ വിദ്യാഭ്യാസരംഗവും വളരെ അസ്വസ്ഥമാണല്ലോ. അതിനുള്ള കാരണങ്ങളും ഇതൊക്കെത്തന്നെയാണോ ?

സ: വിദ്യാഭ്യാസ രംഗത്തെ അസ്വസ്ഥതകഠംക്കും കുഴപ്പങ്ങഠംക്കും പലേ കാരണങ്ങഠം പറയാനുണ്ടെങ്കിലും ഏററവും പ്രധാനപ്പെട്ട കാരണം ലക്ഷ്യപ്രാപ്തിക്കുള്ള ശരിയായ മാർഗ്ഗവും, പ്രവർത്തനവും അതിനാവശ്യമായ മാററങ്ങളും ഉണ്ടാകാത്തതു തന്നെയാണു്.

'കണ്ണൂർ' എന്നു് ബോർഡു് വച്ച ബസ്സിൽ നിറയെ ആളുകളെ കയററിയശേഷം ആ ബസ്സിനെ നേരെ കന്യാകുമാരിയിലേയ്ക്കു് ഓടിച്ചാൽ വണ്ടിക്കകത്തുണ്ടാകാവുന്ന കോലാഹലങ്ങഠംക്കും, ചിന്താക്കുഴപ്പത്തിനും സമാനമായ സ്ഥിതി വിശേഷമാണു് വിദ്യാലയങ്ങളിൽ നമുക്കു് കാണാൻ കഴിയുന്നതു്.

ര: ബോർഡു് 'കണ്ണൂർ' എന്നാണെങ്കിലും വണ്ടി ചെന്നെത്തുന്നതു് കന്യാകുമാരിയിലാണെന്നു് നേരത്തെ മനസ്സിലാക്കി വണ്ടിക്കകത്തു് കടന്നുകൂടിയ ഭാഗ്യവാന്മാരുണ്ടു്. ഇവരും ഇവരുടെ രക്ഷിതാക്കളും കൂടി വണ്ടിയ്ക്കുകത്തു് ബഹളമുണ്ടാക്കുന്നവരെ കുററം പറയുകയും ശകാരിക്കുകയും ചെയ്യും. ഭൂരിപക്ഷങ്ങളുടെ നന്മയ്ക്കെതിരെ വ്യക്തിയുടെ മൗലികാവകാശങ്ങളും മററും പൊക്കിപ്പി

ടിച്ചെന്നുവരും, ബഹുഭൂരിപക്ഷം യാത്രികരെയും വഴിക്കിറക്കി വിടുകയോ, അവരെക്കൊണ്ടു് പ്രയോജനരഹിതമായി ദീർഘദൂരം യാത്ര ചെയ്യിക്കുകയോ വേണ്ടിവരുമെന്നു് മനസ്സിലാക്കിയാൽ പോലും വണ്ടി തിരിച്ചുവിടുന്ന പ്രശ്നത്തെപ്പററി ഇക്കൂട്ടർ സ്വയം ചിന്തിക്കുകയേ ഇല്ല.

സ: വിദ്യാഭ്യാസം ജീവിതമാണെന്നും, ജീവിക്കാൻ വേണ്ടിയാണു് വിദ്യാഭ്യാസമെന്നും പ്രഖ്യാപിക്കപ്പെടുന്നു. വിദ്യാലയ ജീവിതം കഴിഞ്ഞു് വിദ്യാലയങ്ങളിൽ നിന്നു് പുറത്തുവരുന്നവരിൽ ഭൂരിപക്ഷവും തൊഴിലില്ലാതെയും ജീവിതം തള്ളിനീക്കാൻ മാർഗ്ഗം കാണാതെയും അലഞ്ഞുനടക്കുന്നു. പത്തും പതിനഞ്ചും കൊല്ലം വിദ്യാലയത്തിനകത്തു് കഴിച്ചുകൂട്ടിയ വിദ്യാർത്ഥി, അവിടെ നിന്നു് തനിക്കു് ലഭിച്ച വിജ്ഞാനവും, പരിശീലനവും സ്വന്തമായി ഒരുനേരത്തെ ആഹാരം സമ്പാദിക്കാൻ പോലും സഹായിക്കുന്നവയല്ലെന്നു് പ്രായോഗികാനുഭവത്തിലൂടെ മനസ്സിലാക്കുന്നു. ഈ വിചിത്ര സാഹചര്യത്തിൽ, നാട്ടിലിന്നു കാണുന്നത്രയും അസ്വാസ്ഥ്യം ഉണ്ടായാൽ മതിയോ?

ര: തൊഴിലുന്മുഖമായ വിദ്യാഭ്യാസമാണു് സാർവ്വത്രികമായി നടപ്പാക്കേണ്ടതെന്നു് നേതാക്കളും അധികാരസ്ഥാനത്തിരിക്കുന്നവരും നിരന്തരം പറയുന്നുണ്ടു്. മേൽപ്പറഞ്ഞ കുഴപ്പങ്ങളൊക്കെ പരിഹരിക്കാൻ തന്നെയല്ലേ പ്രസ്തുത നിർദ്ദേശങ്ങൾ മുമ്പോട്ടു വയ്ക്കുന്നതു്?

സ: മുമ്പു് സൂചിപ്പിച്ചപോലെ, തൊഴിലുന്മുഖമെന്നൊക്കെ പറഞ്ഞു തൃപ്തിപ്പെടണമെന്നല്ലാതെ യഥാർത്ഥ മാററം ഉണ്ടാകണമെന്ന ആഗ്രഹമൊന്നും ആർക്കുമില്ല.

വിദ്യാഭ്യാസ രംഗത്തുണ്ടാകേണ്ട മാററങ്ങളെപ്പററി ചിന്തിക്കുന്നതിനു മുമ്പു് ഇന്നു നിലവിലുള്ള വിദ്യാഭ്യാസത്തിന്റെ ആവിർഭാവത്തെപ്പററി ചിന്തിക്കേണ്ടതുണ്ടു്. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ തുടക്കം, ഉള്ളടക്കം, ഉദ്ദേശ്യം എന്നിവ നമുക്കു് പരിശോധിക്കാം.

ര: നിലവിലുള്ള വിദ്യാഭ്യാസരീതി, പണ്ടു് ബ്രിട്ടീഷു് കാർ ഇവിടെ നടപ്പാക്കിയ വിദ്യാഭ്യാസത്തിൻെറ ഒരു തുടർച്ച മാത്രമാണു്.

സ: ഇൻഡ്യയിലെ വിദ്യാഭ്യാസനയം ആവിഷ്കരിച്ച തിൻെറയും അവ പ്രാവത്തികമാക്കിയതിൻെറയും പിന്നിൽ ബ്രിട്ടീഷുകാക്കു് വ്യക്തമായ ഉദ്ദേശലക്ഷ്യങ്ങ ളുണ്ടായിരുന്നു.

ഭരണ നിവ്വഹണത്തിനാവശ്യമായ ഗുമസ്ഥാപണി ചെയ്യാൻ കുറെ ആംക്കാരെ ലഭ്യമാക്കുക. ഗുമസ്ഥന്മാരുടെ ലഭ്യത തുടരെ ഉണ്ടാക്കുന്നതിനും തുടന്നു് വരുന്നവക്കു് വിദ്യാഭ്യാസം കൊടുക്കുന്നതിനും പ്രാപ്തരായ അദ്ധ്യാപകരെ സൃഷ്ടിക്കുക. ഭരണകത്താക്കളായ ബ്രിട്ടീഷ് ജനത ഏതു കാര്യത്തിലും ഇൻഡ്യക്കാരെക്കാരം മെച്ചമാണെന്നും ഇൻഡ്യൻ ജനതയെ ബോധ്യപ്പെടുത്തുകയും വിശ്വസിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയാണു് ഈ ലക്ഷ്യങ്ങരം. ഇവ നേടുന്ന കാര്യത്തിൽ ബ്രിട്ടീഷ് കാരൻെറ വിദ്യാഭ്യാസസംവിധാനം ഏററവും ഫലപ്രദമായിരുന്നു.

ഗവർണ്ണർ ജനറലായിരുന്ന ബൻറിക്പ്രഭു നിയമിച്ച ഒരു വിദ്യാഭ്യാസക്കമ്മിഷൻെറ ശുപാർശ പ്രകാരമാണു് ഇൻഡ്യയിലെ വിദ്യാഭ്യാസനയം ആവിഷ്കരിക്കപ്പെട്ടതു് ആ കമ്മിഷൻെറ അദ്ധ്യക്ഷനായിരുന്ന മെക്കാളെപ്രഭുവിൻെറ പ്രസ്താവന ശ്രദ്ധേയമാണു്.

"രക്തത്തിലും നിറത്തിലും ഭാരതീയവും, ബുദ്ധിയിലും രീതിയിലും അഭിപ്രായങ്ങളിലും ആദർശങ്ങളിലും ആംഗ്ലേയവുമായ ഒരു കൂട്ടം ആളുകളെ നാം ഭരിക്കുന്ന കോടിക്കണക്കിനുള്ള ജനങ്ങളുടെയും നമ്മുടെയും ഇടയ്ക്കുള്ള ദ്വിഭാഷികളായി രൂപീകരിക്കാൻ സകല കഴിവുകളും ഇപ്പോരം ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.'' (മെക്കാളെപ്രഭു-1835)

ര: ബ്രിട്ടീഷുകാരുടെ ഭരണകാലത്തിനുമുമ്പു് നമ്മുടെ വിദ്യാഭ്യാസരീതി എങ്ങനെയായിരുന്നു?

സ: ബ്രിട്ടീഷ് ആധിപത്യത്തിനുമുമ്പ്, വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള അവകാശം ഇവിടത്തെ സവർണ്ണവിഭാഗ

ത്തിൽപ്പെട്ടവർക്ക് മാത്രമേ ഉണ്ടായിരുന്നുള്ളു. അക്കാലത്ത് വിദ്യാഭ്യാസം പ്രത്യക്ഷമായിത്തന്നെ അവരുടെ മാത്രം കാര്യമായിരുന്നു. അന്നും വിദ്യാഭ്യാസംകൊണ്ട് മേലനങ്ങാതെയുള്ള പ്രവൃത്തികൾ ചെയ്യുന്നവരെ ഒരുക്കിയെടുക്കുകതന്നെയായിരുന്നു പ്രധാന ലക്ഷ്യം. ജാതിയുടെയും പാരമ്പര്യത്തിൻെറയും പേരിൽ ബഹുഭൂരിപക്ഷത്തെ പ്രത്യക്ഷമായിത്തന്നെ അകററിനിറുത്തിയിട്ട് വിദ്യാഭ്യാസം നേടിയവരെയെല്ലാം ദിവ്യന്മാരായും മററുള്ളവരാൽ പോററപ്പെടേണ്ടവരായും നിലനിറുത്തുകയായിരുന്നു അന്നത്തെയും രീതി. വിദ്യാഭ്യാസം അന്നും സൃഷ്ടിച്ചിരുന്നത് പുരോഹിതന്മാരെയും, കാര്യക്കാരന്മാരെയും, ഉന്നതന്മാരുടെ താല്പര്യസംരക്ഷകരായ ബുദ്ധിജീവികളെയും മാത്രമായിരുന്നു.

ബ്രിട്ടീഷുകാരുടെ ആധിപത്യത്തിനുശേഷവും ചില്ലറ വ്യത്യാസങ്ങളോടെ ഈ രീതിതന്നെ തുടർന്നു. ജനസംഖ്യയിൽ ന്യൂനപക്ഷം മാത്രമായ സവർണ്ണർ ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ കൂട്ടത്തോടെ പ്രവേശനം നേടി. അവിടെനിന്നു കിട്ടിയ പരിശീലനം-ഇംഗ്ലീഷ് ഭാഷാപരിജ്ഞാനവും, ഇംഗ്ലീഷ് യജമാനന്മാരോടുള്ള ഭക്ത്യാദരവുകളും - ഇംഗ്ലീഷുകാരുടെയും അവരുടെ കീഴിലുള്ള രാജാക്കന്മാരുടെയും കീഴുദ്യോഗസ്ഥന്മാരാകാനുള്ള അവസരവും അവർക്കുണ്ടാക്കിക്കൊടുത്തു. ഇംഗ്ലീഷ് സ്കൂളുകളിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കററ് സക്കാരുദ്യോഗത്തിനുള്ള ചീട്ടായിരുന്നു. നേരെ ഇംഗ്ലണ്ടിൽ തന്നെ ചെന്നു് പഠിച്ചവർക്കു് ഉയർന്ന ഉദ്യോഗങ്ങളും ലഭിക്കാൻ വിഷമമുണ്ടായില്ല. ജാതിയുടെപേരിൽ ബഹുഭൂരിപക്ഷത്തെ പള്ളിക്കൂടങ്ങളിൽ നിന്നകററി നിറുത്താൻ കഴിഞ്ഞിരുന്നതുകൊണ്ടു് ഉദ്യോഗസ്ഥാനങ്ങളുടെ എണ്ണവും ഉദ്യോഗാർത്ഥികളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുത്തിക്കൊണ്ടുപോകാൻ കഴിഞ്ഞു. ഇക്കാരണത്താൽ അന്നത്തെ വിദ്യാലയങ്ങളിലെ പ്രവർത്തനത്തിനും, പരിശീലനത്തിനും, പ്രയത്നത്തിനുമൊക്കെ സങ്കുചിതമാണെങ്കിലും വ്യക്തമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. സ്വാഭാവികമായി വിദ്യാലയങ്ങളിൽ സമാധാ

നവും അച്ചടക്കവും നിലനിറുത്തിക്കൊണ്ടുപോകാനും കഴിഞ്ഞു.

ഇംഗ്ലീഷുകാരുടെ നേരിട്ടുള്ള ഭരണമുണ്ടായിരുന്ന പ്രദേശങ്ങളിൽ സവർണ്ണരോടൊപ്പം അവർണ്ണരിൽചിലരും കിട്ടിയ സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തി. അടിമസ്സും അടിമയുടെ അടിമസ്സുംമുകളിൽ ഒരു പൊതു യജമാനൻ ഉണ്ടായിരുന്നതുകൊണ്ട് അടിമകളുടെ അടിമകൾക്കും കൂടി വലിയ യജമാനന്മാരിൽനിന്ന് ചില എല്ലിൻ കഷണങ്ങൾകിട്ടി. എന്നാൽ ഇംഗ്ലീഷുകാരുടെ നേരിട്ടുള്ള ഭരണമില്ലാതിരുന്ന തിരുവിതാംകൂർ, കൊച്ചി തുടങ്ങിയ രാജ്യങ്ങളിൽ അതിനും പഴുതില്ലാതെ പോയി.

ര: അതുകൊണ്ടായിരിക്കാം ''എന്തിനന്ധയേ സ്വരാജ്യം''? എന്ന് മഹാകവി കുമാരനാശാൻ ചോദിച്ചതു്.

സ: സ്വാതന്ത്ര്യത്തിനുശേഷം രംഗങ്ങൾക്ക് പുതിയ നിറവും ഭാവവുമുണ്ടായി, മാററങ്ങളുണ്ടായി. ബ്രിട്ടീഷ്കാർ അലങ്കരിച്ചിരുന്ന ഉയർന്ന ഉദ്യോഗസ്ഥാനങ്ങളെല്ലാം ഇൻഡ്യാക്കാർക്കുവേണ്ടി ഒഴിഞ്ഞുകിട്ടി. ഭരണയന്ത്രം തിരിക്കുന്ന ചുമതല മുഴുവൻ നാടൻ നേതാക്കൾക്കും, നാടൻ ഉദ്യോഗസ്ഥന്മാർക്കുമായി. ഒഴിഞ്ഞുകിട്ടിയ എല്ലാം സ്ഥാനങ്ങളും ഉന്നതവിദ്യാഭ്യാസം നേടിയവർക്കവകാശപ്പെട്ടതായി. സ്വാഭാവികമായി അത്തരക്കാരെല്ലാംതന്നെ സവർണ്ണവിഭാഗത്തിൽപെട്ടവരും സമ്പന്നരുമായിരുന്നു. കൂട്ടത്തിൽ അങ്ങിങ്ങ് ചില പുത്തൻ സവർണ്ണരും കടന്നുകൂടി. ജനാധിപത്യഭരണക്രമം പ്രഖ്യാപിക്കപ്പെട്ടു. എല്ലാം ജനങ്ങൾക്കുവേണ്ടിയായി. നേതാക്കൾ ചലിക്കുന്ന കൊട്ടാരങ്ങളിൽ സഞ്ചരിക്കുന്നതും ചലിക്കാത്ത കൊട്ടാരങ്ങളിൽ താമസിക്കുന്നതും, ഭരണകർത്താക്കൾ അസാധാരണവൈപുല്യത്തിൽ സമ്പാദ്യങ്ങളുണ്ടാക്കുന്നതുമെല്ലാം ജനങ്ങൾക്കുവേണ്ടിയായി, കൂട്ടത്തിൽ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യവും ജനാധിപത്യപരമാക്കി പ്രഖ്യാപിക്കാൻ ബന്ധപ്പെട്ടവർ മറന്നില്ല.

എല്ലാവരെയും വിദ്യാഭ്യാസം ചെയ്യിക്കുക, വിദ്യാഭ്യാസം ഉത്തമപൗരന്മാരെ വാർത്തെടുക്കാനുള്ള ഉപാധിയാ

ക്കുക, വിദ്യാഭ്യാസം ജീവിതത്തിനു വേണ്ടിയായിരിക്കുക തുടങ്ങിയ പലതും. അങ്ങനെ സ്വതന്ത്രഇൻഡ്യയുടെ അന്തസ്സിനൊത്തവണ്ണം വിദ്യാഭ്യാസലക്ഷ്യം പ്രഖ്യാപിക്കപ്പെട്ടു. പക്ഷെ മാർഗ്ഗം പഴയതുതന്നെ. വിദ്യാഭ്യാസത്തിനുവേണ്ടി ഇംഗ്ലീഷുകാരൻ വെട്ടിയ വഴിയിൽക്കൂടെതന്നെ നാം ഇന്നും സഞ്ചരിക്കുന്നു. ഭാവിതലമുറയെ മുഴുവൻ ആ വഴിയിലൂടെതന്നെ നടത്തിക്കൊണ്ടുപോകുന്നു. തോരണങ്ങൾ കെട്ടി വഴിക്കു ചില ഭംഗിപ്പെടുത്തലുകൾ വരുത്തുകയും, വഴിയുടെ വീതി കൂട്ടുകയും ചെയ്തതല്ലാതെ വഴിയുടെ ദിശക്കു മാററമൊന്നും വരുത്തിയിട്ടില്ല.

ര: 'കണ്ണൂർ' ബോർഡു് വച്ചു് കന്യാകുമാരിയിലേയ്ക്കു് ഓടിക്കുന്ന യാത്രാവണ്ടിയോടു് നമ്മുടെ വിദ്യാലയങ്ങളെ ഉപമിച്ചതു് വളരെ ശരിയായിരിക്കുന്നു. എന്തായാലും, ശരിയായ ലക്ഷ്യത്തെപ്പററി വ്യക്തമായ ധാരണയും ആ ലക്ഷ്യത്തിലെത്താനുള്ള മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നതിനുള്ള യത്നവും ഉണ്ടായേതീരൂ.

സ: ലക്ഷ്യത്തെപ്പററി വേണ്ടതിലധികം സംസാരിക്കുകയും ഉൽക്കണ്ഠാകുലരാവുകയും ചെയ്യുന്നവർ മാർഗ്ഗത്തെപ്പററി കാര്യമായി ചിന്തിക്കാറില്ലെന്നു തോന്നുന്നു. ലക്ഷ്യത്തിനു വേണ്ടതിലധികം പ്രാധാന്യം കല്പിച്ചാൽ എങ്ങനെയും ലക്ഷ്യപ്രാപ്തിയുണ്ടാകുമെന്ന ആഗ്രഹചിന്തയിലാണെല്ലാവരും.

ര: എന്നാൽ ലക്ഷ്യത്തിലേക്കുള്ള ശരിയായ മാർഗ്ഗത്തിലൂടെയാണു് നമ്മുടെ സഞ്ചാരമെന്നതു് ഉറപ്പു വരുത്തിക്കൊണ്ടാൽ ലക്ഷ്യത്തെപ്പററി ചിന്തിച്ചില്ലെങ്കിൽപോലും നാം ലക്ഷ്യത്ത്യൽതന്നെ എത്തുമെന്ന സത്യം പലരും വിസ്മരിച്ചിരിക്കുന്നു.

സ: തിരുവനന്തപുരത്തെത്തുകയാണു് ലക്ഷ്യമെങ്കിൽ, എപ്പോഴും തിരുവനന്തപുരത്തെപ്പററി ചിന്തിക്കുന്നതിനെക്കാൾ, സഞ്ചരിക്കുന്നവഴി തിരുവനന്തപുരത്തേക്കുള്ളതുതന്നെയാണെന്നു് ഉറപ്പു വരുത്തുകയാണു് പ്രധാനം.

അതുപോലെ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം വിശാലമായി പ്രസ്താവിക്കുകമാത്രമാണു് നാം ചെയ്തിട്ടുള്ളതു്.

ലക്ഷ്യത്തെപ്പററി മാത്രം എപ്പോഴും ചിന്തിക്കുന്നതല്ലാതെ അതിലെത്തിച്ചേരാനുള്ള മാർഗ്ഗത്തെപ്പററിയോ മററു വിശദാംശങ്ങളെപ്പററിയോ ചിന്തിക്കാൻ ബന്ധപ്പെട്ടവർ തുനിഞ്ഞു കാണുന്നില്ല. അഥവാ, ആരെങ്കിലും അതെപ്പററി ചിന്തിക്കുന്നെങ്കിൽ തന്നെ പ്രായോഗിക തലത്തിൽ അവ നടപ്പാക്കുന്നതിലുള്ള സങ്കീർണ്ണതയും, വൈഷമ്യവും കണക്കിലെടുത്തു് അവയെ അപ്രധാന തലങ്ങളിൽ താഴ്ത്തിവയ്ക്കാനാണു് ശ്രമിക്കുന്നതു്.

ര: അതുകൊള്ളാം. ജനസമൂഹത്തിൻെറ സാധാരണ ഗതിയിലുള്ള നിലനില്പിനെപോലും അപകടപ്പെടുത്തുന്ന വ്യവസ്ഥിതികളെയും, കീഴ്‌വഴക്കങ്ങളെയും മാററാതിരിക്കുക. സങ്കീർണ്ണതയുടേയോ വൈഷമ്യതയുടേയോ പേരിലായാലും ഇത്തരം സമീപനം ന്യായീകരിക്കപ്പെടുകയില്ല.

നിറയെ ആളു കയററിയ വള്ളം തൊട്ടുമുമ്പുള്ള വെള്ളച്ചാട്ടത്തിലേക്കു് നീങ്ങിക്കൊണ്ടിരിക്കുന്നു. വെള്ളച്ചാട്ടത്തിൻെറ ഇരമ്പൽ ശബ്ദം അടുത്തടുത്തു് വന്നിട്ടും വള്ളത്തിൻെറ ഗതിമാററാനോ, രക്ഷാമാർഗ്ഗം കണ്ടെത്തുന്നതിനോ യത്നിക്കാത്ത വള്ളക്കാരൻ ''വരേണ്ടതുവരും'' എന്ന വിശ്വാസവുമായി വള്ളത്തെ അതിൻെറ ഇഷ്ടത്തിനു വിടുകയാണു്. ഈ വള്ളക്കാരൻെറ തത്വശാസ്ത്രം തന്നെയാണു് വിദ്യാഭ്യാസകാര്യത്തിൽ നമ്മുടെ നേതാക്കളെയും നയിക്കുന്നതു്,

സ: ഇന്നു കുഞ്ഞുങ്ങളായിരിക്കുന്നവരെല്ലാം നാളെ നല്ല പൗരന്മാരായിത്തീരണം. വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം വിശാലമായി ഇപ്രകാരമാണു് പറയാറുള്ളതു്. ഈ 'പൗരന്മാർ' എന്നു പറയുന്നതിൽ ആരെല്ലാം ഉൾപ്പെടും?

ര: എല്ലാവരും.

സ: എന്നുവച്ചാൽ?

ര: തൊഴിലാളിയും, കർഷകനും, മുതലാളിയും, ഉദ്യോഗസ്ഥനും, കലാകാരനും, നേതാവും, അന്യരായിയുമെല്ലാം ഉൾപ്പെടും.

സ: അപ്പോൾ ഇവരെയെല്ലാം ഉൾക്കൊള്ളുന്നതും ഇവർക്കെല്ലാംവേണ്ടിയുള്ളതുമായിരിക്കേണ്ട വിദ്യാഭ്യാസം?

ര: പക്ഷെ, വിദ്യാഭ്യാസംകൊണ്ടു് ഇപ്പോഴുദ്ദേശിക്കുന്നതു് കുറെ ഉദ്യോഗസ്ഥന്മാരെയും, ബുദ്ധിജീവികളെയും സൃഷ്ടിച്ചെടുക്കുക എന്നതുമാത്രമാണു്. "പുതിയതായി വരുന്ന ഉദ്യോഗസ്ഥന്മാരുടെയും മററു് ബുദ്ധിജീവികളുടെയും നിലവാരം വളരെ താണതാണു്. അതുകൊണ്ടു് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാര്യമായ മാററങ്ങൾ അടിയന്തിരമായി ഉണ്ടാക്കണം'' എന്നിങ്ങനെയാണു് നമ്മുടെ നേതാക്കന്മാരിൽ ഭൂരിപക്ഷംപേരും ചിന്തിക്കുന്നതായി കാണുന്നതു്.

സ: ഉദ്യോഗസ്ഥന്മാരെ വാർത്തെടുക്കുന്ന വ്യവസായശാലയാണു് വിദ്യാലയമെന്നും, വിദ്യാഭ്യാസ പരിഷ്ക്കാരമെന്നാൽ കൂടുതൽ സമർത്ഥരും നല്ലവരുമായ ഉദ്യോഗസ്ഥന്മാരെയും ബുദ്ധിജീവികളെയും സൃഷ്ടിക്കത്തക്കവിധത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ പരിഷ്ക്കരിക്കുക എന്നതാണും മിക്കവരും ധരിച്ചുവച്ചിരിക്കുന്നതു്.

ര: എസ്. എസ്. എൽ. സി. യോ, ഡിഗ്രിയോ സമ്പാദിക്കുന്നവരിൽ നല്ലൊരു വിഭാഗം നല്ല റാങ്കുകളോടെ വിജയിച്ചുവന്നാൽ വിദ്യാഭ്യാസം മുഴുവൻ ശരിയായി എന്നാണോ ഇവരുടെ കണക്കുകൂട്ടൽ? ഇന്നു്, മുപ്പതും നാല്പതും ശതമാനം കുട്ടികൾ അരിഷ്ടിച്ചു് മിനിമം മാക്ക് വാങ്ങിയോ, മാഡറേഷൻ എന്ന സൗജന്യവുംകൂടി വാങ്ങിയോ പാസ്സാകുന്ന സ്ഥാനത്തു് തൊണ്ണൂറു് ശതമാനം പേരും ഫസ്റ്റ്ക്ലാസ്സിൽ പാസ്സാകുന്ന സാഹചര്യമുണ്ടായാൽ എല്ലാം മംഗളമാകുമോ?

സ: വെള്ളയുടുപ്പിട്ട കുറെ ജോലിക്കാരെ സൃഷ്ടിക്കാൻവേണ്ടിയുള്ളതാണു് വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടുകൂടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരിൽനിന്നും ഇതിൽ കൂടുതലൊന്നും പ്രതീക്ഷിക്കാനാവില്ല. ജീർണ്ണിച്ചു് നിലം പൊത്താറായ വലിയ സൗധത്തെ പൊളിച്ചു പണിയുന്നതിനു പകരം, അതിൻെറ ചുവരുകളിൽ ചായംപൂശി ഉപയോഗ യോഗ്യമാക്കാമെന്നു പറയുന്നതു പോലെ അപകടകരവും ബുദ്ധിശൂന്യവുമായ മിനുക്കു പണികളാണു് വിദ്യാഭ്യാസ മേഖലയിൽ 'പരിഷ്ക്കാരങ്ങൾ' എന്ന പേരിൽ ചെയ്യുന്നതു്. ഈ മിനുക്കു പണി

കളുടെ മഹത്വത്തെപ്പററി പ്രസംഗിക്കുന്ന ഉന്നതാധികാരികാംക്കോ, അവയുടെ അത്ഥശൂന്യതയെപ്പററി പ്രസംഗിക്കുന്ന അദ്ധ്യാപകക്കോ ജീർണ്ണിച്ച നിലംപൊത്താറായ വലിയ സൗധത്തെപ്പററി ഒന്നും പറയാനില്ല.

ര: ഉദ്യോഗസ്ഥന്മാരാണെങ്കിൽ ജനസംഖ്യയുടെ ഒരു ചെറിയ അംശം മാത്രമേയുള്ളു? ഏററിവന്നാൽ രണ്ട് അല്ലെങ്കിൽ മൂന്നു ശതമാനം. എന്നാൽ ഈ ന്യൂനപക്ഷത്തിൻെറ സൃഷ്ടിക്കുവേണ്ടി മാത്രമാണ് നമ്മുടെ വിദ്യാഭ്യാസ സംവിധാനം എന്നു വന്നിരിക്കുന്നതു് വളരെ വിചിത്രം തന്നെ.

സ: രണ്ടോ മൂന്നോ ശതമാനം ഉദ്യോഗസ്ഥന്മാരെ മാത്രം സൃഷ്ടിക്കുന്ന വിദ്യാഭ്യാസത്തിനും, സൃഷ്ടിച്ചതിനുശേഷം അവരെ പുലർത്തുന്ന ചട്ടവട്ടങ്ങാംക്കുംകൂടി റവന്യൂ വരുമാനത്തിൻെറ സിംഹഭാഗവും ചെലവഴിക്കേണ്ടിവരുന്ന സ്ഥിതിയോ ?

ര: കാര്യമായ എതൃപ്പൊന്നും കൂടാതെതന്നെ ഈ സ്ഥിതിവിശേഷം തുടരുന്നു. ഉദ്യോഗസ്ഥന്മാരുടെ മനോഭാവമാണെങ്കിൽ ഖജനാവു മുഴുവൻ അവക്കായി മാത്രം നീക്കിവച്ചാലും തികയുകയില്ല എന്ന മട്ടിലുമാണ്.

സ: കാര്യമായ എതൃപ്പില്ലാത്തതു് എന്താണെന്നു് വ്യക്തമല്ലേ? മൊത്തം സമൂഹത്തിനും വേണ്ടി ചിന്തിക്കുന്നതും, പറയുന്നതും പ്രവത്തിക്കുന്നതുമെല്ലാം സമൂഹത്തിലെ ഒരു പ്രത്യേക വിഭാഗമാണു്. സമൂഹത്തിൻെറ ആകെക്കൂടിയുള്ള രക്ഷാകർതൃത്വം അവർ സ്വയം ഏറെറടുത്തിരിക്കുന്നു.

പെററിബൂർഷ്വാകളായ ഇടത്തരക്കാരും ചെറിയ ഉദ്യോഗസ്ഥന്മാരും സാധന ദൗർബ്ബല്യത്തിൻെറയും വിലകൂടലിൻെറയും ചുഴിയിൽപെട്ട് നട്ടം തിരിയുന്നു. ഈ ദൂഷിത വലയം മുതലെടുത്തു് കൂടുതൽ കൂടുതൽ നേട്ടങ്ങാം സ്വായത്തമാക്കുന്ന ബൂർഷ്വാസികളുടെ—സമ്പന്നരുടെ —പദവിയിലേയ്ക്കുയരാൻ ഞങ്ങാംക്കും കൂടി മാർഗ്ഗം തുറന്നു കിട്ടുമോ എന്നാണു് അവർ നോക്കുന്നതു്. അതിനു സഹായകമാണെന്നു കണ്ടാൽ, പാവപ്പെട്ടവരും അദ്ധ്വാനിക്കുന്നവരുമായ ജനലക്ഷങ്ങളുമായി താദാത്മ്യം പ്രാപി

ക്കുന്നതിലും, അവരുടെ കഷ്ടപ്പാടുകളും ദുരിതങ്ങളുമകററിയ നല്ല നാളെയ്ക്കുവേണ്ടി ആഹ്വാനങ്ങൾ പുറപ്പെടുവിക്കുന്നതിലും ഇവർ മുൻപന്തിയിലുണ്ടാകും. ഇന്നത്തെ ചൂഷകവർഗ്ഗത്തെ തോല്പിച്ച് അവരുടെ സ്ഥാനത്ത് തങ്ങൾക്ക് കയറിപ്പററണമെന്ന ചിന്തമാത്രമേ ഇടത്തരക്കാരായ ഇക്കൂട്ടർക്കുമുള്ളൂ. അതിനു സഹായകമായി തങ്ങളുടെ ബുദ്ധിയോടൊപ്പം അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻെറ സംഘടിത ശക്തിയും കൂടി ഉപയോഗപ്പെടുണമെന്നകാര്യത്തിലാണ് ഇവർക്കു താല്പര്യം. അതുകൊണ്ടാണ് ഉദ്യോഗസ്ഥന്മാരുടെയും മററിടത്തരക്കാരുടെയും അവകാശ സമരങ്ങൾക്ക് തൊഴിലാളി സമരങ്ങളുടെ നിറവും ഭാവവും നല്കുന്നതിനു് ബന്ധപ്പെട്ടവർ ശ്രമിക്കുന്നതു്.

ര: അതേസമയം, ഉദ്യോഗസ്ഥന്മാരുടെ അത്യാഗ്രഹം കാരണം ഭൂരിപക്ഷം വരുന്ന പട്ടിണിപ്പാവങ്ങൾക്ക് വേണ്ടി ഒരു നല്ല കാര്യവും ചെയ്യാൻ കഴിയുന്നില്ലെന്നും പറഞ്ഞു് ബൂർഷ്വാസികളും, നേതാക്കളും (അധികാരത്തിലിരിക്കുമ്പോൾമാത്രം) മുതലക്കണ്ണീർ പൊഴിക്കുന്നു.

സ: തൂമ്പാ പിടിക്കുന്നവനെയും, വയലുഴുന്നവനെയും, ഫാക്ടറിയിലെ കരി തിന്നുന്നവനെയും, കടലിൽ മീൻ പിടിക്കുന്നവനെയുമെല്ലാം പരമ പുച്ഛത്തോടെമാത്രം കാണാൻ ശീലിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരും, ബൂർഷ്വാസികളും തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ട ഘട്ടങ്ങൾ വരുമ്പോൾ പൊടുന്നനെ ''തൊഴിലാളി കർഷക വിദ്യാർത്ഥിഐക്യം'' വിളിച്ചുകൂവുകയും അവർക്കുവേണ്ടി കണ്ണീർ പൊഴിക്കുകയും ചെയ്യുന്നതു് സാധാരണ സംഭവങ്ങളായിത്തീർന്നിരിക്കുന്നു. പാവപ്പെട്ടവൻെറ ദുരിതവും കഷ്ടപ്പാടും മുതലെടുത്തും, അവനെ രക്തസാക്ഷിയാക്കിയും നിലവിലുള്ള മുതലാളിത്വവും, ജന്മിത്വവുമെല്ലാം അവരവർക്ക് ഗുണം ചെയ്യുന്നവിധത്തിൽ മാററിയെടുക്കണമെന്നും, തുടന്നു് നിലനിറുത്തണമെന്നുമുള്ള ലക്ഷ്യത്തോടെയാണു് ഇടത്തരക്കാരനും വൻകിടക്കാരനുമൊക്കെ പ്രവർത്തിക്കുന്നതു്.

ര: സാധാരണക്കാരൻെറ രക്തം ചിന്തിയതിൻെറയും, എല്ലൊടിഞ്ഞതിൻെറയും ഫലമായി ബ്രിട്ടീഷ്കാർ ഇവിടെനിന്നു് കെട്ടുകെട്ടി. അവരുടെ സ്ഥാനത്തു് നാടൻ ''ബ്രിട്ടീഷ്കാർ'' കയറിയിരുന്നു് മുൻഗാമികളുടെ ചൂഷണ സമ്പ്രദായങ്ങൾ ഏറ്റെടുത്തു നടത്തുന്നു. അതിനുള്ള അവകാശത്തെച്ചൊല്ലി, മേലാളർ തമ്മിൽ തമ്മിലും, അവരും അവരുടെ കാര്യദർശിമാർ തമ്മിലും നടക്കുന്ന മത്സരങ്ങളും മൽപ്പിടിത്തങ്ങളുമാണു് ഇവിടെ നാം കാണുന്ന രാഷ്ട്രീയാഭ്യാസങ്ങളിൽ പലതും.

## 11. തൊഴിലുന്മുഖ വിദ്യാഭ്യാസം

സ: വിദ്യാഭ്യാസത്തെപ്പററിയാണല്ലോ നാം പറഞ്ഞു വന്നതു്. വിദ്യാഭ്യാസമുള്ളവരുടെ തൊഴിലില്ലായ്മ പ്രശ്നം ഇപ്പോൾ മറെറല്ലാ പ്രശ്നങ്ങളെയും പിന്നിലാക്കിയിരിക്കയാണു്.

ര: ഇതിനു പരിഹാരമായി, തൊഴിലുന്മുഖ വിദ്യാഭ്യാസം നടപ്പാക്കണമെന്നു് എല്ലാ മണ്ഡലങ്ങളിലുമുള്ളവർ ആവശ്യപ്പെടുന്നു. നമ്മുടെ ദേശീയ നേതൃത്വവും സർക്കാരും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ അനുകൂലിക്കുന്നുണ്ടു്. വിദ്യാഭ്യാസം തൊഴിലുന്മുഖമായി പുന:സംഘടിപ്പിക്കണമെന്ന ആഗ്രഹം പുറമേ പ്രകടിപ്പിക്കാത്തവരായി ആരുമില്ലെന്നാണു് തോന്നുന്നതു്.

സ: തൊഴിലുന്മുഖമെന്നും, തൊഴിലധിഷ്ഠിതമെന്നുമൊക്കെ പറഞ്ഞു നടക്കുന്നതുകൊണ്ടു മാത്രം എന്തു വിശേഷം? അർദ്ധമനസ്സോടുകൂടി ഉപരിപ്ലവങ്ങളായ ചില ചില്ലറ പരിഷ്കാരങ്ങൾ നടപ്പാക്കാൻ ശ്രമിക്കുന്നതുകൊണ്ടും വലിയ പ്രയോജനമൊന്നുമില്ല. വിദ്യാഭ്യാസ രംഗത്തു് മനഃപ്പൂർവ്വമായ ഒരു വിപ്ലവംതന്നെ നടക്കേണ്ടതുണ്ടു്. പക്ഷെ, വിപ്ലവകരമായ മാററം അനിവാര്യമായിരിക്കുന്ന ഈ കാലഘട്ടത്തിൽപ്പോലും മാററങ്ങൾ കാര്യമായ തോതിലൊന്നും സംഭവിക്കരുതു് എന്നു് ഉള്ളിൽ നിർബ്ബന്ധമുള്ളവർക്കാണു് അവയുടെയെല്ലാം നേതൃത്വവും കൈകാര്യകർതൃത്വവും.

ര: അതെന്താണങ്ങനെ വരാൻ കാരണം?

സ: ആളുകളുടെ സാമർത്ഥ്യവും അവരെക്കൊണ്ടുണ്ടാകാവുന്ന പ്രയോജനവും മററും കണക്കാക്കുന്ന രീതി അപ്രകാരമാണു്. ഈ നാട്ടിലെ ഉൽകൃഷ്ടരായി കരുതപ്പെടുന്നവരും അവരുടെ സന്തതി പരമ്പരകളും മാത്രമാണു് രാജ്യത്തിനാശാകേന്ദ്രമെന്ന നുണപ്രചരണങ്ങളും നിഗമനങ്ങളും ധാരാളം നടത്തുന്നുണ്ടു്. ഉൽകൃഷ്ടരായി സ്വയം അവരോധിതരായവരും അവരുടെ പിണിയാളുകളും

ചേർന്ന് അതിനുഭവേണ്ട എല്ലാ രംഗസജ്ജീകരണങ്ങളും വിദഗ്ദ്ധമായിത്തന്നെ ആസൂത്രണംചെയ്യുന്നു. ഇവരുടെ യൊക്കെ അഭിപ്രായത്തിൽ കഴിവുകളും, നിപുണതകളും മുഴുവൻ കേന്ദ്രീകരിച്ചിരിക്കുന്നതു് സർവ്വകലാശാലാ ബിരുദങ്ങളിലും സർട്ടിഫിക്കറ്റുകളിലും മാത്രമാണു്.

ര: ഉന്നതമായ രീതിയിൽ ബിരുദങ്ങളും, സർട്ടിഫിക്കറ്റു കളും മറ്റും നേടുന്നതിനു് ഉയർന്ന നിലവാരത്തിലുള്ള സാമർത്ഥ്യവും നൈപുണ്യവും ആവശ്യമല്ലേ?

സ: ആവശ്യമാണു്. പക്ഷെ അതിൻേറതായ പ്രത്യേക മണ്ഡ ലത്തിലെ സാമർത്ഥ്യമായി മാത്രമേ അതിനെ കണക്കി ലെടുക്കാൻ പററുകയുള്ളൂ. ഒരു സർവ്വകലാശാലാബിരുദം നേടിയാൽ എല്ലാം നേടിയതിനു തുല്യമായി എന്ന വാദം അംഗീകരിക്കാൻ വയ്യാ.

ലോകത്തിറങ്ങിയിട്ടുള്ള പുസ്തകങ്ങൾ, മാസികകൾ വാരികകൾ തുടങ്ങി അച്ചടിയിൽ ആയ മിക്കതും രാവും പകലും മുഷിഞ്ഞിരുന്നു ഹൃദിസ്ഥമാക്കുന്നതു് ഒരുതരം കഴിവാണു് അവയിലടങ്ങീട്ടുള്ള വിവരങ്ങളെല്ലാം. പരീ ക്ഷകരുടെ മുമ്പിൽ ആവശ്യാനുസരണം വരമൊഴിയാ യോ, വാമൊഴിയായോ പ്രദർശിപ്പിക്കാൻ കഴിയണമെ ങ്കിലും നല്ല സാമർത്ഥ്യം വേണമെന്നതിൽ തർക്കമില്ല. പക്ഷെ അതിലൂടെ നേടിയെടുക്കുന്ന ബിരുദം ലോക ത്തുള്ള സകല കഴിവുകളുടെയും സാക്ഷ്യപത്രമാണെന്നു് ആരെങ്കിലും പറഞ്ഞാൽ അതങ്ങനെതന്നെ അങ്ങു സമ്മ തിച്ചുകൊടുക്കാൻ പററുമെന്നു തോന്നുന്നില്ല.

ര: കുറെയധികം വിജ്ഞാനം ഹൃദിസ്ഥമാക്കാനും ആവശ്യാ നുസരണം അവ പ്രകടിപ്പിക്കാനും പ്രയോഗിക്കാനും കഴിവുള്ളവരാണു് ഐ. എ. എസ്സ്. തുടങ്ങി താഴോട്ടുള്ള എല്ലാ ബിരുദങ്ങളുടെയും ഉടമസ്ഥർ. ഒരു മണ്ഡലത്തിൽ ഉന്നതമായ കഴിവും നൈപുണ്യവും പ്രദർശിപ്പിക്കുന്ന വർ ആവശ്യമെന്നു് കണ്ടാൽ ഇതര മണ്ഡലങ്ങളിലും അതേ സ്വഭാവവും രീതിയും പ്രകടിപ്പിക്കുമെന്നാണു് സങ്കല്പം. സാക്ഷരതാപരമായ പ്രവർത്തനങ്ങളിൽ അതു ല്യമായ പ്രകടനം കാഴ്ചവയ്ക്കുന്നവർ ഇതര മണ്ഡലങ്ങ

ളിലും അതേ പ്രകടനംതന്നെ കാഴ്ചവെയ്ക്കുമെന്നു് ഊഹി ക്കുന്നതിൽ തെററുണ്ടോ?

സ: വാദമുഖംകൊള്ളാം പക്ഷെ ഐ. എ. എസ്സുകാക്കും അവരെപ്പോലുള്ള ഉന്നതന്മാക്കും മാത്രമേ ഇതു് ബാധകമാവുകയുള്ളൂ. താൻ പഠിച്ച തൊഴിലിൽ അതുല്യമായ പ്രതിഭ കാണിക്കുന്ന ഏതു ജോലിക്കാരനും ഈ തത്വം ബാധകമാക്കാത്തതെന്തു്? തൻെറ പ്രവത്തനങ്ങളിൽ അർപ്പണമനോഭാവവും ഉന്നത നിലവാരത്തിലുള്ള വൈദഗ്ധ്യവും പ്രകടിപ്പിക്കുന്നവൻ തൊഴിലാളിയോ താഴെക്കിടയിലുള്ള മററുവല്ലവരുമോ ആകട്ടെ. മേല്പറഞ്ഞ വാദമുഖംകൊണ്ടുവരാനോ അയാളെ സകല കലാവല്ലഭനായി സങ്കല്പിക്കാനോ ആരെങ്കിലും മുതിരുമോ? കാര്യം ചുരുക്കത്തിൽ പറയാം. ഉന്നതബിരുദങ്ങളും പദവികളും സ്വന്തമാക്കാൻ കഴിവും സാഹചര്യവും ലഭിച്ചിരിക്കുന്നതു് ഉൽകൃഷ്ടരുടെയും അവരുടെ കാവൽഭടന്മാരുടെയും കുടുംബങ്ങളിൽപ്പെട്ടവക്കാണു്. അതുകൊണ്ടു്, ഡിഗ്രികളും, സർട്ടിഫിക്കററുകളും നേടി വെള്ളയുടുപ്പിട്ട ജോലിക്കാരാകാൻ ഭാഗ്യംകിട്ടുന്ന കേവല ന്യൂനപക്ഷമാണു് രാജ്യത്തിൻെറ ആശാകേന്ദ്രമെന്നും നാടിൻെറ നട്ടെല്ലന്നും മററും ഗൂഢമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ബാക്കിയുള്ള ചാത്തനും, ചടയനും, കോരനും, മാത്തനും, മമ്മൂഞ്ഞും അവരുടെയൊക്കെ സന്തതികളും വകയ്ക്കുകൊള്ളാത്തവരും കാര്യക്ഷമതയില്ലാത്തവരുമായി മുദ്രയടിക്കപ്പെടുന്നു.

ഈ ഗൂഢതന്ത്രം എന്നെന്നും നിലനിറുത്തണം. കേവലം ന്യൂനപക്ഷത്തിനു് അധഃസ്ഥിതരായ ഭൂരിപക്ഷത്തെ എല്ലാക്കാലവും അടിച്ചമത്തി ഭരിക്കണം. അവരെ ചൂഷണം ചെയ്യാനും അവരുടെ വിയർപ്പിൻെറയും കഷ്ടപ്പാടിൻെറയും ഫലം ഒരവകാശമെന്ന നിലയിൽ തുടന്നും അനുഭവിക്കണം. ഇതൊക്കെയാണു് ഗൂഢമായ ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ നേടാൻ ഏററവും പററിയ മാഗ്ഗം, ഇന്നത്തെ വിദ്യാഭ്യാസരീതി മാററം കൂടാതെ നില നിറുത്തുന്നതാണു്.

പണ്ടുകാലത്തു് ജനങ്ങളിൽ ഭൂരിപക്ഷത്തെയും പ്രത്യക്ഷമായിത്തന്നെ വിദ്യാലയങ്ങളിൽ നിന്നകററി

നിറുത്താൻ കഴിഞ്ഞിരുന്നു. ഇപ്പോഴാണെങ്കിൽ വിദ്യാലയ പ്രവേശനത്തിനു് തടസ്സങ്ങളൊന്നുമില്ല. പക്ഷേ വിദഗ്ദ്ധമായി ആസൂത്രണം ചെയ്യപ്പെട്ട മാർഗ്ഗങ്ങളുപയോഗിച്ചു് ഭൂരിപക്ഷത്തെയും വഴിയിൽ തൊഴിച്ചിടാൻ കഴിയുന്നു. അതിനുവേണ്ട കൗശലങ്ങൾ ഒന്നുമാറി ഒന്നുമാറി പ്രയോഗിക്കുകയും ചെയ്യുന്നു.

ര: കൗശലങ്ങളെന്തൊക്കെയാണു്?

സ: മാതൃഭാഷയെപ്പററിയും, പഠന മാദ്ധ്യമം മാതൃഭാഷയാക്കുന്നതിനെപ്പററിയും നേതാക്കൾ ഉറക്കവും ഊണും ഉപേക്ഷിച്ചു് പ്രസംഗിക്കും. ചായക്കടയുടെയും, മുറുക്കാൻ കടയുടെയും പേരു് മാതൃ ഭാഷയിലെഴുതി വയ്ക്കാത്തതിനെപ്പററി അരിശത്തോടെ ഇവർ വിമർശിക്കും. എന്നാൽ ഈ നേതാക്കളുടെയെല്ലാം മക്കൾ പഠിക്കുന്നതു് ഇംഗ്ലീഷ് മാധ്യമം സ്വീകരിച്ചിട്ടുള്ള, ഉയർന്ന നിലവാരം പുലർത്തുന്ന പ്രത്യേകതരം സ്കൂളുകളിലായിരിക്കുമെന്നതാണു് വിശേഷപ്പെട്ട ഒരു കാര്യം.

സമ്പന്നരുടെയും, ഉദ്യോഗസ്ഥ പ്രമുഖരുടെയും കുഞ്ഞുങ്ങൾക്കു് പഠിക്കാനുള്ള പ്രത്യേക സ്കൂളുകൾ ജന്മനാട്ടിൽ ഇല്ലെങ്കിൽ അന്യനാട്ടിൽ പോകുന്നതിനും അവർക്കു് യാതൊരു തടസ്സവുമില്ല. അതുകൊണ്ടു് നമ്മുടെ നാട്ടിലെ പൊതു വിദ്യാഭ്യാസരംഗമാകെ ലക്ഷ്യമില്ലാതെ വൻ കടലിലലയുന്ന കപ്പൽ കണക്കായിരുന്നാലും അവർക്കു് യാതൊരു കുഴപ്പവും വരാനില്ല. പ്രത്യേകം സജ്ജമാക്കിയിട്ടുള്ള കുറുക്കു വഴികളിലൂടെ മുൻഗണനാക്രമത്തിനു് കരുക്കു് കയറി രക്ഷപ്പെടുന്നതിനു് ഇത്തരം വ്യത്യാസങ്ങൾ നിലനില്ക്കണമെന്നതാണു് ഉൽകൃഷ്ടരുടെ ഉള്ളിലെ ആഗ്രഹം.

ര: ഇന്നത്തെ വിദ്യാഭ്യാസരീതിക്കു് ഒരിക്കലും മാററമുണ്ടാകരുതെന്നാണു് സമൂഹത്തിലെ മേലാളന്മാർ ആഗ്രഹിക്കുന്നതെന്നു് പറഞ്ഞാൽ അതു സത്യമല്ല.

സ: വിദ്യാഭ്യാസരീതിക്കു് മൗലികമായ മാററങ്ങളുണ്ടാകണമെന്നു് ഇവർ ഒററയ്ക്കും കൂട്ടായും പറഞ്ഞുകൊണ്ടേയിരിക്കും. പക്ഷേ മാററത്തിനുവേണ്ടിയുള്ള കാര്യമായ നീക്കങ്ങൾ ഏതെങ്കിലും ഭാഗത്തുനിന്നുണ്ടായാൽ അവയെ

തുരങ്കം വയ്ക്കുന്നതിനുള്ള ചതുരോപായങ്ങളും ഇക്കൂട്ടർ പ്രയോഗിക്കുമെന്നതാണ് വാസ്തവം. ബുദ്ധിയിലും, കൗശലത്തിലും മികച്ചു നില്ക്കുന്ന വർഗ്ഗം അവരായതുകൊണ്ട് ഈ കള്ളക്കളികാം ബാക്കിയുള്ളവരൊട്ടു മനസ്സിലാക്കുകയുമില്ല. അഥവാ ഏതെങ്കിലും ഉപരിപ്ലവങ്ങളായ മാററങ്ങാംക്ക് ഇവർ അനുകൂലിക്കുമെങ്കിൽതന്നെ, അതു് അവരുടെ മാത്രം നേട്ടങ്ങാം മുന്നിൽ കണ്ടുകൊണ്ടായിരിക്കയും ചെയ്യും.

ര: നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം ഒരു ജനകീയ സ്വതന്ത്രരാജ്യത്തിനിണങ്ങുന്ന രീതിയിൽ മാറിയിട്ടില്ലെന്നും, അതുകൊണ്ട് ആ ദിശയിലേയ്ക്കുള്ള മാററം ഉടനെ ഉണ്ടാകേണ്ടതുണ്ടെന്നും നേതൃസ്ഥാനത്തുള്ളവരും ബന്ധപ്പെട്ട മററുള്ളവരും പറയുന്നുണ്ട്. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ, വിദ്യാഭ്യാസരംഗത്തെ അസ്വാസ്ഥ്യങ്ങാം തുടങ്ങിയവ ഈ മാററം ഉടനേ വരുത്തേണ്ടതിൻെറ ആവശ്യകതയെയാണ് കാണിക്കുന്നതെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. പോരെങ്കിൽ നമ്മുടെ രാജ്യത്തിൻെറ പ്രത്യേക സാഹചര്യത്തിനും ആവശ്യത്തിനുമിണങ്ങിയ രീതിയിൽ വിദ്യാഭ്യാസം നവീകരിക്കുന്നതിന് ദേശീയ തലത്തിൽതന്നെ ഇപ്പോാം ശ്രമങ്ങളാരംഭിച്ചിട്ടുമുണ്ട്.

സ: ശ്രമങ്ങാം ഇപ്പോാം ആദ്യമായിട്ടൊന്നുമല്ല. സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം എത്രയോ വിദഗ്ദ്ധക്കമ്മിഷനുകളെ ഈ ആവശ്യത്തിനുവേണ്ടി നിയോഗിച്ചു. ആയിനത്തിൽ ഏററവും ഒടുവിലത്തെ കമ്മിഷൻെറ (കോഠാരി ക്കമ്മിഷൻ) റിപ്പോർട്ടുപോലും പഴയ ഇതിഹാസങ്ങളുടെ കൂട്ടത്തിൽ അലമാരകളിൽ സ്ഥാനംപിടിച്ചുകഴിഞ്ഞു. കാതലായ ഈ പ്രശ്നത്തിന് എന്തെങ്കിലും കാലാകാലങ്ങളിൽ ചെയ്യുവെന്നു് റിക്കാർഡുണ്ടാക്കണമെന്നല്ലാതെ മറെറാരു ചിന്തയും ബന്ധപ്പെട്ടവക്കുണ്ടെന്നു തോന്നുന്നില്ല.

ഇപ്പോാംതന്നെ, ദേശീയതലത്തിൽ പെട്ടെന്നൊരു ഭൂതോദയം ഉണ്ടായിരിക്കുന്നതെന്തുകൊണ്ടാണെന്നു് നാം മനസ്സിലാക്കിയില്ലേ?

ഉന്നത ബിരുദങ്ങളും, ഡാക്ടറേററുകളും എടുത്തവരെപ്പോലും തൊഴിലില്ലായ്മപ്രശ്നം തുറിച്ചുനോക്കാൻ തുടങ്ങിയിരിക്കുന്നു. ഇതു്, ഇവിടത്തെ ഉൽകൃഷ്ടരുടെ പിൻതലമുറക്കാരെ മുഖ്യമായി ബാധിക്കുന്ന കാര്യമാണു്. അതുകൊണ്ടു് ചില ശബ്ദകോലാഹലങ്ങരം ഉപരിമണ്ഡലങ്ങളിൽനിന്നും കേട്ടുതുടങ്ങിയിരിക്കുന്നുവെന്നേയുള്ളു.

ര: ജനാധിപത്യം നിലവിലുള്ള ഒരു നാട്ടിൽ ബഹുഭൂരിപക്ഷത്തിൻെറ വിദ്യാഭ്യാസപ്രശ്നം ഒരു പ്രശ്നമേ അല്ലെന്നു വന്നിരിക്കുന്നതു് വിചിത്രംതന്നെ!

സ: നമുക്കു് കേരളത്തിലെ കാര്യംതന്നെ നോക്കാം. പത്തു ലക്ഷത്തോളം കുഞ്ഞുങ്ങരം ഒന്നാം ക്ലാസ്സിൽ പ്രവേശിച്ചാൽ പത്തു കൊല്ലം കഴിയുമ്പോഴേക്കു് അതിൽ എട്ടു ലക്ഷവും സ്കൂളിൽനിന്നു് കാര്യമായി ഒന്നും നേടാതെ കൊഴിഞ്ഞുപോകുന്നു. ശേഷിച്ച രണ്ടു ലക്ഷത്തിൽ ഒന്നര ലക്ഷത്തിലധികം സ്കൂരംഘട്ടം വിജയകരമായി താണ്ടിയതിനുള്ള സർട്ടിഫിക്കററുപോലും നേടുന്നതിൽ പരാജയപ്പെടുന്നു. ബാക്കിയുള്ള അര ലക്ഷംപേരിൽ നല്ലൊരു വിഭാഗം ജയിച്ച സർട്ടിഫിക്കററും കക്ഷത്തിടുക്കിക്കൊണ്ടു് ഒരുനേരത്തെ ആഹാരത്തിനുള്ള വകയെങ്കിലും സ്വന്തമായുണ്ടാക്കാനാവാതെ അലഞ്ഞുതിരിയുന്നു. ഈ പച്ചപരമാർത്ഥത്തിൻെറ നേരേ നേതാക്കളും വിദഗ്ധന്മാരും കണ്ണടയ്ക്കുന്നു. ഈ ഭയങ്കര പ്രശ്നത്തെ അവർ നേരിടുന്നതു് ഒട്ടകപ്പക്ഷികളെപ്പോലെയാണു്.

ര: ഇതൊരു വിഷമപ്രശ്നംതന്നെയാണു്. പക്ഷെ ഇതിനെന്തു് പരിഹാരമാണുള്ളതു്?

സ: നേരത്തെ പറഞ്ഞതുപോലെ വിദ്യാഭ്യാസ രംഗത്തു് ഒരു വിപ്ലവംതന്നെ നടക്കേണ്ടതുണ്ടു്. വിദ്യാഭ്യാസത്തെക്കുറിച്ചു് സമൂഹത്തിനുള്ള വീക്ഷണത്തിനുപോലും വിപ്ലവകരമായ മാററം ഉണ്ടാകണം.

വിദ്യാഭ്യാസം എന്നു കേരംക്കുമ്പോരം, ഇളം തലമുറയുടെ വിദ്യാഭ്യാസത്തെപ്പററിയാണു് ആദ്യമായി നാം ചിന്തിക്കുന്നതു്. ഇളം തലമുറയുടെ വിദ്യാഭ്യാസം എന്നതുകൊണ്ടുദ്ദേശിക്കുന്നതു് നാട്ടിലെ സകല കുഞ്ഞുങ്ങളു

ടെയും വിദ്യാഭ്യാസമാണ്. ഏററവും പ്രധാനമായി കണക്കിലെടുക്കേണ്ട ഒരു വസ്തുതയാണിതു്. വിദ്യാലയങ്ങളിൽനിന്നു് പഠനവും പരിശീലനവും പൂർത്തിയാക്കി പുറത്തുവരുന്ന ഇവരാണു് ഇവിടത്തെ പൗരന്മാരായി ജീവിക്കേണ്ടതു്. ഭാവിയിലെ ഏതൊരു പൗരനും വിദ്യാഭ്യാസത്തിൻെറ ഒരു നിശ്ചിത ഘട്ടം കടന്നുതന്നെ വരണമെന്നതാണു് നമ്മുടെ പ്രഖ്യാപിത ലക്ഷ്യം. കേരളത്തിലാണെങ്കിൽ വിദ്യാലയ പ്രവേശന കാര്യത്തിലെങ്കിലും നാം ഈ ലക്ഷ്യത്തോടടുത്തുകൊണ്ടിരിക്കയുമാണു്. വിദ്യാലയ ജീവിതം കഴിഞ്ഞാൽ സ്വന്തം ശേഷിയിൽ ജീവിതം നയിക്കുന്നതിനുള്ള പടിയിലേക്കായിരിക്കണം കാൽവയ്പു്. അതായതു് ജീവിക്കാനുള്ള പരിശീലനം നേടുകയാവണം വിദ്യാഭ്യാസം.

ര: കൃഷിത്തൊഴിലാളിയും, ഫാക്ടറിത്തൊഴിലാളിയും, കച്ചവടക്കാരനും, സർക്കാരുദ്യോഗസ്ഥനും, മോട്ടോർ ഓടിക്കുന്നവനും എന്നുവേണ്ടാ, സമൂഹത്തിൽ ഏതെല്ലാം തരത്തിലുള്ള തൊഴിലുകൾ ചെയ്യുന്നവരുണ്ടോ അവരെല്ലാം തന്നെ വിദ്യാലയങ്ങളിൽനിന്നു് പുറത്തു വരുമ്പോഴേക്കു് അവരവരുടെ തൊഴിലിൽ പ്രാവീണ്യവും നേടിയിരിക്കണമെന്നാണോ ?

സ: അതെ. സമൂഹത്തിൻെറ നിലനില്പിനും, സ്വാഭാവികമായ വളർച്ചയ്ക്കും അത്യാവശ്യമായ എല്ലാ ജോലികളും നിർവ്വഹിക്കപ്പെടണമെന്നതിൽ ആർക്കും തർക്കമില്ല. ആ ജോലികളെല്ലാം യഥാവിധി നിർവ്വഹിക്കേണ്ടവർ നാമും നമ്മിൽപ്പെട്ടവരും തന്നെയല്ലേ? അതുകൊണ്ടു്, സ്വയം ജീവിക്കുന്നതോടൊപ്പം മററുള്ളവരെ ജീവിക്കാൻ സഹായിക്കുകയും ചെയ്യുന്ന വിവിധതരം പ്രവൃത്തികൾ ചെയ്യുന്ന എല്ലാ ആൾക്കാരെയും നമ്മുടെ വിദ്യാലയങ്ങൾ ഫലപ്രദമായി ഉൾക്കൊള്ളണം. അതിനുപററിയ സ്ഥാപനങ്ങളായി നമ്മുടെ എല്ലാ വിദ്യാലയങ്ങളും അടിയന്തിരമായി പരിവർത്തനവിധേയമാകണം.

കുറെ സർക്കാരുദ്യോഗസ്ഥന്മാരെ ഉല്പാദിപ്പിച്ചെടുക്കുന്നതിനുള്ള ഫാക്ടറികളായിമാത്രം വിദ്യാലയങ്ങളെ നിലനിറുത്തുകയാണു് ഇന്നു നാം ചെയ്യുന്നതു്. ഏതാനും

ആയിരം വെള്ള ഉടുപ്പിട്ട ജോലിക്കാരെ നിർമ്മിച്ചെടുക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിനു കുട്ടികളെ ഒരേ മൂശയിലിട്ട് ചൂടാക്കുന്നു. അതിൽ നല്ലൊരംശം കരിഞ്ഞും, പൊട്ടിത്തെറിച്ചും നഷ്ടപ്പെടുന്നു. ഈ പ്രവർത്തനത്തിനു ചെലവാകുന്ന ഭാരിച്ച തുകയും, മനുഷ്യപ്രയത്നവും വമ്പിച്ച തോതിലുള്ള ഒരു ദേശീയ നഷ്ടമായി ചോർന്നു പോവുകയാണെന്ന യഥാർത്ഥ്യം ഇനിയെങ്കിലും അംഗീകരിച്ചേപറ്റൂ.

ര: വിദ്യാഭ്യാസത്തിൽ ഇപ്പറഞ്ഞതുപോലുള്ള സമൂല മാററങ്ങൾ വരുത്തേണ്ടതുതന്നെയാണ്. എന്നാൽ പലേ പ്രായോഗിക വൈഷമ്യങ്ങളും അതിലുണ്ടു്.

ഒന്നാമതായി ഇതൊരു ഭീമാകാരമായ ജോലിയാണു്.

സ: എന്നുവച്ച്, നമ്മുടെ നിലനില്പിൻെറ അടിത്തറതന്നെ മാന്തുന്ന കാര്യങ്ങൾ കണ്ടില്ലെന്നു് നടിക്കാനും അവയ്ക്കു് പരിഹാരം തേടാതിരിക്കാനും പററുമോ?

ര: രണ്ടാമത്തു് തൊഴിൽ പരിശീലനത്തിൻെറ കാര്യം വരുമ്പോഴുള്ള ബുദ്ധിമുട്ടുകളാണു്.

ആരൊക്കെ, ഏതൊക്കെ ജോലികളാണു് പരിശീലിക്കണമെന്നതു് നിശ്ചയിക്കുന്നതെങ്ങനെ? പൊതുവേ സമൂഹം കൂടുതൽ മാന്യതയും ജീവിത സുരക്ഷിതത്വവും നല്കിയിരിക്കുന്ന തൊഴിലുകൾ പരിശീലിക്കാൻ മിക്കവാറും എല്ലാവരും ആഗ്രഹിക്കും. മാന്യതയും മററും കുറഞ്ഞ ജോലികൾ ചെയ്യാൻ സ്വമനസ്സാലെ ആരും മുന്നോട്ടു വന്നില്ലെന്നുവരും. സമൂഹത്തിൻെറ മൊത്തത്തിലുള്ള ആവശ്യം കണക്കിലെടുക്കുമ്പോൾ ഇതു് അനുവദിക്കാൻ പററാതെയുംവരും.

സ: തൊഴിലുകളുടെ മാന്യതയെപ്പററി കുറെയൊക്കെ നാം നേരത്തേ പറഞ്ഞല്ലോ. മാന്യത കല്പിച്ചിരിക്കുന്നതിൽ സമൂഹം സ്വീകരിച്ചിരിക്കുന്ന അശാസ്ത്രീയവും, ഏകപക്ഷീയവുമായ സമീപനങ്ങളാണു് ബുദ്ധിമുട്ടുകളുണ്ടാക്കുന്നതു്. സമൂഹമാണെങ്കിൽ അതിലെ 'ഉൽകൃഷ്ടരുടെ' കൈകളിലുമാണു്,

ചില പ്രത്യേകതരം തൊഴിലുകൾക്ക് ഇന്നു നല്കപ്പെട്ടിരിക്കുന്ന മാന്യതയും പ്രാധാന്യവും മററും സമൂഹത്തിലെ നിക്ഷിപ്ത താല്പര്യക്കാർ കൃത്രിമമായി ഉണ്ടാക്കിയിട്ടുള്ളതല്ലേ? സമൂഹത്തിലെ ഒരു ന്യൂനപക്ഷം ഒരു കാലത്തുണ്ടാക്കിയ വൈകൃതം ഇല്ലായ്മ ചെയ്യാൻ, മാറിയ പരിത:സ്ഥിതിയിൽ സമൂഹത്തിലെ ഭൂരിപക്ഷ വിഭാഗത്തിനു് കഴിയുകയില്ലേ?

ഡാക്ടറും, എൻജിനീയറും, അദ്ധ്യാപകനും, ഗൃഹസ്ഥനും, മേലൊപ്പുകാരനായ ഐ. എ. എസ്സുകാരനും, ഫാക്ടറിതൊഴിലാളിയും, കൃഷിത്തൊഴിലാളിയും, മത്സ്യത്തൊഴിലാളിയും, അലക്കുകാരനും, ക്ഷുരകനും, തുന്നൽക്കാരനുമെല്ലാംതന്നെ സ്വയം ജീവിക്കുന്നതിനുവേണ്ടി സമൂഹത്തെ സേവിക്കുന്ന ജോലിയിലേർപ്പെട്ടിരിക്കുന്നവരാണു്. ഓരോരുത്തരും അവരവരുടെ തൊഴിലിൽ പരിശീലനവും, പ്രാവീണ്യവും നേടിയവരുമായിരിക്കും. മേൽപ്പറഞ്ഞവരുടെയെല്ലാം സേവനം സമൂഹത്തിനൊഴിച്ചുകൂടാൻ വയ്യാത്തതാണെങ്കിൽ അവരുടെ തൊഴിലുകൾക്ക് സമൂഹം ഇന്നു് കല്പിച്ചിരിക്കുന്ന മാന്യതയിലുള്ള വലിയ അന്തരത്തിന് എങ്ങനെ ന്യായീകരണം കാണാനൊക്കും?

ര: ആർക്കുവേണമെങ്കിലും ചെയ്യാൻ കഴിയുന്ന വൈദഗ്ധ്യം കുറഞ്ഞ ജോലിക്കും, വൈദഗ്ധ്യം കൂടുതലായാവശ്യമുള്ള ജോലിക്കും ഒരേ മാന്യത നല്കുന്നതു് ശരിയാകുമോ?

ഒരാളിനു് സ്വന്തമായി അലക്കാമെങ്കിൽ അയാളെ സംബന്ധിച്ചിടത്തോളം അലക്കുകാരനെ ഒഴിവാക്കാമല്ലോ?

സ: ഈ വാദം മറെറല്ലാ ജോലികളെ സംബന്ധിച്ചും പ്രസക്തമാണു്. ഒരാൾക്കു് അലക്കുകാരനെ ഒഴിവാക്കാൻ കഴിയുന്നതുപോലെ ചികിത്സ പരിശീലിച്ചവനു് വൈദ്യനെയും, വയലിലിറങ്ങി കൃഷിചെയ്യാൻ പരിശീലിക്കുകയും അതിനു് സന്നദ്ധനാവുകയും ചെയ്യുന്നവനു് കൃഷിത്തൊഴിലാളിയെയും ഒഴിവാക്കാം. പക്ഷെ എല്ലാവരും അവരവർക്കാവശ്യമായതെല്ലാം സ്വയം ചെയ്യണമെന്ന നിലപാട്ട് അധ:സ്ഥിതരെയും ഉന്നതന്മാരെയും ഒരു

പോലെ വിഷമിപ്പിക്കുകയേ ഉള്ളൂ. മാത്രവുമല്ല ഇതു പ്രായോഗികമാക്കാൻ കഴിയുമെങ്കിൽ മനുഷ്യൻ സമൂഹമായി ജീവിക്കേണ്ട ആവശ്യംതന്നെ ഇല്ലാതാകും. മറെറാരുകാര്യമുള്ളതു് ഒരാൾതന്നെ നല്ല കൃഷിത്തൊഴിലാളിയും, നല്ല ഡാക്ടറും, നല്ല പാട്ടുകാരനുമൊക്കെയായിരിക്കുക പ്രയാസവുമാണെന്നതാണു്. എല്ലാവരും എല്ലാ തൊഴിലും അഭ്യസിച്ചു് ഒന്നിനും കൊള്ളാത്തവരാകുന്നതിനെക്കാൾ എത്രയോ മെച്ചമാണു് കഴിവും, അഭിരുചിയും, സമൂഹത്തിന്റെ ആവശ്യവും കണക്കിലെടുത്തു് ഓരോ വിഭാഗവും ഓരോ പ്രത്യേകതൊഴിലിൽ വൈദഗ്ദ്ധ്യം നേടുന്നതു്.

ര: അതു ശരിയാണു്. കഴിവും, അഭിരുചിയും, സമൂഹത്തിന്റെ മൊത്തത്തിലുള്ള ആവശ്യവും കണക്കിലെടുത്തു് ഓരോ മണ്ഡലത്തിലും ആവശ്യത്തിനനുസരിച്ചുള്ള വിദഗ്ദ്ധന്മാരെ സൃഷ്ടിക്കുകയായിരിക്കണം നമ്മുടെ ലക്ഷ്യം. ഒരു പ്രത്യേക മണ്ഡലത്തിൽമാത്രം കേന്ദ്രീകരിച്ചു കൊണ്ടുള്ള പരിശീലനം അതതു മണ്ഡലങ്ങളിൽ നല്ല നല്ല വിദഗ്ദ്ധന്മാരെ സൃഷ്ടിക്കുന്നതിനു് സഹായകമായിത്തീരുകയും ചെയ്യും.

സ: ഇനി ഓരോ തരം ജോലിയും ചെയ്യുന്നതിനാവശ്യമായ വൈദഗ്ദ്ധ്യത്തിന്റെ ഏററക്കുറവുകളെ സംബന്ധിച്ചു നോക്കാം. കൂടുതൽ വൈദഗ്ദ്ധ്യം ആവശ്യപ്പെടുന്ന ജോലികൾക്കു് കൂടുതൽ കഴിവും യോഗ്യതയുമുള്ളവരെ ആവശ്യമായിവരും. സ്വാഭാവികമായി അത്തരം ജോലിയിൽ പ്രവേശിക്കുന്നവൎക്കു് കൂടുതൽ മാന്യതയും പ്രാധാന്യവും കൊടുക്കണമെന്നതാണു് നിലവിലുള്ള തത്വം.

ര: എങ്കിൽ മാത്രമേ അത്തരക്കാരുടെ ലഭ്യത സുഗമമാക്കാൻ കഴിയുകയുള്ളൂവെന്നതാണു് വസ്തുത.

സ: മുമ്പൊരിക്കൽ പറഞ്ഞതുപോലെ, സമൂഹത്തിനു പ്രയോജനമുണ്ടാക്കുന്നതും, ചെയ്യാൻ വിഷമമുള്ളതുമായ ഒരു ജോലി 'ഉന്നതന്മാരുടെ' കുത്തകയിൽപ്പെട്ടതാണെങ്കിൽ അവരെ അതിലേക്കു് പാലും പഴവും കാണിച്ചു് ആകർഷിക്കണം. നേരെമറിച്ചു് അത്തരം ജോലി പാവപ്പെട്ടവരുടെ വിഹിതത്തിൽപ്പെട്ടതാണെങ്കിൽ കഷ്ടപ്പാടും

പട്ടിണിയും കാണിച്ച് ഭീഷണിപ്പെടുത്തി അവരെ അതിലേയ്ക്ക് വലിച്ചിഴക്കണം.

കഷ്ടപ്പാടും പട്ടിണിയും അനന്തര ഫലമായി ചൂണ്ടി ക്കാണിച്ചാൽ വിഷമകരമായ ജോലികൾ വളരെ തൃപ്തി കരമായി ചെയ്യാൻ ആളുകളെ കിട്ടുമെങ്കിൽ അതേമാർഗ്ഗം തന്നെ എന്തുകൊണ്ടു് ഉന്നതന്മാരുടെ കാര്യത്തിലും പ്രയോഗിച്ചുകൂടാ?

ഇനി നമുക്കു് യോഗ്യത, കഴിവു് എന്നൊക്കെപ്പറ യുന്ന കാര്യങ്ങളിലേക്കു് തിരിയാം. ജനിക്കുമ്പോൾ തന്നെ യോഗ്യതയും കഴിവുമായി വരുന്നവർ ചുരുക്ക മാണല്ലോ. പരിശ്രമംകൊണ്ടു് നേടാൻ കഴിയുന്ന യോഗ്യതകളും കഴിവുകളുമെല്ലാം സാഹചര്യംകൊണ്ടോ തെററായ സമൂഹ നീതിയുടെ താങ്ങോടുകൂടിയോ മാത്ര മാണു് പലരും നേടുന്നതു്. ഉദാഹരണത്തിനു് ഉന്നത ബിരുദങ്ങൾ നേടുന്ന പലരുടെയും കുടുംബപാരമ്പര്യവും, അവർക്കു ലഭിച്ചിരുന്ന സാഹചര്യങ്ങളും പരിശോധി ച്ചാൽ മതി. അവർക്കു കിട്ടിയ അനുകൂല സാഹചര്യങ്ങൾ മുഴുവൻ കൊടുത്തതു് സമൂഹമാണു്. സമൂഹം അവർക്കു വേണ്ടി കാളേജുകളും ഗവേഷണ സ്ഥാപനങ്ങളും നിർ മ്മിച്ചുകൊടുത്തു. അവ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി സമൂഹം വയററുകെട്ടുകയും, വേദനകൾ സഹിക്കു കുകയും ചെയ്തു.

ര: സമ്പന്നരായ അവരുടെ രക്ഷാകർത്താക്കൾ അവർക്കുവേണ്ടി ചെലവാക്കിയ പണമോ?

സ: ആ പണം എവിടെനിന്നു വന്നു? അവർ സമ്പന്നരായ തെങ്ങനെ? മുഴുവൻ സമൂഹത്തിനും അവകാശപ്പെട്ട സ്വത്തുക്കൾ അന്യായ മാർഗ്ഗങ്ങളിലൂടെ അവർ കട്ടെടുത്തു. അദ്ധ്വാനിക്കുന്നവന്റെ കൂലി പോയിട്ടു് ബാക്കിയുള്ള അദ്ധ്വാനഫലം മുഴുവൻ ഇവർ കൈവശമാക്കി. ചിലർ ആ കൂലിയിൽനിന്നുപോലും കൈയിട്ടുവാരിയവരുമാ ണു്.

ര: ജന്മനാതന്നെയുള്ള കഴിവു് സമ്പാദ്യമായുള്ളവരുണ്ടല്ലോ. ബുദ്ധിയിലും, സാമർത്ഥ്യത്തിലും മററും.

സ: അവരെ നമുക്ക് ബഹുമാനിക്കാം. ഇപ്പോഴും നാമതു ചെയ്യുന്നുണ്ടല്ലോ. ഗലീലിയോയേയും, കാറൽമാർക്സിനേയും, ഏബ്രഹാംലിങ്കനെയും, ശ്രീനാരായണനെയും അവരെപ്പോലുള്ള മററുള്ളവരെയും ബഹുമാനിക്കുന്നതിൽ നാം ഒരിക്കലും ഉപേക്ഷവിചാരിച്ചിട്ടില്ല. പക്ഷെ ജന്മനായുള്ളതോ സ്വയാജ്ജിതമായുള്ളതോ ആയ കഴിവുകളും മഹത്വങ്ങളും ചൂണ്ടിക്കാണിച്ച് അവരാരും നമ്മോട് കപ്പം ആവശ്യപ്പെട്ടിട്ടില്ല. സമൂഹം കൂടുതൽ ശമ്പളവും സ്ഥാനമാനങ്ങളും കൊടുത്തതുകൊണ്ട് അവർ മനുഷ്യ സമൂഹത്തെ സേവിച്ചുവെന്നു് പറയാനും തരമില്ലല്ലോ? അതുകൊണ്ട് ജന്മനായുള്ളതോ അല്ലാതുള്ളതോ ആയ കഴിവിൻെറയും സാമത്ഥ്യത്തിൻെറയും പേരിൽ മററുള്ളവർ കപ്പം കൊടുക്കണമെന്നും, ചൂഷണത്തിനു് തലകുനിച്ചു നിന്നു വിധേയരായിക്കൊള്ളണമെന്നും പറഞ്ഞാൽ അതു കേവലം കാട്ടുനീതിയാണു്. വീരപരാക്രമിയും ബലവാനുമായ മൃഗത്തിനു് മററുള്ള മൃഗങ്ങളെല്ലാം അടിമപ്പെട്ടും, ആഹാരമായും ജീവിച്ചുകൊള്ളണമെന്ന വനനീതിയിൽനിന്നും ഒട്ടുംതന്നെ അതു വ്യത്യസ്ഥമല്ല.

ര: ജോലിയുടെ പ്രയോജനത്തിൻെറ അടിസ്ഥാനത്തിലും മാന്യതയും പ്രാധാന്യവും നിണ്ണയിക്കാമല്ലോ?

സ: മനുഷ്യനെ രോഗത്തിൽനിന്നും, അകാല ചരമത്തിൽനിന്നുമൊക്കെ രക്ഷിക്കുന്ന ഡാക്ടക്കു് വലിയ പ്രാധാന്യവും മാന്യതയും കല്പിച്ചിരിക്കുന്നതു് ജോലിയുടെ പ്രയോജനത്തിൻെറ അടിസ്ഥാനത്തിലായിരിക്കാം.

എന്നാൽ പിന്നെ മനുഷ്യൻെറ ജീവൻ നിലനില്ക്കുന്നതിനും ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിനും കാരണക്കാരനായ കർഷകതൊഴിലാളിക്കെന്തേ മാന്യതയും പ്രാധാന്യവും കല്പിക്കാത്തതു്?

ഇവിടെ വ്യക്തമായി കാണാവുന്ന ഒരു സത്യമുണ്ടു്. എന്തു ജോലി ചെയ്യുന്നുവെന്നതിനെക്കാേ, ജോലിചെയ്യുന്നതാരു്? എന്നു നോക്കിയുള്ള മാന്യതയും പ്രാധാന്യവുമാണിവിടെയുള്ളതു്. മാന്യമെന്നു് ഇന്നു് പൊതുവേ കരുതപ്പെടുന്ന മിക്ക ജോലികളും ചെയ്യാൻ അവസരം

ലഭിക്കുന്നതു് സമൂഹത്തിലെ ഉൽകൃഷ്ടരിൽപെട്ടവക്കാണ്. മററൊരു രീതിയിൽ പറഞ്ഞാൽ സമൂഹത്തിലെ ഉൽകൃഷ്ടരിൽ ഭൂരിപക്ഷവും ഈ മണ്ഡലങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടുന്നതുകൊണ്ടു് അവയ്ക്കു് മാന്യതയും വന്നു ഭവിക്കുന്നു. ഇവിടത്തെ ജഡ്ജിമാരും, ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാരും, ഡാക്ടർമാരും, എൻജിനീയർമാരും പ്രിൻസിപ്പൽമാരും, പ്രൊഫസർമാരും മററു വകുപ്പദ്ധ്യക്ഷന്മാരും, പത്ര ഉടമകളും, പത്രാധിപന്മാരുമൊക്കെ ആരാണെന്നു് പരിശോധിച്ചാൽ പൂച്ച വെളിയിൽ ചാട്ടും.

സമൂഹത്തിലെ 'ഉന്നതന്മാക്കും' അവരുടെ ജോലിക്കും കണക്കിലേറെ പ്രാധാന്യം. നേരേ മറിച്ചു് കൃഷിപ്പണി ചെയ്യുന്നവനും, ചുററിക പിടിക്കുന്നവനും, തോക്കു പിടിക്കുന്നവനുമൊക്കെ സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽപെട്ടവരാണ്. അതുകൊണ്ടു് അവക്കും അവർ ചെയ്യുന്ന ജോലിക്കും ഏററവും കുറഞ്ഞ നിരക്കിലുള്ള മാന്യത.

ഇതെന്തുകൊണ്ടു്? എന്നന്വേഷിച്ചാൽ "വെള്ളക്കാളർ തൊഴിലാളികളെ, പ്രത്യേകിച്ചും അതിലെ ഉന്നതന്മാരെ ആശ്രയിച്ചുണ്ടു് രാജ്യത്തിൻെറ നിലനില്പെന്നു്" മറുപടി ലഭിക്കും.

നാട്ടിൻെറ പുരോഗതിക്കും നിലനില്പിനും മററാരെക്കാളും ഒഴിച്ചുകൂടാൻ വയ്യാത്ത വിഭാഗം വെള്ളയുടുപ്പിട്ടവരാണെന്നു് മിഥ്യാസങ്കല്പം നിലനിറുത്തുകയും, അതിനു തക്ക വിദ്യാഭ്യാസ നയം തുടരുകയും ചെയ്യുന്നു. അതിൻെറ മറവിൽ അവക്കുവേണ്ടി മാത്രം രാജ്യവും രാജ്യവാസികളും നിലകൊള്ളണമെന്നു് ശഠിക്കുകയും. കാര്യങ്ങൾ ഈ രീതിയിലായിരിക്കുമ്പോൾ തൊഴിലുന്മുഖ വിദ്യാഭ്യാസം വേണമെന്നു് കുരപ്പുറത്തു കയറിനിന്നു് ആഹ്വാനംചെയ്താലും ആരു കേൾക്കാനാണു്?

ര: ആരെങ്കിലും കേൾക്കണമെന്നു് ആഹ്വാനക്കാക്കു് നിർബ്ബന്ധവുമില്ല!

സ: ഈ 'വെള്ളക്കാളർ' വിഭാഗം പ്രത്യേകിച്ചു് അതിലെ 'ഉന്നതന്മാർ' മുഴവൻ സമൂഹത്തിലെ 'ഉൽകൃഷ്ടർ' തന്നെ

യായിരിക്കാനാവശ്യമായ പ്രത്യേക സംവിധാനങ്ങൾ തന്ത്രപൂർവ്വം ഒരുക്കിയിട്ടുണ്ട്. എന്നിട്ട് ബാക്കിയുള്ള വരെല്ലാം വെട്ടാനും കിളയ്ക്കാനും പൊയ്ക്കൊള്ളണമെന്നാണ് ആഹ്വാനം. അതിനുവേണ്ടിയുള്ള തൊഴിലുന്മുഖ വിദ്യാഭ്യാസമാണ് വിദ്യാഭ്യാസ ധുരന്ധരന്മാർ മുന്നോട്ടു വയ്ക്കുന്നതു്.

ര: ഏതു മാററം വന്നാലും കോരന് കുഞ്ഞി കുമ്പിളിൽ. എങ്കിലും ഇപ്പോൾ കുറെ മാററങ്ങൾ വന്നിട്ടില്ലേ? മുമ്പ് തീരെ അവഗണിക്കപ്പെട്ടുകിടന്ന വിഭാഗക്കാർക്കും കുറെയൊക്കെ വെള്ളക്കാളർ ജോലികൾ ഇപ്പോൾ ലഭിക്കുന്നുണ്ട്. അതിലെ ഉന്നത സ്ഥാനങ്ങളിൽ കയറിപ്പററുന്നതിനുള്ള ചവിട്ടുപടികൾ കയറാൻ അവർക്ക് സ്വാതന്ത്ര്യമുണ്ട്. അവസരവും ലഭിക്കുന്നുണ്ട്.

സ: ശരിയാണ്. ശിപായി, ക്ലാർക്ക് തുടങ്ങി കീഴ്ത്തട്ടിലുള്ള ഉദ്യോഗങ്ങളൊക്കെ കിട്ടാൻ വലിയ വൈഷമ്യമില്ലെന്നതു സമ്മതിക്കാം. സാമ്പിളിനു് എടുത്തുകാട്ടാനും, എക്സിബിഷൻ സ്റ്റാളിൽ „ഐ. എ. എസ്സുകാരൻ മകനും പോർട്ടു തൊഴിലാളി അച്ഛനും'' എന്നെഴുതിയ പടം പ്രദർശിപ്പിക്കുന്നതുപോലുള്ള പ്രചരണത്തിനുംവേണ്ടി ചില ഉയന്നതസ്ഥികകളിൽ ചിലരെയൊക്കെ പ്രതിഷ്ഠിച്ചിട്ടുമുണ്ടായിരിക്കാം. പക്ഷെ, സമൂഹത്തിലെ 'ഉന്നതന്മാർ' അനർഹമായനുഭവിക്കുന്ന സൗഭാഗ്യങ്ങളും മുൻഗണനകളും വിദഗ്ദ്ധമായി സാധൂകരിക്കാനോ, ചിലരുടെയൊക്കെ വാ മൂടിക്കെട്ടാനോ അല്ലാതെ മറെറന്തു കാര്യത്തിനാണ് ഈ സൗജന്യങ്ങൾ.

ര: കൊള്ളയടിച്ചു കിട്ടുന്ന പണ്ടങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ അതിലൊരു ചെറിയ പങ്കു് ചൂണ്ടുന്നവനുംകൂടി കൊടുത്തു് പ്രശ്നം ഒതുക്കിത്തീക്കുന്ന പരിപാടി.

സ: അതോടുകൂടി ചൂണ്ടലുകാരനും കൊള്ളസംഘത്തിൽ ചേരും.

ഇവിടെ കുറച്ചുദ്യോഗങ്ങൾ ന്യായമായി പങ്കുവെയ്ക്കുന്നതാണോ ജീവൽ പ്രശ്നം? അമ്പത്തഞ്ചു കോടി ജനങ്ങളുടേതാണ് വലിയ പ്രശ്നം. അതിലെ അരക്കോടിയാളുകളുടെ പ്രശ്നം ബാക്കിയുള്ള അമ്പത്തിനാലര

ക്കോടിയാളുകളെയും വിഴുങ്ങാൻ നിന്നാലെങ്ങനെ? ന്യായവും നീതിയും ഈ അരക്കോടിക്കുമാത്രമായി ഉറപ്പു വരുത്തുന്നതല്ല പ്രശ്നം. മുഴുവൻ ജനങ്ങൾക്കും, ഇൻഡ്യയിലെ അമ്പത്തഞ്ചു കോടിയാളുകൾക്കും നീതി ലഭിക്കണം. അതാണ് കാതലായ കാര്യം

ചില മുടന്തൻ ന്യായങ്ങളും, പഴഞ്ചൻ തത്വങ്ങളും പറഞ്ഞു് ഒരുൽകൃഷ്ട വിഭാഗത്തെ സമൂഹത്തിലെന്നും നിലനിറുത്താനാവശ്യമായ കരുക്കളാണ് ബന്ധപ്പെട്ടവർ നീക്കുന്നതു്. ഭൂരിപക്ഷത്തെ ചൂഷണംചെയ്യാനും പൊതുമുതൽ കൈയടക്കിവക്കാനും അവർക്കവകാശമുണ്ടെന്ന ധാരണ ഉറപ്പിക്കാനും അവർ ശ്രമിക്കുന്നു. സ്വാതന്ത്ര്യം, ജനാധിപത്യം, ക്ഷേമരാഷ്ട്രം, സോഷ്യലിസം തുടങ്ങി കേൾക്കാനിമ്പമുള്ള ശബ്ദങ്ങളുടെ അകമ്പടിയോടെയാണു് ഇതൊക്കെ ഇവിടെ നടക്കുന്നതു്. ജനാധിപത്യ ഇൻഡ്യയിൽ, സോഷ്യലിസ്റ്റു് ഇൻഡ്യയിൽ ഒരു പൗരന്റെ ജീവനുവരെ, തമ്മിൽ കാണാൻ വയ്യാത്ത വിലകളാണു്. വിമാനത്തിൽ സഞ്ചരിക്കുന്ന ഒരാളിന്റെ ജീവനു് ലക്ഷം രൂപയ്ക്കു് പുറത്തു് വിലയുള്ളപ്പോൾ സാധാരണ ട്രാൻസ്പോർട്ടു ബസ്സിൽ സഞ്ചരിക്കുന്നവന്റെ ഉയിരിനു് ആയിരം രൂപയുടെ വിലയേ ഉള്ളു! ഈ സൂത്രപ്പണികൾ തടസ്സമില്ലാതെ നടത്തിക്കൊണ്ടു പോകാൻ ഇനിയും അനുവദിക്കാമോ? എന്നതാണു് അടിയന്തിരമായി നമ്മുടെ മുന്നിലുള്ള ചോദ്യം.

ര: ചൂഷകവർഗ്ഗത്തിൽ പഴയ ചൂഷകരാണോ, പുതിയ വേഷത്തിലും ഭാവത്തിലും രംഗപ്രവേശം ചെയ്തിരിക്കുന്ന ആധുനികന്മാരാണോ ഉള്ളതെന്നു നോക്കേണ്ടകാര്യമില്ല.

സ: അദ്ധ്വാനിക്കുന്നവന്റെ വിയർപ്പിന്റെയും കഷ്ടപ്പാടിന്റെയും, ഫലമാണു് നാടിന്റെ സമ്പത്തു്. സ്വകാര്യസ്വത്തായി ജന്മി മുതലാളിമാരും മററും അതിൽനിന്നു് തട്ടിയെടുക്കുന്ന സിംഹഭാഗം കഴിച്ചു് ബാക്കിയുള്ളതാണു് പൊതു ഖജനാവിൽ വന്നു ചേരുന്നതു്. ഈ തുകയും കൂടി തങ്ങൾക്കനുകൂലമായി തങ്ങൾക്കിടയിൽ തന്നെ പങ്കു വയ്ക്കപ്പെടണമെന്നതാണു് സമൂഹത്തിലെ 'ഉൽകൃഷ്ടരുടെ' ആഗ്രഹം. അതിനു വേണ്ടിയുള്ള പരിശ്രമവും മത്സരവുമാണു് ഇവിടെ നടക്കുന്നതു്.

ഉത്തരത്തിൻെറ കീഴെയിരിക്കുന്ന പല്ലിയുടെ വിചാരമാണിവർക്കുമുള്ളതു്. തങ്ങളുടെ ചുമലിലാണു് രാജ്യം മുഴുവൻ താങ്ങപ്പെടുന്നതെന്നാണു് ഇവരുടെ ധാരണ. സ്വയം ഉത്തരം താങ്ങികളായി ഭാവിക്കുന്ന ജന്മി മുതലാളിമാരും ഉദ്യോഗസ്ഥ പ്രമുഖരും, നേതാക്കളും കൂടിചേൎന്നു് പൊതു മുതൽ പങ്കിട്ടെടുക്കുന്ന ശ്രമത്തിലാണു്. ആ ഉദ്യമത്തിനു് സഹായകമായുള്ള കൂട്ടുകെട്ടുകളും, മുന്നണികളും സൃഷ്ടിക്കപ്പെടുന്നു. മുതലിൽ സിംഹഭാഗവും തങ്ങൾക്കായി മാത്രം ഒതുക്കണമെന്ന ഗൂഢോദ്ദേശം ഉള്ളിൽവച്ചു കൊണ്ടുള്ള കിടമത്സരങ്ങളും നടക്കുന്നു.

ഇവിടെ നാം നിത്യവും കാണുന്ന രാഷ്ട്രീയാഭ്യാസങ്ങളും, തൊഴിലാളി വിദ്യാൎത്ഥി ഐക്യം വിളിച്ചു കൂവിക്കൊണ്ടു് നടത്തപ്പെടുന്ന സമരാഭാസങ്ങളും ഇതിൻെറ ഭാഗങ്ങൾ മാത്രമാണു്. സംവരണ സംരക്ഷണ സമരവും, സംവരണ വിരുദ്ധ സമരവും, ന്യൂനപക്ഷാവകാശ സംരക്ഷണ സമരവും, മൗലികാവകാശ സംരക്ഷണ സമരവും, പൗരാവകാശ സംരക്ഷണ സമരവും മററും മററും എല്ലാം ഓരോ വിഭാഗത്തിലെയും മേൽത്തട്ടിലുള്ളവരുടെ പൊതുമുതൽ കൈയടക്കൽ പ്രസ്ഥാനത്തിനു വേണ്ടിയുള്ളതല്ലാതെ മററൊന്നിനും വേണ്ടിയുള്ളതല്ല.

ര: ഈ പ്രസ്ഥാനങ്ങൾകൊണ്ടു് സ്വാൎത്ഥപരമായ പ്രയോജനങ്ങളുണ്ടെന്നു് കാണുകയും അവയ്ക്കു് മാന്യതയും അംഗീകാരവും ലഭിക്കുകയും ചെയ്യുന്നതിനനുസരിച്ചു് അദ്ധ്വാനിക്കാതെയും തൊഴിൽ ചെയ്യാതെയും ജീവിക്കാനുള്ള മാൎഗ്ഗങ്ങളെപ്പററിയാണു് ഏവരും ചിന്തിച്ചു തുടങ്ങിയിരിക്കുന്നതു്. ഈ സാഹചര്യം നില നിറുത്തിക്കൊണ്ടു് വിദ്യാഭ്യാസം തൊഴിലുന്മുഖമാക്കണമെന്നു് പ്രസംഗിച്ചു നടക്കുന്നതിലെന്തെങ്കിലും അൎത്ഥമുണ്ടെന്നു തോന്നുന്നില്ല.

## 12. ഉല്പാദനോന്മുഖ വിദ്യാഭ്യാസം

സ: തൊഴിലുന്മുഖ വിദ്യാഭ്യാസം എന്ന ആശയത്തിനു് എന്തെങ്കിലും പ്രസക്തിയുണ്ടാകണമെങ്കിൽ ഉല്പാദന ലക്ഷ്യങ്ങരം കൂടി അതിനുണ്ടായിരിക്കണം. തൊഴിൽ ചെയ്യുന്നതിലൂടെ വിഭവങ്ങളുണ്ടാകണം. അല്ലെങ്കിൽ ഉല്പാദനത്തെ സഹായിക്കുന്ന ഘടകങ്ങളുണ്ടാകണം. അവ സമൂഹത്തിനും മൊത്തത്തിൽ പ്രയോജനപ്പെടുകയും വേണം. ഏററവും കുറഞ്ഞതു്, തൊഴിൽ, തൊഴിൽ ചെയ്യുവനു് ജീവിത മാർഗ്ഗമായെങ്കിലും തീരണം. ഈ പരിമിതമായ ലക്ഷ്യമെങ്കിലും കൈവരിച്ചെങ്കിൽ മാത്രമേ തൊഴിൽ പരിശീലനത്തിൽ ഒരു വിദ്യാർത്ഥി വിജയിച്ചുവെന്നു പറയാനൊക്കൂ. വിദ്യാലയങ്ങളിൽനിന്നു് കിട്ടുന്ന സർട്ടിഫിക്കററു്, അതു കൂടിയേ തീരൂ എങ്കിൽ, മേൽപ്പറഞ്ഞ കാര്യങ്ങരം ഉറപ്പു വരുത്തുന്ന സാക്ഷ്യ പത്രമായിരിക്കണം.

ശാസ്ത്രീയ സാങ്കേതിക രംഗങ്ങളിലൂടെ മനുഷ്യൻ കൈവരിക്കുന്ന പുരോഗതി കണക്കിലെടുത്തു്, ഒരു നല്ല പൗരനായി ജീവിക്കാനാവശ്യമായ സാമാന്യ വിദ്യാഭ്യാസം ഒരു ഘട്ടം കൊണ്ടു് ലഭ്യമാകുന്നതോടൊപ്പം, രാജ്യത്തിൻെറയും സമൂഹത്തിൻെറയും ആവശ്യം, കുട്ടികളുടെ കഴിവു്, അഭിരുചി എന്നിവയെല്ലാം കണക്കിലെടുത്തു് എല്ലാ കുട്ടികളെയും വിവിധ ഗ്രൂപ്പുകളായി തരം തിരിച്ചു് വിവിധ പ്രവൎത്തികരം അഭ്യസിപ്പിക്കുന്ന തൊഴിലുന്മുഖവും, ഉല്പാദനോന്മുഖവുമായ വിദ്യാഭ്യാസ പ്രവൎത്തനങ്ങളാണു് നമുക്കാവശ്യം. അത്തരം പ്രവൎത്തനങ്ങരം നടത്തുന്നതിനു പററിയ കേന്ദ്രങ്ങളെ മാത്രമേ വിദ്യാഭ്യാസ സ്ഥാപനങ്ങളായി അംഗീകരിക്കാൻ നിവൃത്തിയുള്ളൂ.

ര: കൃഷിപ്പാടങ്ങളും, ഫലത്തോട്ടങ്ങളും, കന്നുകാലിവളൎത്തൽ കേന്ദ്രങ്ങളും, വിവിധ വ്യവസായ ശൃംഖലകളും, പണി

ശാലകളും, ആഫീസുകളുമെല്ലാം വിദ്യാലയങ്ങളുടെ അനുബന്ധ ഘടകങ്ങളായി വർത്തിക്കുന്ന ക്രമീകരണം ആവശ്യമായി വരുന്നു.

സ: പാടങ്ങളും ഫാക്ടറികളും മാത്രമല്ലാ സമൂഹത്തിൻെറ ആവശ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നേ എല്ലാ പ്രസ്ഥാനങ്ങളും വിദ്യാലയങ്ങളുടെ അനുബന്ധങ്ങളായിത്തീരണം.

ഓരോ കുട്ടിയും ഉപജീവനത്തിനുതകുന്ന ഏതെങ്കിലും ഒരു തൊഴിലിൽ പ്രവേശിക്കുന്നതുറപ്പുവരുത്തുന്നതായിരിക്കണം വിദ്യാഭ്യാസം. തൊഴിലുകൾക്കെല്ലാം മാന്യതയിൽ ഏകദേശമായ തുല്യതയും ഉറപ്പുവരുത്തണം.

സ്വാഭാവികമായി അദ്ധ്യാപകനാകാൻ തെരഞ്ഞെടുക്കപ്പെട്ടവൻ സ്കൂളിലെ അദ്ധ്യാപന പ്രവർത്തനവുമായി പ്രത്യേകമായി ബന്ധപ്പെട്ട് അദ്ധ്യാപകനായി നിയമനംനേടും. ക്ലാർക്ക് ആകാൻ പററിയ ആൾ വിദ്യാലയത്തിലായിരിക്കെതന്നെ അംശകാലാടിസ്ഥാനത്തിൽ ആഫീസുകളുമായി ബന്ധപ്പെട്ട് പരിശീലനംനേടി ഒടുവിൽ ക്ലാർക്ക് ആകും. കൃഷിക്കാരനാകാൻ പററിയ കുട്ടി വിദ്യാലയത്തോടനുബന്ധിച്ചുള്ളതോ, അതിനുവേണ്ടി നീക്കിവച്ചിട്ടുള്ളതോ ആയ കൃഷിപ്പാടത്തിൽ അംശകാലാടിസ്ഥാനത്തിൽതന്നെ പ്രവൃത്തിയെടുത്തു് കൃഷിക്കാരനായി നിയമിക്കപ്പെടും.

ര: തൊഴിലുകൾക്കെല്ലാം വലിയ അന്തരം കൂടാതുള്ള മാന്യത പദവിയിലും വേതനത്തിലും മററും, കൊടുക്കാമെങ്കിൽ വലിയ കുഴപ്പംകൂടാതെ ഈ പദ്ധതി നടപ്പാക്കാമെന്നു തോന്നുന്നു, ഡ്രൈവർ ആകാൻ പററിയ കുട്ടി വിദ്യാലയത്തിലായിരിക്കേതന്നെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ട് ഡ്രൈവർ ആയും പോലീസുകാരനാകേണ്ടവൻ പോലീസുകാരനായി ജോലിനോക്കാൻ പ്രാപ്തനായുമായിരിക്കും സ്കൂൾ വിടുന്നതു്. പഠിക്കുന്നതോടൊപ്പം സമ്പാദിക്കുക എന്ന ആശയവും അവസാന ഘട്ടങ്ങളിൽ പ്രാവർത്തികമാക്കാം.

സ: ഇപ്പോൾതന്നെ വിദ്യാലയങ്ങളിൽ കുട്ടികൾക്കു് എൻ. സി. സി. പരിശീലനം നല്കുന്ന കാര്യം നമുക്ക

റിവുള്ളതാണ്. രാജ്യത്തിന്റെ പ്രതിരോധാവശ്യങ്ങൾ കണക്കിലെടുത്ത് ഭാവിയിലെ ആവശ്യങ്ങൾ തിട്ടപ്പെടുത്തുകയും അതിനനുസൃതമായ എണ്ണം കുട്ടികളെ അവരുടെ കഴിവും അഭിരുചിയും മററും കണക്കിലെടുത്തുകൊണ്ട് തിരഞ്ഞെടുത്ത് പരിശീലനം നല്കുകയും ചെയ്താൽ അവരെല്ലാംതന്നെ സ്കൂൾ വിടുന്നത് സായുധ സേനാംഗങ്ങളായി നിയമിക്കപ്പെട്ട നിലയിലായിരിക്കുമെന്നത് സംശയരഹിതമായ കാര്യമാണ്.

വെറും അലങ്കാരത്തിനും, ടൈംടേബിളിനുംവേണ്ടിയുള്ള പരിശീലനങ്ങളുടെ സ്ഥാനത്ത്, തികച്ചും പ്രയോജനത്തിനും, ആവശ്യത്തിനുംവേണ്ടിയുള്ള പരിശീലന പരിപാടികളാണ് നമുക്കുവേണ്ടത്.

വിദ്യാഭ്യാസത്തിന്റെ അവസാന ഘട്ടത്തിലേക്ക് വരുന്ന ഓരോ കുട്ടിയും, താൻ എന്തിനുവേണ്ടി പരിശീലിപ്പിക്കപ്പെടുന്നുവെന്നത് അറിയാറാകും. സമൂഹത്തിൽ തനിക്ക് നിർവ്വഹിക്കാനുള്ള ജോലി എന്തെന്നും സമൂഹത്തിൽ തന്റെ സ്ഥാനമേതെന്നും കുട്ടി നേരത്തെ കൂട്ടി അറിയുന്നു. ഏതു ജോലിയായാലും ആത്മാർത്ഥതയോടും കാര്യക്ഷമതയോടും പ്രവർത്തിച്ചാൽ തന്റെ മറേറതൊരു സ്നേഹിതനോടൊപ്പമുള്ള സ്ഥാനവും, സുരക്ഷിതത്വവും ലഭിക്കുമെന്നുംകൂടി ഉറപ്പായാൽ ഇന്നത്തെ ലക്ഷ്യബോധമില്ലായ്മ, നിരാശാ ബോധം, ജീവിത സുരക്ഷിതത്വത്തെപ്പററിയുള്ള ആശങ്ക, ഭാവിയിലെ അനിശ്ചിതത്വത്തെച്ചൊല്ലിയുള്ള സമാധാനമില്ലായ്മ തുടങ്ങി മിക്ക പ്രശ്നങ്ങൾക്കും പരിഹാരം കാണാം. അച്ചടക്കത്തിന്റെ കാര്യവും എളുപ്പമുള്ളതാക്കാം.

ര: പക്ഷെ കായികാദ്ധ്വാനം കൂടുതൽ ആവശ്യമുള്ളതും മാന്യത കുറഞ്ഞതുമായ ജോലികൾ പരിശീലിക്കാൻ കുട്ടികളെ എങ്ങനെ പ്രേരിപ്പിക്കും. ഉദാഹരണത്തിന് ക്ലാർക്ക് ആയി പോകുന്ന ഒരാളിന് ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേകമായുള്ള അധിക പരിശീലനം കൂടാതെതന്നെ ജോലിയിൽ പ്രവേശിക്കാൻ സാധിക്കുന്നുണ്ട്. കായികാദ്ധ്വാനം ആവശ്യപ്പെടുന്ന ജോലികളെക്കാൾ ആയാസം കുറഞ്ഞതുമാണ് ഈ ജോലി.

എന്നാൽ മരപ്പണിക്കാരനായി പോകുന്ന വേറൊരാളിന് പ്രത്യേകമായ പരിശീലനം തേടേണ്ടിവരുന്നു. ആയാസം കൂടുതലാണ്, മാന്യത കുറവുമാണ്.

സ: മാന്യതയിലുള്ള അന്തരം കുറയ്ക്കുന്ന കാര്യം നാം നേരത്തെ പറഞ്ഞുവല്ലോ. ഇന്നുള്ള വിദ്യാഭ്യാസം ക്ലാർക്കുമാരെ പരിശീലിപ്പിക്കുന്ന വിദ്യാഭ്യാസമാണ്. അതുകൊണ്ടാണ് വിദ്യാലയത്തിൽനിന്ന് നേരെ ക്ലാർക്കായിട്ട് ജോലിയിൽ പ്രവേശിക്കാൻ സാധിക്കുന്നത്; കൂടുതലായുള്ള പ്രത്യേക പരിശീലനം ആവശ്യമില്ലാതെതന്നെ.

ഒരു ക്ലാർക്കിനു പ്രയോജനപ്പെടുന്നതുപോലെ തന്നെ മറേറതൊരു ജോലിയിൽ പ്രവേശിക്കുന്നവനും പ്രയോജനപ്പെടുന്ന തരത്തിൽ സ്കൂൾ സംവിധാനം മാററണമെന്നാണ് നാം പറഞ്ഞു വന്നത്.

പിന്നെ, അദ്ധ്വാനം കൂടുതലാവശ്യമുള്ള ജോലിക്ക് കൂടുതൽ ആകർഷകമായ വേതന നിരക്കുകളും, സേവന വ്യവസ്ഥകളും ഉറപ്പു വരുത്തിയാൽ മതി. അപ്പോൾ അത്തരം ജോലികൾ ചെയ്യുന്നതിലേക്ക് ആളുകളെ പ്രേരിപ്പിച്ചു വിടാനുള്ള പ്രയാസം വളരെ കുറയും. കൂടുതൽ മാന്യതയും അതോടൊപ്പം വന്നുകൊള്ളും.

ര: ഏതു തൊഴിൽ ചെയ്യുന്നവനായാലും സാക്ഷരതാ പരിശീലനം ഒരു നിശ്ചിത ഘട്ടം വരെ എല്ലാവർക്കും വേണമല്ലോ?

സ: വേണം. തൊഴിൽ പരിശീലനം നേടുന്നതോടൊപ്പം പൗരത്വ പരിശീലനത്തിലെ ഇതര ഘടകങ്ങളും ശ്രദ്ധിക്കപ്പെടേണ്ടതുതന്നെയാണ്. അതിനാവശ്യമായ അടിസ്ഥാന തത്വങ്ങളും, വിജ്ഞാനശകലങ്ങളും കുട്ടികളുടെ പരിചയ മണ്ഡലത്തിൽ വരേണ്ടതുണ്ട്. തന്റെ തൊഴിലിൽ നേരത്തേ പ്രവേശിക്കാൻ കഴിയുന്നവർക്ക് വിദ്യാഭ്യാസത്തിലെ ഇതര പരിശീലനങ്ങൾ അംശ കാലാടിസ്ഥാനത്തിൽ തുടരാം. മറിച്ച് ഇന്നത്തെ പോലെ തൊഴിലേതര വിഷയങ്ങളിൽ ആദ്യം പ്രാവീണ്യം നേടുന്നവർക്ക് തൊഴിൽ പരിശീലനം തുടർന്നും നടത്താനുള്ള സാഹചര്യമുണ്ടാകണം. ഓരോ കുട്ടിയുടെയും മാനസികവും ശാരീരികവുമായ പ്രത്യേകതകൾ, താല്പര്യങ്ങ

ളിലും കഴിവിലുമുള്ള വ്യത്യാസങ്ങൾ എന്നിവ കൂടി കണക്കിലെടുത്തു് ആവശ്യമായ നീക്കുപോക്കുകൾ വരുത്താവുന്നതാണു്.

സ്വന്തം കാലിൽനിന്നു് ജീവിക്കാനാവശ്യമായ തൊഴിൽപരമായ കഴിവും, സമൂഹത്തിൽ മാന്യനായി ജീവിക്കാനാവശ്യമായ പൗരത്വ പരിശീലനവും (സാക്ഷരതയുൾപ്പെടെ) ആവശ്യമായ അളവിൽ നേടിയിട്ടുണ്ടോ എന്നതു് സ്വന്തം അനുഭവത്തിലൂടെ സ്വയം ബോദ്ധ്യപ്പെടുകയെന്നതാണു് പുതിയ വിദ്യാഭ്യാസത്തിലെ പരീക്ഷ. ആ പരീക്ഷ ജയിക്കുന്നതുവരെ വിദ്യാലയത്തിൽ തുടരാനുള്ള സന്ദർഭവും സ്വാതന്ത്ര്യവും ഏതൊരാൾക്കും ലഭിക്കണം. ഇക്കാര്യം സ്വയം ബോദ്ധ്യപ്പെടുന്നതിനാണു് തൊഴിലുന്മുഖ വിദ്യാഭ്യാസം ഉല്പാദനോന്മുഖവും സ്വന്തമായി വരവു് നേടാനുള്ളതുമായിരിക്കണമെന്നു് നേരത്തെ പറഞ്ഞതു്.

ശാരീരികാദ്ധ്വാനത്തിനു് പ്രാമുഖ്യമുള്ള ജോലി ചെയ്യുന്നവരൊക്കെ നിരക്ഷര കുക്ഷികളും, സാക്ഷരരെല്ലാം ശാരീരികാദ്ധ്വാനമില്ലാത്ത ജോലി ചെയ്യുന്നവരുമായിരിക്കണമെന്ന ഇന്നത്തെ വ്യവസ്ഥ മാറേണ്ടിയിരിക്കുന്നു. തൊഴിലാളിയെയും കർഷകനെയും പാവപ്പെട്ടവനായും വിദ്യാഭ്യാസമില്ലാത്തവനായും മാത്രം സങ്കല്പിക്കുന്നരീതി, അഥവാ പാവപ്പെട്ടവനും വിദ്യാവിഹീനനുമായവൻ മാത്രമേ കൃഷിക്കാരനോ തൊഴിലാളിയോ ആവുകയുള്ളുവെന്ന നിലവിലുള്ള സങ്കല്പം തിരുത്തിക്കുറിക്കേണ്ടിയിരിക്കുന്നു.

ര: സാക്ഷരത്വം നൂറു ശതമാനത്തിലെത്തിക്കാൻ പ്രതിജ്ഞാബദ്ധരായ നമുക്കു് മറിച്ചൊരു കാഴ്ചപ്പാടു് ഉണ്ടാകാൻ പാടില്ലല്ലോ.

സ: ഇരുപത്തഞ്ചു കൊല്ലമായി സാക്ഷരത്വ ശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വളരെയധികം പണവും അദ്ധ്വാനവും നാം മുടക്കുന്നുണ്ടു്, പക്ഷെ സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പുണ്ടായിരുന്ന നിരക്ഷരരുടെ എണ്ണത്തെക്കാൾ കൂടുതലാണു് ഇൻഡ്യയിലെ ഇപ്പോഴുള്ള നിരക്ഷരരുടെ എണ്ണം.

ര: അതായത്ത് സാക്ഷരതയും നിരക്ഷരതയും സമാന്തര മായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

സ: ജനാധിപത്യ ഭരണരീതി സ്വീകരിച്ചിരിക്കുന്ന ഇൻഡ്യയെപ്പോലുള്ള ഒരു വലിയ രാജ്യത്തു് ജനസംഖ്യയുടെ എഴുപതു ശതമാനത്തിലേറെ നിരക്ഷരകക്ഷികളാണെന്ന ദുഃഖസത്യം ''ജനായത്ത''ത്തെ വികലവും അർത്ഥശൂന്യവുമാക്കുന്നു.

ര: അംഗകാല വിദ്യാഭ്യാസം ഏർപ്പെടുത്തിയാൽ മാത്രമേ ഇതിനെല്ലാമല്ലെങ്കിലും പുരോഗതിയുണ്ടാക്കാൻ കഴിയൂ.

സ: അംശകാല വിദ്യാഭ്യാസമെന്നതു് പൊതുവിദ്യാഭ്യാസത്തിൻെറതന്നെ ഒരു പ്രധാന ഘടകമായി ഉരംപ്പെടുത്തണം. ഇന്നുള്ള സ്കൂൾ കെട്ടിടങ്ങളും ഉപകരണങ്ങളുമൊക്കെത്തന്നെ ഇതിനുപയോഗിക്കാവുന്നതേയുള്ളൂ. ഗ്രാമപ്രദേശങ്ങളിൽ ഗ്രന്ഥശാലകളും, പ്രൈമറി (സെക്കണ്ടറി) വിദ്യാലയങ്ങളും വെവ്വേറെ ഒററപ്പെട്ടു് പ്രവർത്തിക്കുന്ന രീതി മാററി അവയെ സംയോജിപ്പിക്കണം. കോടിക്കണക്കിനു് രൂപാ മുതൽ മുടക്കി ഉണ്ടാക്കിയിരിക്കുന്ന കെട്ടിടങ്ങളും ഉപകരണങ്ങളുമെല്ലാം കൂടുതൽ സമയം കൂടുതൽ ആളുകൾക്കുവേണ്ടി ഉപയോഗിക്കേണ്ടതു് വികസ്വര ദശയിലുള്ള ഒരു രാജ്യത്തിൻെറ ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യവുംകൂടിയാണു്. ഭീമാകാരംപൂണ്ടുവരുന്ന നിരക്ഷരത ഇല്ലാതാക്കാൻ ഇത്തരം 'തകർപ്പൻ' പരിപാടികൾകൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. നിരക്ഷരതാ ശതമാനം വർദ്ധിപ്പിക്കുന്നതിനു് കാരണമായ വൻ തോതിലുള്ള അപവ്യയവും, ഗതിരോധവും ഇല്ലാതാക്കാനും ഇത്തരം സമീപനം ആവശ്യമാണു്.

ര: ഏതു തൊഴിൽചെയ്യുന്നവനും അക്ഷരാഭ്യാസമുള്ളവനും കൂടി ആയിരിക്കണമെന്നുവരുമ്പോൾ മാന്യതയുടെയും പ്രാധാന്യത്തിൻെറയും കാര്യത്തിൽ വിവിധ ജോലികൾക്കു് ഇന്നു് കല്പിക്കപ്പെട്ടിരിക്കുന്ന വലിയ അന്തരങ്ങൾ ഇല്ലാതായേ പററൂ.

സ: ഉല്പാദനോന്മുഖമായ ജോലികൾക്കും അവസ്ഥ് ആക്കം കൂട്ടുന്നതിനു സഹായകമാകുന്ന സമാന്തര പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രാധാന്യവും പ്രാമുഖ്യവും നല്കേണ്ടിവരും.

അപവ്യയവും, ഗതിരോധവും ഒഴിവാക്കിക്കൊണ്ടും അംഗകാല വിദ്യാഭ്യാസം പൊതു വിദ്യാഭ്യാസത്തിൻെറ മുഖ്യഘടകമാക്കിക്കൊണ്ടും വിദ്യാഭ്യാസം പുനസംഘടിപ്പിക്കുമ്പോൾ എല്ലാ വിഭാഗം ജോലിക്കാരെയും ഒരു നിശ്ചിത കാലഘട്ടംവരെ വിദ്യാഭ്യാസ മേഖലക്ക് ഉൾക്കൊള്ളേണ്ടിവരും.

ബ: അതായതു് ജനങ്ങളിൽ 75%-ത്തെയും വിദ്യാഭ്യാസം അതിൻെറ വലയത്തിനകത്തുകൊണ്ടുവരും. ഭീമമായ ഒരു സംരംഭമാണിതു്. കൃഷിപ്പാടങ്ങളും, കാലിവളർത്തൽ കേന്ദ്രങ്ങളും പണിശാലകളും മററും വിദ്യാലയങ്ങളുടെ അനുബന്ധ ഘടകങ്ങളായി ചേർത്തു കൊണ്ടുള്ള ഈ സംവിധാനത്തിനു് ഭീമമായ മുതൽ മുടക്കാവശ്യമാണു്. ഇതിനാവശ്യമായ വിഭവശേഷി നാം നമ്മുടെ രാജ്യത്തു നിന്നുതന്നെ ഉണ്ടാക്കിയെടുക്കുകയല്ലാതെ മററു പോംവഴികളൊന്നുമില്ല. കഠിനാദ്ധ്വാനമല്ലാതെ മററു കുറുക്കു വഴികളും ഇതിനില്ല.

സ: വിദ്യാലയങ്ങളിൽ കുട്ടികൾക്കു പ്രവൃത്തി പരിചയം നേടുന്നതിനും പ്രവർത്തിക്കുന്നതിനും മാത്രമായി പ്രത്യേകം കൃഷിപ്പാടങ്ങളോ, വ്യവസായശാലാ ഘടകങ്ങളോ ഉണ്ടാകണമെന്നതല്ല. ഇന്നു നിലവിലുള്ളതും തുടന്നു സ്ഥാപിക്കപ്പെടുന്നതുമായ അത്തരം സ്ഥാപനങ്ങളെ വിദ്യാലയങ്ങളുടെ അനുബന്ധ ഘടകങ്ങളായി മാററിയെടുക്കണമെന്നതാണു്. അവയെ വിദ്യാലയങ്ങളുമായി ഘടിപ്പിക്കുന്ന അനുയോജ്യമായ കണ്ണികൾ ഉണ്ടാകണം. അതിനാവശ്യമാണെന്നു കണ്ടാൽ, പൊതു ഉടമാ സമ്പ്രദായവും, പൊതുനിയന്ത്രണവും മററും കൊണ്ടുവരുന്നതിൽ യാതൊരു അറച്ചു നില്പും പാടില്ല.

വിദ്യാഭ്യാസം തൊഴിലുന്മുഖം മാത്രമായാൽ പോരാ ഉല്പാദനോന്മുഖവും കൂടിയാകണം. ഉല്പാദന വസ്തുക്കളുടെ ഗുണവും അളവുമായിരിക്കണം വിദ്യാലയ പ്രവർത്തനങ്ങളുടെ ജയാപജയങ്ങളുടെ അളവുകോൽ. പഠിക്കുന്നതോടൊപ്പം സമ്പാദിക്കുന്നതും ഒരു യാഥാർത്ഥ്യമായിത്തീരുന്നതു് അങ്ങനെയാണു്,

ഇന്നു്, വിദ്യാലയങ്ങളിൽ നടപ്പുള്ളതുപോലെ പ്രവൃത്തി പരിചയവും, പണിപ്പുര പരിശീലനവും, തൊഴിൽ പരിശീലനവും മററും കേവലം ടൈംടേബിളിലും, നോട്ടെഴുത്തിലും, വെളിയിലിറങ്ങി ഓടിച്ചാടി കളിക്കുന്നതിലും മാത്രമായി ഒതുങ്ങിക്കൂടിയാൽപോരാ.

ശാസ്ത്രീയവും സാങ്കേതികവുമായി നാം ഇന്നുവരെ നേടിയതും, ഇനി നേടുന്നതുമായ എല്ലാ അറിവും സങ്കേതവും പ്രയോഗിക്കുന്നതിനും, മുന്തിയ നിരക്കിൽ പരമാവധി ഉല്പാദനം സാദ്ധ്യമാക്കുന്നതിനും വിദ്യാലയത്തിലെ തത്സംബന്ധമായ പ്രവത്തനങ്ങൾക്ക കഴിയണം.

ജീവിതം സന്തോഷ പ്രദവും, സുഖസമൃദ്ധവുമാകുന്നതിനാവശ്യമായ പ്രാഥമികോല്പന്നങ്ങളും അവ സംസ്കരിച്ചു കിട്ടുന്ന ഇതര ഉല്പന്നങ്ങളും ഉല്പാദിപ്പിച്ചെടുക്കുന്ന പ്രവൃത്തി ആദായകരവും ജീവ സന്ധാരണത്തിനു് മററേതൊരു തൊഴിലിനേയും പോലെയോ, ഒരു പടി കൂടുതലായോ സഹായകവുമാണെന്നു് പ്രായോഗികമായി തെളിയിച്ചു കൊടുക്കേണ്ട ബാധ്യതയും അത്യാവശ്യവും സ്കൂൾ പ്രവത്തനങ്ങൾക്കുണ്ടു്. ആഫീസിലോ, മററുള്ളിടങ്ങളിലോ ഇരുന്നു ചെയ്യുന്ന ''വെള്ള ഉടുപ്പിട്ട'' ജോലികൾ മാത്രമാണു് ജീവിതത്തിനു് സുരക്ഷിതത്വവും, സുഖവും മാന്യതയും പ്രയോജനവും മററും കൂടുതലായി നല്കുന്നതെന്ന ധാരണയാണു് നാടിനു് ശാപമായിത്തീർന്നിരിക്കുന്നതു്.

ര: ഈ ധാരണകൾ ശരിയല്ലെന്നു് കാണിച്ചു കൊടുക്കാനുള്ള പ്രായോഗിക നടപടികളൊന്നും ഉണ്ടാകുന്നില്ലെന്നു മാത്രമല്ല അവ ശരിയാണെന്നു സ്ഥാപിക്കാനുള്ള ശ്രമങ്ങളും നടക്കുന്നു.

സ: ഇന്നു നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിനു് മൗലികമായ മാററം വന്നില്ലെങ്കിൽ ഇത്തരം അബദ്ധ ധാരണകൾ ഭാവി തലമുറയിലേക്കും പകന്നു പൊയ്ക്കൊണ്ടിരിക്കുമെന്നതിനു് യാതൊരു സംശയവുമില്ല.

മനുഷ്യനത്യാവശ്യമായ പ്രാഥമിക വിഭവങ്ങൾ ഉല്പാദിപ്പിക്കുന്ന കൃഷിയിലും മററനുബന്ധ പ്രവർത്തന

ങ്ങളിലും നേരിട്ടു പങ്കെടുക്കുന്നവക്ക്, തൊഴിലാളികാംക്ക്, ശാസ്ത്രീയസാങ്കേതിക വിജ്ഞാനങ്ങാം പ്രയോഗിച്ചാൽപോലും ജീവിക്കാനാവശ്യമായ പ്രതിഫലവും, സുരക്ഷിതത്വവും കിട്ടുകയില്ലെന്നാണെങ്കിൽ ഈ തൊഴിലുകളിൽ അവരോ മററാരെങ്കിലുമോ എന്തിനു് ആമുഖ്യം കാണിക്കണം? ഈ വാദഗതി ശരിയാണെന്നു് സമ്മതിച്ചുകൊടുത്തുകൊണ്ടു് മുന്നോട്ടു നീങ്ങിയാൽ രാജ്യം എവിടെ ചെന്നെത്തുമെന്നു് പ്രത്യേകം എടുത്തു പറയേണ്ട കാര്യമില്ല.

ഉന്നതരായി കരുതപ്പെടുന്ന ആളുകാം ഉാംപ്പെടെയുള്ള എല്ലാ വിഭാഗക്കാക്കും ജീവിക്കാനാവശ്യമായ എല്ലാ കാര്യങ്ങളും ഇവിടെ ഉണ്ടാകണം. അവയുടെ ഉല്പാദനം സാദ്ധ്യമാക്കുന്ന പ്രവർത്തനങ്ങളിൽ നേരിട്ടു പങ്കെടുക്കുന്ന തൊഴിലാളികാംക്ക്, മറേറതൊരു തൊഴിലിലും പങ്കെടുക്കുന്നവരെ പോലെയോ, കൂടുതലായോ ഉള്ള പ്രാധാന്യവും, പരിഗണനയും, പ്രതിഫലവും മററാനുകൂല്യങ്ങളും ലഭിക്കുന്ന ഒരു ക്രമീകരണമാണിവിടെ വേണ്ടതു്. അതിനുള്ള വഴിയൊരുക്കൽ വിദ്യാഭ്യാസകേന്ദ്രങ്ങളിൽ ആരംഭിക്കുകയെന്നതാണു് ഇന്നത്തെ അടിയന്തരമായ ആവശ്യം.

സമൂഹത്തോടും രാജ്യത്തോടുമുള്ള തങ്ങളുടെ കടപ്പാടു് ശരിക്കും മനസ്സിലാക്കിയ, സമൂഹത്തിൽ തങ്ങളുടെ സ്ഥാനം എവിടെയാണെന്നും ശരിക്കും ബോധ്യപ്പെട്ട, കത്തവ്യബോധവും മനുഷ്യസ്നേഹവും നിറഞ്ഞു തുളുമ്പുന്ന, കാര്യശേഷിയും തന്റേടവുമുള്ള ഒരു യുവതലമുറയെ നമുക്കാവശ്യമുണ്ടു്. വിദ്യാലയങ്ങളിൽനിന്നു് വേർപെടുത്തി അവരെപ്പററി ചിന്തിക്കാനാവുകയില്ല. ഇന്നു് വിദ്യാലയങ്ങാംക്കുള്ളിലിരിക്കുന്ന അവരാണും ഇനിയത്തെ അദ്ധ്വാനിക്കുന്ന വർഗ്ഗം. അവരുടെ കൈകളാണു് ഭാവിയിൽ രാജ്യ ഭരണ യന്ത്രം നിയന്ത്രിക്കുന്നതു്. അപ്പോാം നല്ലതിലേക്കും നന്മയിലേക്കുമുള്ള മാററങ്ങാം ഒന്നൊന്നായിവരും. ചൂഷകരും, മർദ്ദകരും, രക്ഷിതാക്കളായി അഭിനയിക്കുന്ന നേതാക്കളുമെല്ലാം അവരുടെ കൈയ്യിൽനിന്നും അടുത്തൂൺ വാങ്ങിപ്പിരിയും. പാവ

പ്പെട്ടവർ സ്വാഭാവികമായി തൊഴിലാളികളായിരിക്കുമെന്നോ, തൊഴിലാളികൾ പാവപ്പെട്ടവർ തന്നെയായിരിക്കണമെന്നോ ഉള്ള പരമ്പരാഗത സിദ്ധാന്തങ്ങൾ മാററിയെഴുതപ്പെട്ടു.

വേല ചെയ്യാതെ എങ്ങനെ സുഖിക്കാം, നഖം നനയാതെ എങ്ങനെ നത്തുപിടിക്കാം, അദ്ധ്വാനിക്കാതെയും പരിശ്രമിക്കാതെയും എങ്ങനെ അംഗീകാരം നേടാം തുടങ്ങിയ ചിന്തകൾക്ക് അടിമപ്പെട്ടു കഴിയുന്ന ഇന്നത്തെ ചെറുപ്പക്കാരുടെ സ്ഥാനത്തു് അദ്ധ്വാനത്തിൻെറയും വിയർപ്പിൻെറയും സ്വാദ് ശരിക്കും ആസ്വദിക്കുന്ന യുവാക്കളുണ്ടായേ പററൂ.

വേലയ്ക്കു് വളരെയൊന്നും മാന്യത കല്പിക്കാത്ത നമ്മുടെ തലതിരിഞ്ഞ പൗരാണിക പാരമ്പര്യത്തിൻെറയും കീഴ്‌വഴക്കങ്ങളുടെയും ചുവടുപിടിച്ചു്, അടിച്ചമർത്തപ്പെട്ട വിഭാഗത്തെക്കൊണ്ടു് എല്ലാക്കാലത്തും വേല ചെയ്യിച്ചു് തങ്ങൾക്കു് സുഖിക്കാമെന്ന ന്യൂനപക്ഷത്തിൻെറ കണക്കുകൂട്ടലുകളും, പ്രതീക്ഷകളും പൊളിയണം.

ര: അനീതികളിൽനിന്നും അസമത്വങ്ങളിൽനിന്നും വിമുക്തമായ ഒരു സാമൂഹ്യ വ്യവസ്ഥിതി കെട്ടിപ്പടുത്തുകൊണ്ടു വരാൻ പുതിയ തലമുറക്കേ കഴിയൂ എന്നതു് ശരിയാണു്. അതുകൊണ്ടു് ഭാവി തലമുറയെ മുഴുവൻ ഉൾക്കൊള്ളുന്ന വിദ്യാലയങ്ങളിലേക്കു് ചൂഷിതവർഗ്ഗവും അവരുടെ സംഘടിത ശക്തിയും എല്ലാ ശ്രദ്ധയും കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. ചൂഷണത്തിൻേറതായ നുകം തങ്ങളുടെ സന്തതിപരമ്പരകളുടെ തോളിലും അടിച്ചേൾപ്പിക്കപ്പെടാതിരിക്കാൻ ഈ കരുതൽ അത്യാവശ്യമാണു്. ഭാവി തലമുറയുടെയെങ്കിലും വിധി മാററിക്കുറിക്കുന്നതിനു് കാരണക്കാരാകാനും സഹായകരാകാനും വിദ്യാർത്ഥികളും, അദ്ധ്വാനിക്കുന്ന കർഷക തൊഴിലാളി വർഗ്ഗവും തയ്യാറെടുക്കണം.

നിലവിലുള്ള സങ്കല്പങ്ങളും ധാരണകളും, കീഴ്‌വഴക്കങ്ങളും ലംഘിച്ചുകൊണ്ടു് മാററങ്ങൾക്കുവേണ്ടിയുള്ള ശ്രമങ്ങളാരംഭിക്കുമ്പോൾ അവയെ മുളയിലേ നുള്ളിക്കളയാൻവേണ്ടി തയ്യാറെടുത്തുനില്ക്കുന്ന കൂട്ടരെ ചെറുത്തു

നിറുത്താൻ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻെറ സംഘടിത ശക്തിക്കു മാത്രമേ കഴിയൂ. സ്വാതന്ത്ര്യത്തിൻെറ പേരിൽ പരമ്പരാഗത സമ്പത്തുകളും, ചൂഷണംചെയ്തുണ്ടാക്കിയ സ്വത്തുക്കളും മററവകാശാധികാരങ്ങളും സംരക്ഷിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന ബൂർഷ്വാസിയേയും, അവരുടെ കാവൽഭടന്മാരായി വർത്തിച്ച് അങ്ങോട്ടുമിങ്ങോട്ടും സന്ദർഭംനോക്കി ആടിക്കളിക്കുന്ന പെററിബൂർഷ്വാസിയെയും കരുതലോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

ര: ഈ രണ്ടു കൂട്ടരിൽനിന്നും ഭല്ലാം പ്രതീക്ഷിച്ചുകൊണ്ടു പുരോഗമന വേഷവുമണിഞ്ഞു രംഗത്തുവരുന്ന നേതാവാണു് ഇവരെക്കാളൊക്കെ അപകടകാരി. ഏതായാലും പരിവർത്തനം അഥവാ നല്ലതിലേയ്ക്കുള്ള മാററം വരുത്തുന്ന കാര്യത്തിൽ വിദ്യാഭ്യാസത്തിനു നിർണ്ണായകമായ ഒരു പങ്കുവഹിക്കാനുണ്ടെന്നതു് സംശയരഹിതമായ കാര്യം തന്നെയാണു്. അക്കാരണത്താൽ എല്ലാവരുടെയും, പ്രത്യേകിച്ച് ഭൂരിപക്ഷ വിഭാഗമായ അധഃസ്ഥിതരുടെ സജീവമായ ശ്രദ്ധ വിദ്യാഭ്യാസരംഗത്തേക്കു് കേന്ദ്രീകരിക്കേണ്ടതത്യാവശ്യമായി വന്നിരിക്കുന്നു.

സ: വിദ്യാഭ്യാസ രംഗത്തു് ഇന്നും എല്ലാവരുടെയും ശ്രദ്ധയില്ലാതില്ല. പക്ഷെ ആരുടെയെങ്കിലും മേൽ കുറെ കുററാരോപണം നടത്തി സ്വയം രക്ഷപ്പെടുന്നതിനും കൃതാർത്ഥരാകുന്നതിനുമുള്ള ശ്രമങ്ങളല്ലാതെ മറെറാന്നും തന്നെ അത്തരം ശ്രദ്ധകൊണ്ടു് നടക്കുന്നില്ല.

ര: അതു ശരിയാണു്. വിദ്യാഭ്യാസംകൊണ്ടു് ജനതയ്ക്കു് മൊത്തത്തിൽ പ്രയോജനമുണ്ടാകുന്നില്ല. ബഹുഭൂരിപക്ഷംപേരും വിദ്യാലയങ്ങളിൽനിന്നു് ഒന്നും നേടാനാവാതെ ഇടയ്ക്കുവച്ചുതന്നെ കൊഴിഞ്ഞുപോകുന്നു. കഷ്ടിച്ചു രക്ഷപ്പെടുന്നവരിൽതന്നെ ഭൂരിഭാഗവും തൊഴിലില്ലാതെ അലയുന്നു. കൂട്ടത്തിൽ വിദ്യാഭ്യാസ നിലവാരം താണുപോകുന്നുവെന്നും, അച്ചടക്കരാഹിത്യം കൂടിവരുന്നുവെന്നും മററുമുള്ള മുറവിളിയും കേൾക്കുന്നു. ഇവയുടെ മൂലകാരണങ്ങൾ കണ്ടുപിടിച്ച് പരിഹാരം തേടാൻ കെല്പുള്ളവർ അതിനു തയ്യാറാകുന്നുമില്ല. എല്ലാവരും പരസ്പരം കുററംപറയുകമാത്രം ചെയ്യുന്നു. അധികാരികളും

നേതാക്കളും അദ്ധ്യാപകരെയും കുട്ടികളെയും കുററപ്പെടു ത്തുന്നു. അദ്ധ്യാപകർ, അധികാരികളെയും, രക്ഷകത്താ ക്കളെയും കുററപ്പെടുത്തുന്നു. രക്ഷാകത്താക്കാം അദ്ധ്യാപ കരെ കുററംപറയുന്നു. കുട്ടികാം എല്ലാവരെയും കുററപ്പെ ടുത്തുന്നു.

സ: ഓരോരുത്തരും സ്വന്തം കടമ ചെയ്യാതിരിക്കുന്നതിനും സ്വന്തം പിടിപ്പുകേടും, വിവരമില്ലായ്മയും മൂടിവയ്ക്കുന്ന തിനുംവേണ്ടിയാണു് ഈ കുററപ്പെടുത്തൽ പരിപാടിയു മായി മുന്നോട്ടു വരുന്നതു്. കുററങ്ങളും കുറവുകളും എങ്ങ നെയെങ്കിലും മൂടിവയ്ക്കുന്നതുകൊണ്ടു് പ്രശ്നങ്ങാംക്കു് പരിഹാരമുണ്ടാവുകയില്ല. അവയെല്ലാം വെളിച്ചത്തു കൊണ്ടുവരികയാണിന്നത്തെ ആവശ്യം. കുററങ്ങാം ഇല്ലാതാക്കാനും കുറവുകാം പരിഹരിക്കാനും അതാണു് മാർഗ്ഗം.

ര: ആസൂത്രിതമായും, എന്നാൽ അടിയന്തിരമായും ഒരു വി ദ്യാഭ്യാസ വിപ്ലവത്തിനു് നാം രൂപംകൊടുത്തേ പററൂ.

സ: വിദ്യാഭ്യാസ വിപ്ലവത്തെപ്പററി ചിന്തിക്കുമ്പോാം വിപ്ലവത്തിലൂടെ വരുത്തേണ്ട മാററത്തെപ്പററി ബോദ്ധ്യ പ്പെടുത്തേണ്ടതുണ്ടു്. മാററം എന്തു്? എന്തിനു്? എങ്ങനെ? തുടങ്ങിയ കാര്യങ്ങളിൽ വിദ്യാത്ഥികളടക്ക മുള്ള എല്ലാവരും സാമാന്യം വിവരമുള്ളവരായിരിക്കുക യുംവേണം. നിലവിലുള്ള എല്ലാ പ്രചരണോപാധി കളും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു തീവ്രയത്നപരി പാടി ഇതിനാവശ്യമാണു്.

## 13. മാററത്തിനുവേണ്ടിയുള്ള ശ്രമം

സ: നൂററാണ്ടുകളായി നിലനിറുത്തിപ്പോരുന്ന അബദ്ധ ധാരണകളും തെററായ കീഴ്‌വഴക്കങ്ങളും മാററാനുള്ള ശ്രമത്തിൽ യഥാർത്ഥ ശത്രുക്കളെയും യഥാർത്ഥ മിത്രങ്ങളെയും തിരിച്ചറിയേണ്ടതുണ്ട്.

ര: സ്വാഭാവികമായി സ്ഥാപിത താല്പര്യക്കാരിൽനിന്നുമുള്ള ശക്തിയായ എതിർപ്പും, കുത്തിത്തിരിപ്പുകളും ഇക്കാര്യത്തിലുണ്ടാകും. സാധാരണക്കാരായ ആളുകളും തൊഴിലാളി, കർഷക, വിദ്യാർത്ഥി സമൂഹവും മിത്രങ്ങളുടെ പട്ടികയിലും വരും.

സ: പണക്കാരും, അധികാരികളും അവരുടെ ദല്ലാളരായ നേതാക്കളും അണിനിരക്കുന്ന ഭാഗത്തുതന്നെ ഇടത്തരക്കാരെയും, അല്പ ശമ്പളക്കാരായ ഉദ്യോഗസ്ഥ വിഭാഗത്തെയും, ചിലപ്പോൾ വിദ്യാർത്ഥികളെപ്പോലും കണ്ടെന്നു വരും. നേതൃത്വം, തെററായ ധാരണകൾ കുത്തിവെയ്ക്കുന്നതും പൊള്ളയായ വാഗ്ദാനങ്ങളുടെ പുറകേ പോകുന്ന സാധാരണക്കാരുടെ ശീലവും ഇതിനു കാരണമായിപ്പറയാം. കൂടാതെ, സങ്കുചിതമനോഭാവത്തോടെ, ശാശ്വതമായ നേട്ടങ്ങളെക്കാൾ, എളുപ്പം കിട്ടാനിടയുള്ള താല്ക്കാലിക നേട്ടങ്ങളെ കാര്യമായെടുക്കുന്നതും മറെറാരു കാരണമാണ്.

സമൂഹത്തിൻെറ ഏററവും അടിത്തട്ടിൽ കിടക്കുന്ന ഭൂരിപക്ഷ വിഭാഗത്തിൻെറ രോഷാഗ്നിയിൽനിന്നും ബൂർഷ്വാവിഭാഗത്തെ രക്ഷിച്ചുനിറുത്തുന്ന കാവൽഭടന്മാരാണ് തങ്ങളെന്ന അവകാശവാദവുമായിട്ടാണ് പെററി ബൂർഷ്വാ വിഭാഗം അധികാരിവർഗ്ഗത്തെ സമീപിക്കുന്നത്. എന്തെങ്കിലും എല്ലിൻ കഷണം ലഭിച്ചാൽ തല്ക്കാലം തൃപ്തരാവുകയുംചെയ്യും. താല്ക്കാലികങ്ങളും ഫലത്തിൽ ഗുണംചെയ്യാത്തതുമായ ഇത്തരം ആനുകൂല്യങ്ങൾ തുടർന്നു ലഭിക്കുന്നതിനുവേണ്ടി ഇവർ അദ്ധ്വാനിക്കുന്ന

വർഗ്ഗവുമായി താദാത്മ്യം പ്രാപിച്ചവരായി ഭാവിക്കും. ഈ അടവുപയോഗിച്ച് അധികാരികളെ ഭീഷണിപ്പെടുത്തുകയുംചെയ്യും. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ ഉയർത്തെഴുന്നേല്പിനുള്ള കാഹളധ്വനിയാണ് തങ്ങളുടെ സംരംഭങ്ങളിൽ മുഴങ്ങിക്കേൾക്കുന്നതെന്ന് ഇവർ അവകാശപ്പെടും. അഭിനയം തന്മയത്വമാക്കുന്നതിനും, അദ്ധ്വാനിക്കുന്നവനെ സുഖിപ്പിക്കുന്നതിനുംവേണ്ടി അവന്റെ തൊപ്പിപ്പാളയും, മുദ്രാവാക്യവുമെല്ലാം കുറെ സമയത്തേക്ക് ഇവർ സ്വന്തമായണിയുകയുംചെയ്യും.

അതുകൊണ്ടു്, ഉള്ളവനും ഇല്ലാത്തവനും തമ്മിൽ, ചൂഷകരും ചൂഷിതരും തമ്മിൽ നിർണ്ണായക സമരം ഉണ്ടാകുമ്പോഴും, മർദ്ദിതവർഗ്ഗത്തിന്റെ മോചനത്തിലേയ്ക്കുള്ള പരിവർത്തനത്തിന്റെ ഈററുനോവുണ്ടാവുമ്പോഴും ഈ പെററിബൂർഷ്വാ വിഭാഗം, പക്ഷികളും മൃഗങ്ങളും തമ്മിൽ പണ്ടു് യുദ്ധംചെയ്ത കഥയിലെ വവ്വാലിന്റെ നയമായിരിക്കും സ്വീകരിക്കുക. സംഘട്ടനത്തിൽ ജയിക്കുന്നവരുടെ അടുത്തു് സ്വയം നിർണ്ണയിക്കുന്ന അവകാശവാദവുമായി എത്താമെന്നാണ് ഇവരുടെ കണക്കുകൂട്ടൽ.

ര: ഇക്കാരണത്താലായിരിക്കാം, പെററിബൂർഷ്വാകളും അവരിൽപ്പെട്ട ബുദ്ധിജീവികളും മാററങ്ങളുടെ നേരെ കരുതലോടുകൂടിയുള്ള സമീപനം സ്വീകരിച്ചു കാണുന്നതു്. മാററങ്ങളെ പ്രത്യക്ഷമായി എതിർക്കാതിരിക്കയും, എന്നാൽ തങ്ങൾക്കു് നന്മവരുന്നിടംവരെ മാത്രം മാററങ്ങളെ ഒതുക്കിനിറുത്താൻ രഹസ്യമായി ശ്രമിക്കുകയുംചെയ്യുകയാണ് ഇവരുടെ തന്ത്രം.

സ: സാങ്കേതിക കാര്യങ്ങളിൽ ബിരുദം നേടിവരുന്ന ഓരോ ആളിനുംവേണ്ടി പൊതു മുതലിൽനിന്ന് ലക്ഷക്കണക്കിനാണ് രൂപാ ചെലവാക്കുന്നതു്. അതുപോലെതന്നെ പൊതു വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്ന ഭീമമായ തുകയുടെ ഒരംശവും പ്രയോജനപ്പെടാതെ കൊഴിഞ്ഞുപോകുന്ന തൊണ്ണൂററഞ്ചു ശതമാനം കുട്ടികളെയും മാററിനിറുത്തി കണക്കുനോക്കിയാൽ ഈ നാട്ടിലെ വെള്ള ഉടുപ്പിട്ട ഓരോ ഉദ്യോഗസ്ഥനേയും, ബുദ്ധിജീവിയേയും സൃഷ്ടിച്ചെടുക്കുന്നതിനു് ലക്ഷക്കണക്കിനു രൂപ

യാണു് രാജ്യം ചെലവാക്കുന്നതെന്ന കാര്യവും വെളിപ്പെട്ടു. ഇതെല്ലാം നേരിട്ടറിയാവുന്ന ബുദ്ധിമാന്മാരായ വെള്ളയുടുപ്പുകാരും അവരുടെ മേലാളരുംകൂടി താഴെത്തട്ടിലടിഞ്ഞുകിടക്കുന്ന ജനലക്ഷങ്ങളെ നോക്കി നിശ്ശബ്ദമായും ചിലപ്പോൾ ശബ്ദമുണ്ടാക്കിത്തന്നെയും പറയുന്നതെന്താണു്? "കഴുതകളെ! മടയന്മാരെ! നിങ്ങൾ വയററുക്കിക്കെട്ടി, എല്ലുനുറുങ്ങെ പണിയെടുത്തു് ഞങ്ങൾക്കുവേണ്ടി കോടിക്കണക്കിനു് രൂപാ ചെലവാക്കി ഞങ്ങളെ ഞങ്ങളാക്കിത്തീർത്തു. അതുകൊണ്ടു് എല്ലാ ഐശ്വര്യങ്ങളോടുംകൂടി ഞങ്ങളെ നിലനിറുത്തേണ്ടതും തുടർന്നും ചുമക്കേണ്ടതും നിങ്ങളുടെ ഒഴിച്ചുകൂടാൻവയ്യാത്ത ചുമതലയാണു്. ഞങ്ങൾക്കു് എല്ലാം നല്കേണ്ടതു് നിങ്ങളുടെ കടമ. ഞങ്ങളിൽനിന്നു് പ്രയോജനമുള്ളതൊന്നും പ്രതീക്ഷിക്കാതിരിക്കേണ്ടതു് നിങ്ങളുടെ അവകാശവും"

എന്താ ഭംഗിയായയില്ലേ?

ര: കുടത്തിൽനിന്നും ഭൂതത്താനെ തുറന്നുവിട്ട മീൻപിടിത്തക്കാരന്റെ അനുഭവമാണു് ജനങ്ങൾക്കുണ്ടായിരിക്കുന്നതു്.

സ: ജനങ്ങളെ കഷ്ടപ്പെടുത്തിയും ഭീഷണിപ്പെടുത്തിയും സ്വന്തം നില മെച്ചപ്പെടുത്തണമെന്നതല്ലാതെ മററാരു ചിന്തയും അവക്കില്ല. ബൂർഷ്വാസിയുടെ പുലിനഖപ്പിടിയിലമർന്നിരിക്കുന്ന അവർക്കു് തനിയെ അതിൽനിന്നു് രക്ഷപ്പെടാനുള്ള കരുത്തുമില്ല. അതുകൊണ്ടു് അവരുടെ ആഗ്രഹങ്ങൾ സ്വപ്നങ്ങളായിത്തന്നെ നിലനില്ക്കുന്നു. എന്നാൽ അദ്ധ്വാനിക്കുന്നവരും അവശതയനുഭവിക്കുന്നവരുമായ ഭൂരിപക്ഷത്തെയും കൂട്ടി "പുലിനഖത്തെ" എന്നെന്നേക്കുമായി നശിപ്പിക്കാനുള്ള ശ്രമവും അവക്കു് അരോചകമാണു്. കാരണം തങ്ങളുടെ സങ്കുചിത താല്പര്യങ്ങളും നഖം നനയാതെ നത്തയെടുക്കുക എന്ന തത്വവുമാണവരെ നയിക്കുന്നതു്.

ജനങ്ങളിൽ ഭൂരിപക്ഷവും ഒരു നേരത്തേയോ ഒന്നര നേരത്തേയോ ആഹാരവും കഴിച്ചുകൊണ്ടു് ഈ ജനസേവകർക്കു് മൂന്നു നേരത്തെ ആഹാരത്തിനുള്ള വക യുണ്ടാക്കിക്കൊടുക്കുന്നു. എന്നാൽ തങ്ങളുടെ ആഹാരം വിഭവ സമൃദ്ധമാകുന്നില്ലെന്ന കാരണം പറഞ്ഞു് ഇവർ

അദ്ധപട്ടിണിക്കാരായ താഴെക്കിടയിലുള്ളവരെ വീണ്ടും ബുദ്ധിമുട്ടിച്ചും, ഭീഷണിപ്പെടുത്തിയും ബഹളമുണ്ടാക്കുകയാണു്. ഇതിനു് കൊട്ടടിക്കാനും താളം പിടിക്കാനും നേതാക്കളുമുണ്ടു്! ഇതു പുരോഗമനവും വിപ്ലവവുമാണത്രെ! അരപ്പട്ടിണിക്കാരന്റെ ദുരിതമകററാനും, മുഴപ്പട്ടിണിക്കാരന്റെ പട്ടിണി മാററാനുമുള്ള സമരത്തിന്റെ ഭാഗമാണിതെന്നും കൂടി പറഞ്ഞു കേഠംക്കുമ്പോഴാണു് മൂക്കത്തു് വിരൽവച്ചു പോകുന്നതു്.

ര: പക്ഷെ, ഭൂതത്തെ തുറന്നു വിട്ടവക്കു് അതിനെ തിരിയെ കുടത്തിനകത്തടയ്ക്കാനും കരുത്തുണ്ടെന്നു് താമസിയാതെ ഇവർ അറിയും.

സ: ഓരോ കാലഘട്ടത്തിലും വരുത്തേണ്ട മാററങ്ങഠം ഉണ്ടാവാതിരിക്കുകയോ അമാന്തപ്പെടുകയോ ചെയ്യുന്നതു കൊണ്ടുള്ള ദോഷഫലം അനുഭവിക്കേണ്ടി വരുന്നതു് അടുത്ത തല മുറയായിരിക്കും. അതുകൊണ്ടു് മാററത്തിനുവേണ്ടിയുള്ള സംഘടിതശ്രമം ഇന്നേ തുടങ്ങിയെങ്കിൽ മാത്രമേ ഇന്നത്തെ കുഞ്ഞുങ്ങളുടെ കാലത്തെങ്കിലും അതിന്റെ സൽഫലങ്ങഠം അനുഭവിക്കാൻ ഒക്കുകയുള്ളൂ. സ്വാതന്ത്ര്യത്തിന്റെ രജതജൂബിലി കഴിഞ്ഞിരിക്കുന്ന ഈ സമയത്തും ചില ഉരുട്ടിയിടലുകളും, മറിച്ചിടലുകളും മാത്രമേ നടക്കുന്നുള്ളൂ.

ര: നല്ലതിനെ ലക്ഷ്യമാക്കിക്കൊണ്ടുള്ള യഥാത്ഥ മാററങ്ങളുണ്ടാകാൻ എത്രത്തോളം കാലതാമസം വരുന്നുവോ അത്രത്തോളം നഷ്ടം കൂടുതലായി അനുഭവിക്കേണ്ടിവരുന്നതു് ഇളം തലമുറയായിരിക്കുമെന്നതിൽ സംശയമില്ല. അതുകൊണ്ടു് മാററത്തിനുവേണ്ടിയുള്ള മുൻകൈ എടുക്കേണ്ടതും അവർ തന്നെയാണു്.

സ: ഇളം തലമുറ മുഴുവൻ വിദ്യാലയങ്ങഠംക്കകത്താണു്. വിദ്യാത്ഥികഠം, പ്രത്യേകിച്ചു്, പാവപ്പെട്ട വിദ്യാത്ഥികഠം സോദ്ദേശമായി സംഘടിക്കണം. സംഘടനകൊണ്ടു് ശക്തിയാജ്ജിക്കണം. അവക്കു് നഷ്ടപ്പെടുവാനുള്ളതു് ശൂന്യതയും കിട്ടാനുള്ളതു് പുതിയൊരു ലോകവും.

കൂട്ടത്തിൽ, അവിടെയും കൊക്കിന്റെ വേഷമണിഞ്ഞ രക്ഷകന്മാരുടെ നുഴഞ്ഞുകയററമുണ്ടാകും. മുതിന്നവ

രുടെ പ്രവത്തനങ്ങരംക്കു് സമാന്തരമായി ദുർബ്ബലവിഭാഗത്തിൽനിന്നും വരുന്ന വിദ്യാത്ഥി സമൂഹത്തിൻെറ രക്ഷകരായി 'ഉൽകൃഷ്ട' കുഞ്ഞുദനതാക്കരം രംഗപ്രവേശംചെയ്യും. സ്വയം നേട്ടങ്ങളുണ്ടാക്കാനും, ഭാവിയിൽ സ്വന്തം ഉയർച്ചയ്ക്കുള്ള ഏണിപ്പടികരം വച്ചുകെട്ടാനും പാവപ്പെട്ട ഭൂരിപക്ഷം കുട്ടികളെ ഉപയോഗപ്പെടുത്താമെന്ന കണക്കുകൂട്ടലുകളാണു് അവക്കുള്ളതു്. ആ കണക്കുകൂട്ടലുകളും ഇവിടെ നടക്കാൻ പോകുന്നില്ലെന്നു് ഈ കുഞ്ഞു് "ഉൽകൃഷ്ടരെ''യും അവരെ നയിക്കുന്ന "മൂപ്പന്മാരായ'' ഉൽകൃഷ്ടരെയും സംശയാതീതമായി അറിയിക്കേണ്ടതുണ്ടു്.

ര: ദുർബ്ബല വിഭാഗത്തിലെ കുട്ടികരം ഒരു വശത്തു് അണിനിരക്കുമ്പോരം അതിനെതിരായ ശക്തികരം മറുവശത്തു് ഉണ്ടാകും.

സ: മറുവശത്തു്, സമ്പത്തും അധികാരവുംചേന്നു് നല്ലനന്ന സഹായങ്ങളും ആശീർവാദങ്ങളും ലഭ്യമാണു്. എന്നാൽ ഇപ്പുറത്തു് സംഘടിത ശക്തിമാത്രമേ കൈമുതലായുണ്ടായിരിക്കയുള്ളു. അതുകൊണ്ടു് ഇപ്പുറത്തു് സംഘടിത ശക്തിക്കു് ശിഥിലീകരണം വരാതെ നോക്കേണ്ടതാണു് ഏററവും പ്രധാനമായ കാര്യം.

ര: വിദ്യാത്ഥികരം സംഘടിച്ചു് പ്രവത്തിക്കാൻ പാടില്ലാ എന്ന ധ്വനി വരത്തക്കവിധത്തിലാണു് പ്രമുഖരായ നമ്മുടെ നേതാക്കരം ഇടപ്പോരം ആവശ്യപ്പെടുന്നതു്. 'രാഷ്ട്രീയം പഠിക്കാനേ പാടുള്ളു, പ്രവത്തിക്കാൻ പാടില്ല' എന്ന ഉപദേശത്തിൻെറ അത്ഥം അതല്ലേ ?

സ: ഓരോ നേതാവും ആവശ്യപ്പെടുമ്പോരം മാത്രം വിദ്യാത്ഥികരം രംഗപ്രവേശംചെയ്താൽ മതിയെന്നതായിരിക്കും അവരുടെ ആഗ്രഹം.

അതിരിക്കട്ടെ, രാഷ്ട്രീയം പഠിക്കാമെങ്കിൽ അതു് പ്രയോഗിച്ചു നോക്കുന്നതിൽ എന്താണു് തെററുള്ളതു് ? എല്ലാ പഠിത്തത്തിനും പ്രായോഗിക പരിശീലനം അത്യാവശ്യമാണെന്നു് പരക്കെ അംഗീകരിച്ചിട്ടുണ്ടു്. പിന്നെ രാഷ്ട്രീയത്തിൻെറ കാര്യത്തിൽമാത്രം ഈ വിവേ

ചനം എന്തിനാണ്? തത്വം പഠിക്കുന്നതോടൊപ്പം പ്രയോഗിച്ചു കൂടി നോക്കേണ്ടതില്ലേ?

ര: കുട്ടികൾ തമ്മിൽ തല്ലുകയും, കത്തിക്കുത്തു് നടത്തുകയും ബസ്സിനും ട്രെയിനിനും കല്ലെറിയുകയും, പള്ളിക്കൂടത്തിനു് തീവയ്ക്കുകയും ചെയ്യുന്നതുപോലുള്ള അനാശാസ്യ പ്രവണതകൾ നിരുത്സാഹപ്പെടുത്താനായിരിക്കും സജീവ രാഷ്ട്രീയം കൈകാര്യം ചെയ്യരുതെന്നുപദേശിക്കുന്നതു്.

സ: അപ്പോൾ സജീവ രാഷ്ട്രീയം ഇവിടെയാണെന്നത്തിനില്ലുന്നതു്. മുതിർന്നവരുടെ രാഷ്ട്രീയം കുട്ടികൾ കളിക്കരുതു് എന്നാണു്.

തങ്ങൾക്കു് രുചിക്കാത്ത കാര്യങ്ങൾ, അവ സത്യമാണെങ്കിൽപോലും, മററുള്ളവർ പറയുമ്പോൾ ബഹുമാനപ്പെട്ട ജനനേതാക്കൾക്കു് നിയമസഭയിലും ലോകസഭയിലും മററുമിരുന്നു് കൂവുകയും, കുരവയിടുകയും, മേശയടിച്ചു പൊട്ടിക്കുകയും, കതകു് ചവുട്ടിപ്പൊളിക്കുകയും ചെയ്യാമെങ്കിൽ അതുപോലുള്ള സന്ദർഭങ്ങൾ വരുമ്പോൾ ക്ലാസ്സുമുറിയിലും സ്കൂൾ പരിസരങ്ങളിലും കുട്ടികൾക്കു് അതൊന്നനുകരിച്ചു കൂടേ?

രാവിലെ വീട്ടിൽനിന്നു് തിരിക്കുമ്പോൾ ഒരു രാഷ്ട്രീയ കക്ഷിയുടെ നേതാവായിരിക്കയും, ഉച്ചയ്ക്കു് ഊണു കഴിക്കുമ്പോൾ മറെറാരു കക്ഷിയുടെ നേതാവായി മാറുകയും, വൈകുന്നേരം തിരിച്ചു് വീട്ടിലെത്തുമ്പോൾ മൂന്നാമതൊരു രാഷ്ട്രീയ കക്ഷിയുടെ കുപ്പായമണിയുകയും ചെയ്യുന്നതു് വലിയ നേതാക്കൾക്കു് ഭൂഷണമാണെങ്കിൽ തത്വങ്ങളും ആദർശങ്ങളും വിദ്യാർത്ഥികൾക്കുപദേശിച്ചുകൊടുക്കുന്നതിൽ വല്ല കഥയുമുണ്ടോ?

അംഗീകാരത്തിനും, സ്ഥാനലാഭത്തിനും വേണ്ടി എന്തു കോപ്രായവും കാണിക്കുന്നതു് നാട്ടിലെ പ്രധാന ദിവ്യന്മാർക്കു് അരുതാത്തതല്ലെങ്കിൽ അതേ ആവശ്യങ്ങൾക്കുവേണ്ടി ഇളം പ്രായക്കാരായ കുട്ടികൾ അല്പ സ്വല്പം വല്ലതും കാട്ടിക്കൂട്ടുന്നതിനു നേരെ കണ്ണുരുട്ടിയതുകൊണ്ടെന്തു പ്രയോജനം?

രാഷ്ട്രീയ കക്ഷികൾക്കും, നേതൃത്വങ്ങൾക്കും തങ്ങളുടെ സ്വാധീന വലയം വിപുലപ്പെടുത്തണം. അധി

കാരസ്ഥാനങ്ങൾ കൈക്കലാക്കണം. കൈയിൽ വന്നതു് പോകാതിരിക്കയുംവേണം. അതിനുവേണ്ടി ഏതു പച്ച ക്കള്ളവും പ്രചരിപ്പിക്കാം. കൊലപാതകമുൾപ്പെടെ ഏതു് പാതകവും ചെയ്യാം. പൊതു മുതൽ നശിപ്പിക്കു ന്നതുൾപ്പെടെയുള്ള നശീകരണ അക്രമ പ്രവർത്തനങ്ങ ളൊന്നുംതന്നെ നിഷിദ്ധമല്ല.

ഇതെല്ലാം കണ്ടും കേട്ടും അനുഭവിച്ചും കഴിയുന്ന യുവ തലമുറ അവയിൽ ചിലതു് തിരഞ്ഞെടുത്തു് ബാല പാഠ ങ്ങളായി പ്രയോഗിച്ചു നോക്കുന്നു. അതിനു നേരെ വിരൽ ചൂണ്ടുകയും കണ്ണുരുട്ടുകയും ചെയ്യുന്നതിൽ എന്തു യുക്തിയാണുള്ളതു് ?

ര: വിദ്യാർത്ഥികൾ സജീവ രാഷ്ട്രീയം കൈകാര്യം ചെ യ്യാൻ പാടില്ലാ എന്നുപദേശിക്കുന്നതിനുപകരം, രാഷ്ട്രീ യക്കാർ സ്വയം നന്നാവാൻ ശ്രമിക്കുകയും, അന്തസ്സുള്ള രാഷ്ട്രീയ പ്രവർത്തനം മാത്രം നടത്തുകയും ചെയ്യുക യാണു് വേണ്ടതു്. എന്നിട്ടു് അവരെ അനുകരിക്കാനുള്ള സന്ദർഭം വിദ്യാർത്ഥികൾക്കുണ്ടാക്കിക്കൊടുക്കയാണു് ചെ യ്യേണ്ടതു്.

സ: മുതിർന്നവരുടെയും അവരുടെ നേതാക്കളുടെയും സമീ പനവും പെരുമാററവും കണ്ടാൽ വിദ്യാർത്ഥികളെ ഒരു തരം മടയന്മാരായി കരുതിക്കൊണ്ടുള്ളതാണെന്നുതോന്നും

കുട്ടികളുടെ മുമ്പിൽവച്ചു തന്നെ പുകവലിക്കുകയും, മദ്യപിക്കുകയും ചെയ്യുന്നവർ (അദ്ധ്യാപകരും രക്ഷാകർ ത്താക്കളുമുൾപ്പടെ) അത്തരം ദുശ്ശീലങ്ങൾക്കെതിരെ കുട്ടി കളെ താക്കീതു ചെയ്യുന്നു, മേലധികാരികളെ ധിക്കരി ക്കുകയും, ഭർത്സിക്കുകയും ചെയ്യുന്നവർ അനുസരണാശീല ത്തിന്റെ മഹത്വത്തെക്കുറിച്ചു് കുട്ടികളോടു് പ്രസംഗി ക്കുന്നു. സഹപ്രവർത്തകരെ ദ്രോഹിക്കുകയും, അസഭ്യം പറയുകയും ചെയ്യുന്നവർ സഹകരണ മനോഭാവത്തെയും സൽസ്വഭാവത്തെയും കുറിച്ചു് പ്രകീർത്തിച്ചു് കുട്ടികളോടു സംസാരിക്കുന്നു.

സ്വന്തം കാര്യലാഭത്തിനുവേണ്ടി സമരവും, അക്ര മവും, ബഹളങ്ങളുമുണ്ടാക്കാൻ മടിക്കാത്തവർ വിദ്യാർത്ഥി സമരങ്ങളെ അപലപിക്കുന്നു. ഒരു പടി കൂടി കടന്നു്,

തങ്ങരംക്കനുകൂലമാണെങ്കിൽ സമരം ചെയ്യാനും, പ്രതികൂലമാണെങ്കിൽ സമരം ചെയ്യാതിരിക്കാനും ആഹ്വാനം മുഴക്കുന്ന നേതാക്കളും കുറവല്ല.

ര: ഇരുപതോ ഇരുനൂറോ പേരെ ഉപദേശിക്കാൻ ബഹു എളുപ്പം. എന്നാൽ ഉപദേശം അനുസരിക്കേണ്ടവരിൽ ഒരാളാവുകയാണു് പ്രയാസം.

സ: ഉപദേശങ്ങരംക്കു് നമ്മുടെ നാട്ടിൽ ഒരു ദാരിദ്ര്യവുമില്ല. അറിയാവുന്ന ഉപദേശങ്ങളും, തത്വങ്ങളുമാണു് മഹത്വത്തിൻെറ മാനദണ്ഡമെങ്കിൽ നമ്മിൽ പലരും ലോക മഹാന്മാരാണു്!

നന്മയിലേയ്ക്കുള്ള മാററത്തിൻെറ കുഴലൂത്തുമായി മുന്നോട്ടു പോകാൻ ഏററവും കൂടുതൽ ബാദ്ധ്യസ്ഥരായവർ വിദ്യാത്ഥികളാണെന്നു് നാം നിശ്ചയിക്കയാണെങ്കിൽ വിദ്യാഭ്യാസത്തിലെ മാററത്തിനും മുൻകൈഎടുക്കേണ്ടതു് അവർതന്നെയാണു്. വിദ്യാഭ്യാസരംഗത്തു വരുത്തുന്ന മാററങ്ങരംക്ക മാത്രമേ ജനങ്ങളെ മുഴവൻ ഉരംപ്പെടുത്തിക്കൊണ്ടുള്ള പരിവത്തനങ്ങരം വരുത്താൻ സാധിക്കയുള്ളൂ.

വിദ്യാഭ്യാസത്തിലെ കുഴപ്പങ്ങളെക്കുറിച്ചു് നാം നേരത്തേ പറഞ്ഞു. അതിൽ അദ്ധ്യാപകരുടെ ഭാഗം അവരും അഭിനയിച്ചൊപ്പിക്കുന്നു. അദ്ധ്യാപകരെ മുഴവൻ ഒന്നാംതരം പൗരന്മാരാക്കി പ്രഖ്യാപിക്കുകയും, മററാരെക്കാളുമുയന്ന ശമ്പളവും, പരിഗണനകളും അവക്കു നല്കുകയുംചെയ്താൽ വിദ്യാഭ്യാസം മുഴവൻ 'ക്ലീൻ' ആക്കിത്തരാമെന്നാണു് അവരുടെ വെല്ലുവിളി! സമൂഹത്തിൽ നിന്നും് അങ്ങോട്ടു കിട്ടേണ്ടുന്നതിൻെറ കണക്കു് ഒന്നുംവിടാതെ നിരത്തിവയ്ക്കുന്ന അദ്ധ്യാപകർ അതിനുള്ള അർഹത നേടാൻ സ്വയം ചെയ്യേണ്ട കാര്യങ്ങളുടെ കണക്കു് മറച്ചുപിടിക്കുന്നു. സമൂഹത്തിൻെറ ശീഘ്രഗതിയിലുള്ള മാററത്തിനൊപ്പിച്ചു് ഒരു സെൻറീമീററർ പോലും അനങ്ങാൻ കൂട്ടാക്കാത്ത തങ്ങളുടെ നിലപാടും അവർ മൂടിവയ്ക്കാനാണു് ശ്രമിക്കുന്നതു്.

ര: കാലത്തിനനുസരിച്ചുള്ള മാററം ഒരിക്കലും ഉണ്ടാകരുതെന്നു് ഉള്ളിൽ കരുതിയിരിക്കുന്ന 'ഉൽകൃഷ്ടവർഗ്ഗത്തെ' സ

ഹായിക്കുകയാണ് ഫലത്തിൽ അദ്ധ്യാപകരും ചെയ്യുന്നതു്.

സ: അദ്ധ്യാപകരുടെ ഭാഗത്തുനിന്നു് സംസാരിക്കുകയാണെങ്കിൽ മറെറാരു പ്രയാസവും ചൂണ്ടിക്കാണിക്കാനുണ്ടു്. നിലവിലുള്ള വിദ്യാഭ്യാസത്തിൽ സാക്ഷരതാ പരിശീലനം നല്കുന്നതിൽ സമത്ഥരും നിപുണരുമായ ഒട്ടനവധി അദ്ധ്യാപകരുണ്ടു്. അവരും കുററപ്പെടുത്തലിനും അവജ്ഞക്കും പാത്രമാകുന്നു. വിദ്യാഭ്യാസം ഭൂരിപക്ഷംപേർക്കും ഗുണം ചെയ്യുന്നില്ല എന്നതിനു് അവരെങ്ങനെ സമാധാനം പറയാനാണു്?

നല്ലൊരു കർഷകൻെറ പക്കൻ ഗ്ഗാവിൻതൈയ്യും, മാവിൻതൈയ്യും, കമുകിൻതൈയ്യും നട്ടുവളത്താനേംപ്പിച്ചിട്ടു് അവയെല്ലാം ഒന്നാംതരം തേൻ വരിക്കച്ചക്ക കായ്ക്കുന്ന ഗ്ഗാവുകളായിത്തന്നെ വളത്തിയെടുക്കണമെന്നാരെങ്കിലും ആവശ്യപ്പെട്ടാൽ കർഷകനുണ്ടാകാവുന്ന ചിന്താകുഴപ്പവും വൈഷമ്യവുമാണു് മേൽപ്പറഞ്ഞ അദ്ധ്യാപകരെയും നേരിടുന്നതു്.

തൈകളുടെ ഉടമസ്ഥർ പലവിധത്തിലും തെററിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ വസ്തുത തുറന്നുപറയാനുള്ള ചങ്കൂററം കാണിച്ചു് പ്രയാസങ്ങൾ ക്ഷണിച്ചുവരുത്താം. തെററായി ധരിപ്പിച്ചവരുടെയും ധരിച്ചവരുടെയും കുററപ്പെടുത്തലുകൾ നിശ്ശബ്ദം സഹിക്കുകയോ അവഗണിക്കുകയോ ചെയ്യാം. ഇതിൽ രണ്ടാമത്തെ മാഗ്ഗമാണു് ബന്ധപ്പെട്ട അദ്ധ്യാപകർ സൗകര്യമായും, സ്വീകാര്യമായും എടുത്തിരിക്കുന്നതു്.

അതേസമയം വിദ്യാഭ്യാസ നയത്തിൻെറ ചുമതലക്കാരെയും, വിദ്യാത്ഥികളെയും രക്ഷാകത്താക്കളെയും കാര്യത്തിനും അകാര്യത്തിനും കുററംപറഞ്ഞു് സ്വന്തം ആത്മാത്ഥതയില്ലായ്മയേയും കഴിവുകേടിനേയും മൂടിവയ്ക്കാനുള്ള ശ്രമം മററു ചില അദ്ധ്യാപകരും നടത്തുന്നു.

ര: ഭൂരിപക്ഷത്തിനു് ഗുണം ചെയ്യാത്ത വിദ്യാഭ്യാസത്തിനുവേണ്ടി ഭൂരിപക്ഷത്തിൻെറ പേരും പറഞ്ഞു് ഭീമമായ തുകകൾ ചെലവാക്കപ്പെടുന്നതു് ഇപ്പോഴും ന്യായീകരിക്കപ്പെടുന്നതാണത്ഭുതം.

സ: ജനങ്ങളാൽ, ജനങ്ങൾക്കവേണ്ടി, ജനങ്ങളുടെ ഭരണമാണിവിടെ നടക്കുന്നതെന്നു് പ്രചരണം നടത്താൻ ഇത്തരം പരിപാടികൾ ആവശ്യമാണു്. ജനങ്ങളുടെ സർവ്വാധിപത്യം എന്ന സുന്ദര സങ്കല്പവും അതിനോടു ബന്ധപ്പെട്ടുത്തിയുള്ള നിരവധി പ്രതീക്ഷകളും വാഗ്ദാനങ്ങളും അന്തരീക്ഷത്തിൽ ഒരു പുകപോലെ തങ്ങി നില്ക്കേണ്ടതുണ്ടു്. ആ പുകയുടെ മറ ഉപയോഗിച്ചു മാത്രമേ മേലാളർക്കു് ആവശ്യമുള്ള പലതും നേടിയെടുക്കാൻ പററുകയുള്ളൂ.

പണ്ടു് ദൈവത്തിൻെറയും, രാജാക്കന്മാരുടെയും പേരിൽ പുരോഹിതന്മാരും, ജന്മിമാരും അധികാരികളും അവർക്കു വേണ്ടതൊക്കെ നേടിയെടുത്തിരുന്നു. അവരുടെ സ്ഥാപിത താല്പര്യങ്ങൾക്കു് കോട്ടംവരാതെ നോക്കാനുള്ള മന്ത്രങ്ങളുമുണ്ടായിരുന്നു. ദൈവവും രാജാക്കന്മാരുമെല്ലാം മനുഷ്യൻെറ സൃഷ്ടിയായിരുന്നുവെങ്കിലും അവയൊന്നും അങ്ങനെയല്ലെന്നു് സ്ഥാപിക്കാനും അവർ മറന്നുപോയില്ല. ഇപ്പോൾ പഴയ ദൈവങ്ങളുടെ സ്ഥാനത്തു് പുതിയ കുറെ ദൈവങ്ങളും ഭരണഘടനയെന്നൊരു ദിവ്യമന്ത്രവും വന്നിരിക്കുന്നു. ഇൻഡ്യയുടെ ഭരണഘടന മനുഷ്യ നിർമ്മിതമല്ലെന്നു് സ്ഥാപിക്കാൻവരെ ശ്രമങ്ങൾ നടക്കുന്നു.

ഭരണഘടനയെ ഉരുവിടാനും വ്യാഖ്യാനിക്കാനും അധികാരപ്പെട്ട അഭിനവ പുരോഹിതന്മാരും, ഭരണഘടനയുടെ സംരക്ഷണം ഏറെറടുത്തിരിക്കുന്ന ആധുനിക രാജാക്കന്മാരും കൂടി ചേർന്നു് എല്ലാ നിക്ഷിപ്ത താല്പര്യങ്ങളും നില നിറുത്താനുള്ള യത്നമാണിപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതു്. പണ്ടു് മാററങ്ങളെപ്പററി ചിന്തിച്ചാൽ ദൈവകോപം വരുമെന്നു് പ്രചരിപ്പിച്ചിരുന്നു.

ഇന്നു്, മാററങ്ങൾ വരുത്തിയാൽ ഭരണ ഘടനയുടെ പാവനത്വം നശിക്കുമത്രെ !

ര: ജനപ്രതിനിധികളും അവരുടെ വക്താക്കളും പറയുന്നു, "ഞങ്ങൾ പുരോഗമനപരമായ നിയമങ്ങൾ നിർമ്മിക്കുന്നു. പാവപ്പെട്ടവനെ ഉദ്ധരിക്കാൻവേണ്ടി ചട്ടങ്ങളുണ്ടാക്കുന്നു. പക്ഷെ കോടതികൾ അവയെ തടസ്സപ്പെടുത്തുന്നു.''

കോടതികളും അവയുടെ വക്താക്കളും പറയുന്നു, ''ഞങ്ങൾ നിയമത്തെ വ്യാഖ്യാനിക്കുക മാത്രമാണു് ചെയ്യുന്നതു്, നിയമം ഉണ്ടാക്കുന്നതു് ജന നേതാക്കളാണു്''. എന്നു്.

ആരുവെച്ച തീയായാലും വീടു് വേവും എന്നു പറഞ്ഞമാതിരി കുററം ആരുടേതായാലും പാവപ്പെട്ടവൻെറ തോളിലെ ഭാരം എന്നുമെന്നും കൂടിക്കൊണ്ടേയിരിക്കുമെന്നതാണു് സത്യം.

സ: ഭാവി തലമുറയെ രൂപപ്പെടുത്തിയെടുക്കുന്ന വിദ്യാഭ്യാസ രംഗത്തും, ജോലികൾക്കു് മാന്യതയും പ്രാധാന്യവും നിശ്ചയിക്കുന്നിടത്തും വിദഗ്ധമായി ആസൂത്രണം ചെയ്തു നടപ്പാക്കിക്കൊണ്ടിരിക്കുന്ന വഞ്ചനയും, ചൂഷണവും എന്നുമെന്നും നിലനിറുത്തിക്കൊണ്ടുപോകാൻ യത്നിക്കുന്ന ഉൽകൃഷ്ടരുടെ പിടിയിൽനിന്നും ഭരണ യന്ത്രത്തിൻെറ സ്റ്റീയറിംഗ് പിടിച്ചു വാങ്ങണം.

ര: മാററങ്ങളുടെ പാതയിൽ കുഴി തോണ്ടുന്നവർതന്നെ മാററങ്ങൾ വരുത്താനുള്ള ആൾക്കാരുമായാൽ പററില്ലല്ലോ.

സ: അവർ ഉണ്ടാക്കിയിട്ടുള്ള കള്ളക്കുഴികളും കുരുക്കുകളും വലകളുമെല്ലാം വളരെ വിദഗ്ധമായി നിർമ്മിക്കപ്പെട്ടവയാണു്. അവയെയും, അവ നിർമ്മിക്കുന്നതിനുപയോഗിക്കുന്ന സൂത്ര പണിശാലകളെയും എന്നെന്നേക്കുമായി തകർത്തുകളയണമെങ്കിൽ കരുത്താർജ്ജിച്ച സംഘടിത ശക്തി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ര: ഏതു വൻ ശക്തിയേയും കുടുക്കിലാക്കി നിഷ്ക്രിയമാക്കാൻ കരുത്തുള്ള അവരുടെ വല ഓർക്കാപ്പുറത്തു വന്നു വീണു് കുടുങ്ങിപ്പോകാതിരിക്കാനും ശ്രദ്ധിക്കേണ്ടതുണ്ടു്.

സ: അതിനുവേണ്ടി ഈ രാജ്യത്തെ വിദ്യാർത്ഥി യുവജനവിഭാഗങ്ങൾ ഒററക്കെട്ടായിനിന്നു് ഒരു കുരുക്ഷേത്ര യുദ്ധം തന്നെ നടത്തേണ്ടിവരും. ആ യുദ്ധത്തിൽ ബന്ധുമിത്രാദികളും വേണ്ടപ്പെട്ടവരുമൊക്കെ അടിയേററു വീണെന്നും വരും. പക്ഷെ നാടിനെ രക്ഷിക്കാൻ മററൊരു മാർഗ്ഗവും അവശേഷിക്കുന്നില്ല.

ര: അതിശക്തമായ ഒരു വിപ്ലവപ്രസ്ഥാനത്തിനു മാത്രമേ ഈ 'ഈജിയൻ' തൊഴുത്തു് വൃത്തിയാക്കാൻ സാധിക്കയുള്ളൂ.

സ: അഭ്യസ്തവിദ്യരായ തൊഴിലില്ലാപ്പട തിരമാലകാംകണക്കടിച്ചുകയറി മനുഷ്യൻ ഇന്നുവരെ കൈവരിച്ച സകല നേട്ടങ്ങളെയും കോട്ടങ്ങളാക്കി മാററുന്നതു് നിസ്സഹായകരായി നോക്കിനില്ക്കാനാണോ മുതിന്നവരുടെ ഭാവം? ശക്തിയുടെ ഉറവിടമായ യുവചൈതന്യത്തെ യുക്തിപൂർവ്വം നല്ലതിലേയ്ക്കുള്ള മാററത്തിൻെറയും ഐശ്വര്യത്തിൻെറയും പാതയിലൂടെ തിരിച്ചുവിട്ടു് സുഖപര്യവസായിയായ ചരിത്രം സൃഷ്ടിക്കുന്നതല്ലേ നല്ലതു്?

ര: തങ്ങളുടെ പഴയ അളവുകോലുകാംകൊണ്ടു് എല്ലാം അളക്കാനും, എല്ലാററിനെയും കുററംപറയാനുമല്ലാതെ മാററങ്ങാം ഉാംക്കൊള്ളാനോ മാററങ്ങാംക്കുവേണ്ടി മുന്നിട്ടിറങ്ങാനോ മുതിന്നവർ തയ്യാറല്ല.

സ: എന്നാൽ മാററങ്ങാം എങ്ങനെ വേണം, എപ്പോാം വേണം എന്നൊക്കെ തീരുമാനിക്കാനുള്ള കുത്തകാവകാശം കൈയടക്കി വച്ചിട്ടുള്ളതു് ഇപ്പോഴും സമൂഹത്തിലെ ഉന്നതതലത്തിലുള്ള പ്രമാണിമാരാണു്. നിലവിലുള്ള ക്രമീകരണങ്ങാം തുടരുന്നതുകൊണ്ടു് അവക്കോ, അവരുടെ വേണ്ടപ്പെട്ടവക്കോ ഒരു ദുരന്തവും സംഭവിക്കയില്ലെന്നകാര്യത്തിൽ ഇക്കൂട്ടർക്കു് യാതൊരു സംശയവുമില്ല. കൂടാതെ, പഴയ ധാരണകളും കീഴ് വഴക്കങ്ങളും എടുത്തുകാട്ടി ന്യൂനപക്ഷമായ ഉൽകൃഷ്ടർക്കു് ഭൂരിപക്ഷമായ 'നികൃഷ്ടരെ' ചൂഷണംചെയ്തു സുഖിക്കാൻ ലഭിച്ചിരിക്കുന്ന സൗകര്യങ്ങാം സ്വയം അറിഞ്ഞുകൊണ്ടു് കൈവെടിയുന്നതും സാധാരണയല്ലല്ലോ.

ര: പക്ഷെ കൂടുതൽ അറിവുനേടിയവരും, സ്വന്തം അവകാശാധികാരങ്ങളെപ്പററി ബോധവാന്മാരുമായ യുവതലമുറ ഈ അനീതിയും, വിവേചനവും വച്ചുപൊറുപ്പിക്കുമോ?

സ: എല്ലാത്തിൻെറയും നാശം കണ്ടതിനുശേഷം മാററത്തെക്കുറിച്ചു ചിന്തിച്ചാൽ മതിയോ? എന്നു് നേരത്തെ ചോദിച്ചതു് ഇക്കാര്യം ഓർമ്മിച്ചുകൊണ്ടാണു്,

ര: മാററങ്ങളെന്നു പറഞ്ഞു് ചില ഉരുട്ടലുകളും, മറിച്ചിടലുകളും നടത്തിയിട്ടു കാര്യമില്ല. മൗലികമായ മാററങ്ങൾ ഉണ്ടാവുകതന്നെ വേണം. മേലാളരുടെ ശക്തിദുർഗ്ഗങ്ങളെ തളർത്തിയാൽ മാത്രമേ ഇതു് സാദ്ധ്യമാകൂ. അവരുടെ കൗശലങ്ങളെയും, കരുതിക്കൂട്ടിയുള്ള നീക്കങ്ങളെയും അതിജീവിക്കുക സ്വാഭാവികമായും, എളുപ്പമായും നടന്നുകൊള്ളുമെന്നു് സങ്കല്പിക്കുന്നതു് ഭീമാബദ്ധമാണു്.

സ: എവിടെയെല്ലാം എപ്പോഴെല്ലാം മാററത്തിനുവേണ്ടിയുള്ള ആഗ്രഹമുണ്ടായിട്ടുണ്ടോ അവിടെയെല്ലാം അപ്പോഴെല്ലാം മാററത്തെ എതൃക്കുന്ന സ്ഥാപിത താല്പര്യക്കാർ എതിരു് നിന്നിട്ടുമുണ്ടു്. പരിവർത്തനത്തിനുള്ള ശ്രമങ്ങൾ ഒരു വശത്തു തുടങ്ങുമ്പോൾ മറുവശത്തു് അവയ്ക്കെതിരായ ശക്തികൾ യോജിച്ചുനിന്നു് പ്രവർത്തിക്കുന്നു. ഇവരാണെങ്കിൽ കൂടുതൽ ശക്തരും, അറിവും, പണവും വിഭവങ്ങളുമെല്ലാം സ്വന്തം വരുതികളുള്ളിലൊതുക്കിയിട്ടുള്ളവരുമാണു്.

മാററങ്ങൾക്കുവേണ്ടി ദാഹിക്കുന്നവർക്കു് നേതൃത്വം കൊടുക്കാനും, ഉപദേശം കൊടുക്കാനും സ്വയം സന്നദ്ധരായി ഇവർ മുന്നോട്ടുവരും. വിശാല ചിന്താഗതിയുടെയും, പാവപ്പെട്ടവരോടുള്ള കടപ്പാടിൻെറയും ചിത്രങ്ങൾ തുന്നിപ്പിടിപ്പിച്ച കുപ്പായങ്ങൾ ഇതിനുവേണ്ടി എടുത്തണിയുകയും ചെയ്യും. ഈ നഴഞ്ഞു കയററത്തിനു് പരുവപ്പെട്ടില്ലെങ്കിൽ നേതൃത്വസ്ഥാനത്തുള്ളവരെ ഇവർ വിലയ്ക്കെടുക്കും. ഈ വലകളിലൊന്നും വീഴാത്ത നേതൃത്വമാണെങ്കിൽ സ്വന്തം അനുയായികൾതന്നെ നേതൃത്വത്തെ വെട്ടിവീഴ്ത്തുന്നതിനാവശ്യമായ കരുക്കൾനീക്കും.

മാനവചരിത്രം പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും. അടിച്ചമർത്തപ്പെട്ടവനു് നന്മവരുത്തുന്നതിനും ചൂഷകരിൽനിന്നു് അവർക്കു് മോചനം നേടിക്കൊടുക്കുന്നതിനുംവേണ്ടി ആരൊക്കെ എപ്പോഴൊക്കെ പ്രവർത്തിച്ചിട്ടുണ്ടോ അപ്പോഴൊക്കെ അവരെയെല്ലാം തോല്പിക്കുന്നതിനും, നശിപ്പിക്കുന്നതിനും ചൂഷകവർഗ്ഗത്തിനു് ഉപകരണമായി ലഭിച്ചിട്ടുള്ളതു് അടിച്ചമർത്തപ്പെട്ടവരെ തന്നെയാണു്. അവരെ ആ രീതിയിൽ ചിന്തിപ്പി

ക്കാനും, സ്ഥാപിത താല്പര്യങ്ങൾക്കെതിരെ ഓങ്ങുന്ന കോടാലി പാവപ്പെട്ടവൻെറ പിടലിയിലേക്കാണു വരുന്നതെന്നു് ചിത്രീകരിച്ചു് അവരെ തെററിദ്ധരിപ്പിക്കാനും ചൂഷകവർഗ്ഗത്തിനു് എല്ലാകാലത്തും സാധിച്ചിട്ടുണ്ടു്.

ശ്രീയേശുവിനെ ക്രൂശിച്ചതും, സോക്രട്ടീസിനു് വിഷംകൊടുത്തതും, നബിയെ കല്ലെറിഞ്ഞതും, ഭഗതു് സിംഗിനെ തൂക്കിലേററിയതുമെല്ലാം സാധാരണക്കാരനെ ആപത്തിൽ നിന്നും രക്ഷിക്കാനായിരുന്നു !

ര: മോചനത്തിൻെറ പാതയിൽ മോചിപ്പിക്കപ്പെടേണ്ടവർ തന്നെ മുള്ളു വച്ചാലെങ്ങനെ ?

സ: അവർ, അറിഞ്ഞുകൊണ്ടു ചെയ്യുന്നതല്ല. മേലാളരും, മേലാളരുടെ എതിരാളികളാണെന്നു് ഭാവിച്ചു് പ്രത്യക്ഷപ്പെടുന്ന നേതാക്കളുംകൂടി പാററിക്കുന്ന പണിയാണിതു്. ചൂഷകവർഗ്ഗത്തിൽനിന്നു് ചൂഷിതരെ രക്ഷിക്കാനെന്ന ഭാവേന വരുന്ന നേതാക്കളൊട്ടുമുക്കാലും വല വീശുകാരനിൽനിന്നു് മത്സ്യങ്ങളെ രക്ഷിക്കാൻ വന്ന കൊക്കിൻെറ വേഷം കെട്ടിയവരാണെന്നു നേരത്തെ പറഞ്ഞുവല്ലോ. ഈ അഭിനവ 'കൊക്കു'കളുടെ കഴുത്തിൽ തുങ്ങുന്ന ഞണ്ടുകളുണ്ടാകുന്നതുവരെ അവരുടെ കപട നാടകങ്ങളും രക്ഷാപ്രവർത്തനങ്ങളും തുടർന്നു കൊണ്ടേയിരിക്കും.

ര: ചൂഷിതവർഗ്ഗം, ഈ കെണികളിലകപ്പെടാത്തവിധം അറിവു് നേടിയവരായാലോ ?

സ: അതു മാത്രമേ ഇതിനൊരു പരിഹാരമായിട്ടുള്ളു. വിദ്യകൊണ്ടു് സ്വതന്ത്രരാകാൻ ശ്രീനാരായണൻ ആഹ്വാനം ചെയ്തതു് ഇക്കാര്യം മനസ്സിൽ കണ്ടുകൊണ്ടു തന്നെയാണു്. അദ്ധ്വാനിക്കുന്നവരും ചൂഷിതരുമായവർഗ്ഗം തങ്ങളുടെ ക്ഷേമവും, മോചനവും, സുരക്ഷിതത്വവുമെല്ലാം മദ്ധ്യവർത്തികളെ ഏല്പിച്ചിട്ടു് ഒടുവിൽ വഞ്ചിതരാകുന്ന ഏർപ്പാടു് ഇനിയെങ്കിലും അവസാനിപ്പിക്കണം. വിദ്യാഭ്യാസംകൊണ്ടു് ഉൽബുദ്ധരായി, പ്രവർത്തനത്തോടൊപ്പം നേതൃത്വവും ഏറെറടുക്കാൻ അദ്ധ്വാനിക്കുന്നവർഗ്ഗം കരുത്താർജ്ജിക്കണം. അതിനു സഹായിക്കുന്ന വിദ്യാഭ്യാസ വിപ്ലവമാണു് ഇവിടെ നടക്കേണ്ടതു്.

ര: വിപ്ലവത്തിനനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. വിപ്ലവംകൊണ്ടുള്ള നേട്ടം നാട്ടിലെ ഭൂരിപക്ഷ വിഭാഗത്തിനായതുകൊണ്ട് അവർ മുഴുവൻ ഇതിൽ സജീവ പങ്കാളിത്തം വഹിക്കണം. വിപ്ലവം അതിൻെറ വിജയത്തിൽതന്നെ പര്യവസാനിക്കുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും മുൻകരുതലുകളും ആവശ്യമാണ്.

സ: പരിവർത്തനത്തിൻെറ ആവശ്യകതയും, വിപ്ലവത്തിൻെറ അനിവാര്യതയും സാധാരണക്കാർ അംഗീകരിക്കണം. ഇക്കാര്യങ്ങളിൽ ബോധവാന്മാരായ വിദ്യാർത്ഥികൾക്ക് ഇതിൽ നിർണ്ണായകമായ പങ്കുവഹിക്കാനുണ്ട്.

ഒരു ചെറിയ വിഭാഗം അദ്ധ്യാപകരെയും മററ് ചില ബുദ്ധിജീവികളെയും സഹായത്തിനു കിട്ടിയെന്നു വരും. ഇക്കാര്യത്തിൽ, മിത്രങ്ങളെയും ശത്രുക്കളെയും നേരത്തേ നേരത്തേ വേർതിരിച്ചറിയേണ്ടതുമുണ്ട്. മിത്രഭാവത്തിൽ പാളയത്തിനകത്തു് കടക്കാൻ ശ്രമിക്കുന്ന ശത്രുവിനെക്കുറിച്ച് കരുതൽവേണം. ലഭ്യമായ എല്ലാ പ്രചരണോപാധികളും പ്രയോജനപ്പെടുത്തി ആളുകളെ വിപ്ലവോന്മുഖരാക്കിയെടുക്കണം.

ര: പക്ഷെ പത്രങ്ങൾ, റേഡിയോ, സിനിമ, ടെലിവിഷൻ തുടങ്ങിയ എല്ലാ പ്രചരണോപാധികളും നിക്ഷിപ്തതാല്പര്യക്കാരായ മേലാളരുടെയും അവരുടെ നിയന്ത്രണത്തിൽ കഴിയുന്ന കാര്യദർശിമാരുടെയും വരുതിയിലാണ്.

ബുദ്ധിജീവികളുടെ കാര്യമാലോചിച്ചാൽ, അവരിൽതന്നെ കുറെപ്പേർ ഉൽകൃഷ്ട വിഭാഗത്തിലുള്ളവരാണ്. ബാക്കിയുള്ളവരിൽ ബഹുഭൂരിപക്ഷവും ഉൽകൃഷ്ടരിൽനിന്നു് അനുകമ്പയും ആനുകൂല്യങ്ങളും പ്രതീക്ഷിച്ചുകഴിയുന്നവരുമാണ്. പ്രമാണിമാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സുഖ സൗകര്യങ്ങളും പ്രത്യേകാനുകൂല്യങ്ങളും അപ്രാപ്യമാണെന്നു കാണുമ്പോൾ മാത്രം ഒച്ചയും ബഹളവും ഉണ്ടാക്കുന്നവരുമുണ്ട്. ഈ പരിതസ്ഥിതിയിൽ പ്രചരണവും സംഘാടനവും മററും എങ്ങനെ ദ്രുതഗതിയിലാകും?

സ: ഇവിടെയാണ് വിദ്യാലയങ്ങളുടെയും, വിദ്യാർത്ഥികളുടെയും പങ്ക് നിർണ്ണായകമായിത്തീരുന്നതു്. ഒരു സന്ദേ

ശം ഒരു ദിവസംകൊണ്ടുതന്നെ സകല വീടുകളിലും എത്തിക്കുന്ന മാഗ്ഗം വിദ്യാത്ഥികളും വിദ്യാലയവുമാണെന്നു പറഞ്ഞാൽ അതൊരു വസ്തുതയാണു്. ഒരു പ്രശ്നം ഒരേസമയം എല്ലാവരും ചിന്തിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനു് വിദ്യാലയവും വിദ്യാത്ഥികളും പോലെ പററിയ മറെറാരു പ്രചരണോപാധി വേറെയുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ജനങ്ങളെ—പ്രത്യേകിച്ചു് സമൂഹത്തിലെ കീഴ്ത്തട്ടിലുള്ള മഹാഭൂരിപക്ഷത്തെ—പരിവത്തനോന്മുഖരാക്കിത്തീക്കാനുള്ള പ്രചരണമാദ്ധ്യമമായി വിദ്യാലയത്തെയും, വിദ്യാത്ഥികളെയും കരുതുന്നതിൽ വലിയ തെററില്ല.

ര: പക്ഷെ, വിദ്യാലയവും വിദ്യാലയ പ്രവത്തനവും ഉൽകൃഷ്ടരുടെ കർശനമായ നിയന്ത്രണത്തിൻകീഴിലാണു്. ശമ്പളം കൊടുക്കുന്നതു മുതൽ ഓലകെട്ടുന്നതുവരെയുള്ള സകല ചെലവും പൊതുമുതലിൽനിന്നു് വഹിക്കുന്ന എഴുപതു ശതമാനത്തിലേറെ വിദ്യാലയങ്ങൾ ഇന്നും 'മാനേജർ' മുതലാളിമാരുടെ സ്വകാര്യ സ്വത്താണു്. ആവശ്യപ്പെടുന്നതനുസരിച്ചു് പണം കൊടുത്തുകൊള്ളണമെന്നല്ലാതെ മററു കാര്യങ്ങളെപ്പററിയൊന്നും ആക്കും ചോദിക്കാനവകാശമില്ലാ. ചോദിച്ചുപോയാൽ ഭരണഘടനാ ലംഘനമാകും!

അദ്ധ്യാപകരുടെ കാര്യമാണെങ്കിൽ, അവരിൽ ബഹുഭൂരിപക്ഷവും സ്വയം മാറുന്നതിനോ, മാററത്തിനനുകൂലിക്കുന്നതിനോ തയ്യാറുള്ളവരുമല്ല.

സ: അതുകൊണ്ടാണു് മാററത്തിനുവേണ്ടിയുള്ള സംഘടിതയത്നം വിദ്യാത്ഥി സമൂഹത്തിൽനിന്നാരംഭിക്കണമെന്നു് നേരത്തേ പറഞ്ഞതു്.

ഉൽകൃഷ്ട വിഭാഗത്തോടൊട്ടിനിന്നു്, അവരുടെ കാവൽഭടന്മാരായി വത്തിച്ചാൽ അനതിവിദൂരഭാവിയിൽ യജമാനന്മാരെപ്പോലെ തങ്ങൾക്കും ഉൽകൃഷ്ടരുടെ പദവിയിലേക്കുയരാൻ കഴിയുമെന്ന മോഹസങ്കല്പത്തിൽ കഴിയുന്ന കുറേയധികം ആൾക്കാരുണ്ടു്. സ്കൂളദ്ധ്യാപകർ എൻ. ജി. ഓ. മാർ, ചെറുകിട കൃഷിക്കാർ, കച്ചവടക്കാർ, ഇതരബുദ്ധിജീവികൾ തുടങ്ങി താണ വരുമാന

ക്കാരും ഇടത്തരക്കാരുമായ ഗണ്യമായ വിഭാഗം ഇവരുടെ സങ്കല്പലോകത്തിൽനിന്നു് ഇവരെയെല്ലാം ഒത്തൊരുമിച്ചു് വിമോചിപ്പിക്കേണ്ടതുണ്ടു്. ഇന്നത്തെ അവരുടെ നിലപാടുമൂലം യഥാൎത്ഥത്തിൽ അവർ മരുമരീചികയെ പിന്തുടരുകയാണു് ചെയ്യുന്നതെന്ന സത്യം പ്രായോഗികതലത്തിൽതന്നെ സ്വയം ബോധ്യപ്പെട്ടുവരുന്നുണ്ടു്. അതിൻെറ വേഗത ഒന്നു വൎദ്ധിപ്പിക്കണമെന്നേയുള്ളു. അദ്ധ്വാനിക്കുന്ന വർഗ്ഗം എല്ലാക്കാലവും അവശതയനുഭവിക്കുന്നവനായിരിക്കണമെന്നും, സുഖവും സൗഭാഗ്യവും ഒരു പ്രത്യേക വിഭാഗത്തിനു മാത്രം വിധിച്ചിട്ടുള്ളതാണെന്നും ആ വിഭാഗം അന്നന്നുള്ള 'ഉൽകൃഷ്ടരാ'യിരിക്കണമെന്നും അവർ മുഴുവൻ മുൻ ഉൽകൃഷ്ടരുടെതന്നെ പിന്തുടർച്ചക്കാരായിരിക്കണമെന്നും കുറേപ്പേർ ഗൂഢമായി വിശ്വസിച്ചംഗീകരിച്ചിരിക്കുന്ന ധാരണ ഇന്നു് അവർ വിചാരിക്കുന്നപോലെ അത്ര ഗൂഢമൊന്നുമല്ലെന്നു് അവൎക്കു് മനസ്സിലാക്കിക്കൊടുക്കണം.

ന്യൂനപക്ഷമാണെങ്കിലും, അധികാരവും പദവിയും സമ്പത്തുമെല്ലാം കൈയടക്കി വച്ചിരിക്കുന്നതു് സമൂഹത്തിലെ പ്രമാണിമാരാണു്. അതുകൊണ്ടു് അവരോടൊട്ടിനില്ക്കുകയും, അവരുടെ കൈയിൽനിന്നു് തെറിച്ചു വീഴുന്നതു് പെറുക്കിയെടുത്തു് കഴിഞ്ഞുകൂടുകയുംചെയ്യുന്നതു് തല്ക്കാലം സുഖമുള്ള കാര്യമായിരിക്കാം. ഏതെങ്കിലും ഒരു കാലത്തു് തങ്ങൾക്കോ തങ്ങളുടെ സന്തതികൾക്കെങ്കിലുമോ ഈ യജമാനന്മാരുടെ പദവി—അതായതു് അദ്ധ്വാനിക്കാതെതന്നെ സമ്പത്തും സുഖസൗകര്യങ്ങളും അനുഭവിക്കാനുള്ള അവകാശം ലഭിക്കുമെന്ന ആഗ്രഹചിന്തയും അവൎക്കുണ്ടായിരിക്കാം. ഭൂരിപക്ഷ വിഭാഗമാണെങ്കിലും ചവുട്ടിത്താഴ്ത്തപ്പെട്ടും, ചൂഷണം ചെയ്യപ്പെട്ടും, കഴിയുന്ന അവശരോടൊത്തു നില്ക്കുന്നതു് ചില വിഷമിഷ്ടങ്ങളും, തല്ക്കാലം ചില ബുദ്ധിമുട്ടുകളും ഉണ്ടാക്കുമെന്നതും സത്യമായിരിക്കാം. പ്രയാസങ്ങളനുഭവിച്ചാലും സ്ഥായിയായ വലിയ നേട്ടങ്ങളുണ്ടാകുമെന്നുറപ്പുവരുത്തുന്നതിനു പകരം നേട്ടം താനേ വന്നുകൊള്ളുമെന്നു് പ്രതീക്ഷിച്ചു് ചുളുവിൽ കഴിയാനാണു് ഇവർ ശ്രമിക്കുന്നതു്.

എന്നാൽ ഇവരും, ഇവരുടെ യജമാനന്മാരോടൊപ്പം തീപ്പന്തത്തിൽ കയറാനുള്ള മാർഗ്ഗത്തിലാണെന്നു് ബോദ്ധ്യപ്പെടുത്തിക്കൊടുത്താൽ പെററിബൂർഷ്വാകളായ ഈ കാവൽഭടന്മാരെ മുഴുവൻ ഇപ്പുറത്തെ പാളയത്തിൽ കൊണ്ടുപോരാനും, മാററത്തിൻെറ ഗതിവേഗം വർദ്ധിപ്പിക്കാനും സാധിക്കും.

രാജ്യത്തിൻെറ ഐശ്വര്യത്തിനും ശക്തിക്കും അടിസ്ഥാനം ഇവിടെ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളാണു്. വിഭവങ്ങളുടെ അളവും, ഗുണവും വർദ്ധിക്കുന്നതിനനുസരിച്ച് ക്ഷേമൈശ്വര്യങ്ങളും വർദ്ധിക്കും. കഠിനാദ്ധ്വാനം മാത്രമാണു് ഇതിനുള്ള ഏക മാർഗ്ഗം. അദ്ധ്വാനിക്കുന്നതിൽ എല്ലാവർക്കും തുല്യബാദ്ധ്യതയും, വിഭവങ്ങളുടെ വിതരണത്തിലും, ഉപഭോഗത്തിലും നീതിപൂർവ്വമായ തുല്യതയും ഉറപ്പുവരുത്തുന്ന ഒരു വ്യവസ്ഥിതിയും സംസ്കാരവും ഉണ്ടായാൽ മാത്രമേ ഭൂരിപക്ഷത്തിൻെറ ക്ഷേമം യാഥാർത്ഥ്യമായിത്തീരുകയുള്ളൂ. മറിച്ചുള്ള ഏതൊരു പ്രചരണവും പ്രവർത്തനവും സാധാരണക്കാരനെ പററിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണു്. ഇവിടെ അടിസ്ഥാനപരമായ മാററങ്ങളുണ്ടായേതീരൂ. പഴയവീഞ്ഞു് പുതിയ കുപ്പിയിലടച്ചതുകൊണ്ടൊന്നും കാര്യമില്ല.

ര: അരശതാബ്ദത്തിനുമുമ്പു് കേരളത്തിൽ മുഴങ്ങിക്കേട്ട കാഹളധ്വനി വീണ്ടും മുഴക്കുന്നതിനും അതനുസരിച്ചു് പ്രവർത്തിക്കുന്നതിനും യുവതലമുറ ഇനി ഒട്ടുംതന്നെ അമാന്തിച്ചുകൂടാ.

'' മാററുവിൻ ചട്ടങ്ങളെ സ്വയം അല്ലെങ്കിൽ........''

സ: അതെ. മാററങ്ങൾ വരണം.

ചൂഷണമില്ലാത്ത അവസ്ഥയാണു് ജനങ്ങളുടെ സ്വാതന്ത്ര്യം. അതുകൊണ്ടു് എന്തു ന്യായം പറഞ്ഞാലും ചൂഷണം എന്നതു് അനുവദിക്കപ്പെടരുതു്. അതിനുള്ള വ്യവസ്ഥിതി ഉണ്ടാകണം'

എല്ലാ അഴിമതികൾക്കും അസമത്വങ്ങൾക്കും മൂലകാരണമായി വർത്തിക്കുന്ന ''സ്വകാര്യ സ്വത്തവകാശം'' എന്ന ദുർഭൂതത്തെ ഈ നാട്ടിൽ നിന്നാട്ടിപ്പായിക്കണം. അതിൻെറ മുന്നോടിയായി എല്ലാ സ്വകാര്യ സ്വത്തിനും പരിധി നിശ്ചയിക്കണം.

രാഷ്ട്രത്തിന്റെ ശരാശരിയുമായി ബന്ധപ്പെടുത്തി വ്യക്തിയുടെ വരുമാനത്തിനും പരിധി നിശ്ചയിക്കണം. സമ്പദ്‌വ്യവസ്ഥയുടെ കടിഞ്ഞാൺ പൊതുനിയന്ത്രണത്തിൻ കീഴിൽ തന്നെയായിരിക്കണം.

കുഞ്ഞുങ്ങളും, വൃദ്ധജനങ്ങളും, രോഗികളുമൊഴികെയുള്ള എല്ലാവർക്കും അദ്ധ്വാനിക്കുന്ന കാര്യത്തിൽ തുല്യ ബാദ്ധ്യതയുണ്ടാകണം. കഠിനാദ്ധ്വാനം കടമയാകണം.

വേലയ്ക്കു മാന്യതയെന്നതു് പ്രായോഗികമാക്കണം എല്ലാ ജോലികൾക്കും തുല്യമാന്യതയും അർഹിക്കുന്ന പ്രാധാന്യവും നല്കണം. വേതന നിരക്കുകളിലും സേവന വ്യവസ്ഥകളിലും അതു് പ്രതിഫലിക്കണം. വിഭവങ്ങളുടെ വിതരണത്തിലും ഉപഭോഗത്തിലും നീതിപൂർവ്വകമായ തുല്യത ഉറപ്പുവരുത്തണം. അതിനു സഹായകമായി ഉല്പാദനം, ശേഖരണം, സംസ്കരണം, വിതരണം എന്നീ മേഖലകളിലെല്ലാം പൊതുനിയന്ത്രണം കടന്നു ചെല്ലണം.

കള്ളപ്പണത്തിന്റെയും കറുത്ത പണത്തിന്റെയും സമാന്തര പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കാൻ അവയെ അവയുടെ ഉത്ഭവ സ്ഥാനത്തുവച്ചുതന്നെ നിർദ്ദയം നശിപ്പിക്കണം.

നല്ലതിലേയ്ക്കുള്ള മാററത്തിനുവേണ്ടി സമൂഹത്തെ തയ്യാറാക്കണം. അതിനുള്ള മുഖ്യോപാധി വിദ്യാഭ്യാസമായതിനാൽ അതിനനുസൃതമായ വിദ്യാഭ്യാസ വിപ്ലവമുണ്ടാകണം. വിദ്യാഭ്യാസം തൊഴിലുന്മുഖവും ഉല്പാദനോന്മുഖവുമാക്കുന്നതിലൂടെ ഓരോ പൗരന്റെയും ലക്ഷ്യവും അതിലേക്കുള്ള മാർഗ്ഗവും വ്യക്തമാക്കപ്പെടണം.

ലക്ഷ്യങ്ങളെക്കുറിച്ചു് സംശയമോ, അവ്യക്തതയോ ഇല്ലാത്ത നേതൃത്വവുമുണ്ടാകണം. എന്തുവന്നാലും ലക്ഷ്യത്തിൽ എത്തിത്തന്നെ തീരണമെന്നുറച്ചവർക്കു് മാർഗ്ഗം സ്വയം വെളിപ്പെട്ടുകിട്ടും.

ര: നാട്ടിലിപ്പോൾ നേതൃത്വങ്ങളുടെ ബാഹുല്യമാണു്. പക്ഷെ അവയിൽ മിക്കതിനും യഥാർത്ഥ മാററങ്ങൾക്കു് നേതൃത്വംകൊടുക്കാനുള്ള കഴിവില്ലെന്നാണു് അനുഭവം തെളിയിച്ചിരിക്കുന്നതു്.

'എന്റെ' എന്നും 'എനിക്കു്' എന്നുമുള്ള വിചാരം തീരെ വ്യജിച്ചവർക്കു മാത്രമേ യഥാർത്ഥ നേതൃത്വത്തിനുള്ള അർഹതയുള്ളൂ.

## 14. നേതൃത്വം

സ: നേതൃത്വങ്ങളെ ഇറക്കുമതി ചെയ്യാൻ നാം ശ്രമിച്ചാൽ അതു് വീണ്ടും പിന്നോട്ടുള്ള പോക്കായി കലാശിക്കും. നമ്മുടെ സാഹചര്യത്തിനു് പററിയ നേതൃത്വം നമ്മുടെ മണ്ണിൽനിന്നുതന്നെ ഉണ്ടാകണം. നിലവിലുള്ള നേതൃത്വങ്ങളെ പാകപ്പെടുത്തിയെടുക്കാനോ, പുതിയവയെ ഇവിടെത്തന്നെ മുളപ്പിച്ചെടുക്കാനോ ശ്രമിക്കയാണു് ശരിയായ രീതി.

ഐശ്വര്യത്തിലേക്കും, സമൃദ്ധിയിലേക്കുമുള്ള മാർഗ്ഗം കഠിനാദ്ധ്വാനത്തിൻേറതാണെന്നതിൽ ആർക്കും തക്കമില്ല. പക്ഷെ കഠിനാദ്ധ്വാനം ആരുടെ ചുമതലയാണു്? അവിടെയാണു് അഭിപ്രായവ്യത്യാസങ്ങളും അവകാശവാദങ്ങളും പൊങ്ങിവരുന്നതു്.

ര: സമൂഹത്തിലെ താഴെത്തട്ടിലുള്ള അസംഘടിതരായവർ കഠിനാദ്ധ്വാനം ചെയ്യണം. അല്ലെങ്കിൽ അവർക്കിന്നുള്ള അരപ്പട്ടിണിയുടെ സ്ഥാനത്തു് മുഴപ്പട്ടിണിയാകും ഫലം.

സമൂഹത്തിൻേറ മുകാംത്തട്ടിലുള്ളവരെ സംബന്ധിച്ചിടത്തോളം അവർക്കു് പട്ടിണിയുടെയും ദാരിദ്ര്യത്തിൻേറയും ഭീഷണിയില്ലാത്തതുകൊണ്ടു് കഠിനാദ്ധ്വാനത്തിൻേറ പ്രശ്നവും ഉദിക്കുന്നില്ല. മററുള്ളവരെക്കൊണ്ടു ദ്ധ്വാനിപ്പിക്കുകയും അതിൻേറ ഫലം സിംഹഭാഗമായി ത്തന്നെ അനുഭവിക്കുകയും മാത്രമാണു് അവരുടെ കടമയായിട്ടുള്ളതു്.

സ: ഇനി, ഈ രണ്ടു വിഭാഗക്കാരുടെയും ഇടയ്ക്കുള്ള ഇടത്തരക്കാരുടെ നിലപാടും ഒരുതരം ചാഞ്ചാട്ടത്തിൻേറതുമാണു്. താഴെത്തട്ടിലുള്ളവരുടെ സഹായ സഹകരണത്തോടെ തങ്ങൾക്കുംകൂടി മുകാംത്തട്ടിലൊരു സ്ഥാനം പിടിച്ചെടുക്കാൻ പററുമോ എന്നാണു് അവരുടെ നോട്ടം.

ര: അവരിൽത്തന്നെ സംഘടിതരായിക്കഴിഞ്ഞവർ അവരുടെ അവകാശങ്ങളെപ്പററി ഉറക്കെ സംസാരിക്കുന്നവരും കടമ

കളെക്കുറിച്ച് മൗനംഭജിക്കുന്നവരുമായിത്തീൎന്നിരിക്കയാണ്. ജോലിചെയ്യുന്നതു് അവരുടെ ഔദാര്യവും, പ്രതിഫലം ലഭിക്കേണ്ടതു് അവകാശവുമായിട്ടാണ് അവർ പ്രഖ്യാപിക്കുന്നതു്.

സ: നേതാക്കളാകട്ടെ, തങ്ങളുടെ സ്വാധീനവലയം ചുരുങ്ങിപ്പോകുമെന്ന ഭയന്നു് അവകാശങ്ങളെപ്പററി ഉച്ചത്തിൽ സംസാരിക്കുന്നവരും കടമകളെപ്പററി മിണ്ടാത്തവരുമായിത്തീൎന്നിരിക്കുന്നു.

പ്രതിപക്ഷത്തായിരിക്കുമ്പോൾ "നിങ്ങൾക്ക് അവശതകളും അവകാശങ്ങളും മാത്രമേയുള്ളുവെന്നു" ഉറക്കെ ഉൽഘോഷിക്കുന്നവർ അധികാരത്തിൽ വരുമ്പോൾ അവകാശങ്ങളെപ്പററി കുറച്ചും, കടമകളെപ്പററി വിശാലമായും സംസാരിക്കുന്നു. അധികാരം കൈവിട്ടുപോയാൽ വീണ്ടും പഴയ പല്ലവി ആവൎത്തിക്കുന്നു.

അദ്ധ്വാനംമാത്രം കൈമുതലായുള്ളവരെ വാക്കുകൾകൊണ്ടു് പ്രലോഭിപ്പിച്ചും, സുഖിപ്പിച്ചും അധികാരവും പദവിയും കൈക്കലാക്കണമെന്നതല്ലാതെ തൊഴിലാളിതാല്പര്യവും, തൊഴിലിനോടുള്ള ബഹുമാനവും നേതാക്കൾക്കാൎക്കും തൊലിക്കപ്പുറം ഇല്ലെന്നതാണ് പരമാൎത്ഥം.

ര: തൊഴിലിൻെറ മാന്യതയിലും, തൊഴിലാളിയുടെ പ്രാധാന്യത്തിലും ആവേശം കൊള്ളുന്നവർ അവയെപ്പററി കവിതയും ഉപന്യാസവും എഴുതുന്നവരെ പ്രോത്സാഹിപ്പിക്കാറുണ്ടു്. പക്ഷെ പ്രായോഗികതലത്തിൽ മാന്യതയും പ്രാധാന്യവും ഉണ്ടാക്കിക്കൊടുക്കാനുള്ള അധികാരവും അവസരവും കൈവന്നാൽ തന്ത്രപൂൎവ്വം മുഖം തിരിച്ചുകളയുകയാണ് അവരുടെ പതിവു്.

സ: ജോലിചെയ്യുന്നവനും, ചെയ്യിക്കുന്നവനും ലഭിക്കുന്ന പ്രതിഫലത്തിൻെറ അന്തരം കുറയ്ക്കാനോ, ജോലിചെയ്യിക്കുന്നവനെക്കാൾ ജോലിചെയ്യുന്നവനാണ് പ്രധാന ഘടകമെന്ന അടിസ്ഥാനവസ്തുത അംഗീകരിക്കാനോ നമ്മുടെ ഒരു നേതാവിനും സന്തോഷമല്ല.

ര: വേലയ്ക്കു് മാന്യതയെന്നതു് വിദ്യാഭ്യാസകാല ജീവിതത്തിലും അതിനുശേഷമുള്ള ലോകജീവിതത്തിലും അംഗീകരിക്കപ്പെട്ടുകതന്നെ വേണം. അതിനു സഹായകമായ

വിദ്യാഭ്യാസരീതിയും അതിലൂടെയുള്ള സാമൂഹ്യപരിവത്തനവുമാണ് നമുക്കാവശ്യമായിത്തീന്നിരിക്കുന്നത്.

സ: വേലക്കു് മാന്യത കല്പിക്കുകയും, തൊഴിലുന്മുഖവും ഉല്പാദനോന്മുഖവുമായ വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം എല്ലാ കുഴപ്പങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുമെന്നു് വിചാരിക്കുന്നതും ശരിയല്ല.

വിദ്യാഭ്യാസം യഥാത്ഥത്തിൽ സ്വയം കണ്ടെത്തലിനുവേണ്ടി സഹായിക്കലാണു്. ഓരോരുത്തരും അവനവൻെറ കഴിവും അഭിരുചിയും സ്വയം മനസ്സിലാക്കുകയും തനിക്കു് പററിയതും സമൂഹത്തിനാവശ്യമുള്ളതുമായ തൊഴിൽ തിരഞ്ഞെടുത്തു് പരിശീലനം നേടുകയും ചെയ്യുന്നതിനുള്ള സാഹചര്യം വിദ്യാലയത്തിൽനിന്നും ലഭിക്കണം. അതോടൊപ്പം തനിക്കും തൻെറ പ്രവത്തനങ്ങൾക്കും സമൂഹ മദ്ധ്യത്തിലുള്ള സ്ഥാനവും പ്രസക്തിയുമെന്താണെന്നും, മാനവരാശിയുടെ ആകെക്കൂടിയുള്ള നന്മയ്ക്കും നിലനില്പിനും തനിക്കെന്തുമാത്രം ബാധ്യതയുണ്ടെന്നും മനസ്സിലാക്കേണ്ടതും വിദ്യാലയത്തിൽ നിന്നു തന്നെയാണു്.

ഭാഷാപണ്ഡിതന്മാരെയും, ശാസ്ത്രജ്ഞന്മാരെയും വിദഗ്ദ്ധതൊഴിലാളികളെയും മററും സൃഷ്ടിച്ചതുകൊണ്ടുമാത്രം വിദ്യാഭ്യാസത്തിൻെറ കടമതീരുന്നില്ല. മനുഷ്യത്വത്തെപ്പററിയും, മാനുഷിക മൂല്യങ്ങളെപ്പററിയും ശരിയായ ധാരണയും, വ്യക്തമായ കാഴ്ചപ്പാടും അവരിലുണ്ടാക്കുക എന്ന കടമയും വിദ്യാഭ്യാസത്തിൻേറതുതന്നെ.

അണുശക്തിയെപ്പററീയും, അതിൻെറ വിപുലമായ സാദ്ധ്യതകളെപ്പററിയും അറിവുനേടുന്ന ശാസ്ത്രജ്ഞന്മാരുൾക്കൊള്ളുന്ന മനുഷ്യ സമൂഹം, മനുഷ്യ ജീവിതത്തെപ്പററിയും മാനുഷികമൂല്യങ്ങളെപ്പററിയും അജ്ഞരാണെങ്കിൽ അതു് രാക്ഷസന്മാരുടെയും പിശാചുക്കളുടെയും ഒരു കൂട്ടമായിത്തീരുമെന്നതിനു് തെളിവു് വത്തമാന കാലത്തിൽതന്നെ നമുക്കു് കാണാൻ കഴിയുന്നു.

ശാസ്ത്രീയ സാങ്കേതിക രംഗങ്ങളിൽ അഭൂതപൂർവ്വമായ പുരോഗതി മനുഷ്യൻ കൈവരിച്ചു. അവൻെറ കര

ങ്ങൾ ഭൂമിയിലെല്ലായിടത്തും മാത്രമല്ല ചന്ദ്രനിലും ഇതരഗോളങ്ങളിലും ചെന്നെത്തിയിരിക്കുന്നു. എന്നിട്ടും ലോകത്തുനിന്നു് പട്ടിണിയും, ദാരിദ്ര്യവും, വ്യാകുലതയും മാറിയിട്ടില്ല. ലോകത്തിലെ പട്ടിണിയും ദാരിദ്ര്യവും മുഴുവനായിത്തന്നെ പരിഹരിക്കാൻ പോരുന്ന വിഭവങ്ങളും മനുഷ്യശേഷിയും, മനുഷ്യന്റെ കഷ്ടപ്പാടുകളും ദുരിതങ്ങളും വർദ്ധിപ്പിക്കാനായിട്ടാണുപയോഗിക്കുന്നതു്.

ശാസ്ത്രീയ സാങ്കേതിക വിജ്ഞാനത്തിന്റെയും, സമ്പത്തിന്റെയും കാര്യത്തിൽ മുൻ പന്തിയിലെത്തിയ രാഷ്ട്രങ്ങൾ ഹിപ്പികളെ സൃഷ്ടിക്കുന്നു.

ചന്ദ്രനിലെത്താനും അണുവിനെ വിഘടിക്കുവാനും അറിവു നേടിയ മനുഷ്യൻ, മനുഷ്യൻ എന്താണെന്നു് അറിയാൻ വിട്ടുപോയി !

അസംതൃപ്തിക്കും, അസമാധാനത്തിനും സംഘട്ടനങ്ങൾക്കും കാരണമുണ്ടാക്കുന്ന നമ്മുടെ ദാരിദ്ര്യവും പട്ടിണിയുമെല്ലാം മാററാൻ വിദ്യാഭ്യാസം തീർച്ചയായും ഉപകരിക്കണം. പക്ഷെ, മനുഷ്യനെന്ന മനോഹര സൃഷ്ടിയെ മനസ്സിലാക്കാനുംകൂടി വിദ്യാഭ്യാസം സഹായിച്ചില്ലെങ്കിൽ അസ്വാസ്ഥതകളും, അസമാധാനവും തുടർന്നും നിലനില്ക്കും.

ര: മൗലികമായ മാററങ്ങളുൾക്കൊള്ളുന്ന ഒരു പുതിയ വിദ്യാഭ്യാസ രീതിയിലേക്കുള്ള പരിവർത്തനം കുട്ടികളെ സംബന്ധിച്ചിടത്തോളം ഒട്ടുംതന്നെ പ്രയാസമുള്ള കാര്യമല്ല. മുൻവിധിയില്ലാതെതന്നെ വിദ്യാലയത്തിൽ പ്രവേശിക്കുന്നവരാണവർ. എഴുതാത്ത കടലാസ്സിൽ എന്തും എഴുതാം. എഴുതിയ കടലാസ്സിലെ എഴുത്തു് മാച്ചു് കളഞ്ഞിട്ടു് വീണ്ടും എഴുതുന്നതാണു് ശ്രമകരം.

സ: അതായതു് വിദ്യാഭ്യാസത്തിൽ മാററങ്ങൾ വരുത്താൻ വിലങ്ങു തടിയായി നില്ക്കുന്നതു് മുതിർന്നവരാണു്. അദ്ധ്യാപകരുൾപ്പെടെയുള്ള മുതിന്നവരെല്ലാംതന്നെ പരിവർത്തനത്തിന്റെ പാതയിൽ തടിവെട്ടിയിടുന്നവരാണു്. മാററത്തിനുവേണ്ടി ആദ്യം അവർതന്നെ സ്വയം മാററ

ത്തിനു വിധേയരാകേണ്ടതുണ്ട്. എന്നാൽ മാററം ഉണ്ടാകുന്നില്ല എന്നു കുററപ്പെടുത്തുന്ന അവർ മാററത്തിൻെറ ആദ്യപടിയായ സ്വയം മാററത്തിനു് ഒട്ടുംതന്നെ തയ്യാറുമല്ല.

പ്രശ്നം അടുത്ത തലമുറയ്ക്കു വിടാമെന്നു വച്ചാൽ, മാററമില്ലാത്ത ഇന്നത്തെ സംവിധാനത്തിൽ കൂടി കടന്നു പോകുന്ന അന്നത്തെ മുതിർന്ന തലമുറയും ഇതേ മനോഭാവംതന്നെ പ്രകടിപ്പിക്കും. എപ്പോഴായാലും മനപ്പൂർവ്വമായ ശ്രമം കൊണ്ടല്ലാതെ മാററം സാദ്ധ്യമല്ല. അതുകൊണ്ടു് പ്രശ്നം ഭാവിയിലേക്കു് നീക്കിക്കൊണ്ടുപോയി ഒരു ഘട്ടത്തിൽ അനിയന്ത്രിതമായി പൊട്ടിത്തെറിക്കാനിടവരുത്തുന്നതിനെക്കാൾ ഇപ്പോൾതന്നെ പരിഹാരമാർഗ്ഗം കണ്ടെത്തുകയാണു് അഭികാമ്യം.

മനുഷ്യത്വം അതിൻെറ പൂർണ്ണതയിൽ മനുഷ്യനിൽ വിളങ്ങാൻ സഹായിക്കുകയാണു് വിദ്യാഭ്യാസത്തിൻെറ ചുമതലയെന്നു നാം കണ്ടല്ലോ.

സാക്ഷരതാ പരിശീലനവും, ജീവിക്കുന്നതിനുള്ള തൊഴിൽ പരിശീലനവും വിദ്യാഭ്യാസത്തിൻെറ ഭാഗങ്ങളാണു്. ലോകത്തെപ്പററിയും മനുഷ്യ സമൂഹത്തെപ്പററിയും തന്നെപ്പററിയും ശരിക്കു് മനസ്സിലാക്കുന്നതും വിദ്യാഭ്യാസത്തിൻെറ ഘടകങ്ങളാണെന്നു് നേരത്തേ പറഞ്ഞുവല്ലോ. ഇതിലോരോ ഘടകത്തിനും അതിൻെറതായ സ്ഥാനമുണ്ടാകണം. ഏതെങ്കിലും ഒന്നു് ആവശ്യത്തിൽ കൂടുതലായാലും മറെറാന്നു് ആവശ്യത്തിനില്ലാതായാലും കുഴപ്പമുണ്ടു്. പീഠത്തിൻെറ കാലു് വിവിധ നീളത്തിലുള്ളവയായാൽ പററില്ലല്ലോ,

ശരിയായ വിദ്യാഭ്യാസം നല്ല മനുഷ്യനെ സൃഷ്ടിക്കും. നല്ല മനുഷ്യൻ സ്നേഹത്തിൻെറയും നന്മയുടെയും ഉടമസ്ഥനായിരിക്കും. ശരിയായ മൂല്യങ്ങളെപ്പററി ബോധമുള്ള, നന്മയുടെയും സ്നേഹത്തിൻെറയും ഉടമകളായ മനുഷ്യരുടെ സമൂഹത്തിനു മാത്രമേ ലോകത്തെ അലട്ടുന്ന പ്രശ്നങ്ങൾക്കു് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ.

അങ്ങനെയുള്ള ഒരു ജനസമൂഹത്തിനും രൂപം നല്കാനും അവരെ നയിക്കാനും കഴിയുന്നവർ ഉണ്ടാകണം.

അതിന്നു പററിയ ഒരു മാതൃക ആവശ്യമാണു്. മഹനീയമായ ആ മാതൃകയാണു് ശ്രീനാരായണഗുരു. എന്നാൽ ഇന്നത്തെ നമ്മുടെ സ്ഥിതിയെന്താണു്? ലക്ഷ്യത്തെപ്പററിയോ മാൎഗ്ഗത്തെപ്പററിയോ ശരിയായ കാഴ്ചപ്പാടില്ലെന്നതോ പോകട്ടെ. തത്വദീക്ഷയില്ലായ്മയും, ആദർശസ്ഥിരതയില്ലായ്മയും, അഴിമതിയും അനീതിയും സ്വജനപക്ഷപാതവും കൈമുതലായി കൊണ്ടുനടക്കുന്നവർ നായകസ്ഥാനത്തു വന്നാൽ സമൂഹം എങ്ങനെ മാറാനാണു്? നല്ലതിലേയ്ക്കുള്ള പരിവൎത്തനം എങ്ങനെ വരാനാണു്?

ഭൗതികമായ സുഖസൗകര്യങ്ങളും സമ്പത്തുമൊക്കെ നേടുന്നതാണു് പരമമായ ലക്ഷ്യമെന്നു് കരുതിയിരിക്കുന്നവർ നയിക്കുന്ന സമൂഹവും വ്യത്യസ്ഥമായ മറെറാരു ലക്ഷ്യത്തെക്കുറിച്ചു് ചിന്തിക്കാനിടയില്ല. ആവശ്യത്തിലേറെയുള്ള ഭൗതിക സമ്പത്തും പണവും സമ്പാദിച്ചുകൂട്ടുന്നതിന്നുവേണ്ടി ആളുകൾ എന്തു ഹീനമാൎഗ്ഗവും സ്വീകരിക്കാൻ പരക്കംപായുന്നതും അത്തരം നേട്ടങ്ങളുണ്ടാക്കുന്നവർക്കു് അംഗീകാരവും ബഹുമാനവും ലഭിക്കുന്നതും നാം സാധാരണ കാണുന്ന കാര്യങ്ങളാണു്.

ര: അങ്ങനെയാണെങ്കിൽ ഭൗതിക സമ്പത്തിലും ഐഹിക സുഖങ്ങളിലും വിരക്തിയുള്ളവൎക്കു മാത്രമേ നേതൃത്വസ്ഥാനത്തിനർഹതയുള്ളൂ എന്നുവരും.

സ: പരമമായ സത്യംകണ്ടെത്തുകയും, ഇപ്രപഞ്ചമാകെത്തന്നെ ആ സത്യത്തിന്റെ വികല്പരൂപങ്ങളും, വികാരരൂപങ്ങളുമാണെന്നു് മനസ്സിലാക്കുകയുംചെയ്യുവൎക്കു മാത്രമേ അത്തരമൊരു വിരക്തി സമ്പാദിക്കാനൊക്കുകയുള്ളൂ. ഭൗതികമായ സുഖൈശ്വര്യങ്ങളോടു് ഒരുതരം നിസ്സംഗത തന്നെ നേതൃ സ്ഥാനത്തിരിക്കുന്നവൎക്കുണ്ടാകണം.

ര; നേതാക്കളെല്ലാം സന്യാസിമാരായിരിക്കണമെന്നാണോ പറഞ്ഞുവരുന്നതു്?

സ: ഒരർത്ഥത്തിൽ, നേതാക്കളെല്ലാം സന്യാസിമാരായിരിക്കണമെന്നുതന്നെ പറയാം. പുറമേയുള്ള സന്യാസിവേഷമല്ല ഇവിടെ ഉദ്ദേശിക്കുന്നതു്.

പ്രപഞ്ചരഹസ്യം സ്വയം കണ്ടെത്തിയ യോഗീശ്വരന്മാരുടെ കാര്യത്തിൽ ഭാരതം സമ്പന്നയാണു്. യോഗീ

ശ്വരന്മാർ സത്യമെന്തെന്നു് സ്വയം കണ്ടെത്തുകയും, ആ നിലയിൽ ലോകത്തെ വീക്ഷിക്കുകയും ചെയ്തു. തങ്ങളെ മൂടിയിരിക്കുന്ന അജ്ഞാനമാകുന്ന കരിമ്പടം വലിച്ചെറിഞ്ഞു് ജ്ഞാനത്തിന്റെ പ്രകാശത്തിലേക്കു് കടന്നു ചെല്ലാൻ അവർ ജനങ്ങളെ ആഹ്വാനം ചെയ്തു. സാധാരണക്കാരനു് ഇതിന്റെ പൊരുളം ദുർഗ്രഹമായി തോന്നിയതിൽ അത്ഭുതപ്പെട്ടിട്ടുകാര്യമില്ല. ഭൗതികമായതെല്ലാം നിരസിച്ചാലേ യഥാർത്ഥ സുഖവും ശാന്തിയും കൈവരിക്കാനൊക്കുകയുള്ളുവെന്നു് പൊടുന്നനെ പറഞ്ഞാൽ സാധാരണക്കാരനായ ഒരുവനു് അതെങ്ങനെ ദഹിക്കും ?

അതുപോലെ ജീവിത രഹസ്യമെന്തെന്നറിയാതെ, ഭൗതികമായതെല്ലാം തന്നെയാണു് പരമമായ സത്യമെന്നും, അവ എത്രത്തോളം കൈയടക്കാമോ അത്രത്തോളം കൈയടക്കുന്നതാണു് സാമർത്ഥ്യമെന്നും വിശ്വസിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്യുന്ന നേതൃത്വങ്ങളും നമുക്കു് സുലഭമായുണ്ടു്.

ആദ്യം പറഞ്ഞ വിഭാഗത്തിലുള്ളവർ, അവർ കയറിയെത്തിയ അത്യുന്നത തലങ്ങളിൽതന്നെ നിലയുറപ്പിച്ചു. താഴോട്ടു, സാധാരണക്കാരന്റെ ഇടയിലേയ്ക്കു് ഇറങ്ങി വരുന്നതിനോ, അവരുടെയിടയിൽ ജീവിച്ചു് അവരുടെകൂടി നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനോ അവർ തയ്യാറായില്ല. . അതുകൊണ്ടു് സുഖവും ശാന്തിയുമെല്ലാം സ്വന്തമായി അനുഭവിച്ചു് മരിക്കാൻ അവർക്കു കഴിഞ്ഞുവെന്നല്ലാതെ സാധാരണക്കാരനുംകൂടി അതിലല്പം വല്ലതും ലഭിക്കാനുള്ള മാർഗ്ഗം തുറന്നു കിട്ടിയില്ല.

രണ്ടാമതു പറഞ്ഞ വിഭാഗത്തിലുള്ളവർ അനുയായികളോടൊപ്പം, സത്യമെന്തെന്നറിയാതെ സത്യത്തിന്റെ നിഴലിനെ പിന്തുടരുകയും, നിഴലിനെ പിടിക്കാൻ ശ്രമിക്കുന്ന കൊച്ചുകുട്ടികളുടെ അനുഭവത്തിൽപെട്ടു് ശാന്തിയും സമാധാനവുമില്ലാതെ ഉഴറുകയും ചെയ്യുന്നു. ഇവിടെ, അനുയായികളോടൊപ്പം നേതൃത്വവും അജ്ഞാനികളോ അല്പജ്ഞാനികളോ ആയതുകൊണ്ടു് കരകയറുക എന്നതു് അസാദ്ധ്യമായിത്തന്നെ തുടരുന്നു.

ഈ ഒരു ദുഃസ്ഥിതിക്കു് പരിഹാരമുണ്ടാക്കാൻ നമുക്കു് ലഭിച്ച നേതൃത്വമാണു് ശ്രീനാരായണൻ. മനുഷ്യൻ എന്താണെന്നും, എന്തിനാണെന്നും സംശയരഹിതമായി മനസ്സിലാക്കിയ ശ്രീനാരായണൻ സ്വയം പൂർണ്ണതപ്രാപിച്ച മനുഷ്യനായിരുന്നു.

അന്ധവിശ്വാസങ്ങളിൽനിന്നും, അജ്ഞതയിൽ നിന്നും സ്വതന്ത്രനാക്കി, വിപ്ലവകരമായ മാററങ്ങളുംകൊള്ളാൻ അവശതയനുഭവിക്കുന്നവനെ പ്രാപ്തനാക്കിയതോടൊപ്പം അവൻെറ കടമയെപ്പററി പ്രത്യേകം എടുത്തു പറയാനും ഗുരു ശ്രദ്ധിച്ചിരുന്നു.

'അയലു് തഴപ്പതിനായതി പ്രയത്നം
നയമറിയും നരനാചരിച്ചിടേണം' എന്നു് അദ്ദേഹം കടമയെപ്പററി ഓർമ്മിപ്പിച്ചു.

ര: പക്ഷെ, 'സ്വന്തം വീടു് തഴപ്പതിന്നായതി പ്രയത്നം
നയമറിയും നരനാചരിച്ചിടേണം' എന്നതു് നയമായി സ്വീകരിച്ചിരിക്കുന്ന നേതാക്കൾക്കു് ഗുരുവിൻെറ ആശയം ഉൾക്കൊണ്ടു പ്രവർത്തിക്കാൻ എങ്ങനെ കഴിയും?

സ; എന്തെല്ലാം ന്യായങ്ങളും, സാധൂകരണങ്ങളും എടുത്തു കാട്ടിയാലും, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാനുണ്ടാക്കിവച്ചിട്ടുള്ള എല്ലാ പഴുതുകളും ഇല്ലാതാക്കണമെന്നതായിരുന്നു ശ്രീനാരായണൻെറ ലക്ഷ്യം. സമത്വാധിഷ്ഠിതമായ ഒരു ക്രമീകരണമുണ്ടാവാതെ രാജ്യത്തിൻെറ മൊത്തത്തിലുള്ള ക്ഷേമവും ശാശ്വതസമാധാനവും പ്രതീക്ഷിക്കവെയ്യാ. ജാതിയുടെയും മതത്തിൻെറയുംപേരിൽ ചൂഷണം നടത്തുന്നതിനും, അസമത്വം നിലനിറുത്തുന്നതിനും ചില ശക്തികൾ യത്നിക്കുന്നതാണു് ശ്രീനാരായണൻ ഇവിടെ കണ്ടതു്. അതുകൊണ്ടു് ജാതിപ്പിശാചിനെതിരെ ശ്രീനാരായണൻ തൻെറ പടവാളുയർത്തി. ''ജാതിഭേദം, മതദ്വേഷം, ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാക്കി'' നാടിനെ ഉയർത്താൻ അദ്ദേഹം പരിശ്രമിച്ചു. ''ജാതി ചോദിക്കരുതു്, പറയരുതു്, ചിന്തിക്കരുതു്'' എന്നദ്ദേഹം വിലക്കി.

ജാതിയും മതവും ഏതായാലും മനുഷ്യൻെറ നില മെച്ചപ്പെടണമെന്നതായിരുന്നു ശ്രീനാരായണൻെറ കർമ്മ പരിപാടികളുടെ പ്രധാന ലക്ഷ്യം.

ര: ചൂഷണത്തിനും അനീതിക്കും താങ്ങായിവർത്തിക്കുന്നി ല്ലെങ്കിൽ ജാതി ഉണ്ടെങ്കിലെന്തു്? ഇല്ലെങ്കിലെന്തു്? ഓരോ ആളിനും ഓരോ പേരു് ഉള്ളതുപോലെ ഓരോരു ത്തർക്കും ഓരോ ജാതിയായാൽപോലും കുഴപ്പമില്ല.

സ: പക്ഷെ, ഗുരുവിൻെറ യഥാർത്ഥലക്ഷ്യം മനസ്സിലാക്കി യവർ ചുരുക്കമായിരുന്നു. ഗുരുവിനെ മനസ്സിലാക്കി യെന്നു് അഭിമാനിക്കുന്നവരും, ഗുരുവിൻെറ ശിഷ്യത്വം സ്വീകരിച്ചവരുമൊക്കെ സ്വന്തം ജാതിപ്പേരുപേക്ഷിച്ചും മററുമാണു് ഗുരുവചനത്തെ മാനിക്കുന്നതായി കാണു ന്നതു്. എന്നാൽ ചൂഷണവും, ജാതിജന്യങ്ങളായ മററ നീതികളും തുടന്നു് പ്രവർത്തിക്കുന്നതിലോ, മററുള്ളവർ അതു ചെയ്യുന്നതംഗീകരിക്കുന്നതിലോ വലിയ അപാ കതയൊന്നും ഇവർ കാണുന്നുമില്ല.

ചൂഷണത്തിനറുതിവരുത്താനും, അസമത്വങ്ങൾ ഇല്ലായ്മ ചെയ്യാനും വേണ്ടി അന്ധകാരത്തിലും, അന്ധ വിശ്വാസങ്ങളിലും ആണ്ടുകിടന്നിരുന്ന ഒരു വലിയ ജന സമൂഹത്തെ വെളിച്ചത്തിലേക്കു് നയിക്കുന്നതിനായി രുന്നു ശ്രീനാരായണൻെറ ശ്രമം.

അനീതികളെ എതിർക്കുന്നതിനും, ചട്ടങ്ങളെ മാററു ന്നതിനും സംഘടിത ശക്തിക്കുള്ള കഴിവു് പ്രായോഗിക തലത്തിൽ കണ്ടു ബോദ്ധ്യപ്പെടാനുള്ള സാഹചര്യവും അദ്ദേഹം ഉണ്ടാക്കിക്കൊടുത്തു. സ്വയം, സത്യ സാക്ഷാ ത്കാരം നേടുകയും, സത്യം ഒന്നേയുള്ളുവെന്നു് സ്വാനു ഭവത്തിലൂടെ മനസ്സിലാക്കുകയും, മനുഷ്യനും മററുമുൾപ്പെ ടുന്ന ഈ പ്രപഞ്ചം മുഴുവൻ ആ "ഒന്നി"ൻെറ വിവിധ ഭാവങ്ങളാണെന്നു് സംശയരഹിതമായി ഗ്രഹിക്കുകയും ചെയ്യെങ്കിലും സാധാരണ മനുഷ്യനേയും അവൻെറ പ്രശ്ന ങ്ങളെയും അവഗണിക്കാനോ ചെറുതാക്കിക്കാണാനോ ശ്രീനാരായണൻ തയ്യാറായില്ല. മറേറതൊരു യോഗീ ശ്വരനിൽനിന്നും, നേതാവിൽനിന്നും വ്യത്യസ്ഥനായി ശ്രീനാരായണനെ ഉയർത്തിനിറുത്തുന്നതു് അദ്ദേഹത്തി ൻെറ ഈ പ്രവർത്തന ശൈലിയാണു്.

ജീവിതരഹസ്യം കണ്ടെത്തിയവർക്ക് സമ്പത്തും സുഖൈശ്വര്യങ്ങളും ഒരു പ്രശ്നമേയല്ല. എന്നാൽ അല്പ ജ്ഞാനികളായും, അജ്ഞാനികളായും ജീവിക്കുകയും മരിക്കുകയും ചെയ്യുന്ന മററെല്ലാ മനുഷ്യരെയും സംബന്ധിച്ചിടത്തോളം അവയൊക്കെത്തന്നെയാണ് ജീവൽപ്രധാനം.

ര: ഈ കാഴ്ചപ്പാടിലൂടെ നോക്കിയാൽ അജ്ഞാനം അതിന്റെ പാരമ്യതയിൽതന്നെ കുടികൊള്ളുന്നവരുടെ കൂട്ടത്തിൽ ഇവിടത്തെ പ്രമാണിമാരും നേതാക്കളും മററും ഉൾപ്പെടുന്നതായി കാണാൻ പ്രയാസമില്ല. കുരുടനെ പൊട്ടനായ കുരുടൻ നയിക്കുന്ന സ്ഥിതിവിശേഷമാണിവിടെയുള്ളതു്.

സ: അജ്ഞാനികളെ മുഴുവൻ ജ്ഞാനികളുടെ പദവിയിലേക്കുയർത്തുകയാണു് നമ്മുടെ പരമമായലക്ഷ്യം. അതിനു് വളരെയേറെ കാലമെടുക്കുമെന്നതും ഒരു വസ്തുതയാണു്. അതുകൊണ്ടു് ഈ അന്തരാളഘട്ടത്തിൽ അജ്ഞാനത്തിന്റേതായ കാഴ്ചപ്പാടിൽതന്നെ കാര്യങ്ങൾ കാണേണ്ടതുണ്ടു്.

ര: ഒന്നാം ക്ലാസ്സിൽ വന്നുചേരുന്ന കൊച്ചുകുട്ടികളെ പഠിപ്പിക്കാൻ തുടങ്ങുന്ന അദ്ധ്യാപകൻ, കുട്ടികളുടെ കാഴ്ചപ്പാടിലൂടെ കാര്യങ്ങൾ കാണാൻ ശ്രമിക്കുന്നതുപോലെ, അല്ലേ ?

സ: അതെ. എന്നാൽ നേതാവുതന്നെ അല്പ ജ്ഞാനിയോ അജ്ഞാനിയോ ആയിരിക്കുകയും അതിന്റെ ഫലമായുണ്ടാകുന്ന അത്യാഗ്രഹത്തിനും അഹങ്കാരത്തിനുമൊക്കെ അടിമപ്പെടുകയും ചെയ്താലോ.

ര: ഭൗതികസമ്പത്തും, സുഖസൗകര്യങ്ങളും സ്വന്തമാക്കുന്നതിലായിരിക്കും അയാളുടെ ശ്രദ്ധ മുഴുവൻ. തന്റെ സന്തതികൾക്കും ബന്ധുജനങ്ങൾക്കും നേട്ടമുണ്ടാക്കിക്കൊടുക്കുന്നതിനു മാത്രമേ അയാൾക്കു് സമയം കാണുകയുള്ളു.

സ: നാടിന്റെ പുരോഗതി ജനസാമാന്യത്തിന്റെ പ്രയത്നത്തെ ആശ്രയിച്ചിരിക്കുന്നു. പ്രവൃത്തി ചെയ്യുന്നതിനുള്ള അവരുടെ ആത്മാർത്ഥതയും ആവേശവും രാഷ്ട്ര പുനഃനിർമ്മാണത്തിലെ നിർണ്ണായക ഘടകങ്ങളാണു്. ഭൗതികമായ

സ്വത്തുക്കളെക്കൊണ്ടുള്ള പ്രചോദനമില്ലാതെ സാധാരണക്കാരനെക്കൊണ്ട് ഒരു കാര്യവും ചെയ്യിക്കാൻ കഴിയുകയില്ലെന്നതും സത്യമാണ്. എന്നാൽ നേതാവിനും ഇത്തരം താഴ്ന്ന തരത്തിലുള്ള പ്രചോദന വസ്തുക്കൾ കൊണ്ടു മാത്രമേ പ്രവത്തിക്കാവുകയുള്ളുവെന്നു വന്നാൽ നേതാവു് നയിക്കുകയും അനുയായികൾ പിന്നിൽനിന്നു പ്രവത്തിക്കുകയും ചെയ്യുന്നസ്ഥിതി മാറും. നേതാവും അനുയായികളും തമ്മിൽ മത്സരവും മൽപിടിത്തവും ആരംഭിക്കുകയായിരിക്കും ഫലം.

ര: ഇന്നു് ഇവിടെ നടക്കുന്നതു് അതുതന്നെയാണു്. ഭൗതിക സമ്പത്തും സുഖഭോഗങ്ങളും കുന്നുകൂട്ടിവച്ചു് സ്വന്തമായനുഭവിച്ചാൽ ശാശ്വതമായ സുഖവും സംതൃപ്തിയും ശാന്തിയും ലഭിക്കുമെന്നു വിശ്വസിക്കുന്ന അല്പജ്ഞാനികളായ നേതാക്കളും, അതേതരക്കാരോ അതിലും കുറഞ്ഞ തരക്കാരോ ആയ സാധാരണക്കാരും തോളോടു്തോൾ നിന്നു് സഹകരിച്ചും ചിലപ്പോൾ പരസ്പരം മത്സരിച്ചും സ്വത്തു് സമ്പാദിക്കുന്ന യത്നത്തിലാണു്. അതിനു വേണ്ടി എന്തനീതിയും, ഏതു് സാഹസവും പ്രവർത്തിക്കുന്നതിൽ യാതൊരപാകതയും അവരാരുംകാണുന്നുമില്ല. പക്ഷെ ഇതുകൊണ്ടു് അവരാരെങ്കിലും സ്വയം സന്തോഷമുള്ളവരോ, സംതൃപ്തിയും ശാന്തിയുമുള്ളവരോ ആയിത്തീരുന്നില്ലെന്നു മാത്രമല്ല മററുള്ളവക്കു് തീരാത്ത ദുരിതങ്ങളുമുണ്ടാക്കിവയ്ക്കുന്നു.

സ: ഇതിനൊരു പരിഹാരമാണു് ശ്രീനാരായണന്റെ നേതൃത്വം. പ്രപഞ്ചരഹസ്യം സ്വാനുഭവത്തിലൂടെ കണ്ടെത്തിയ മഹാന്മാർക്കുമാത്രമേ നേതൃത്വം അവകാശപ്പെടാനുള്ള അർഹതയുള്ളൂ. അവക്കുമാത്രമേ ഫലപ്രദമായി ലോകസംഗ്രഹം നടത്താനും, പ്രശ്നങ്ങളുടെ ശരിയായ പരിഹാരത്തിലേക്കു് ജനതയെ നയിക്കാനും കഴിയുകയുള്ളൂ.

ഏററവും വലിയ ശക്തിയായി സ്നേഹത്തെ അംഗീകരിക്കുകയും "സ്നേഹമാണഖിലസാരമൂഴിയിൽ'' എന്നു് വിശ്വസിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്ത ശ്രീനാരായണന്റെ ശിഷ്യത്വത്തിനുമാത്രമേ ലോകത്തിലെ

വലുതും ചെറുതുമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ.

ലോകത്തെ മുഴുവൻ അലട്ടുന്ന വൻ പ്രശ്നങ്ങളുടെയെല്ലാം മൂലകാരണം കണ്ടെത്തുകയും ആ കാരണത്തിൻെറ ഉന്മൂലനാശം വരുത്തുന്നതിനാവശ്യമായ പ്രവൃത്തിമാർഗ്ഗം കാട്ടിക്കൊടുക്കുകയും ചെയ്ത ശ്രീനാരായണൻ കേരളത്തിൽ ജനിക്കുകയും ജീവിക്കുകയും ചെയ്തതു് കേരളത്തിൻെറ നാമത്തെ വിശപ്രസിദ്ധമാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

രാഷ്ട്രീയമായി അസ്വതന്ത്രരായിരുന്ന ജനതകൾ സ്വാതന്ത്ര്യം നേടിയെടുത്തതിനു ശേഷവും തമ്മിൽ തമ്മിൽത്തന്നെ യുദ്ധം ചെയ്യുകയും കഴുത്തറുക്കുകയും ചെയ്യുന്നു.

സ്വാതന്ത്ര്യത്തിൻെറ ജന്മ സ്ഥലമെന്നു് വിശേഷിപ്പിക്കപ്പെടുന്ന നാടുകളിൽ, സ്വാതന്ത്ര്യ പ്രതിമകളെയും പ്രഖ്യാപനങ്ങളെയും സാക്ഷി നിറുത്തിക്കൊണ്ടുതന്നെ അടിമത്തം വച്ചു പുലർത്തുന്നു.

സമാധാനത്തെയും ശാന്തിയേയും സാക്ഷിനിറുത്തിക്കൊണ്ടു് മഹായുദ്ധങ്ങൾ പ്രഖ്യാപിക്കപ്പെടുന്നു. പുരോഗമനത്തെ സാക്ഷിയാക്കിക്കൊണ്ടു് മനുഷ്യൻ കാടത്തത്തിലേക്കു് കുതിച്ചു പായുന്നു.

ശാസ്ത്രീയവും സാങ്കേതികവുമായ വിജ്ഞാന വർദ്ധനവിൻെറ തെളിവുകളായി ശോഭിക്കുന്ന സ്മാരകങ്ങൾക്കു ചുററും ആളുകൾ ചിത്തഭ്രമം ബാധിച്ചവരെപ്പോലെ അലഞ്ഞുതിരിയുന്നു.

ഒരു ഭാഗത്തു് വിശപ്പും ദാരിദ്ര്യവും സഹിക്കവയ്യാതെ മനുഷ്യൻ മനുഷ്യനെ കടിച്ചു കീറാനൊരുങ്ങുന്നു.

വേറൊരു ഭാഗത്തു് സമ്പത്തിൻെറ മത്തുപിടിച്ചു് മനുഷ്യൻ മനുഷ്യനെ ഞെരിച്ചു കൊല്ലാൻ ശ്രമിക്കുന്നു. അമേരിക്കയിലെ നീഗ്രോ, സ്വന്തം ജന്മനാട്ടിൽ പീഡിപ്പിക്കപ്പെടുന്ന അടിമയാണിന്നും.

ആഫ്രിക്കയുടെ യഥാർത്ഥ സന്തതികളായ കറുത്ത വർഗ്ഗം വെളുത്തവരുടെ ചാട്ടവാറടി ഏററുകൊണ്ടുതന്നെ ഇന്നും ജീവിക്കുന്നു.

വിയററ്നാമിലെ സ്ത്രീകളും കുഞ്ഞുങ്ങളും, പൗരന്മാരുമെല്ലാം ഭീകരമായി കൊലചെയ്യപ്പെടുന്നു.

ബംഗ്ലാദേശിൽ മനുഷ്യൻ മനുഷ്യനേയും മനുഷ്യത്വത്തെത്തന്നെയും ചവിട്ടിമെതിച്ചത് ഈ അടുത്ത കാലത്തു മാത്രമാണ്.

വൻരാഷ്ട്രങ്ങൾ ചെറുരാഷ്ട്രങ്ങളെ ഭീഷണിപ്പെടുത്തുന്നു. വൻ രാഷ്ട്രങ്ങൾ തമ്മിൽ തമ്മിൽതന്നെ മുരളുകയും അമറുകയും ചെയ്യുന്നു. ആഗോളമായി അസമാധാനം നീറിപ്പുകയുന്നു.

ജാതിയുടെയും മതത്തിൻെറയും നിറത്തിൻെറയും പേരിൽ മനുഷ്യൻ മനുഷ്യനെ ജീവനോടെ ചുട്ടെരിക്കുകയും, വെട്ടിക്കൊല്ലുകയും ചെയ്യുന്നു.

സ്വതന്ത്രഭാരതത്തിലെ സ്വതന്ത്രപൗരൻ ജാതിയുടെയും മതത്തിൻെറയും പ്രദേശത്തിൻെറയും പേരിലും സാമ്പത്തികവും സാമൂഹ്യവുമായ അസമത്വങ്ങളുടെ പേരിലും കടുത്ത അവഗണനകൾക്കിരയാകുന്നു.

എല്ലാമെല്ലാം നടക്കുന്നതു് മനുഷ്യന് സ്വാതന്ത്ര്യവും, സൗഭാഗ്യവും, ശാന്തിയും സമാധാനവും പ്രദാനം ചെയ്യാനാണത്രെ!

ഇതിൻെറയെല്ലാം അടിയിൽ പ്രവർത്തിക്കുന്നതാണെങ്കിൽ മനുഷ്യനും!

മനുഷ്യൻെറ ബുദ്ധി വഴി തെററാതിരിക്കുന്നതിനും, അവൻെറ വഴി ശരിയായ ലക്ഷ്യത്തിലേയ്ക്കുള്ളതുതന്നെയായിരിക്കുന്നതിനും സഹായിക്കാൻ അത്യുന്നത നേതൃത്വങ്ങൾക്കു മാത്രമേ കഴിയൂ. അത്തരം മഹത്തായ നേതൃത്വമാണ് ശ്രീനാരായണനിൽ നമുക്ക് കാണാൻ കഴിയുക.

മനുഷ്യൻ അവൻെറ പൂർണ്ണതയിലെത്തിയാൽ എന്താകുമെന്നും എങ്ങനെയായിരിക്കുമെന്നും സ്വയം

സാക്ഷാത്കരിച്ചു മനസ്സിലാക്കിയ മഹാനായിരുന്നു ശ്രീനാരായണൻ.

മനുഷ്യന്റെ ജീവിതവും, എല്ലാവിധ പരിശ്രമങ്ങളും ഏതൊരു ലക്ഷ്യത്തിലെത്താൻ വേണ്ടിയുള്ളതാണോ ആ ലക്ഷ്യത്തിൽ സ്വയം എത്തിച്ചേരുകയും, പരമമായ ആ സത്യത്തെ സാക്ഷാത്കരിക്കയും ചെയ്തു് ജീവിതരഹസ്യം എത്രയും സ്പഷ്ടമായി മനസ്സിലാക്കിയ മഹാനാണു് ശ്രീനാരായണൻ.

ആ ശ്രീനാരായണ ചൈതന്യത്തിനു മാത്രമേ ജീവിത സാഗരത്തിൽകിടന്നു് കൈയും കാലുമിട്ടടിച്ചു് കഷ്ടിച്ച് പൊങ്ങിക്കിടക്കാൻ ശ്രമിക്കുന്ന മനുഷ്യരാശിയെയും അവരെ രക്ഷിക്കാമെന്നുള്ള വാഗ്ദാനവുമായി അതേ സാഗരത്തിൽ ലക്ഷ്യമില്ലാതെ അവരുടെ മുമ്പിൽ നീന്തിക്കൊണ്ടിരിക്കുന്നവരെയും യഥാർത്ഥത്തിൽ അടുക്കേണ്ടകരയിൽ അടുപ്പിക്കാൻ കഴിയുകയുള്ളു.

വിശക്കുന്നവൻ ആഹാരത്തിലും, അടിമത്തച്ചങ്ങലയണിഞ്ഞവൻ മോചനത്തിലും, അനീതിക്കിരയായവൻ നീതിയിലും, ദുഃഖത്തിലാഴ്ത്തപ്പെട്ടവൻ സുഖത്തിലുമാണു് തന്റെ സ്വർഗ്ഗം കണ്ടെത്തുന്നതെന്ന വസ്തുത, യഥാർത്ഥ സ്വർഗ്ഗം എന്താണെന്നറിഞ്ഞ ശ്രീനാരായണൻ കണക്കിലെടുത്തിരുന്നു.

പരമമായ ലക്ഷ്യമെന്തന്നറിയുന്ന യോഗീശ്വരന്മാരെയും, അതറിയാൻ കെല്പില്ലാത്ത ആധുനിക നേതാക്കളെയും അതിശയിച്ചുകൊണ്ടു് ശ്രീനാരായണൻ ഉയർന്നു പ്രകാശിക്കുന്നതു് ഇതുകൊണ്ടാണു്.

ര: ഫലപ്രദമായും, സത്വരമായും മാററങ്ങൾ ഉണ്ടാകണമെന്നതിനെക്കാൾ മാററം, മാററം എന്നു പറഞ്ഞു് ഒച്ചപ്പാടുണ്ടാക്കുകയും കൈയടിവാങ്ങുകയും അധികാരസ്ഥാനങ്ങളിൽ കയറിപ്പററുകയുംചെയ്യുന്നതിനാണു് ഇപ്പോഴത്തെ നേതാക്കൾ പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. തൻ കാര്യം മാത്രം വൻ കാര്യമായി ചിന്തിക്കുന്നവരും അതിനപ്പുറമുള്ള ലക്ഷ്യങ്ങളെപ്പററി വിവരമില്ലാത്തവരുമായ ആൾക്കാരിൽനിന്നു് കൂടുതലൊന്നും പ്രതീക്ഷിക്കാനില്ല.

സ: മാററങ്ങൾ വരുത്തുന്നകാര്യത്തിൽ, ലക്ഷ്യത്തെപ്പററിയോ മാർഗ്ഗത്തെപ്പററിയോ ലേശംപോലും സംശയമില്ലാതിരുന്ന ശ്രീനാരായണൻ, നാട്ടുകണ്ടിട്ടുള്ളതിൽവെച്ച് ററവും വലിയ വിപ്ലവകാരിയായിരുന്നു. എങ്കിലും അദ്ദേഹത്തിൻെറ കർമ്മചലനങ്ങളിൽ ഇന്നത്തെ വിപ്ലവനേതാക്കന്മാരുടെ വികാരക്ഷോഭമോ, ഭേദചിന്തയോ കാണാൻ കഴിയുമായിരുന്നില്ല. അദ്ദേഹം മനുഷ്യനന്മയ്ക്കായി അനുഷ്ഠിച്ച കർമ്മപരിപാടികളിലൊന്നുംതന്നെ സ്വാർത്ഥതയുടെയോ സങ്കുചിതത്വത്തിൻെറയോ സ്പർശമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയുന്നുമില്ല.

ര: നമുക്കിന്നു് ശരിയായ നേതൃത്വത്തിൻെറ അഭാവമുണ്ടു്. നേതൃത്വങ്ങളെല്ലാം ശ്രീനാരായണനോടൊപ്പം ആയിരിക്കണമെന്നു് ശഠിക്കുന്നതും, ആഗ്രഹിക്കുന്നതും ഒരുപക്ഷെ സാഹസമായി കരുതപ്പെട്ടേക്കാം. എങ്കിലും നേതൃത്വം ഒരിക്കലും ശ്രീനാരായണനിൽനിന്നും വളരെയധികം താഴെയാകാൻ പാടുള്ളതല്ല.

സ: അത്തരം നേതൃത്വങ്ങളെ മാത്രം അംഗീകരിക്കുന്നതിനും അവയുടെ ഒരു പൊട്ടാത്ത ശൃംഖലതന്നെ രൂപപ്പെടുത്തിയെടുക്കുന്നതിനുമായിരിക്കണം നമ്മുടെ കൂട്ടായ യത്നം.

മഹത്തായ ഈ ലക്ഷ്യത്തിനുവേണ്ടി യുവചൈതന്യം വെമ്പൽകൊള്ളണം. അതിൻെറ കൊടിയുമേന്തി, സത്വരമായ പുരോഗതിയ്ക്കുള്ള യത്നങ്ങളുമായി യുവതലമുറ മുന്നേറണം.

വിദ്യകൊണ്ടു് സ്വതന്ത്രരാകണം.

സംഘടനകൊണ്ടു് ശക്തരാകണം.

മാറേറണ്ടവയെ മുഴുവൻ മാററുകയുംവേണം.

# ശുദ്ധിപത്രം

| പുറം | വരി | തെററ് | ശരി |
|---|---|---|---|
| 3 | 20 | കുറേശ്ശുകുറേശ്ശു | കുറേശ്ശുകുറേശ്ശു |
| 14 | 27 | യാത്രാക്കാരിൽനിന്നും | യാത്രക്കാരിൽനിന്നും. |
| 35 | 5 | സാമൂഹ്യശരീരത്തിലെ | സമൂഹശരീരത്തിലെ |
| 42 | 23 | മനസിലാക്കപ്പെടാത്തടത്തോളം | മനസ്സിലാക്കപ്പെടാത്തിടത്തോളം |
| 43 | 33 | ജീവിതോദ്ദേശം | ജീവിതോദ്ദേശ്യം |
| 47 | 32 | കൂട്ടുതൽ | കൂടുതൽ |
| 49 | 7 | മനിസ്സിലാക്കാൻ | മനസ്സിലാക്കാൻ |
| 50 | 26 | ജനസംഖ്യ | ജനസംഖ്യാ |
| 62 | 8 | ജനാതിപത്യ | ജനാധിപത്യ |
| 65 | 11 | മൗലിവകാശങ്ങളും | മൗലികാവകാശങ്ങളും |
| 70 | 1 | ര: മോട്ടാർ മുതലാളിയെ | ര: ഫാക്ടറി മുതലാളിയെ തൊഴിലാളിയെന്നും, മോട്ടാർ മുതലാളിയെ |
| 77 | 23 | എതൃപ്പ് | എതിർപ്പ് |
| 89 | 8 | കീഴ്പ്പരിക്ഷകളെ | കീഴ്പ്പരിഷകളെ |
| 89 | 14 | പുരോഗിതന്മാരുമായി | പുരോഹിതന്മാരുമായി |
| 96 | 19 | രമ്മ്യഹമ്മങ്ങൾക്ക് | രമ്മ്യഹമ്മ്യങ്ങൾക്ക് |
| 98 | 14 | സാമത്ഥ്യമുള്ളവരെ | സാമത്ഥ്യവുമുള്ളവരെ |
| 98 | 27 | കാട്ടുതീയും | കാട്ടുനീതിയും |
| 99 | 12 | യഥാവിഥി | യഥാവിധി |
| 102 | 19 | പ്രവ്ത്തികരം | പ്രവൃത്തികരം |
| 108 | 4 | വിദ്യാഭസരീതി | വിദ്യാഭ്യാസരീതി |
| 109 | 23 | എതൃപ്പ് | എതിർപ്പ് |
| 112 | 1 | തൊഴിലിലൊന്നുമില്ലാത്ത | തൊഴിലൊന്നുമില്ലാത്ത |

| | | | |
|---|---|---|---|
| 112 | 23 | പ്രക്രീയ | പ്രക്രിയ |
| 123 | 27 | ലക്ഷ്യത്ത്യൽതന്നെ | ലക്ഷ്യത്തിൽതന്നെ |
| 126 | 16 | എതൃപ്പൊന്നും | എതിർപ്പൊന്നും |
| ,, | 20 | എതൃപ്പില്ലാത്തതു് | എതിർപ്പില്ലാത്തതു് |
| ,, | 27 | ദൗർബ്ബല്യത്തിന്റെയും | ദൗർലഭ്യത്തിന്റെയും |
| 142 | 5 | ധുരന്തരന്മാർ | ധുരന്ധരന്മാർ |
| 145 | 22 | പ്രവത്തികൾ | പ്രവൃത്തികൾ |
| ,, | 8 | ചെയ്യുവനും | ചെയ്യുന്നവനും |
| 147 | 20 | സ്നേഹിതനോടൊ | സ്നേഹിതനോടുമൊ |
| | | പ്പമുള്ള | പ്പമുള്ള |
| 150 | 8 | അംഗകാല | അംശകാല |
| 151 | 2 | | |
| 153 | 5 | ആമുഖ്യം | ആഭിമുഖ്യം |
| 154 | 31 | നിലിവിലുള്ള | സ: നിലവിലുള്ള |
| 157 | 12 | അല്ലശമ്പളക്കാരായ | അല്പശമ്പളക്കാരായ |
| 165 | 11 | പക്കൻ | പക്കൽ |
| 186 | 5 | പ്രവത്തിക്കാവുക | പ്രവത്തിക്കാനാവുക |
| | | യുള്ളവെന്നു | യുള്ളവെന്നും |
| 187 | 10 | അസ്വന്ത്രരായിരുന്ന | അസ്വതന്ത്രരായിരുന്ന |
| 190 | 9 | സങ്കുചിത്വത്തി | സങ്കുചിതത്വത്തി |
| | | ന്റെയോ | ന്റെയോ |

KOTTAYAM PUBLIC LIBRARY
KOTTAYA

Cl. No M·301·154 Acc. No 90354

This book should be returned on or before the date last stamped below.

10 NOV 1986
26 APR 1987
11 NOV 1988
11 JAN 1989
5 MAR 1989
13 DEC 1989
17 APR 1991
28 SEP 1991
18 NOV 1997
23 OCT 1995

M·301·154
Bha-N

90354

ഭാന്യരാംഗി

സ്തോത്രം

*So long as the millions [illegible]*
*ignorance, I hold every [illegible]*
*having been educated [illegible]*
*pays not the least heed to them.*

Swamy Vivekananda

# നേതൃത്വം



...ം. ന്ദ്രാലയം. ഭാസുരാംഗി